## പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## ആറാമത് റിപ്പോർട്ട്

(2017 മാർച്ച് മാസം 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ അടിസ്ഥാനമാക്കിയുള്ളത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## ആറാമത് റിപ്പോർട്ട്

(2017 മാർച്ച് മാസം 14 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]**

448/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| | : | v |
| സമിതിയുടെ ഘടന | : | vii |
| മുഖവുര | : | 1 |
| റിപ്പോർട്ട് | | |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 66 |
| അനുബന്ധം II : സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 82 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016 -2019)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. എം. ഉമ്മർ

ശ്രീ. കെ.വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 മാർച്ച് മാസം 9-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,<br>
*അദ്ധ്യക്ഷൻ,*<br>
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,<br>
2017 മാർച്ച് 14.

# റിപ്പോർട്ട്

# സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച്

കുളക്കട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2010-11

ഖണ്ഡിക : 3 (9)

- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, ധനസഹായാർഹത പരിശോധിക്കാതെയും, അധികരിച്ച നിരക്കിലും സബ്സിഡി വിതരണം ചെയ്തു.
- പദ്ധതി നടപ്പിലാക്കാനുള്ള അടിസ്ഥാന ഘടകങ്ങൾ സൊസൈറ്റിക്കുണ്ടോ എന്ന് വിലയിരുത്താതെ ആനുകൂല്യം നൽകി.
- വികസന ഫണ്ടിൽനിന്നും 5,02,052 രൂപ ചെലവഴിച്ച പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് വാങ്ങി നൽകുന്നതിന് വികസന ഫണ്ടിൽനിന്നും 5,02,052 രൂപ (ബിൽ നമ്പർ 252/10-11/10-8-2010) ചെലവഴിച്ചു. (പ്രോജക്ട് നമ്പർ 181/2011). പ്രസ്തുത യൂണിറ്റിന് പേപ്പർ ഗ്ലാസ്സ്, പേപ്പർ പ്ലേറ്റ്, പേപ്പർ ബാഗ് എന്നിവ ഉണ്ടാക്കുന്നതിനുള്ള മെഷീൻ, അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി നൽകിയതിനാണ് തുക ചെലവഴിച്ചത്. ജി.ഒ. (എംഎസ്.) 183/07/ത.സ്വ.ഭ.വ., തീയതി 24-7-2007, ജി.ഒ. (ആർ.ടി.) 3246/09/ത.സ്വ.ഭ.വ., തീയതി 7-12-2009 എന്നിവ പ്രകാരം സൊസൈറ്റി ആനുകൂല്യത്തിനർഹമാണോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ട് ചെലവിന്റെ 50% മാത്രമേ സബ്സിഡി നൽകാവൂ എന്ന വ്യവസ്ഥയും പാലിക്കാതെ 100% സബ്സിഡി അനുവദിച്ചു നൽകുകയും ചെയ്തു. ഉപകരണങ്ങൾ 31-7-2010-ൽ പഞ്ചായത്ത് സെക്രട്ടറി സഹകരണ സംഘത്തിന് കൈമാറിയെങ്കിലും ബന്ധപ്പെട്ട കരാർ ചമച്ചിരിക്കുന്നത് 12-8-2010 - ൽ മാത്രമാണ്.

പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. 31-7-2010 മുതൽ നാളിതുവരെ കേവലം 650 രൂപയുടെ വരവ് മാത്രമേ സൊസൈറ്റിക്ക് ഉണ്ടായിട്ടുള്ളൂ. ഇതിൽ നിന്നും സൊസൈറ്റിക്ക് വരുമാന വർദ്ധനവ് എന്ന ലക്ഷ്യം കൈവരിച്ചില്ല എന്നത്

വ്യക്തമാകുന്നു. യന്ത്രോപകരണങ്ങളും അസംസ്കൃത വസ്തുക്കളും സൊസൈറ്റിയിൽ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള സ്ഥലസൗകര്യം, തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം, ധനസഹായത്തിനുള്ള അർഹത തുടങ്ങിയ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളൊന്നും വിലയിരുത്താതെ 100% സബ്സിഡിയിൽ ഉപകരണങ്ങൾ വിതരണം ചെയ്തത് നീതീകരിക്കാവുന്നതല്ല.

21-1-2013-ലെ കൊല്ലം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ക്യ.പി.ജി/1747/2012-ാം നമ്പർ കത്ത് മുഖേന മേൽ പരാമർശം സമാഹൃത റിപ്പോർട്ടിലേക്ക് ഉൾപ്പെടുത്തുന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

[കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

2010-11-ൽ എസ്.സി. ഫണ്ടിൽ നിന്നും 5,02,052 രൂപ ചെലവാക്കി പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന് പേപ്പർ ഗ്ലാസ്, പേപ്പർ ബാഗ്, പേപ്പർ പ്ലേറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങി നല്കിയതായും എന്നാൽ ഒരു വർഷം മാത്രം പ്രവർത്തിച്ച സംഘം 2013 മുതൽ കൊട്ടാരക്കര കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് അസിസ്റ്റന്റ് രജിസ്ട്രാറു(ജനറൽ)ടെ ഭരണത്തിൻ കീഴിലായതായും പ്രസ്തുത യൂണിറ്റ് പുനഃസംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കത്ത് കൊടുത്തെങ്കിലും ആയതിനുള്ള നടപടികളൊന്നും ആയിട്ടില്ലെന്നും കൊല്ലം എ.ഡി.പി. വിശദീകരിച്ചു.

2. സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 100% സബ്സിഡി നല്കിയതിന്റെ അടിസ്ഥാനമെന്തെന്നും യൂണിറ്റിന്റെ പ്രവർത്തനത്തിലൂടെ ലഭ്യമായ ആകെ വരുമാനം എന്തെന്നും ഉള്ള സമിതിയുടെ ചോദ്യങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുമുള്ള തെറ്റായ നടപടിയാണ് ഇതെന്നും യൂണിറ്റ് പ്രവർത്തനം ആരംഭിച്ച് നാളിതുവരെ 650 രൂപയുടെ വരുമാനം മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും കൊല്ലം എ.ഡി.പി. മറുപടി നല്കി.

3. പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ നല്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് ഭരണസമിതിയാണ് സൊസൈറ്റി രൂപീകരിച്ചതെന്നും ആയതിന് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും പാലിച്ചിരുന്നില്ലെന്നും സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി കൊല്ലം എ.ഡി.പി. അറിയിച്ചു. കരാർ വയ്ക്കുന്നതിന് മുമ്പായി സാധനങ്ങൾ വാങ്ങുന്നതിനും

ആയതിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചും സമിതി വിശദീകരണം ആരാഞ്ഞതിന്, സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് അതെന്ന് ചൂണ്ടിക്കാണിച്ച കൊല്ലം എ.ഡി.പി. ആയതിന്മേൽ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല എന്നും അറിയിച്ചു

4. യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തെങ്കിലും നടപടി സ്വീകരിച്ചിട്ടില്ലെന്നും കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുമായി ബന്ധപ്പെട്ടപ്പോൾ നടപടി ഉടൻ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും കൊല്ലം എ.ഡി.പി. സമിതിയെ ബോധ്യപ്പെടുത്തി. സബ്സിഡിയിനത്തിൽ അധികമായി വിതരണം ചെയ്ത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കാമെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

5. പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെയും ചട്ട വിരുദ്ധമായി സബ്സിഡി അനുവദിച്ചവരുടെ പേരിലും നടപടി സ്വീകരിച്ചും പരാമർശ വിധേയമായ സൊസൈറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു

സമിതി ആവശ്യപ്പെട്ട പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

**നിഗമനങ്ങൾ/ശിപാർശകൾ**

**6. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പട്ടികജാതിസർവ്വീസ് സഹകരണ സംഘത്തിന് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിനായി സബ്സിഡി ആയി അനുവദിച്ച 5,02,052 രൂപ, പദ്ധതി ഫലപ്രദമായി നടപ്പാക്കാത്തതിലൂടെ പഞ്ചായത്തിന് നഷ്ടമായതായി സമിതി മനസ്സിലാക്കുന്നു. തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ചെലവിന്റെ 50% മാത്രമേ സബ്സിഡി നൽകാവൂ എന്ന വ്യവസ്ഥ നിലവിലിരിക്കെ 100% സബ്സിഡി അനുവദിച്ചത് ചട്ടവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നടപ്പിലാക്കാനുള്ള അടിസ്ഥാന ഘടകങ്ങൾ സംഘത്തിനുണ്ടോയെന്ന് പരിശോധിക്കാതെ തുക അനുവദിച്ച നടപടി ന്യായീകരിക്കത്തക്കതല്ല. പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനെതിരെയും ചട്ടവിരുദ്ധമായി സബ്സിഡി അനുവദിച്ചവരുടെ പേരിലും നടപടിയെടുത്തും സൊസൈറ്റി അടിയന്തരമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കാത്തത് സമിതിയോടുള്ള കടുത്ത അനാദരവായി കാണുന്നു. ആയതിനാൽ, സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്തതിനുള്ള വിശദീകരണം നൽകുന്നതിനും സമിതി നിർദ്ദേശിച്ച നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## പറവൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**റോഡ് പുനർനിർമ്മാണ നിരക്ക് ഈടാക്കിയതിൽ കുറവ് -**

**നഷ്ടം 1,20,69,104 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2009-10

ഖണ്ഡിക : 3 (15)

- റോഡ് റസ്റ്ററേഷൻ ചാർജ്ജിന് വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ചതുമൂലം നഷ്ടം.
- അനുവദനീയമായ നിരക്ക് മുനിസിപ്പൽ എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയെങ്കിലും യഥാസമയം കൗൺസിലിനെ ബോധ്യപ്പെടുത്തിയില്ല

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മീനാട് ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി കുഴിച്ച മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള 82 റോഡുകൾ പുനർനിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും പി.ഡബ്ല്യു.ഡി. നിരക്കിൽ തുക ഈടാക്കാതിരുന്നതുമൂലം നഗരസഭയ്ക്ക് 1,20,69,104 രൂപയുടെ നഷ്ടം ഉണ്ടായി.

മുനിസിപ്പൽ റോഡ് റസ്റ്ററേഷൻ കരാറുകാരന്റെ പരിധിയിൽ വരുന്നതല്ല എന്ന വാട്ടർ അതോറിറ്റിയുടെ 25-8-2009-ലെ KWA/JBIC/HQ/M Section/3174/07 Vol. II (Part) നമ്പർ ഉത്തരവ് പ്രകാരം റോഡുകളുടെ പുനർനിർമ്മാണം യഥാവിധി നടപ്പാക്കിയില്ല. കൂടാതെ വാട്ടർ അതോറിറ്റി ഈ ചുമതല മുനിസിപ്പാലിറ്റിയെ ഏല്പിച്ചു. എം$^2$-ന് 333 രൂപ നിരക്കിൽ റോഡ് റസ്റ്ററേഷൻ ചാർജ് നൽകാമെന്ന വാട്ടർ അതോറിറ്റിയുടെ ഓഫർ 27-7-2009-ലെ കൗൺസിൽ യോഗം 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം വാട്ടർ അതോറിറ്റി രണ്ട് ഘട്ടങ്ങളിലായി 1,06,64,510 രൂപ നൽകി (26,011 എം$^2$ റോഡ് പുനഃസ്ഥാപിക്കുന്നതിന് എം$^2$-ന് 410 രൂപ നിരക്കിലാണ് നൽകിയത്).

1-4-2009-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ പ്രകാരം റോഡ് പുനർനിർമ്മാണത്തിന്റെ നിരക്ക് എം$^2$-ന് 874 രൂപയാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയോ, മുനിസിപ്പൽ എഞ്ചിനീയറോ, നഗരസഭാ കൗൺസിലിനെ വസ്തുതകൾ ബോധ്യപ്പെടുത്തിയിട്ടില്ല. അക്കാരണത്താൽ വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ച മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം 1,20,69,104 രൂപയുടെ നഷ്ടത്തിന് ഇടയാക്കി [26,011 x 874 = 2,27,33,614 - 1,06,64,510].

മേൽ പരാമർശം സമാഹൃത റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21-1-2013-ലെ എൽ.എഫ്.ക്യു/പി.ജി/1747/2013-ാം നമ്പർ കത്തിന് മറുപടി ലഭ്യമാക്കിയില്ല.

[കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.1.2].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, തുക തിരിച്ചടയ്ക്കാൻ ജെ.ബി.ഐ.സി. ക്ക് നിർദ്ദേശം നൽകിയിരുന്നതായും ആയത് അവഗണിച്ചതിനാൽ വീണ്ടും നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും സർക്കാർ തലത്തിൽത്തന്നെ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ സാധിക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എന്നാൽ അന്നത്തെ പി.ഡബ്ല്യൂ.ഡി. നിരക്ക് പ്രകാരമല്ല തുക നിശ്ചയിച്ചിരിക്കുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു.

8. റോഡ് നിർമ്മിക്കുമ്പോൾ സാധാരണയായി റസ്റ്ററേഷൻ ചാർജ് പി.ഡബ്ല്യൂ.ഡി. നിരക്കിലാണ് ഈടാക്കുന്നതെന്നും അങ്ങനെ ചെയ്യാതിരുന്നതിനാലാണ് 1,20,69,104 രൂപയുടെ നഷ്ടമുണ്ടായതെന്നും സമിതി നിരീക്ഷിച്ചു. ജനകീയ പ്രക്ഷോഭം ഉണ്ടായതിനെ തുടർന്ന് അടിയന്തരമായാണ് തുക അനുവദിച്ചതെന്നും അതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവൊന്നും പുറപ്പെടുവിച്ചിരുന്നില്ലെന്നും പ്രസ്തുത ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിൽ വന്നപ്പോൾ ഒബ്ജക്ട് ചെയ്തിരുന്നെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കാൻ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

9. നഷ്ടം JBIC-യിൽ നിന്ന് ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത വിവരം അറിയിച്ചുകൊണ്ട് JBIC യ്ക്ക് കത്ത് നൽകുന്നതിനും 26-9-2014-ലെ 6-ാം നമ്പർ തീരുമാനപ്രകാരം നടപടി കൈക്കൊണ്ടിട്ടുള്ളതായി നഗരസഭാ സെക്രട്ടറി 8-12-2014-ലെ പി.3308/09 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

**10. മീനാട് ശുദ്ധജല പദ്ധതിക്ക് വേണ്ടി കഴിച്ച 82 റോഡുകൾ പുനർനിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ സ്വീകരിച്ചുമൂലം നഗരസഭയ്ക്ക് 1,20,69,104 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. റോഡ് റസ്റ്റോറേഷൻ ചാർജ്ജായി ഈടാക്കേണ്ട പി.ഡബ്ല്യു.ഡി. നിരക്ക് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ആയത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. റോഡ് നിർമ്മാണം പോലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ ആയത് സംബന്ധിച്ച സാങ്കേതിക ഉപദേശം ഭരണ സമിതിക്ക് നൽകേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു.**

**11. മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം അടിയന്തരമായി ഈടാക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ, മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം JBIC-യിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കാൻ കൗൺസിൽ തീരുമാനമെടുത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കൊല്ലം കോർപ്പറേഷൻ

ഓഡിറ്റ് ഖണ്ഡിക

**കലാ പരിശീലനം നടത്തിയെന്ന് ഉറപ്പുവരുത്താതെ ഫീസ് നൽകി; 2,90,142 രൂപയുടെ നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2010-11

ഖണ്ഡിക : 3 -25

- പദ്ധതിയിൽ ശാസ്ത്രീയ സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നിവയ്ക്ക് പരിശീലനം നൽകാനുദ്ദേശിച്ചെങ്കിലും സംഗീത പരിശീലനം മാത്രം നടപ്പിലാക്കി.

- മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളെ നിശ്ചയിച്ചു

- ദിവസേന നാലുമണിക്കൂർ നൽകാനുള്ള സംഗീത പരിശീലനം എട്ടുമണിക്കൂർ നൽകിയെന്ന രേഖ അവിശ്വസനീയം.
- സബ്സിഡി മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് തൊഴിൽ ലഭിക്കുമെന്ന് ഉറപ്പില്ലാത്ത മേഖലയിൽ പരിശീലനം നൽകി.

നഗരസഭാ പരിധിയിലെ 5, 6, 7 ക്ലാസുകളിൽ പഠിക്കുന്ന ദരിദ്ര കുടുംബങ്ങളിൽപ്പെട്ട കുട്ടികൾക്ക് കലാരംഗത്ത് മത്സരശേഷി വികസിപ്പിക്കുന്നതിനും അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനും വേണ്ടി വിവിധ കലാവിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ശാസ്ത്രീയ സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നീ വിഷയങ്ങളിൽ 200 കുട്ടികൾക്ക് പരിശീലനം നൽകാനായി 2010-11 വർഷം പ്രോജക്ട് നമ്പർ 30 ആയി വികസന ഫണ്ടിൽനിന്നും 4 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചു. ക്വട്ടേഷൻ മുഖേന അംഗീകരിച്ച റിലവന്റ് എസ്.സി/എസ്.ടി. എഡ്യുക്കേഷണൽ ആന്റ് കൾച്ചറൽ സൊസൈറ്റി, ശാസ്താംകോട്ട എന്ന സ്ഥാപനത്തിന് 199 കുട്ടികൾക്ക് സംഗീത പരിശീലനം നൽകിയതിന് 2,90,142 രൂപ നൽകി (ഡി.ഡി. നമ്പർ 322616, തീയതി 17-9-2010).

200 കുട്ടികൾക്ക് ശാസ്ത്രീയ സംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നിവയിൽ ദിവസേന 4 മണിക്കൂർ വീതം 60 ദിവസം കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധി, നാല് സോണൽ ഓഫീസ് പരിധി എന്നിവിടങ്ങളിൽ സ്ഥാപനത്തിന്റെ ചുമതലയിൽ കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലനം നൽകാനാണ് വർക്ക് ഓർഡർ നൽകിയത്. 2010 ഏപ്രിൽ 12 മുതൽ മേയ് 31 വരെയുള്ള 50 ദിവസം കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധിയിലുള്ള സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ വച്ച് സംഗീത പരിശീലനം നൽകിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടൗൺ ഹാളിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ മേൽ 50 ദിവസങ്ങളിൽ 36 ദിവസവും ടൗൺ ഹാൾ വിവാഹം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആകയാൽ ഈ ദിവസങ്ങളിൽ പരിശീലനം നൽകിയിട്ടില്ലെന്ന് വ്യക്തമാണ്. ഏതാനും ദിവസങ്ങളിൽ എട്ട് മണിക്കൂർ പരിശീലനം നൽകിയതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എട്ട് മണിക്കൂർ തുടർച്ചയായി സംഗീത പരിശീലനത്തിൽ കുട്ടികൾ പങ്കെടുത്തു എന്നത് അവിശ്വസനീയമാണ്.

24-7-2007-ലെ ജി.ഒ. (എം.എസ്)183/07/ത.സ്വ.ഭ.വ., പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ, തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ മാത്രമായി പരിശീലന പരിപാടികൾ പരിമിതിപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംഗീത പരിശീലന പരിപാടി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയിരിക്കുന്നു.

പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവായ ജി.ഒ.(പി)220/97/ത.സ്വ.ഭ.വ., തീയതി 2-10-1997-ൽ നിഷ്കർഷിക്കുന്ന പ്രകാരമല്ല ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയത്. നഗരസഭാ പരിധിയിലെ സ്കൂളിൽ നിന്ന് ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട അർഹരായ കുട്ടികളെ പ്രധാന അദ്ധ്യാപകൻ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ യോഗം കൂടി തെരഞ്ഞെടുത്ത് കൗൺസിൽ അംഗീകാരത്തോടെ പരിശീലനം നൽകാനാണുദ്ദേശിച്ചതെങ്കിലും ഈ നടപടികളൊന്നും പാലിക്കാതെയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടുമില്ല.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡം പാലിക്കാതെയും, സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായും, പരിശീലന പരിപാടിയുടെ ആധികാരികത പരിശോധിക്കാതെയും ചെലവഴിച്ച 2,90,142 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പ്ലാൻ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. 18-4-2013-ലെ എൽ.എഫ്.ക്യു.എം.5-189/13-ാം നമ്പർ കത്ത് പ്രകാരം മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന വിവരം നഗരസഭാധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

[കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.1.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

12. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, പ്രസ്തുത പദ്ധതിക്ക് ഡി.പി.സി. യുടെ അംഗീകാരവും സംസ്ഥാന ആസൂത്രണ ബോർഡിന്റെ സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതിയുടെ അംഗീകാരവും ലഭിച്ചതിനാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും ടൗൺഹാളിന്റെ ഒഴിവുള്ള മുറികളിലും വിവാഹം മുതലായ ചടങ്ങുകൾ കഴിഞ്ഞതിനുശേഷം ഡൈനിംഗ് ഹാളിൽ വച്ചുമാണ് കലാപരിശീലനം നടത്തിയിരുന്നതെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി- ഇൻ-ചാർജ് മറുപടി നൽകി.

13. പരിശീലനത്തിന്റെ ഘട്ടങ്ങളിലൊന്നും തന്നെ വിദഗ്ധസമിതിയോ മോണിറ്ററിംഗ് സമിതിയോ യാതൊരുവിലയിരുത്തലുകളും നടത്താതിരുന്നതിനെ സംബന്ധിച്ച സമിതി ചോദ്യത്തിന്, വിദഗ്ധ സമിതിയും മോണിറ്ററിംഗ് സമിതിയും വിലയിരുത്തൽ നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു പരിശീലനത്തിന്റെ ഘട്ടങ്ങളിലൊന്നും തന്നെ വിദഗ്ധ സമിതിയോ, മോണിറ്ററിംഗ് സമിതിയോ യാതൊരു വിലയിരുത്തലും നടത്തിയിട്ടില്ല എന്ന ഓഡിറ്റിന്റെ വെളിപ്പെടുത്തൽ ചൂണ്ടിക്കാട്ടിയ

സമിതി, ആയത് സംബന്ധിച്ച് (ഓഡിറ്റിന്റെ) അഭിപ്രായമാരാഞ്ഞതിന് ഓഡിറ്റ് നടന്ന സമയത്ത് മോണിറ്ററിംഗ് റിപ്പോർട്ട് ഉണ്ടായിരുന്നില്ലെന്നും പ്രസ്തുത റിപ്പോർട്ട് 24-9-2014-നാണ് (സമിതിയോഗത്തിൽ) ഓഡിറ്റിന് ലഭിച്ചതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ-ഇൻ-ചാർജ് വിശദമാക്കി.

14. ഓഡിറ്റ് പരിശോധനാ സമയത്ത് രേഖകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ ആയത് ചോദിച്ച് വാങ്ങുന്നതിനുള്ള ഉത്തരവാദിത്വം ഓഡിറ്റ് വകുപ്പിനാണെന്നും രേഖകൾ നൽകുന്നില്ലെങ്കിൽ അധികാരം പ്രയോഗിക്കുന്നതിനുള്ള ആർജ്ജവം കാണിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ശാസ്ത്രീയ സംഗീതം, നൃത്തം, ഉപകരണ സംഗീതം, ചിത്രരചന എന്നിവയിൽ തുടർച്ചയായ പത്ത് ദിവസങ്ങളിൽ 4 മണിക്കൂർ എന്നതിന് പകരം 8 മണിക്കൂർ വീതം പരിശീലനം നൽകി എന്ന മറുപടിയിന്മേലുള്ള ചോദ്യത്തിന് ഡി.പി.സി. അംഗീകരിച്ച പദ്ധതിയിൽ സെക്രട്ടറിയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നും നേരിട്ട് നിർവ്വഹണം നടത്താൻ കഴിയാതിരുന്നതുകൊണ്ട് മുഴുവൻ സമയവും നോക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ അദ്ദേഹം ചുമതലപ്പെടുത്തിയിരുന്നെന്നും നാലുപേരടങ്ങുന്ന ഒരു വിദഗ്ധ സമിതിയെ കൗൺസിൽ തെരഞ്ഞെടുത്തിരുന്നു എന്നും പ്രസ്തുത സമിതിയുടെ നേതൃത്വത്തിലാണ് സെലക്ഷൻ നടത്തിയതെന്നും ഓരോ മേഖലയിലെയും അഭിരുചി അനുസരിച്ചാണ് പരിശീലനം നൽകിയതെന്നും കോർപ്പറേഷൻ സെക്രട്ടറി-ഇൻ-ചാർജ് വിശദീകരിച്ചു. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ഈ മേഖലയിലുള്ള ആളല്ലെങ്കിൽ നിർവ്വഹണം ശരിയായി നടക്കില്ലെന്ന് സമിതി വിലയിരുത്തി. സ്കൂളിലെ ഒരു പാഠ്യേതര പദ്ധതിയായിട്ടാണ് ഇത് നടപ്പിലാക്കിയതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ സംഭവിച്ച വീഴ്ചയാണിതെന്നും കൗൺസിലർമാർ നിർദ്ദേശിച്ചവരെ തെരഞ്ഞെടുത്തു എന്നതാണ് പ്രശ്നമെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

15. പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ വീഴ്ച സംബന്ധിച്ചും പദ്ധതി നടത്തിപ്പിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടത് സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

16. കലാപരിശീലനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിൽ കേട്ടതിൽനിന്നും പരിശീലനം ക്രമപ്രകാരമല്ല നടന്നതെന്നും തുക അനുവദിച്ച സെക്രട്ടറി ശ്രീ. ടി. സന്തോഷും പദ്ധതി നിർവ്വഹണം നടത്തിയ സെക്രട്ടറി, വി.കെ. പ്രതാപ ചന്ദ്രനും നഷ്ടത്തിന് തുല്യ ഉത്തരവാദികളാണെന്നും അഭിപ്രായപ്പെടുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

**17. നഗരപരിധിയിലുള്ള പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് കലാരംഗത്ത് മത്സരശേഷി വികസിപ്പിക്കുന്നതിനും അഭിരുചി പരിപോഷിപ്പിക്കുന്നതിനുമായി വിവിധ കലാവിഷയങ്ങളിൽ ശാസ്ത്രീയ**

**പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതി ശരിയായ മോണിറ്ററിംഗിന്റെ അഭാവത്തിൽ ഫലപ്രദമായി പൂർത്തീകരിക്കാനായില്ലെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസരിച്ചല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും ആയത് സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തൊഴിൽ ലഭ്യത ഉറപ്പാക്കാൻ കഴിയാത്ത മേഖലയിൽ വികസന ഫണ്ടുപയോഗിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചത് ന്യായീകരിക്കാനാകില്ലെന്ന് സമിതി കരുതുന്നു. സ്കൂളിലെ മുൻ പാഠ്യേതര പദ്ധതിയായിട്ടാണ് ആയത് നടപ്പിലാക്കിയതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സർക്കാരിന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ വീഴ്ച സംബന്ധിച്ചും പദ്ധതി നടത്തിപ്പിന്റെ വിശ്വാസ്യത സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശ പ്രകാരം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ നിന്നും പരിശീലനം ക്രമപ്രകാരമല്ല നടന്നതെന്നും തുക അനുവദിച്ച സെക്രട്ടറിയും പദ്ധതി നിർവ്വഹണം നടത്തിയ സെക്രട്ടറിയും തുല്യ ഉത്തരവാദികളാണെന്നും സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ടുപയോഗത്തിലുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ക്രമാതീതമായ ഫണ്ട് വിനിയോഗം; 2.95 കോടി രൂപ ചെലവഴിച്ച സമഗ്ര മധുരം തേൻ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് 2008-09

ഖണ്ഡിക 3-3

പത്തനംതിട്ട ജില്ലയിലെ 54 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 10000 സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രതിവർഷം 20 ലക്ഷം കിലോഗ്രാം തേൻ ഉൽപ്പാദിപ്പിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി മധുരം തേൻ പദ്ധതിക്ക് (പ്രതീക്ഷിത ചെലവ് 36.27 കോടി) ജില്ലാ പഞ്ചായത്ത് അംഗീകാരം നൽകി. 2007-08-ൽ ജില്ലാ കുടുംബശ്രീ മിഷൻ കോർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതി 2009-10-ഓടു കൂടി

പൂർണ്ണമായും നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടത്. ഉൽപ്പാദിപ്പിക്കുന്ന തേൻ അശമർക്ക് തേനായും (5 ലക്ഷം കിലോഗ്രാം) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായും (15 ലക്ഷം കിലോഗ്രാം) വിപണനം നടത്തേണ്ടിയിരുന്നു. 2007 സെപ്തംബറിൽ ഭരണാനുമതിയും 2007 ഡിസംബറിൽ സാങ്കേതികാനുമതിയും ജില്ലാ ആസൂത്രണസമിതി അംഗീകാരവും പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്.

പദ്ധതിയുടെ വിഭവ സ്രോതസ്സ് താഴെ പറയും പ്രകാരമാണ്:

| ഇനം | തുക(കോടിയിൽ) |
|---|---|
| 1. ജില്ലാ പഞ്ചായത്ത് | 1.32 |
| 2. സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | 13.00 |
| 3. ബാങ്കുകൾ | 16.40 |
| 4. നബാർഡ് | 2.09 |
| 5. ഗ്രാമപഞ്ചായത്തുകൾ | 1.99 |
| 6. ബ്ലോക്ക് പഞ്ചായത്തുകൾ | 0.42 |
| 7. ഗുണഭോക്തൃ വിഹിതം | 1.05 |
| ആകെ | 36.27 |

പദ്ധതിക്ക് കീഴിൽ ഓരോ ആക്ടിവിറ്റി ഗ്രൂപ്പിനും തേനുല്പാദിപ്പിക്കുന്നതിനായി 200 തേനീച്ച കൂടുകളും അനുബന്ധ സാമഗ്രികളും (പ്രതീക്ഷിത ചെലവ് 2.50 ലക്ഷം രൂപ) വിതരണം ചെയ്യണം. ഇവയുടെ ചെലവ് ബാങ്ക് വായ്പയിലൂടെ ഗുണഭോക്താക്കൾ വഹിക്കണം. 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് 25 കോടി രൂപ വായ്പയെടുക്കുമ്പോൾ 10 കോടി രൂപ കുടുംബശ്രീമിഷനും, ഒരു കോടി ഗ്രാമപഞ്ചായത്ത് വിഹിതവും ബാക്ക് എൻഡ് സബ്സിഡിയായി നൽകാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ബാങ്ക് വായ്പ ക്രമപ്പെടുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ബാങ്കുകൾക്ക് സബ്സിഡി തുക നൽകണം.

ബ്ലോക്ക്തലത്തിൽ തേൻ സംസ്കരണ കേന്ദ്രത്തിലേക്ക് പ്ലാന്റും മെഷീനറിയും വാങ്ങുന്നതിനും ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനുമായി ഗ്രാമപഞ്ചായത്തുകൾ 2009-10 വരെ 1,07,86,265 രൂപയും ബ്ലോക്ക്തല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ 29,07,054 രൂപയും ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | വിശദാംശം | തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്കുള്ള സബ്സിഡി | 23,30,000 |
| ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ | ബ്ലോക്ക് തലത്തിൽ ബോട്ടിലിംഗ് പ്ലാന്റ് | 46,18,120 |
| സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്കുള്ള സബ്സിഡി | |
| | പരിശീലനം മറ്റ് ചെലവുകൾ | 2,35,00,000 |
| ആകെ | | 3,04,48,120 |

ബാക്ക് എൻഡ് സബ്സിഡിയായി ആകെ 2,30,00,000 രൂപ വിവിധ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാക്ക് എൻഡ് സബ്സിഡി, ഗ്രൂപ്പുകൾക്ക് പരിശീലനം, റിവോൾവിംഗ് ഫണ്ട് എന്നീ ഇനങ്ങളിൽ 215 ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ ആകെ 2,94,89,029 രൂപ ചെലവഴിച്ചെങ്കിലും തേനിന്റെ വിളവെടുപ്പിലുണ്ടായ കുറവ് മൂലം പദ്ധതിയിൽ വിഭാവനം ചെയ്ത അശ്മാർക്ക് തേനും തേനുൽപ്പന്നങ്ങളും വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കാൻ കഴിയാത്തതിനാൽ പദ്ധതി ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞില്ല. 2009-10 വരെ 26 ഗ്രാമപഞ്ചായത്തുകളിലായി 215 ആക്റ്റിവിറ്റി ഗ്രൂപ്പുകൾ സ്ഥാപിക്കുകയും ഓരോ ഗ്രൂപ്പിനും 200 തേനീച്ചപ്പെട്ടിയും അനുബന്ധ ഉപകരണങ്ങളും എന്ന കണക്കിൽ 43000 തേനീച്ച കൂടുകൾ നൽകേണ്ടതിന് പകരം 2010-11 വരെയും 35765 പെട്ടികൾ മാത്രമാണ് ഹോർട്ടികോർപ്പ് ലഭ്യമാക്കിയിട്ടുള്ളത്.

54 ഗ്രാമപഞ്ചായത്തുകളിൽ 1000 ആക്റ്റിവിറ്റി ഗ്രൂപ്പുകൾ സ്ഥാപിക്കണമായിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥന് 26 ഗ്രാമപഞ്ചായത്തുകളിലായി 215 ആക്റ്റിവിറ്റി ഗ്രൂപ്പുകൾ മാത്രമേ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം ലഭ്യമല്ല എന്ന കാരണത്താൽ പദ്ധതിയുടെ ഭാഗമായ അശ്മാർക്ക് ലാബ്, സംസ്കരണ പ്ലാന്റ്, ബോട്ടിലിംഗ് യൂണിറ്റ്, ജില്ലാ ഉല്പാദനയൂണിറ്റ് എന്നിവ ആരംഭിച്ചിട്ടില്ല. 215 ആക്റ്റിവിറ്റി ഗ്രൂപ്പുകൾ നിലനിർത്തി പദ്ധതി അടങ്കൽ 7 കോടി രൂപയായി പരിമിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു തീരുമാനം കുടുംബശ്രീമിഷൻ സ്വീകരിച്ചത്. ജില്ലാപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ ഉപയോഗിക്കാത്ത തുക (1.15 കോടി രൂപ) ജില്ലാപഞ്ചായത്ത് അതത് സ്ഥാപനങ്ങൾക്ക് 2011 മാർച്ചിൽ തിരിച്ചു നല്കി.

1. തേനീച്ചക്കൂടിന്റെ വിലയായി ഹോർട്ടികോർപ്പിന് നൽകിയ 2,78,15,608 രൂപയും ഗ്രൂപ്പുകൾ ബാങ്കിൽ നിന്നും വായ്പയായി എടുത്ത 37,80,000 രൂപയും ഉൾപ്പെടെ 3,15,95,608 രൂപ മാത്രമാണ് ഗ്രൂപ്പുകൾക്ക് വായ്പ നൽകിയത്. ബാക്ക് എൻഡ് സബ്സിഡി നൽകേണ്ടിയിരുന്നത് 1,39,02,067 രൂപയാണ്. എന്നാൽ ബാങ്കുകൾക്ക് നൽകിയത് 2,30,00,000 രൂപയാണ്.

2. ബാക്ക് എൻഡ് സബ്സിഡി മുൻകൂറായി നൽകിയത് ക്രമവിരുദ്ധമാണ്.

3. ഗ്രൂപ്പുകൾ എല്ലാം തന്നെ ഇപ്പോൾ ജപ്തിനടപടികൾ നേരിടുകയാണ്. നാമമാത്രമായ തുക മാത്രമാണ് ഗ്രൂപ്പുകൾ തിരിച്ചടച്ചിട്ടുള്ളത്.

4. രണ്ടാം ഘട്ടമായ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കുടുംബശ്രീ മിഷന് കഴിഞ്ഞിട്ടില്ല.

5. ബാങ്ക് വായ്പായിനത്തിൽ കണ്ടെത്തേണ്ടിയിരുന്ന 16.40 കോടി രൂപ പ്രോജക്ട് നടത്തിപ്പിനായി വിനിയോഗിച്ചില്ല.

ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ഇത്രയും ബൃഹത്തായ പദ്ധതി നടപ്പാക്കുമ്പോൾ ഇതിന്റെ പ്രായോഗിക ക്ഷമത ഉറപ്പാക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടത്തണമായിരുന്നു. ഓഫ് സീസണിൽ തേനീച്ചപ്പെട്ടികൾ വിതരണം ചെയ്യുതും ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവവും ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുതുമൂലവും ജില്ലയുടെ വികസനത്തിനുവേണ്ടി ചെലവഴിക്കേണ്ടുന്ന ലക്ഷങ്ങൾ, കുറച്ച് തേനീച്ചപ്പെട്ടികളിലും ബാങ്കുകളിലുമായി ഒതുങ്ങുകയാണുണ്ടായത്. സമഗ്ര മധുരം തേൻ പദ്ധതി ലക്ഷ്യം കൈവരിക്കാനാകാതെ പര്യവസാനിച്ചു.

മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം 15-2-2013-ലെ എൽ. എഫ്. പി. റ്റി. എ. പി. 1/1011/12-ാം നമ്പർ കത്തിലൂടെ സ്ഥാപനത്തെ അറിയിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നമ്പർ 4.2.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

18. 54 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 10,000 സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതോടൊപ്പം പ്രതിവർഷം 20 ലക്ഷം കിലോ ഗ്രാം തേൻ ഉല്പാദിപ്പിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി ആരംഭിച്ച പദ്ധതി സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് 36 കോടി രൂപ 'അടങ്കലിൽ

2007-2008 വർഷത്തിൽ ആരംഭിച്ച പദ്ധതിയായിരുന്നിതെന്നും പിന്നീട് 7 കോടിയായി ചുരുങ്ങിയതായും നിലവിൽ കുടുംബശ്രീ മിഷൻ വഴി പദ്ധതി നടക്കുന്നുണ്ടെങ്കിലും ഉദ്ദേശിച്ച പ്രയോജനം ലഭിക്കുന്നില്ലെന്നും എന്നാൽ കഴിഞ്ഞ വർഷവും 15,000 കിലോ ഗ്രാം തേൻ ഉല്പാദിപ്പിച്ചിട്ടുണ്ടായിരുന്നെന്നും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

19. 215 ഗ്രൂപ്പുകളായി തുടങ്ങിയ പദ്ധതിയിൻ കീഴിൽ ഇപ്പോൾ 116 ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും അവശേഷിച്ച ഗ്രൂപ്പുകളിൽ ചിലത് ലോൺ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടി നേരിട്ടുകൊണ്ടിരിക്കുകയാണെന്നും ബാങ്കുമായി ബന്ധപ്പെട്ടതിന്റെ ഫലമായി പിഴപ്പലിശ ഒഴിവാക്കി തവണകളായി അടയ്ക്കാനുള്ള നടപടി സ്വീകരിച്ചതായും 81 ഗ്രൂപ്പുകൾ ലോൺ അടച്ച തീർക്കുകയും തേൻ ഉല്പാദനം നടത്തുകയും ചെയ്യുന്നതായും സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി ഒ.എസ്.എസ്. കുടുംബശ്രീ മിഷൻ, പത്തനംതിട്ട അറിയിച്ചു.

20. പദ്ധതിക്കാലത്തെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും സമിതി വിശദീകരണം ആരാഞ്ഞു. 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾ തുടങ്ങുന്നതിനായി 2008-ലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചതെന്നും 215 ഗ്രൂപ്പുകൾ തുടങ്ങാൻ കഴിഞ്ഞതായും മുൻ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ വിശദമാക്കി. ഒന്നാം ഘട്ടത്തിൽ 10 വനിതകൾ അടങ്ങിയ ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് തേനുല്പാദനത്തിനുള്ള സാമഗ്രികൾ നൽകി തേനെടുക്കുകയും രണ്ടാം ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്ത് തേൻ സംഭരിച്ച് സംസ്കരിക്കുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്യുക എന്നതായിരുന്നു ഉദ്ദേശ്യം. എന്നാൽ കാലക്രമേണ ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാകാതെ വന്നപ്പോൾ തേനുല്പാദിപ്പിച്ച് കുടുംബശ്രീ വഴിയുള്ള വിപണന കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യാൻ തീരുമാനിച്ചെങ്കിലും ആയത് നടക്കാത്തതിനാൽ ഹോർട്ടികോർപ്പിനെ വിതരണ ചുമതല ഏല്പിച്ചെങ്കിലും അവർ വിതരണത്തിൽ വീഴ്ച വരുത്തിയതായും അദ്ദേഹം തുടർന്നറിയിച്ചു.

21. തേനിന്റെ വിതരണം ഹോർട്ടികോർപ്പിനെ ഏൽപ്പിക്കാനുണ്ടായ സാഹചര്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന്, ആദ്യകാലത്ത് ഉല്പന്നം വിതരണം ചെയ്യുന്നതിന് കുടുംബശ്രീക്ക് സംവിധാനങ്ങളില്ലായിരുന്നതിനാൽ ഹോർട്ടികോർപ്പിനെ ഏല്പിച്ചു എന്നും എന്നാൽ വിതരണത്തിൽ ഹോർട്ടികോർപ്പ് വീഴ്ച വരുത്തിയതിനാൽ പിന്നീട് കുടുംബശ്രീ മുഖാന്തിരം സപ്ലൈ നടത്തിയതായും മഴയും മറ്റ് കാരണങ്ങളാലും തേനിന്റെ ഉല്പാദനം പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ലെങ്കിലും നിലവിൽ തേനുല്പാദനം നടക്കുന്നുണ്ടെന്നും കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു.

22. വായ്പയായി ലഭിച്ചത് എത്ര രൂപയാണെന്നും ലോണിനേക്കാൾ കൂടുതൽ തുക സബ്സിഡിയായി നൽകിയിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക്, തേനീച്ചക്കൂടിന്റെ വിലയായി ഹോർട്ടികോർപ്പിന് നൽകിയ 2,78,15,608 രൂപയും ഗ്രൂപ്പുകൾ ബാങ്കിൽ നിന്നും വായ്പയായി എടുത്ത 37,80,000 രൂപയും ഉൾപ്പെടെ 3,15,95,608 രൂപയാണ് വായ്പയായി ലഭിച്ചതെന്നും ബാക്ക് എൻഡ് സബ്സിഡിയായി നൽകേണ്ടിയിരുന്നത് 1,39,02,067 രൂപയായിരുന്നെങ്കിലും 2,30,00,000 രൂപ ബാങ്കുകൾക്ക് നൽകിയതായും കുടുംബശ്രീ ഒ.എസ്.എസ്. വിശദമാക്കി.

23. വിതരണം ചെയ്ത വായ്പയ്ക്ക് ആനുപാതികമായ സബ്സിഡി 1,39,02,067 രൂപയാണെന്നിരിക്കെ വിവിധ ബാങ്കുകളിൽ അവശേഷിക്കുന്ന സബ്സിഡി തുകയായ 90,97,933 രൂപയിൽ എത്ര തുക തിരിച്ചീടാക്കിയെന്നും എത്ര രൂപ തിരിച്ച് ലഭിക്കാനുണ്ടെന്നും സമിതി ആരാഞ്ഞു. 215 കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകൾ വായ്പയായി അനുവദിച്ചത് 4,84,99,000 രൂപയാണെന്നും വായ്പ അനുവദിച്ചുകൊണ്ട് ബാങ്കുകൾ രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 21.5 ലക്ഷം രൂപയും കുടുംബശ്രീ വിഹിതമായ 2,08,50,000 രൂപയും ബാക്ക് എൻഡ് സബ്സിഡിയായി അനുവദിച്ചതായും ഓരോ ആക്ടിവിറ്റി ഗ്രൂപ്പിനും ഗ്രാമപഞ്ചായത്ത് വിഹിതമായി 10000 രൂപയ്ക്കും കുടുംബശ്രീ വിഹിതമായി അമ്പത് ശതമാനത്തിനും വിധേയമായി 1 ലക്ഷം രൂപയ്ക്ക് അർഹതയുള്ളതായി മുൻ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ സമിതിയെ ബോധ്യപ്പെടുത്തി. എന്നാൽ പല ഗ്രൂപ്പുകളും അനുവദിച്ച വായ്പാത്തുക മുഴുവനായും ഉപയോഗപ്പെടുത്താത്തതിനാൽ അവർക്ക് ആനുപാതികമായി ലഭിക്കേണ്ട സബ്സിഡി തുക ബാങ്കിലാണെന്നും അങ്ങനെയുള്ള സാഹചര്യത്തിൽ സബ്സിഡി അഡ്ജസ്റ്റ് ചെയ്ത് അധികരിച്ച തുക തിരികെ വാങ്ങേണ്ടത് കുടുംബശ്രീ മിഷനാണെന്നും ഇക്കാര്യത്തിൽ സർക്കാരിന് യാതൊരു നഷ്ടവും വരികയില്ലെന്നും അദ്ദേഹം തുടർന്നറിയിച്ചു.

24. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ഓഡിറ്റിന്റെ വിശദീകരണം ആരാഞ്ഞതിന് ബാങ്കുകൾക്ക് വിതരണം ചെയ്ത സബ്സിഡി തുകയിൽ 10,20,000 രൂപ തിരിച്ചു പിടിച്ചതായും 80,77,933 രൂപ അവശേഷിക്കുന്നതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ - ഇൻ-ചാർജ് സമിതിയെ ബോധിപ്പിച്ചു.

25. പത്ത് പേരടങ്ങുന്ന ഒരു കുടുംബശ്രീ യൂണിറ്റ് രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ എടുക്കുകയാണെങ്കിൽ പ്രസ്തുത ലോണിന് സംസ്ഥാന കുടുംബശ്രീ മിഷൻ ഒരു ലക്ഷം രൂപ സബ്സിഡി നൽകുന്നതിന് പുറമെ ഗ്രാമപഞ്ചായത്തുകൾ പ്രോത്സാഹനമായി പതിനായിരം രൂപ വീതവും നൽകുന്നുണ്ടെന്ന് മുൻ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആയിനത്തിൽ 2 ലക്ഷം രൂപ വായ്പ എടുക്കുന്ന ഒരു ഗ്രൂപ്പിന് 1,10,000 രൂപ സബ്സിഡി ലഭിക്കുന്നതായും എന്നാൽ 2.5 ലക്ഷം വായ്പ എടുക്കുന്ന ഗ്രൂപ്പിന് 1,10,000 രൂപ സബ്സിഡി ലഭിക്കുമ്പോൾ 44 ശതമാനം മാത്രമേ വരുന്നുള്ളൂവെന്നും അതിനാലാണ് ഗ്രൂപ്പുകൾക്ക് 44 ശതമാനം സബ്സിഡിക്കേ അർഹതയുള്ളൂവെന്ന് ഓഡിറ്റ് വകുപ്പ് വിലയിരുത്തുന്നതെന്നും ഇത്തരം സാഹചര്യത്തിൽ ഒരു വലിയ തുക ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് നഷ്ടപ്പെടുകയാണെന്നും അദ്ദേഹം തുടർന്നറിയിച്ചു

26. അനുവദിക്കുന്ന തുകതന്നെ വിതരണം ചെയ്യാതിരിക്കുന്നതിനാലാണ് അങ്ങനെ സബ്സിഡി വന്നതെന്നും ആയത് തിരിച്ചു പിടിക്കുന്നതിൽ കുടുംബശ്രീ വൈമുഖ്യം കാണിച്ചിരുന്നതായും തിരിച്ചു പിടിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കാമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. വായ്പ പൂർണ്ണമായും അടച്ചു തീർത്തതും ജപ്തി ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നതുമായ ഗ്രൂപ്പുകളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 81 ഗ്രൂപ്പുകൾ വായ്പ പൂർണ്ണമായും അടച്ചു തീർത്തിട്ടുണ്ടെന്നും 62 ഗ്രൂപ്പുകൾക്കാണ് ജപ്തി പ്രശ്നമുള്ളതെന്നും കുടുംബശ്രീ മിഷൻ ബാങ്കുകളുമായി ബന്ധപ്പെട്ട് ജപ്തിയിൽ നിന്നും പ്രസ്തുത ഗ്രൂപ്പുകളെ ഒഴിവാക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ടെന്നും പത്തനംതിട്ട ഒ.എസ്.എസ്. വിശദീകരിച്ചു.

27. ബാങ്കിൽ നിന്നും സർക്കാരിന് ലഭിക്കുവാനുള്ളതും ആക്ടിവിറ്റി ഗ്രൂപ്പുകൾ ബാങ്കിന് നൽകാനുള്ള തുകയും തമ്മിൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുമോ എന്ന് സമിതി സംശയം പ്രകടിപ്പിച്ചതിന്, സബ്സിഡി തുക കുടുംബശ്രീ നൽകിയതാണ് ആയതിനാൽ അത് കുടുംബശ്രീയുടെ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചു വരേണ്ടതാണെന്നും വായ്പ ആക്ടിവിറ്റിഗ്രൂപ്പുകളുടെ ബാധ്യത ആയതിനാൽ അവർ തന്നെ അത് ബാങ്കിൽ അടച്ച് തീർക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. കൃത്യമായ പഠനം നടത്താതെ അമിത താല്പര്യത്തോടെ പദ്ധതി നടപ്പാക്കിയതിൽ വന്ന അപാകതയാണിതെന്നും ഇങ്ങനെയുള്ള പദ്ധതികളിൽ പരാജയ സാധ്യത വളരെ കൂടുതലായിരിക്കുമെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

28. സ്ത്രീകൾക്ക് വരുമാന മാർഗ്ഗം ഉണ്ടാക്കുന്നതിന് നടപ്പിലാക്കിയ നല്ല ഒരു പദ്ധതിയാണെന്നും ദീർഘവീക്ഷണമില്ലായ്മയും, മോണിറ്ററിംഗിന്റെ അഭാവവും ഉണ്ടായിരുന്നെങ്കിലും ടി പദ്ധതി നല്ല രീതിയിൽ നടക്കുന്ന സ്ഥലങ്ങളുണ്ടെന്നും സമിതി വിലയിരുത്തി. വിനിയോഗിച്ച തുക ഉപയോഗപ്രദമാക്കുവാൻ സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുകയും ഉല്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്യുന്ന ഗ്രൂപ്പുകൾ ഉണ്ടെന്ന് ഓ.എസ്.എസ്., കുടുംബശ്രീ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

29. ഒട്ടു മിക്ക ഗ്രൂപ്പുകളും നല്ലരീതിയിൽ പ്രവർത്തിക്കുന്നതായും ബാങ്ക് വായ്പ സർക്കാർ എഴുതി തള്ളുമെന്ന ധാരണയിൽ അടയ്ക്കാതിരിക്കുന്നതാണെന്നും മുൻ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു. തുക അടച്ചു തീർക്കുന്നതിന് കുടുംബശ്രീ തന്നെ മുൻകയ്യെടുക്കേണ്ടതാണെന്ന് തദവസരത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

30. ബാങ്കിൽ നിന്നും ലഭിക്കാനുള്ള 80 ലക്ഷം രൂപ തിരികെ ലഭിക്കുന്നതിനും വായ്പകൾ അടയ്ക്കാനുള്ള കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും തുക തിരിച്ചീടാക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സമിതി നിർദ്ദേശം പാലിക്കുന്നതോടൊപ്പം ആക്ടിവിറ്റി ഗ്രൂപ്പുകളുടെ പ്രവർത്തനം പരിപോഷിപ്പിക്കുന്നതിനും ബാങ്കുകളുടെ അടുത്ത എസ്.എൽ.ബി.സി. യോഗത്തിൽ പ്രസ്തുത വിഷയം പ്രത്യേകമായി ചർച്ച ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടിയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

### സർക്കാർ മറുപടി

31. സമഗ്ര മധുരം പദ്ധതി പ്രകാരം ബാങ്ക് ലോണായി അനുവദിച്ച 3,15,95,608 രൂപയുടെ ആനുപാതികമായ സബ്സിഡി 1,39,02,067 രൂപ അല്ല മറിച്ച് 1,57,97,804 രൂപയാണ്. കൂടാതെ അധികരിച്ച് നൽകിയ സബ്സിഡി എന്നത് 90,97,933 രൂപയല്ല, മറിച്ച് 72,02,196 രൂപയാണ്. ഇതിൽ 7 ബാങ്കുകളിൽ അധികരിച്ച് നിന്നിരുന്ന സബ്സിഡിയായ 10,20,000 രൂപ തിരികെ ജില്ലാ മിഷനിൽ ലഭ്യമാക്കി. ബാക്കി ബാങ്കുകളിൽ അധികരിച്ച് നിൽക്കുന്ന സബ്സിഡി തിരികെ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ച് വരികയാണ്.

32. സമഗ്ര മധുരംതേൻ പദ്ധതി പ്രകാരം വായ്പയെടുത്ത 215 ആക്ടിവിറ്റി ഗ്രൂപ്പുകളിൽ 35 ഗ്രൂപ്പുകൾ പൂർണ്ണമായും വായ്പ തിരിച്ചടച്ചു. ബാക്കിയുള്ള 130 ഗ്രൂപ്പുകളെല്ലാം തന്നെ ജപ്തി ഭീഷണിയിലല്ല. 58 ഗ്രൂപ്പുകൾ മാത്രമാണ് ജപ്തി നടപടികൾ നേരിടുന്നത്. ബാക്കിയുള്ള ഗ്രൂപ്പുകൾ വായ്പ തിരിച്ചടവിന്റെ വിവിധ ഘട്ടങ്ങളിലാണ്. കടക്കെണിയിൽ നിന്നും അംഗങ്ങളെ മോചിപ്പിക്കുന്നതിനായി ആക്ടിവിറ്റി ഗ്രൂപ്പ് മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, യൂണിറ്റ് സന്ദർശനം, ബാങ്കേഴ്സ് മീറ്റ് അദാലത്ത് എന്നിവ നടത്തി ഗ്രൂപ്പിന്റെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടവ് നടത്തുന്നതിന് വഴിയൊരുക്കിക്കൊണ്ടിരിക്കുന്നു എന്ന് 16-1-2015-ലെ നമ്പർ പി3-12/937/കെ. ശ്രീ/പി.ടി.എ/ കത്തിലൂടെ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ച വിവരം റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

### ഓഡിറ്റ് വകുപ്പിന്റെ മറുപടി

33. സബ്സിഡി തുകയിനത്തിൽ ബാങ്കുകളിൽ അധികരിച്ചു നിന്നിരുന്ന തുക 72,02,196/- രൂപയാണെന്നും ഇതിൽ 7 ബാങ്കുകളിൽ നിന്നും 10.20 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നും കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയുള്ള പലിശകൂടി ഈടാക്കിയിട്ടുണ്ടോ എന്നുള്ള വിവരം ലഭ്യമല്ല

വായ്പയെടുത്ത 58 ഗ്രൂപ്പുകൾ ജപ്തി ഭീഷണിയിലാണെന്നും 72 ഗ്രൂപ്പുകൾ വായ്പ തിരിച്ചടവിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും മറുപടി നൽകിയിട്ടുണ്ട്. ബാങ്കേഴ്സ് മീറ്റ്, അദാലത്ത് എന്നിവ നടത്തി കടക്കെണിയിലായ ഗ്രൂപ്പുകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചതായും കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ അറിയിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

34. പത്തനംതിട്ട ജില്ലയിലെ 54 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 10,000 സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രതിവർഷം 20 ലക്ഷം കി.ഗ്രാം തേൻ ഉല്പാദിപ്പിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ 'മധുരം തേൻ' പദ്ധതിക്ക് 2.95 കോടി രൂപ ചെലവായെങ്കിലും പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൃത്യമായ മോണിറ്ററിംഗ് ഇല്ലാതെയും ശരിയായ പഠനം നടത്താതെയും പദ്ധതി നടപ്പിലാക്കാൻ അമിത തിടുക്കം കാട്ടിയതാണ് പദ്ധതി പരാജയപ്പെടാൻ പ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. 215 ആക്ടിവിറ്റി ഗ്രൂപ്പുകളായി തുടങ്ങിയ പദ്ധതിയിൽ നിലവിൽ 116 ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും അവശേഷിക്കുന്നവ ജപ്തി ഭീഷണിയിലാണെന്നും സമിതി നിരീക്ഷിക്കുന്നു. സബ്സിഡി നൽകുന്നതിന് ബാങ്കുകളിൽ നിക്ഷേപിച്ച തുകയിൽ സബ്സിഡി നൽകിയതിനു ശേഷം അവശേഷിച്ച തുക തിരികെ ലഭിക്കുന്നതിനും വായ്പ തിരിച്ചടയ്ക്കാത്ത കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും തുക തിരിച്ചീടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സർക്കാർ നല്കിയ മറുപടിയിൽ നിന്നും ബാങ്കിന് അധികരിച്ച് നൽകിയ സബ്സിഡി തിരികെ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണെന്നും വായ്പയെടുത്ത 215 ആക്ടിവിറ്റി ഗ്രൂപ്പുകളിൽ 58 എണ്ണം മാത്രമേ ജപ്തി ഭീഷണി നേരിടുന്നുള്ളുവെന്നും 85 ഗ്രൂപ്പുകൾ വായ്പ പൂർണ്ണമായും തിരിച്ചടച്ചെന്നും അവശേഷിക്കുന്നവ വായ്പാ തിരിച്ചടവിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ, ബാങ്കുകൾക്ക് അധികമായി നല്കിയ സബ്സിഡി തുകയിൽ 7 ബാങ്കുകളിൽ നിന്നായി 10.20 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ പലിശ ഈടാക്കിയിട്ടില്ലെന്നും ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ആയതിനാൽ ഈയിനത്തിൽ ബാങ്കുകളിൽ അവശേഷിക്കുന്ന തുക അടിയന്തരമായി തിരികെയീടാക്കാനും കുടുംബശ്രീ യൂണിറ്റുകൾ എത്രയും വേഗം വായ്പ തിരിച്ചടയ്ക്കാനും കടക്കെണിയിലായ യൂണിറ്റുകളെ പലിശ, പിഴപ്പലിശ എന്നിവയിൽ നിന്ന് ഒഴിവാക്കാനും നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ആലപ്പുഴ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**ടൗൺ ഹാൾ നവീകരണം-അനുവദിക്കാത്ത തുക നൽകി**

ഓഡിറ്റ് റിപ്പോർട്ട് 2009-10

ഖണ്ഡിക 3-41

- ചെയ്യാത്ത പ്രവൃത്തി ചെയ്തതായി എം. ബുക്കിൽ വ്യാജമായി അളവ് രേഖപ്പെടുത്തി
- ക്രമവിരുദ്ധമായി തുക നൽകി.

ആലപ്പുഴ നഗരസഭയുടെ ടൗൺഹാൾ നവീകരണ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവൃത്തികളാണ് ഫാൾസ് സീലിംഗ് ടൗൺ ഹാളിനുള്ളിൽ നടപ്പാതയിൽ കയർ മാറ്റ് വിരിക്കൽ എന്നിവയും, പ്രസ്തുത പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ നിരക്ക് അംഗീകരിച്ച വ്യക്തിയുമായി നെഗോഷിയേഷനിലൂടെ 10,00,000 രൂപയുടെ ഉടമ്പടി അംഗീകരിച്ചു പ്രവർത്തിയുടെ മൂല്യനിർണ്ണയമനുസരിച്ച് 29-10-2009-ലെ ചെക്ക് നമ്പർ 670641 പ്രകാരം 3,74,842 രൂപയും 7-4-2010-ലെ ചെക്ക് നമ്പർ 070683 പ്രകാരം 5,15,512 രൂപയും ചേർത്ത് ആകെ 8,90,354 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

6 ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയ ഒരു പദ്ധതിക്കാണ് ക്വട്ടേഷൻ നൽകിയത്. ഇതിൽ ഇനം 4 ആയ 'കയർമാറ്റ്സ് വിരിക്കൽ' (Walk Way) പ്രവൃത്തിയുടെ അളവ് എം. ബുക്ക് പേജ് 13-ൽ 97.80 എം$^2$ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കി 73,350/-രൂപ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

ഇനം 5 പ്രകാരം ശബ്ദത്തിന്റെ പ്രതിധ്വനി നിയന്ത്രിക്കുന്നതിന് കയർ മാറ്റ്സ് ഉപയോഗിച്ച് പൊതിയുക എന്ന പ്രവർത്തിയിൽ എം. ബുക്ക് പേജ് 18-ൽ 56 എം$^2$ രേഖപ്പെടുത്തി എസ്റ്റിമേറ്റനുസരിച്ചുള്ള നിരക്കിൽ 1,25,000 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്.

നഗരസഭയുടെ ടൗൺഹാൾ നേരിൽ കണ്ട് പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ ഇനം 4, 5 പ്രവൃത്തികൾ ചെയ്തിട്ടില്ലായെന്നു കാണുകയുണ്ടായി. മാത്രമല്ല ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന് നിലവിലുള്ള എഞ്ചിനീയർ മറുപടി നൽകിയതിനാൽ ഈ ഇനം പ്രവൃത്തികൾക്ക് ചെലവായ 1,98,350 രൂപ അളവ് രേഖപ്പെടുത്തിയ മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, എന്നിവരിൽ നിന്നും ഈടാക്കേണ്ടതും ക്രവിരുദ്ധമായ നടപടികൾക്ക് കൂട്ടു നിന്ന മേൽ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രസ്തുത ഖണ്ഡികകൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരം ആലപ്പുഴ നഗരസഭാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 24-5-2013-ലെ എൽ. എഫ്. എ. എം. 1/106/2013-ാം നമ്പർ കത്തു പ്രകാരം ആലപ്പുഴ നഗരസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നമ്പർ 4.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. ടൗൺഹാൾ നവീകരണത്തിന് ചെയ്യാത്ത പ്രവൃത്തിക്ക് കൃത്രിമ കണക്കുകൾ ഉണ്ടാക്കുകയും അതിനായി അനുവദിക്കാത്ത തുക നൽകുകയും ചെയ്തതായി നിരീക്ഷിച്ച സമിതി ആയതിനുള്ള വിശദീകരണം ആരാഞ്ഞു. പ്രസ്തുത പ്രവൃത്തി മൂലം 1.98 ലക്ഷം രൂപയുടെ നഷ്ടം വന്നിട്ടുള്ളതായും നഷ്ടത്തിന് ഉത്തരവാദികൾ ശ്രീ. ബാബുരാജ്, ശ്രീ. എൻ റോബിൻസൺ എന്നിവരാണെന്നും അതിൽ ശ്രീ. റോബിൻസൺ പണം തിരിച്ചടച്ചിട്ടുണ്ട് എന്നും ശ്രീ. ബാബുരാജ് സർവ്വീസിൽ നിന്നും വിരമിച്ചെങ്കിലും ടിയാളുടെ ഡി.സി.ആർ.ജി.യും ആലപ്പുഴ നഗരസഭ ടിയാന് കൊടുക്കാനുള്ള 70,000 രൂപയും കൊടുത്തിട്ടില്ലെന്നും എസ്.എസ്.പി.എ.യു II, ആലപ്പുഴ വിശദീകരിച്ചു.

36. എഞ്ചിനീയറുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും റിട്ടയർ ചെയ്തു കഴിഞ്ഞാൽ നടപടി എടുക്കേണ്ടത് സർക്കാറാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഈടാക്കാൻ അവശേഷിക്കുന്ന 99,175 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി ലഭ്യമാക്കിയിട്ടില്ല.

സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

37. നഷ്ടത്തുക 99,175 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി. സി. ആർ. ജി. യിൽ നിന്നും പ്രസ്തുത തുക തടഞ്ഞുവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറി എൽ. എസ്. ജി. ഡി. ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

**38. നഗരസഭയുടെ ടൗൺഹാൾ നവീകരണ പദ്ധതിക്ക് ചെയ്യാത്ത പ്രവൃത്തി ചെയ്യതായി എം. ബുക്കിൽ രേഖപ്പെടുത്തി ക്രമവിരുദ്ധമായി 1,98,350 രൂപ ചെലവഴിച്ചതിനുത്തരവാദികളായ രണ്ട് മുനിസിപ്പൽ എഞ്ചിനീയർമാരിൽ ഒരാൾ ഇകയുടെ പകുതി നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെന്നും ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചെന്നും സമിതി മനസിലാക്കുകയുണ്ടായി. ഈടാക്കാൻ അവശേഷിക്കുന്ന ഇക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നഷ്ടത്തുക നാളിതുവരെ ഈടാക്കിയിട്ടില്ലെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ ഡി. സി. ആർ. ജി.യിൽ നിന്നും പ്രസ്തുത തുക തടഞ്ഞുവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. നഗരസഭയ്ക്കുണ്ടായ നഷ്ടം പലിശ സഹിതം പ്രസ്തുത എഞ്ചിനീയറിൽ നിന്ന് അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൊങ്ങൻപാറ ജലസേചന പദ്ധതി നിർവ്വഹണത്തിൽ അപാകത- പദ്ധതിത്തുക പാഴ്ച്ചെലവായി**

ഓഡിറ്റ് റിപ്പോർട്ട് 2009-10

ഖണ്ഡിക 3-4

വികസന ഫണ്ടിൽ നിന്ന് തുക വകയിരുത്തിയ പൊങ്ങൻപാറ ജലസേചന പദ്ധതി ഗുണഭോക്തൃ സമിതി വഴി നടപ്പാക്കുന്നതിന് ആവിഷ്കരിച്ച ബഹുവർഷ പദ്ധതിയാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| (1) 2008-09 | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്: 031/09 |
| അടങ്കൽ | 166667 രൂപ |
| ചെലവ് തുക | 74908 രൂപ (നികുതി ഉൾപ്പെടെ) |
| ബിൽ നമ്പർ | 62/09 -10/ 31-3-2009 |
| കൺവീനർ | സാബു അമ്പിപ്പറമ്പിൽ |
| എം. ബുക്ക് നമ്പർ | 37/08-09 |

2008-09 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണം എന്നിവയ്ക്കാണ് തുക വകയിരുത്തിയത്. എന്നാൽ തൻവർഷം 310 മീറ്റർ 50 മില്ലി മീറ്റർ ജി.ഐ പൈപ്പ് സ്ഥാപിക്കൽ മാത്രമേ നടന്നിട്ടുള്ളൂ.

| (2) 2009-10 | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 002/09-10 |
| അടങ്കൽ | 444450 രൂപ |
| ചെലവ് തുക | 267628 രൂപ (നികുതി ഉൾപ്പെടെ) |
| ബിൽ നമ്പർ | 44/31-3-2010 |
| എം. ബുക്ക് നമ്പർ | 79/09-10 |

2009-10 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കൽ, കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി തുക വകയിരുത്തിയെങ്കിലും 1198 മീറ്റർ 20 മില്ലി മീറ്റർ ജി.ഐ പൈപ്പ് സ്ഥാപിക്കൽ മാത്രമാണ് നടന്നത്.

ജലസേചന പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട മുൻഗണനാ ക്രമം പദ്ധതി ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ഉണ്ടായിട്ടില്ല. ജലലഭ്യതയുള്ള സ്ഥലം കണ്ടെത്തി കിണർ നിർമ്മിക്കുക, കിണറ്റിലെ ജല ലഭ്യതയനുസരിച്ചുള്ള പമ്പ് വാങ്ങുക, പമ്പ് ഹൗസ് നിർമ്മിക്കുക, ടാങ്ക് നിർമ്മിക്കുക, ജലം വിതരണം ചെയ്യുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക എന്ന ക്രമത്തിലായിരുന്നു പദ്ധതി ആവിഷ്കരിക്കേണ്ടിയിരുന്നത്. 2008-09-ൽ പമ്പ് ഹൗസ് നിർമ്മാണത്തിനും 2009-10-ൽ കിണർ നിർമ്മിക്കുന്നതിനും തുക വകയിരുത്തിയെങ്കിലും പ്രവൃത്തികൾ നടപ്പാക്കിയില്ല. പദ്ധതി പൂർത്തീകരണത്തിനുവേണ്ടി കൺവീനർക്ക് നോട്ടീസ് നൽകിയതൊഴിച്ചാൽ വേണ്ട നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്ന് രണ്ട് വർഷങ്ങളിലായി 3,42,536 രൂപ (74908 + 267628) ചെലവഴിച്ചത് പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി മാത്രമാണ്. പദ്ധതി പ്രകാരം സ്ഥാപിച്ച പൈപ്പുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതി നടപ്പാക്കിയപ്പോൾ മുൻഗണനാക്രമം പാലിക്കാതിരുന്നതാണ് ഈയൊരവസ്ഥയ്ക്ക് കാരണം.

1997-ലെ കേരള പഞ്ചായത്ത് രാജ് (മരാമത്ത് ചട്ടങ്ങൾ) 13-ാം ചട്ടപ്രകാരം ഗുണഭോക്തൃ സമിതി വഴി പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ

പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കുക, പണമിടപാട് അക്കൗണ്ട് വഴിയായിരിക്കുക എന്നീ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതിയോഗം വിളിച്ച് നടപടികൾ ബോദ്ധ്യപ്പെടുത്തിയിട്ടുമില്ല.

2008-09 വർഷത്തിൽ പദ്ധതി നിർവ്വഹിച്ചപ്പോൾ മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല. പൈപ്പ് വാങ്ങൽ നടപടിക്രമങ്ങൾ സുതാര്യമായിരുന്നില്ല. ക്വട്ടേഷൻ ക്ഷണിക്കൽ, സാമഗ്രികൾ വാങ്ങിയതിന്റെ ബില്ല്, തുക നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 1/28-4-2011) തൃപ്തികരമായ വിശദീകരണം നൽകാൻ ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. പൊങ്ങൻപാറ ജലസേചന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 3,42,536 രൂപ പദ്ധതി നടത്തിപ്പിലെ അപാകത മൂലം പാഴ് ചെലവായി. പദ്ധതിയുടെ അവശേഷിക്കുന്ന വേലകൾ അടിയന്തിര പ്രാധാന്യം നൽകി പൂർത്തീകരിക്കാൻ സാധിക്കാത്തപക്ഷം ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം കോട്ടയം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 3-1-2013-ലെ എൽ. എഫ്. കെ. ടി 1/774/2012 നമ്പർ കത്ത് പ്രകാരം നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

(സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.4.1, ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു)

39. ജലസേചന പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമം പാലിച്ചില്ലെന്നും ജലലഭ്യതയ്ക്കായി കിണർ കുഴിക്കാതെ പൈപ്പ് ലൈൻ സ്ഥാപിച്ചതായും നിരീക്ഷിച്ച സമിതി, ആയത് സംബന്ധിച്ച വിശദീകരണം ആരാഞ്ഞതിന്, 2008-2009 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കൽ , പമ്പ് ഹൗസ് നിർമ്മാണം എന്നിവയ്ക്ക് തുക വകയിരുത്തിയെങ്കിലും 310 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ മാത്രമേ നടന്നിട്ടുള്ളൂ. 2009-2010 വർഷവും ഇതേ പദ്ധതി രൂപീകരിച്ചെങ്കിലും പൈപ്പ് ലൈൻ സ്ഥാപിക്കൽ മാത്രമേ നടന്നുള്ളൂവെന്നും കിണർ കുഴിച്ചപ്പോൾ മലിനജലം ഒഴുകി എത്തിയതു മൂലവും ശക്തമായ മഴ നിമിത്തവും റോഡ് സൈഡ് ഇടിഞ്ഞുവീണ് കിണർ നികന്നു പോയതിനാൽ പമ്പ് ഹൗസ് നിർമ്മാണം നടന്നിട്ടില്ലെന്നും നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. ജലലഭ്യത ഉറപ്പു വരുത്താതെ പൈപ്പ് സ്ഥാപിച്ചത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, എ. ഇ. ആണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്നും പൈപ്പുകൾ ഉപയോഗശൂന്യമായ നിലയിലാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

40. 2008-09-ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും അതിനടുത്ത വർഷം കിണർ കുഴിക്കുന്നതിനുമായാണ് പദ്ധതി തുടങ്ങിയതെന്നും ഗുണഭോക്തൃ സമിതി വഴിയാണ് ടി പ്രവൃത്തി ചെയ്തിരുന്നതെന്നും പൈപ്പിടലും പമ്പ് ഹൗസ് നിർമ്മാണവും ആദ്യവർഷത്തെ പദ്ധതിയിലൂടെ നടപ്പിലാക്കാതെ കിണർ നിർമ്മാണം അടുത്ത വർഷത്തെ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരുന്നതെന്നും നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് മുൻ എ. ഇ. വിശദീകരിച്ചു. പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.സി. അംഗീകാരവും സാങ്കേതിക അനുവാദവും ലഭിച്ചിരുന്നതായും മറ്റൊരു ചോദ്യത്തിന് ടിയാൻ മറുപടി നൽകി.

41. പദ്ധതി നടത്തിപ്പിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആയതിനാൽ വളരെ ഗൗരവമായി കാണേണ്ട വിഷയമാണിതെന്നും വിലയിരുത്തിയ സമിതി, പ്രസ്തുത പദ്ധതി സംബന്ധിച്ച് അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചു

സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**42. ജലസേചന പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട മുൻഗണനാക്രമം പദ്ധതി ആസൂത്രണത്തിലോ നിർവ്വഹണത്തിലോ പാലിക്കാതിരുന്നതിനാൽ വികസന ഫണ്ടിൽനിന്നും 3,42,536 രൂപ നഷ്ടമുണ്ടായെന്ന ഓഡിറ്റിന്റെ നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. പദ്ധതി നടത്തിപ്പിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യണമെന്നും പഞ്ചായത്ത് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതിയുടെ നിർദ്ദേശം പാലിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള അന്വേഷണം നടത്തി മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## കോട്ടയം ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പാറത്തോട് ഗ്രാമപഞ്ചായത്തിലെ ഇടക്കുന്നം-പഴുമല പട്ടികവർഗ കോളനികളുടെ സമഗ്ര വികസനം : ലക്ഷ്യം നേടിയില്ല.**

ഓഡിറ്റ് റിപ്പോർട്ട് 2010-11

ഖണ്ഡിക 3-6-2

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/11 (പുതിയത്) |
| നിർവ്വഹണോദ്യോഗസ്ഥൻ | ITDP പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 1679050 (വികസന ഫണ്ട്) |
| ചെലവ് | 1553950 (വികസന ഫണ്ട്) |

മൃഗസംരക്ഷണ പ്രവൃത്തികൾ, കാർഷിക വികസന പദ്ധതികൾ എന്നിവയിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങളുടെ സമഗ്ര വികസനമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. 2010-11 വർഷം പ്രോജക്ടിന്റെ നടത്തിപ്പിനായി ജില്ലാപഞ്ചായത്തിൽ നിന്ന് ഉത്തരവ് നമ്പർ B3 - 2847/2010 തീയതി 7-8-2010 പ്രകാരം 14,14,000 രൂപയും, ഉത്തരവ് നമ്പർ B3 -2847/2010 തീയതി 1-12-2010 പ്രകാരം 1,39,950 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുകകൾ യഥാക്രമം 8-10-2010, 13-1-2011 എന്നീ തീയതികളിലായി ട്രഷറി ബിൽ ബുക്ക് പ്രകാരം ഡി.ഡി.യായി മാറുകയും ചെയ്തു. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന ഗുരുതരമായ അപാകതകൾ കാണുന്നു. ജില്ലാപഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടുകളാണ് നടപ്പിലാക്കിയത്.

### (1) നിർവ്വഹണ ചുമതല കൈമാറി

പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായി ജില്ലാപഞ്ചായത്ത് നിയമിച്ചത് ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറെ (കാഞ്ഞിരപ്പള്ളി) ആണ്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ യാതൊരു ചുമതലയും അദ്ദേഹം ഏറ്റെടുത്തിട്ടില്ല. പകരം പദ്ധതി തുക പൂർണ്ണമായി തന്റെ കീഴുദ്യോഗസ്ഥനായ പുഞ്ചവയൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ (ടി.ഇ.ഒ.) മുൻകൂറായി ഏൽപ്പിക്കുക മാത്രമാണുണ്ടായത്.

### (2) വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പിലാക്കി

ഊരുകൂട്ടം ചേർന്ന് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റാണ് പ്രോജക്ട് പ്രകാരമുള്ള ധനസഹായങ്ങൾക്ക് അടിസ്ഥാനമാക്കിയതെങ്കിലും ഈ ഗുണഭോക്തൃ ലിസ്റ്റിന് പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചതായി ഫയലുകളിൽ നിന്ന് വ്യക്തമല്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായ അറിവുണ്ടായിരുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-7-2007-ലെ ജി.ഒ (എം.എസ്) 183/07 ഖണ്ഡിക 6-I പ്രകാരം ജില്ലാപഞ്ചായത്തുകളെ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആസ്തി വിതരണം ചെയ്യുന്ന പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിൽ നിന്ന് വിലക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ടി.ഇ.ഒ. വഴി നേരിട്ട് ജില്ലാ പഞ്ചായത്തിൽ നിന്ന് നൽകുകയാണുണ്ടായത്.

### (3) സബ്സിഡി നിരക്കുകൾ ബാധകമാക്കിയില്ല

വ്യക്തിഗത ആനുകൂല്യങ്ങൾക്ക് സബ്സിഡി നിശ്ചയിച്ചു കൊണ്ട് സർക്കാർ തയ്യാറാക്കിയ പുതുക്കിയ മാർഗ്ഗരേഖ [ജി.ഒ (എം.എസ്)199/2008/ത.സ്വ.ഭ.വ., തീയതി 11-7-2008] അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മൃഗസംരക്ഷണ തൊഴിലിൽ ഏർപ്പെടുന്നവർക്ക് യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനവും നാമമാത്ര കർഷകർക്ക് 33 1/3 ശതമാനവുമാണ് അനുവദിക്കാവുന്ന പരമാവധി സബ്സിഡി. യൂണിറ്റ് കോസ്റ്റിന്റെ ഉയർന്ന പരിധി 20000 രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ബി.പി.എൽ./ എ.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരേ നിരക്കിൽ സബ്സിഡി അനുവദിച്ചു

ചിലയിനങ്ങളിൽ യൂണിറ്റ് കോസ്റ്റ് 20000 രൂപയിൽ അധികമായി കണക്കാക്കി മുഴുവൻ തുകയും സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രോജക്ട് പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് | സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തേണ്ടിയിരുന്നത് | സബ്സിഡി നൽകിയത് | സബ്സിഡി നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| പശു വളർത്തൽ 15 യൂണിറ്റ് | 30000 | 20000 | 4,50,000 | 150000 | 300000 |
| ആട് വളർത്തൽ 45 യൂണിറ്റ് | 16000 | യൂണിറ്റ് കോസ്റ്റ് അധികരിച്ചിട്ടില്ല | 751500 | 375750 | 375750 |
| 9 യൂണിറ്റ് മുട്ടനാട് | 9 x 3500 = 31500 | | | | |
| പന്നി വളർത്തൽ 7 യൂണിറ്റ് | 27500 | 20000 | 192500 | 70000 | 122500 |
| മുയൽ വളർത്തൽ 4 യൂണിറ്റ് | 5000 | യൂണിറ്റ് കോസ്റ്റ് അധികരിച്ചിട്ടില്ല | 20000 | 10000 | 10000 |
| | | | 1414000 | 605750 | 808250 |

അധികം ചെലവഴിച്ച 8,08,250 രൂപ (ഡിഡി നമ്പർ 295278/20-10-2010 പ്രകാരം) തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 24-7-2007-ലെ ജി.ഒ (എം.എസ്)/183/07 ഖണ്ഡിക 2.2 അനുസരിച്ച് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

### (4) സ്ഥല പരിശോധനയിൽ ലഭിച്ച വിവരം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 7(5) എന്നിവ അനുസരിച്ച് പഴമല, ഇടക്കുന്നം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഓഡിറ്റ് ടീം സന്ദർശനം നടത്തുകയും

ഗുണഭോക്താക്കളിൽ നിന്ന് വിവരങ്ങൾ ആരായുകയുമുണ്ടായി. ഇപ്രകാരം ലഭിച്ച വിവരമനുസരിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമായ ആടുകളിൽ പലതും വിതരണം ചെയ്ത് മാസങ്ങൾക്കുള്ളിൽ തന്നെ ചത്തുപോവുകയും മറ്റുള്ളവയ്ക്ക് ഗുരുതരമായ രോഗം ബാധിക്കുകയും ചെയ്തെന്ന് വ്യക്തമായി.

ശ്രീ. രാജു ജോസഫ് (പമ്പുരിക്കൽ, ചേനപ്പാടി) എന്ന കച്ചവടക്കാരൻ മുഖേനയാണ് ആടുകളെ വിതരണം ചെയ്തത്. ഗുണഭോക്താക്കൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്കിണങ്ങുംവിധം ആടുകളെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. [ജി.ഒ (എം.എസ്) 199/2008/ത.സ്വ.ഭ.വ. തീയതി 11-7-2008] അനുസരിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് തെരഞ്ഞെടുത്ത സമിതി രൂപീകരിച്ച് സംസ്ഥാനത്തിന് പുറത്തു നിന്നാണ് പശുക്കളെ വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരമല്ല വാങ്ങിയത്.

പന്നിക്കുഞ്ഞുങ്ങൾക്ക് ആരോഗ്യകരമായി വളരാൻ സാധിക്കാത്ത വേനൽക്കാലത്ത് അവയെ ലഭ്യമാക്കിയതും ഗുണഭോക്താക്കൾക്ക് ഗുണം ചെയ്തില്ല. പലരും പന്നികളെ വിറ്റഴിക്കുകയാണുണ്ടായത്. മൃഗസംരക്ഷണത്തിനായി തയ്യാറാക്കിയ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ആകെ ചെലവിൽ നിരാകരിച്ച 8,08,250 രൂപ കഴിച്ചുള്ള 6,05,750 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യാതൊരു രേഖയും നിർവ്വഹണോദ്യോഗസ്ഥനായ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ സൂക്ഷിച്ചിട്ടില്ല. ജി.ഒ. (പി) 177/06/ധന. തീയതി 12-4-2006 പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ ക്യാഷ് ബുക്കിൽ (ടി.ആർ.7 എ) ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും കണക്കുകൾ രേഖപ്പെടുത്തേണ്ടതാണ് . ജില്ലാ പഞ്ചായത്തിൽ നിന്ന് പദ്ധതി നിർവ്വഹണത്തിനായി ഏല്പിച്ച പണത്തിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർക്കാത്തതും ജില്ലാ പഞ്ചായത്ത് ഫണ്ടിന് മാത്രമായി സബ്സിഡി ക്യാഷ് ബുക്ക് സൂക്ഷിക്കാത്തതും ഗുരുതരമായ കൃത്യവിലോപമാണ്.

ജില്ലാപഞ്ചായത്തിൽ നിന്ന് അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുക നിർവ്വഹണോദ്യോഗസ്ഥൻ (ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ) ട്രഷറിയിൽനിന്ന് പിൻവലിച്ച് ടി.ഇ.ഒ.യ്ക്ക് കൈമാറുകയും ടി.ഇ.ഒ. ഈ തുക എസ്.ബി.റ്റി.-യിലെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ട്രഷറിയിൽ നിന്ന് പിൻവലിച്ച് പദ്ധതി പണം ട്രഷറിയിലല്ലാത്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ജി.ഒ(പി)612/95/ഫിൻ. തീയതി 4-10-1995, സർക്കുലർ നമ്പർ 27188/സി 1/96/തസ്വഭവ. തീയതി 3-1-1997 എന്നിവ പ്രകാരം ധനദുർവിനിയോഗമായി കണക്കാക്കി 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

സ്പെഷ്യൽ സെൻട്രൽ അസിസ്റ്റന്റ്സ് പ്രകാരം ലഭിച്ച തുകകളും ടി.ഇ.ഒ. ഈ എസ്.ബി.റ്റി. അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കുന്നതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകൾ പ്രസ്തുത വർഷം തന്നെ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ എന്ന് ബാങ്ക്

കണക്കുകളിൽ നിന്ന് വ്യക്തമാകുന്നില്ല. 2010-11-ലെ ചെലവ് സംബന്ധിച്ച വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് റിക്വസിഷൻ 27-2-2012-ന് കൈപ്പറ്റിയിട്ടും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

ഇപ്രകാരമുള്ള അപാകതകളിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഇടപെടുകയോ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലെന്ന് വ്യക്തമാകുന്നു. പദ്ധതിപ്പണം ചെലവഴിക്കുന്നതിലുപരി പ്രോജക്ട്കൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്ക് സമഗ്രവികസനം സാധ്യമാക്കുക എന്ന ലക്ഷ്യം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നൽകാനോ പ്രോജക്ട് വിജയകരമായി നടപ്പാക്കാനോ ശ്രമം ഉണ്ടായിട്ടില്ല. ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടാകാതിരുന്നതും പ്രോജക്ടിന്റെ വിജയകരമായ പൂർത്തീകരണത്തിന് തടസ്സമായി.

ഓഡിറ്റ് പരാമർശത്തിന് ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ നൽകിയ വിശദീകരണം (കത്ത് നം. ജി. 1795/12 തീയതി 27-2-2012) തൃപ്തികരമല്ല.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെടുത്താൻ ശുപാർശ ചെയ്യുന്ന വിവരം കോട്ടയം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 3-1-2013-ലെ എൽ. എഫ്. കെ. പി 1/774/2012 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തധികൃതരെ അറിയിച്ചിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയില്ല.

(സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ജില്ലാ പഞ്ചായത്തിന്റെ 2010-11-ലെ പദ്ധതിയായിരുന്നിതെന്നും ഡി.പി.സി. അംഗീകാരം ലഭിച്ച ശേഷം ആയത് നടപ്പിലാക്കുന്നതിനായി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് പണം കൈമാറിയതായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ നിർവ്വഹണ ചുമതല ഉൾപ്പെടെ മുഴുവൻ തുകയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് കൈമാറിയതെന്തിനാണെന്നും പഞ്ചായത്തിന്റെ അനുമതി ലഭിച്ചിരുന്നോ എന്നും സമിതി ആരാഞ്ഞതിന്, പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ച് അവരുമായി അടുത്ത് സമ്പർക്കം പുലർത്തുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരായതിനാൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓരോ ഘട്ടത്തിലും പണം കൊടുക്കുന്നത് ഇവരാണെന്നും കാലാകാലങ്ങളായി അനുവർത്തിക്കുന്ന കാര്യമായതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് അനുവാദം നൽകേണ്ട ആവശ്യമില്ലെന്നും മുൻ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ മറുപടി നൽകി.

44. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതാരെന്നും അതിന് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചിരുന്നോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, ഊരുകൂട്ടമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെന്നും ഗ്രാമസഭയ്ക്ക് തുല്യമാണിതെന്നും പട്ടിക വർഗ്ഗക്കാർക്കുള്ള പദ്ധതികൾ ഊരുകൂട്ടത്തിന്റെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നതെന്നും അങ്ങനെയുള്ള ലിസ്റ്റ് പിന്നീട് പഞ്ചായത്ത് അംഗീകരിക്കുന്ന നടപടിക്രമം ഇല്ലെന്നും ഐ.റ്റി.ഡി.പി മുൻ പ്രോജക്ട് ഓഫീസർ വിശദമാക്കി.

45. സർക്കാർ ഉത്തരവിന് വിരുദ്ധമായി ജില്ലാപഞ്ചായത്ത് വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം മുൻനിർത്തിയാണ് ഡി.പി.സി. അംഗീകാരം നൽകിയതെന്നും ഐ.റ്റി.ഡി.പി. നടപ്പിലാക്കിയ പദ്ധതിക്ക് ജില്ലാപഞ്ചായത്ത് രണ്ട് തവണ പണം കൊടുത്തെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

46. ആടുമാടുകൾ ചത്തുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്നും ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിന് ഗുണഭോക്താക്കളെ സഹായിച്ചിരുന്നോ എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് ആടുമാടുകൾ കൂട്ടത്തോടെ ചത്ത സംഭവമില്ലെന്നും ഒന്നും രണ്ടുമൊക്കെ ചാവുന്ന സന്ദർഭങ്ങളിൽ മൃഗ ഡോക്ടറിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി ഇൻഷുറൻസ് തുക നൽകുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണെന്നും ഐ.റ്റി.ഡി.പി. മുൻ പ്രോജക്ട് ഓഫീസർ മറുപടി നൽകി.

47. എന്നാൽ ചത്തുപോയ ആടുമാടുകൾക്കുള്ള ഇൻഷുറൻസ് തുക ലഭ്യമാക്കുവാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലാ എന്ന് വിലയിരുത്തിയ സമിതി, പദ്ധതി പ്രകാരം നിശ്ചയിച്ചിരുന്ന യൂണിറ്റ് കോസ്റ്റ് 30,000 രൂപയും സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തേണ്ടിയിരുന്നത് 20,000 രൂപയുമാണെന്നിരിക്കെ 10,000 അധികം കൊടുത്തു. സബ്സിഡി നൽകാവുന്നത് 1.5 ലക്ഷം രൂപയും നൽകിയത് 4.5 ലക്ഷം രൂപയുമാണ്. അങ്ങനെ ടി പദ്ധതി പ്രകാരം 8,08,250 രൂപ അധികമായി നൽകിയതായും സമിതി കണ്ടെത്തി.

48. വ്യക്തിഗത ആനുകൂല്യങ്ങൾക്കാണ് ടി നിരക്ക് ബാധകമാക്കുന്നതെന്നും കുടുംബത്തിന്റെ സാമ്പത്തിക ഉന്നമനത്തിലൂടെ കോളനിയുടെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ പദ്ധതിയായിരുന്നിതെന്നും, സംസ്ഥാന ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗീകരിച്ചു വരുന്ന പദ്ധതികൾ നടപ്പിലാക്കുക മാത്രമാണ് ചെയ്യുന്നതെന്നും ഐ.റ്റി.ഡി.പി. മുൻ പ്രോജക്ട് ഓഫീസർ വിശദീകരിച്ചു.

49. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ജില്ലാ പഞ്ചായത്ത് പ്രവൃത്തി ഏറ്റെടുത്തത് ഉചിതമായില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മുഴുവൻ തുകയും തന്റെ കീഴുദ്യോഗസ്ഥന്

കൈമാറിയത് ഗുരുതരമായ കൃത്യവിലോപമാണെന്നും വിലയിരുത്തിയ സമിതി, മാർഗ്ഗരേഖ ലംഘിച്ച് നൽകിയ മുഴുവൻ തുകയും ക്രമീകരിക്കുന്നതിനും ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കാൻ നിർദ്ദേശിച്ച

സർക്കാർ മറുപടി ലഭ്യമാക്കിയിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**50. മൃഗസംരക്ഷണ പ്രവൃത്തികളിലൂടെയും കാർഷികവികസന പദ്ധതികളിലൂടെയും പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങളുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്ത പദ്ധതി, നിർവ്വഹണത്തിലെ പിഴവ് മൂലം ലക്ഷ്യപ്രാപ്തിയിലെത്തിയില്ലെന്ന് സമിതി മനസ്സിലാക്കി. വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആസ്തി വിതരണം ചെയ്യുന്ന പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കാൻ ജില്ലാപഞ്ചായത്തിന് അധികാരമില്ലെന്ന സർക്കാർ നിർദ്ദേശം നിലവിലിരിക്കെ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ജില്ലാപഞ്ചായത്ത് ടി.ഇ.ഒ. വഴി നേരിട്ട് വിതരണം ചെയ്തതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ജനവിഭാഗവുമായി അടുത്തബന്ധം പുലർത്തുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരായതിനാൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പണം കൈമാറുന്നത് ഇവരാണെന്ന് ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഇടപെടുകയോ ഉത്തരവാദിത്തം കൃത്യമായി നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിപ്പണം ചെലവഴിക്കുക എന്നതിലുപരി പദ്ധതികൊണ്ട് പട്ടികവർഗ്ഗത്തിന്റെ സമഗ്രവികസനം സാധ്യമാക്കുക എന്ന ലക്ഷ്യം ആയതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നിറവേറ്റുവാനോ പദ്ധതി വിജയകരമായി പൂർത്തിയാക്കാനോ സാധിച്ചില്ലെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. മാർഗ്ഗരേഖ ലംഘിച്ച നൽകിയ മുഴുവൻ തുകയും ക്രമീകരിക്കുന്നതിനും ആട്ടുമാടുകൾ ചത്തുപോയ കർഷകർക്ക് ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചുവെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ശിപാർശ ചെയ്യുന്നു.**

കോട്ടയം നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**മതിപ്പ് വില പോലും ഈടാക്കാതെ കെ.എസ്.ഇ.ബി.ക്ക് ഭൂമി കൈമാറി; നഗരസഭയ്ക്ക് ഭീമമായ നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് 2008-09

ഖണ്ഡിക 2 -7

- വസ്തുവിന്റെ മതിപ്പുവില കണക്കാക്കാതെ കെ.എസ്.ഇ.ബി.-ക്ക് ഭൂമി കൈമാറി
- കളക്ടർ നിശ്ചയിച്ച വില ഫെയർ വാല്യുവിനേക്കാൾ 5 കോടിയോളം രൂപ കുറവ്

31-12-2004-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം കെ.എസ്.ഇ.ബി.-യുടെ വികസനത്തിന് നഗരസഭയുടെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനം 10-1-2005-ലെ നഗരസഭാകൗൺസിൽ അംഗീകരിച്ചു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക എന്നത് കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരസഭയുടെ അനിവാര്യ ചുമതലയിലോ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിലോ ഉൾപ്പെടുന്നതല്ല. എന്നാൽ കോടിമത എന്ന സ്ഥലത്ത് വിവിധോദ്ദേശ പദ്ധതിക്കായി നഗരസഭ ഏറ്റെടുത്ത 1.69 ഏക്കർ ഭൂമി 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.-ക്ക് കൈമാറി. 6,84,21,002 രൂപ ഫെയർ വാല്യൂ ഉള്ള വസ്തുവാണ് 10-8-2006-ലെ 2006/06/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കളക്ടർ നിശ്ചയിച്ച വിലയ്ക്ക് കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയത്. ഇതുപ്രകാരം നഗരസഭയ്ക്ക് ലഭിച്ചത് കേവലം 92,09,726 രൂപയാണ്. ഇതുവഴി 5,92,11,276 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രദേശത്ത് നിലവിലുള്ള കമ്പോള വിലയുമായി താരതമ്യം ചെയ്താൽ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വ്യാപ്തി ഇതിലും കൂടുവാൻ സാധ്യതയുണ്ട്.

കെ.എസ്.ഇ.ബി.-ക്ക് വിറ്റ സ്ഥലത്തിന്റെ ഒരു ഭാഗം 1995-ൽ നഗരസഭ ഹൗസിംഗ് പ്ലോട്ടുകളായി തിരിച്ച് സെന്റിന് 17,000 രൂപയ്ക്ക് വിറ്റിട്ടുള്ളതാണ്. ഈ നിരക്കിൽ വിറ്റ വസ്തുവിന്റെ സമീപത്തുള്ള വസ്തുവിന്റെ 2008-09-ൽ ഉണ്ടാകുമായിരുന്ന സ്വഭാവിക വില വർദ്ധനവ് പരിഗണിക്കാതെ ചതുപ്പ് നിലമായി കണക്കാക്കിയാണ് കളക്ടർ വില നിശ്ചയിച്ചത്. ആദ്യം ഒരു സെന്റിന് 8,843 രൂപ നിശ്ചയിച്ചത് നഗരസഭ അംഗീകരിക്കാത്തതിനെത്തുടർന്ന് 42,000 രൂപ നിരക്കിൽ പുനർനിർണ്ണയിച്ചു. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതിനിടെ സ്ഥലം വിൽപ്പന നഷ്ടമാകുമെന്ന നിഗമനത്തിൽ നഗരസഭ എത്തുകയും 20-11-2006-ലെ കൗൺസിൽ യോഗം സ്ഥലം വിൽക്കേണ്ടതില്ലെന്ന തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ ഈ തീരുമാനം പുനഃപരിശോധിച്ച 11-8-2008-ലെ കൗൺസിൽ യോഗം കളക്ടർ നിർണ്ണയിച്ച വിലയും അതിന്മേൽ 30% വർദ്ധനയും ഉൾപ്പെടെ സ്ഥലം വിൽപ്പന അംഗീകരിച്ചു. തുടർന്ന് 18-12-2008-ൽ കെ.എസ്.ഇ.ബി. സ്ഥലവിലയായി 92,09,726 രൂപ നഗരസഭയ്ക്ക് നൽകി. കെ.എസ്.ഇ.ബി.-ക്ക് നൽകിയ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വസ്തു ഉടമകൾ നൽകിയ കേസുകൾ ഇപ്പോഴും കോടതിയിൽ നിലനിൽക്കുകയാണ്. ഈ കേസ്സുകളുടെ (LAR കേസുകൾ) അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകേണ്ടി വരുകയാണെങ്കിൽ നഗരസഭ കയ്യൊഴിഞ്ഞ ഭൂമിക്കുവേണ്ടിയുള്ള നഷ്ടപരിഹാരം (നഗരസഭയാണ് ഭൂമി അക്വയർ ചെയ്തത് എന്നതിനാൽ) നഗരസഭ വഹിക്കേണ്ടതായ സാഹചര്യവും വന്നു ചേർന്നേക്കാം.

സ്ഥലം വിൽപ്പനയുടെ ഒരു ഘട്ടത്തിൽ കൈമാറുന്ന സ്ഥലത്തിന്റെ വിലയിൽ ഒരു ഭാഗമായി കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള (നഗരാതിർത്തിയിലുള്ള) ശാസ്ത്രി റോഡിലെ 50 സെന്റ് സ്ഥലം നഗരസഭ ആവശ്യപ്പെട്ടതാണ്. കെ.എസ്.ഇ.ബി. വിസമ്മതിച്ചതോടെ നഗരസഭ ഈ ആവശ്യത്തിൽ നിന്നും പിൻവാങ്ങുകയാണുണ്ടായത്. ആവശ്യത്തിൽ ഉറച്ചു നിന്നിരുന്നെങ്കിൽ നഗരസഭയ്ക്ക് സ്ഥലം വിൽപ്പനയിലെ നഷ്ടം ഭാഗികമായി പരിഹരിക്കാനും നഗരമധ്യത്തിൽ 50 സെന്റ് സ്ഥലം ലഭിക്കാനും ഇടയാകുമായിരുന്നു.

2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ഇക്കാര്യത്തിൽ സാങ്കേതികമായി പാലിക്കപ്പെട്ടെങ്കിലും നഗരസഭയുടെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായി ഭവിച്ചു. കളക്ടർ നിശ്ചയിക്കുന്ന നാമമാത്രമായ തുകയ്ക്ക് വസ്തു കൈയ്യൊഴിയേണ്ട സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ നഷ്ടപ്പെടാനിടയാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു ഏറ്റെടുക്കുമ്പോൾ ഫെയർ വാല്യൂ എങ്കിലും നൽകുന്ന വിധത്തിൽ വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങളിൽ കാലികമായി ഭേദഗതികൾ വരുത്തേണ്ട ആവശ്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ സവിശേഷ ശ്രദ്ധ പതിയേണ്ടതുണ്ട്.

ഈ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുന്ന വിവരം കോട്ടയം നഗരസഭാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 13-12-2012, 27-12-2012 എന്നീ തീയതികളിലെ എൽ. എഫ്. കെ. എം. 3/559/2013 നമ്പർ കത്തുകൾ പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.

(സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

51. ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ നടപടിക്രമങ്ങൾ കാലികമാക്കണമെന്ന ഓഡിറ്റ് പരാമർശം നഗരസഭ പാലിച്ചിട്ടുണ്ടെന്നും ആയതിന്മേലുള്ള കൗൺസിൽ തീരുമാനം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും കോട്ടയം മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. കളക്ടർ നിശ്ചയിച്ച വില ഫെയർ വാല്യുവിനേക്കാൾ അഞ്ചു കോടിയോളം കുറവാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, മുനിസിപ്പാലിറ്റിക്ക് നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് ആരാഞ്ഞു.

52. 2008-ലെ സർക്കാർ ഉത്തരവനുസരിച്ച് ജില്ലാ കളക്ടറാണ് വില നിശ്ചയിക്കേണ്ടത്. ആയതിൽ 30 ശതമാനം വർദ്ധനവ് കൂടി കൊടുത്തിട്ടാണ് നഗരസഭ അംഗീകരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്ത് വീഴ്ചയില്ലെന്നാണ് മനസിലാക്കുന്നതെന്ന് കോട്ടയം ഡി.ഡി.പി. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. നഗരസഭയുടെ ഭാഗത്ത് വീഴ്ചകളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**53. 2009-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ച് കൗൺസിലിന്റെ നിർദ്ദേശമനുസരിച്ചാണ് നഗരസഭയുടെ വസ്തു കെ.എസ്.ഇ.ബി.-യ്ക്ക് വിട്ടുകൊടുത്തതെന്നും അക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നും വീഴ്ചകളൊന്നും സംഭവിച്ചില്ലെന്നും ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

കോട്ടയം നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീതജലധാര പ്രവർത്തനരഹിതം; 28.34 ലക്ഷം രൂപ പാഴായി**

ഓഡിറ്റ് റിപ്പോർട്ട് 2008-09

ഖണ്ഡിക 3 -1

- വരുമാനദായകമായ പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്ത പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.
- മതിയായ സെക്യൂരിറ്റി സംവിധാനത്തിന്റെ അഭാവത്തിൽ വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ടു.
- ജലധാരയുടെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കാൻ നഗരസഭ നടപടികൾ സ്വീകരിച്ചില്ല.

നഗരസഭയുടെ നവീകരിക്കപ്പെട്ട ജൂബിലി മെമ്മോറിയൽ പാർക്കിനോട് അനുബന്ധിച്ചുള്ള 5 സെന്റ് സ്ഥലത്ത് സംഗീതജലധാര (ഡാൻസിംഗ് ഫൗണ്ടൻ) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും (ഗ്യാലറി) മറ്റ് അനുബന്ധ സജ്ജീകരണങ്ങൾക്കും വേണ്ടി 2005-06 വർഷം 28,34,362 രൂപ ചെലവഴിച്ചു. അനുബന്ധ സജ്ജീകരണമൊരുക്കലിനും തുടർനടത്തിപ്പിനുമായി M/s. ബി.എൻ.എ.

ടെക്നോളജീസ് കൺസൾട്ടിംഗ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനവുമായി നഗരസഭ ഏർപ്പെട്ട കരാറിലെ പല വ്യവസ്ഥകൾ സംബന്ധിച്ചും വിരുദ്ധമായ വ്യാഖ്യാനങ്ങളാണ് ഇരുഭാഗങ്ങളും ഉന്നയിക്കുന്നത്. കരാറിലെ 8-ാം നമ്പർ വ്യവസ്ഥ പ്രകാരം ജലധാര കമ്മീഷൻ ചെയ്ത തീയതി മുതൽ ഒരു വർഷക്കാലം പൂർണ്ണമായ ഗ്യാരന്റി പിരീഡും തുടർന്നുള്ള അഞ്ചു വർഷക്കാലം ഫ്രീ മെയിന്റനൻസ് പിരീഡും ആണെന്ന് നഗരസഭ വാദിക്കുന്നു. എന്നാൽ Run Operating Maintenance (ROM) കരാർ വ്യവസ്ഥയനുസരിച്ച് പ്രതിമാസം നൽകേണ്ട 17,500 രൂപ കൃത്യമായി നൽകുന്നതിൽ നഗരസഭ വീഴ്ച വരുത്തിയെന്നും ആയതിനാൽ 12/09-ൽ അവസാനിക്കുന്ന കരാർ പുതുക്കാൻ തങ്ങൾക്ക് താൽപ്പര്യമില്ലെന്നും പ്രസ്തുത സംവിധാനം തുടർന്ന് പ്രവർത്തിക്കാൻ നഗരസഭ ബദൽ മാർഗ്ഗം സ്വീകരിക്കണമെന്നും ബി.എൻ.എ. ടെക്നോളജീസ് അറിയിച്ചിരുന്നു.

പ്രതിമാസം 78,750 രൂപയെങ്കിലും വരവ് ലഭിക്കും എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും ശരാശരി വരവ് 3,000 രൂപയിൽ താഴെ മാത്രമായിരുന്നു. എന്നാൽ മെയിന്റനൻസ് ചാർജ്, വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, സെക്യൂരിറ്റി ജീവനക്കാരന്റെ ശമ്പളം എന്നീയിനങ്ങളിൽ നഗരസഭയ്ക്ക് പ്രതിമാസം ശരാശരി 20,000 രൂപയോളം ആവർത്തനച്ചെലവ് ഉണ്ടാകുന്നു.

ഇടയ്ക്കിടെ പ്രവർത്തനരഹിതമാവുകയും നന്നാക്കുകയും ചെയ്യപ്പെട്ടിരുന്ന ജലധാര 2010 മുതൽ തുടർച്ചയായി (നാളിതുവരെ) പ്രവർത്തനരഹിതമായി കിടക്കുന്നു. ജലധാര പ്രവർത്തിപ്പിക്കുന്ന കൺട്രോൾ റൂമിൽ സൂക്ഷിച്ചിരുന്ന വിലയേറിയ കമ്പ്യൂട്ടർ, ആംപ്ലിഫയർ, സ്പീക്കറുകൾ മുതലായവ അപഹരിക്കപ്പെട്ടതായി ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ വ്യക്തമായി. ഇത് സെക്യൂരിറ്റി സംവിധാനത്തിന്റെ പോരായ്മ വ്യക്തമാക്കുന്നു. ജലധാരയ്ക്ക് മാത്രമായി ഒരു സെക്യൂരിറ്റി ഗാർഡിനെ നിയമിച്ചിരുന്നതും 02/11 വരെ പ്രതിദിനം 150 രൂപ നിരക്കിൽ വേതനം നൽകിയിരുന്നതുമാണ്.

30 ലക്ഷത്തോളം രൂപ ചെലവഴിച്ച് ആർജിച്ച ആസ്തിയുടെ പരിപാലനത്തിൽ തികഞ്ഞ അലംഭാവമാണ് നഗരസഭ കാണിച്ചത്. വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ട വിവരം യഥാസമയം അധികൃതർ അറിഞ്ഞിട്ടില്ല. ജലധാര സംവിധാനം പൂർണ്ണമായി പ്രവർത്തനരഹിതമായിട്ടും സെക്യൂരിറ്റി സ്റ്റാഫിന്റെ ശമ്പളം ഉൾപ്പെടെയുള്ള ആവർത്തനച്ചെലവുകൾ ഉണ്ടായിട്ടുണ്ട്. ഭീമമായ മൂലധനച്ചെലവ് ഉണ്ടായിട്ടുള്ളതിനാൽ ജലധാരയുടെ കേടുപാടുകൾ പരിഹരിക്കാനും, കരാർ ലംഘനമുണ്ടായിട്ടുണ്ടെങ്കിൽ കൺസൾട്ടിംഗ് സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കാനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. യഥാസമയം നടപടികൾ സ്വീകരിക്കാത്തതുമൂലം അറ്റകുറ്റപ്പണി നടത്താനാവാത്തവിധം ജലധാരയും, മറ്റ് അനുബന്ധ സജ്ജീകരണങ്ങളും നാശോന്മുഖമായി എന്ന് നിലവിലെ സ്ഥിതി വ്യക്തമാക്കുന്നു.

(സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.4.4 )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാരനടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, സംഗീത ജലധാര 2010 മുതൽ പ്രവർത്തന രഹിതമാണെന്നും ജലധാര പ്രവർത്തിപ്പിക്കുന്നതിന് കൺട്രോൾ റൂമിൽ സൂക്ഷിച്ചിരുന്ന കമ്പ്യൂട്ടർ, ആംപ്ലിഫയർ, സ്പീക്കറുകൾ മുതലായവ മോഷണം പോയതായും ടി വിവരം പോലീസിൽ അറിയിച്ചിരുന്നതായും കോട്ടയം ഡി.ഡി.പി. അറിയിച്ചു. ഒരു വർഷം സൗജന്യമായും അഞ്ചു വർഷത്തേയ്ക്ക് എ.എം.സി. വ്യവസ്ഥയിലുമാണ് സ്ഥാപനം പ്രവർത്തിച്ചിരുന്നതെന്നും ജലധാര പ്രവർത്തന രഹിതമായപ്പോൾ ഏജൻസി പോയെന്നും അദ്ദേഹം തുടർന്നറിയിച്ചു

55. 30 ലക്ഷത്തോളം രൂപ ചെലവഴിച്ചു നിർമ്മിച്ച സംഗീത ജലധാര ശരിയായ രീതിയിൽ പരിപാലിക്കുന്നതിൽ നഗരസഭ പരാജയപ്പെട്ടതായും വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ട വിവരം അധികൃതർ യഥാസമയം അറിഞ്ഞിരുന്നില്ലായെന്നും സംവിധാനം പൂർണ്ണമായും പ്രവർത്തനരഹിതമായിട്ടും സെക്യൂരിറ്റി സ്റ്റാഫിന് ശമ്പളം കൊടുത്തു കൊണ്ടിരുന്നതായും ജലധാരയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനോ കൺസൾട്ടിംഗ് ഏജൻസിക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനോ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ലെന്നും വിലയിരുത്തിയ സമിതി ആയതിന് ഉത്തരവാദികൾ ആരെന്ന് ആരാഞ്ഞു. പ്രസ്തുത വിഷയം പരിശോധിച്ചതിൽ കൺസൾട്ടിംഗ് ഏജൻസിയുടെ ഭാഗത്ത് വീഴ്ചയില്ലെന്നും സ്ഥാപനം നഷ്ടത്തിലായപ്പോൾ ഏജൻസിക്ക് ലഭിക്കേണ്ട തുക ലഭിക്കാതെ അവർ നിർത്തിപ്പോയതാണെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തി.

56. സംഗീത ജലധാര പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും പദ്ധതി നടത്തിപ്പിൽ സംഭവിച്ച വീഴ്ചയ്ക്ക് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു

സമിതി നിർദ്ദേശ പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

57. പ്രസ്തുത ജലധാര നിലവിൽ പ്രവർത്തനരഹിതമാണെന്നും സാധനസാമഗ്രികൾ മോഷണം പോയതിന്റെ പേരിൽ 4 പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഉത്തരവാദികളായ ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**58. വരുമാനദായകമായ പദ്ധതി എന്ന നിലയിൽ സ്ഥാപിച്ച ജലധാര പരിപാലിക്കുന്നതിൽ നഗരസഭ കാട്ടിയ അലംഭാവം മൂലം 30 ലക്ഷത്തോളം രൂപ പാഴ്ച്ചെലവായതായി സമിതി നിരീക്ഷിക്കുന്നു. മതിയായ സെക്യൂരിറ്റി സംവിധാനത്തിന്റെ അഭാവത്തിൽ വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ടത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി സമിതി ചൂണ്ടിക്കാട്ടുന്നു. ജലധാരയുടെ കേടുപാടുകൾ തീർക്കുന്നതിനോ കൺസൾട്ടിംഗ് ഏജൻസിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനോ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വീഴ്ചക്ക് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ പ്രസ്തുത ജലധാര പ്രവർത്തനരഹിതമാണെന്നും സാധന സാമഗ്രികൾ മോഷണം പോയതിന്റെ പേരിൽ 4 പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഉത്തരവാദികളായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ച വരുന്നുണ്ടെന്നും എന്നാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ബോധ്യപ്പെടുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പാഴ്ച്ചെലവിന് ഉത്തരവാദികളായവർക്കെതിരെയും നഗരസഭയുടെ വിലപിടിപ്പുള്ള ഉപകരണങ്ങൾ മോഷ്ടിച്ചവർക്കെതിരെയും നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

### കൊടുങ്ങല്ലൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**മത്സ്യമാർക്കറ്റ് നവീകരണം-വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമായില്ല 23,11,498 രൂപയുടെ ചെലവ് നിഷ്ഫലമായി**

ഓഡിറ്റ് റിപ്പോർട്ട് 2009-10

ഖണ്ഡിക 3 (27)

കൊടുങ്ങല്ലൂർ നഗരസഭയിലെ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. (ഉത്തരവ് നമ്പർ ഡി/2170/06, തീയതി 17-1-2007) ഇതു പ്രകാരം നഗരസഭ 17.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയെങ്കിലും 12,08,000 രൂപയാണ് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചത് (റോഡ് നിർമ്മാണത്തിന് വകയിരുത്തിയ 5,42,000 രൂപ ഒഴിവാക്കി). അധിക ഫണ്ട് അനുവദിക്കുകയില്ലെന്ന് 16-6-2007-ലെ എസ്.എ.എഫ്. 15/07 നമ്പർ ഉത്തരവിലൂടെ ഫിഷറീസ് വകുപ്പധികൃതർ അറിയിച്ചിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി നഗരസഭ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഏറ്റെടുക്കാൻ ആരും മുന്നോട്ടു വന്നില്ല. തുടർന്ന്, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ

കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ഡോ. ആർ. ജയചന്ദ്രനെക്കൊണ്ട് വിശദമായ റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി. സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് കെമിക്കൽ എഞ്ചിനീയറെക്കൊണ്ട് തയ്യാറാക്കിച്ചത് ശരിയായ നടപടിയല്ല.

എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ :

| ക്രമ നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1 | സിവിൽ വർക്കുകൾ | 8,50,000 |
| 2 | ഉപകരണങ്ങൾ | 10,50,000 |
| 3 | പ്ലംബിങ് | 50,000 |
| 4 | ഇലക്ട്രിക്കൽ ജോലികൾ | 1,25,000 |
| | **ആകെ** | **20,75,000** |

തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും കളമശ്ശേരിയിലെ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. (19-3-2008 -ൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു). ഒട്ടാകെ 23,11,498 രൂപ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിനെക്കാളും 2,36,498 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| ക്രമ നമ്പർ | ഇനം | തുക (രൂപ) | തുക നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | റോളിംഗ് ഷട്ടർ, കാന നിർമ്മാണം | 1,43,612 | വൗച്ചർ നമ്പർ 91/4-08<br>ചെക്ക് നമ്പർ 102946/11-4-08 |
| | | 92,886 | വൗച്ചർ നമ്പർ 82/4-09<br>ചെക്ക് നമ്പർ 111886/20-4-09 |
| 2 | പ്ലാന്റ് നിർമ്മാണം | 3,00,000 | ചെക്ക് നമ്പർ 118027/ 4-6-09 |
| | | 7,75,000 | ചെക്ക് നമ്പർ 121553/18-5-10 |
| | | 4,00,000 | ചെക്ക് നമ്പർ 126034/ 31-8-10 |
| | | 2,00,000 | ചെക്ക് നമ്പർ 126074/ 27-9-10 |
| | | 2,00,000 | ചെക്ക് നമ്പർ 126125/14-10-10 |
| | | 2,00,000 | ചെക്ക് നമ്പർ 969072/22-12-10 |
| | **ആകെ** | **23,11,498** | |

ഫിഷറീസ് വകുപ്പിൽ നിന്നും രണ്ട് ഘട്ടങ്ങളായാണ് 12,08,000 രൂപ നഗരസഭയ്ക്ക് ലഭിച്ചത്. (11-4-2008-ൽ 154821 രൂപ, 25-2-09-ൽ 10,53,179 രൂപ)

മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള പി.സി.ബി/ഡി.ഖ/ടി.എസ്.ആർ/എഫ്/ഐ.സി/635/2009 ഉത്തരവ് പ്രകാരം 29-4-2009 മുതൽ 31-3-2012 വരെ പ്ലാന്റിന് പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്.

<u>പദ്ധതിയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുള്ള അപാകതകൾ ഇനിപ്പറയുന്നു.</u>

(1) വൻകിട മത്സ്യമാർക്കറ്റുകളിൽ സ്ഥാപിക്കേണ്ട, ദിനം പ്രതി 30000 ലിറ്റർ ശേഷിയുള്ള പ്ലാന്റാണ് കേവലം 10 ഫിഷ് സ്റ്റാളുകൾ മാത്രമുള്ള മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുള്ളത്. ഫിഷ് സ്റ്റാളുകൾ ഇതുവരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

(2) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡോ. ജയചന്ദ്രനെ നിയോഗിക്കൽ, ഷട്ടർ, കാന എന്നിവയുടെ നിർമ്മാണം, എസ്റ്റിമേറ്റ് അംഗീകരിക്കൽ, ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് കമ്പനിയുമായി പ്ലാന്റ് നിർമ്മാണത്തിനുള്ള ഉടമ്പടി ഒപ്പുവെക്കൽ തുടങ്ങി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ, പ്ലാന്റ് നിർമ്മാണത്തിനുശേഷം XV/10.2.10 തീരുമാന പ്രകാരമാണ് നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളത്.

(3) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് അധികൃതർ തയ്യാറാക്കിയ പ്രോജക്ട് വിദഗ്ധ സമിതികളൊന്നും വിലയിരുത്തിയിട്ടില്ല.

(4) 3/2008-ൽ കരാറുകാരൻ വിതരണം ചെയ്ത 11.50 ലക്ഷം രൂപ വിലയുള്ള ഉപകരണങ്ങൾ ഉറപ്പിച്ച് പ്ലാന്റ് തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൂല്യനിർണ്ണയം, ക്ഷമതാ പരിശോധന എന്നിവ നടത്തിയിട്ടില്ല. കരാർ പ്രകാരം പൂർത്തീകരണ തീയതി മുതൽ രണ്ട് വർഷമാണ് ഗ്യാരണ്ടി കാലാവധിയെങ്കിലും, പ്ലാന്റ് ഒരിക്കൽപ്പോലും പ്രവർത്തിച്ച് ബോധ്യപ്പെടാതെ ഗ്യാരണ്ടി കാലയളവ് അവസാനിച്ചു.

(5) ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ സിവിൽ-ഇലക്ട്രിക്കൽ വർക്കുകളുടെ അളവുകൾ, സ്പെസിഫിക്കേഷനുകൾ, പ്ലാൻ, നിരക്കുകൾ എന്നിവയൊന്നും പ്രത്യേകമായി കരാറിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

(6) ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന തുക പരിഗണിക്കാതെ കൂടിയ തുകയ്ക്ക് പദ്ധതി തയ്യാറാക്കിയതിനാൽ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും 11 ലക്ഷം രൂപയുടെ ശോഷണമുണ്ടായി.

ഓഡിറ്റ് ടീം 28-11-2011-ൽ പ്ലാന്റ് സന്ദർശിച്ച്, പ്രവർത്തിക്കുന്നില്ല എന്നത് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. വേണ്ടത്ര ആസൂത്രണവും, ദീർഘ വീക്ഷണവുമില്ലാതെ മേൽ പദ്ധതി നടപ്പാക്കിയതിലൂടെ 23,11,498 രൂപയുടെ പാഴ് ചെലവുണ്ടായിരിക്കുകയാണ്.

മേൽ ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-4-2012-ലെ എ-1-443/12-ാം നമ്പർ കത്തിലൂടെ നഗരസഭാധികൃതർ മറുപടി ലഭ്യമാക്കിയിരിക്കുന്നു. മത്സ്യ-മാംസ മാർക്കറ്റുകൾ പൂർണ്ണമായും ലേലം കൊള്ളുന്ന മുറയ്ക്ക് പ്ലാന്റ് പ്രവർത്തിക്കുന്നതാണ് എന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. മേൽ പ്രവൃത്തിയിൽ സംഭവിച്ചിട്ടുള്ള അപാകതകൾക്ക് നൽകിയ മറുപടി തൃപ്തികരമല്ല.

(കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാരനടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകളെ സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന്, കൊടുങ്ങല്ലൂർ നഗരസഭയുടെ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 33 സ്റ്റാളുകളിൽ ഒന്നും വാടകയ്ക്ക് പോകാത്തതിനാലാണ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ സാധിക്കാതിരുന്നതെന്നും എട്ട് വെജിറ്റബിൾ സ്റ്റാളുകളും ഒരു മീറ്റ് സ്റ്റാളും വാടകയ്ക്ക് എടുത്തെങ്കിലും ഉപയോഗിക്കുന്നില്ലെന്നും ഫിഷ്സ്റ്റാളും ഫിഷ് കൗണ്ടറും ഇതുവരെ വാടകയ്ക്ക് പോയിട്ടില്ലെന്നും അങ്ങനെ മലിന ജലം കിട്ടാതെ വന്നതിനാലാണ് പ്ലാന്റ് പ്രവർത്തിക്കാൻ കഴിയാത്തതെന്നും കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി വിശദീകരിച്ചു

60. മത്സ്യമാർക്കറ്റിൽനിന്നും ലഭ്യമാകുന്ന മലിന ജലത്തിന്റെ അളവിനേക്കാൾ കൂടിയ സംഭരണശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ കാരണമെന്തെന്നും ആയത് സംബന്ധിച്ച് പ്രായോഗിക പഠനം നടത്തിയിരുന്നോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, 33 കൗണ്ടറുകളും പ്രവർത്തിക്കുകയാണെങ്കിൽ കൂടിയ സംഭരണശേഷിയുള്ള പ്ലാന്റ് ആവശ്യമായി വരുമെന്നും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ഡോ. ആർ ജയചന്ദ്രനാണ് പ്ലാന്റിന്റെ എസ്റ്റിമേറ്റും ആയതു സംബന്ധിച്ച റിപ്പോർട്ടും തയ്യാറാക്കിയതെന്ന് കൊടുങ്ങല്ലൂർ മുനിസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിനുശേഷമാണ് ഡോ. ആർ. ജയചന്ദ്രനെ നിയോഗിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചതെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ നഗരസഭാ ചെയർമാന്റെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു

61. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി, വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചും മത്സ്യമാർക്കറ്റ് എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ സമിതി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

62. സമിതി നിർദ്ദേശത്തിന്മേൽ നഗരസഭ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**63. മത്സ്യമാർക്കറ്റ് നവീകരണത്തിന്റെ ഭാഗമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആവശ്യമായ ആസൂത്രണമോ ദീർഘവീക്ഷണമോ ഇല്ലാതെ സ്ഥാപിച്ചതിനാൽ 23,11,498 രൂപ പാഴ്ച്ചെലവായതായി സമിതി വിലയിരുത്തുന്നു. മത്സ്യമാർക്കറ്റിൽ നിന്നും ലഭ്യമാകുന്ന മലിന ജലത്തിന്റെ അളവിനേക്കാൾ കൂടിയ സംഭരണശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ചതിൽനിന്നും ഇക്കാര്യത്തിൽ യാതൊരു പ്രായോഗിക പഠനവും നടത്താതെയായിരുന്നു പദ്ധതി അംഗീകരിച്ചതെന്ന് സമിതി കരുതുന്നു. പദ്ധതി നടത്തിപ്പിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലും വീഴ്ച വന്നിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയും വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചും മത്സ്യ മാർക്കറ്റ് എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചെങ്കിലും ആയത് സംബന്ധിച്ച് സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ സമർപ്പിച്ചിട്ടില്ല. മാത്രമല്ല ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ നിന്ന് പ്രസ്തുത വിഷയത്തിന്മേൽ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ബോധ്യമാകുന്നു. സമിതി നിർദ്ദേശം പാലിക്കാത്ത നഗരസഭയുടെ നടപടി സമിതിയോടുള്ള കടുത്ത അനാദരവായി കാണുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ആയതിനാൽ സമിതി ആവശ്യപ്പെട്ട വിവരങ്ങളും മത്സ്യ മാർക്കറ്റിന്റെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതിയും സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.**

ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ലക്ഷങ്ങൾ വിലയുള്ള കൊയ്ത്ത് - മെതിയന്ത്രം ഉപയോഗിക്കുന്നില്ല**

ഓഡിറ്റ് റിപ്പോർട്ട് 2009-10

ഖണ്ഡിക 3 (3)

- പാടശേഖരത്തിന് അനുയോജ്യമല്ലാത്ത കൊയ്ത്ത് മെതിയന്ത്രം വാങ്ങുകയും ഉപയോഗയോഗ്യമാക്കാതെ സൂക്ഷിക്കുകയും ചെയ്തതുമൂലം 16,82,920 രൂപയുടെ നഷ്ടമുണ്ടായി.

- പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രം ഉപയോഗരഹിതമായി സൂക്ഷിച്ചിരിക്കുന്നു. ആകെ 10 മണിക്കൂർ മാത്രമാണ് യന്ത്രം പ്രവർത്തിച്ചിട്ടുള്ളത്.

ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10 വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി വികസന ഫണ്ടിൽനിന്നും 16,82,920 രൂപ (ബിൽ നമ്പർ 1 തീയതി : 27-1-2010, ഡി.ഡി. നമ്പർ 191993 തീയതി : 3-2-2010) ചെലവഴിച്ച്

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർവ്വഹണത്തിൽ റെയ്ഡ്കോയിൽ നിന്ന് കൊയ്ത്ത് മെതിയന്ത്രം വാങ്ങി. യന്ത്രത്തിന്റെ ഗുണനിലവാരം പരിശോധിക്കാതെ 7-4-2010-ന് സ്റ്റോക്കിലെടുത്ത് 9-4-2010-ന് പുന്നയൂർക്കുളം പഞ്ചായത്തിൽപ്പെടുന്ന പറ്റർ പടവ് പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രം 10 മണിക്കൂർ പ്രവർത്തിച്ചുവെങ്കിലും, തുടർന്ന് നാളിതുവരെ യന്ത്രം ഉപയോഗിച്ചിട്ടില്ല.

11-5-2009-ലെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം 25,58,304 രൂപ വകയിരുത്തി കൊയ്ത്തു മെതിയന്ത്രം വാങ്ങാൻ ജില്ലാ ആസൂത്രണ സമിതി 19-5-2009-ൽ അംഗീകാരം നൽകി. എന്നാൽ പ്രോജക്ടിലെ ഇനം 2-ൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 500 ഹെക്ടർ സ്ഥലത്തേ നെൽകൃഷിയുള്ളൂ എന്നും പുന്നയൂർക്കുളം പഞ്ചായത്തിൽ ഇപ്പോൾത്തന്നെ ഒരു കൊയ്ത്തു മെതിയന്ത്രം ഉണ്ട് എന്നതിനാലും ബാക്കി കൃഷികളെ അവഗണിച്ച് 25 ലക്ഷം രൂപ ചെലവഴിച്ച് വീണ്ടും വാങ്ങുന്നത് അഭികാമ്യമല്ലെന്നും വിഷയ മേഖലാ ഉപസമിതിയുടെ 14-5-2009-ലെ ധന-ബി-21/09-10 കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 2-7-2009-ലെ യോഗം 25 ലക്ഷം രൂപയുടെ യന്ത്രം വാങ്ങേണ്ടതില്ലെന്നും 8 ലക്ഷം രൂപ വിലവരുന്ന വൈക്കോൽ നശിക്കാത്ത യന്ത്രം വാങ്ങിയാൽ മതിയെന്നും തീരുമാനിച്ചു.

എന്നാൽ 12-1-2010-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത റെയ്ഡ്കോയുടെ 16,82,920 രൂപയുടെ ടെണ്ടർ അംഗീകരിച്ചു. ഇത്തരത്തിൽ വാങ്ങൽ നടത്താൻ നടപടിയെടുത്തതിന് ശേഷമാണ് 15-2-2010-ൽ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചത്. 22-2-2010-ലെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ കത്തിൽ പ്രോജക്ടിനെക്കുറിച്ച് പുനരാലോചിക്കണമെന്നും സാദ്ധ്യമെങ്കിൽ ഈ പ്രോജക്ടിനായി വകയിരുത്തിയ തുക മറ്റേതെങ്കിലും പ്രോജക്ടിലേക്ക് മാറ്റണമെന്നും ആവശ്യപ്പെട്ടു. മേൽ നിർദ്ദേശം പരിഗണിക്കാതെ യന്ത്രം വാങ്ങി.

പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രം ദിവസം 10 മണിക്കൂർ പ്രവർത്തിച്ചതിന് 600 രൂപ നിരക്കിൽ 6,000 രൂപ ഈടാക്കി. പിന്നീട് യന്ത്രം ഒരു തവണ പോലും ഉപയോഗിച്ചിട്ടില്ല. യന്ത്രത്തിന്റെ നിർമ്മാണത്തിലെ സാങ്കേതികമായ പോരായ്മകൾ മൂലവും പറ്റർ പാടശേഖരം സമുദ്ര നിരപ്പിൽ നിന്നും താഴെയായതിനാൽ ഉപ്പ് വെള്ളം കയറുന്നതിനാലും യന്ത്രം ഉപയോഗിക്കാൻ പ്രയാസം നേരിടുന്നതായി പാടശേഖര സമിതി അറിയിക്കുകയുണ്ടായി. എന്നാൽ യന്ത്രം വാങ്ങുന്നതിന് മുമ്പ് ഇത്തരം പോരായ്മകൾ ചർച്ച ചെയ്തതായി കാണുന്നില്ല. തുടർ പ്രവർത്തന അവലോകനത്തിനായി രൂപീകരിച്ച സമിതിയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. 7-3-2011-ലെ പാടശേഖര സമിതിയുടെ കത്ത് പ്രകാരം ബണ്ട് നിർമ്മാണം നടക്കാത്തതിനാൽ നിലവിൽ കൃഷി നടത്താൻ കൂടി പ്രയാസമാകയാൽ യന്ത്രത്തിന്റെ ആവശ്യമില്ലെന്ന് അഭിപ്രായ പ്പെട്ടിരിക്കുന്നു.

ആസൂത്രണ വിഷയ ഉപസമിതിയുടെ ശിപാർശ മാനിക്കാതെയും, ആവശ്യകത കണക്കിലെടുക്കാതെയും പാടശേഖരത്തിന് അനുയോജ്യമല്ലാത്ത യന്ത്രം ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച വാങ്ങുകയും കേവലം മണിക്കൂറുകൾമാത്രം പ്രവർത്തിപ്പിച്ച് നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതും ഗൗരവപൂർണ്ണമായ അനാസ്ഥയാണ്. മേൽ തുകയുടെ നഷ്ടത്തിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും ഉത്തരവാദികളാണ്.

18-4-13-ലെ എൽ.എഫ്.ടി.എസ്. 1-2182/12-ാം നമ്പർ കത്തിലൂടെ മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് പരിഗണിക്കുന്ന വിവരം അറിയിച്ചിരുന്നു. എന്നാൽ, 2009-10 വർഷത്തിൽ വാങ്ങിയ യന്ത്രം കേടുപാടുകൾ കണ്ടതുകൊണ്ട് 6-3-12-ൽ ബ്ലോക്ക്തല കമ്മിറ്റികൂടി, ഉപയോഗപ്രദമായ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് സർക്കാർ അനുമതിയോടുകൂടി കൈമാറാൻ ശിപാർശ നൽകിയിട്ടുള്ളതായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് 13-5-13-ലെ ഇ.82/2013 നമ്പർ കത്തിലൂടെ നൽകിയിട്ടുള്ളത്.

(സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനത പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. നിർവ്വഹണ ഉദ്യോഗസ്ഥയുടെ നിർദ്ദേശം അവഗണിച്ച് മെതിയന്ത്രം വാങ്ങുകയും അത് 10 മണിക്കൂർ മാത്രം പ്രവർത്തിക്കുകയും ചെയ്തത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് തന്റെ ശിപാർശയ്ക്ക് വിരുദ്ധമായി കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതിലൂടെ താൻ ചതിക്കപ്പെടുകയായിരുന്നുവെന്ന് മുൻകൃഷി അസിസ്റ്റന്റ് ഡയറക്ടർ വെളിപ്പെടുത്തി.

65. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഉൾപ്പെടെ നഷ്ടത്തിനുത്തരവാദിയാണെന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടറും വിഷയ മേഖലാ ഉപസമിതിയും യന്ത്രം വാങ്ങുന്നത് അഭികാമ്യമല്ല എന്ന് നിർദ്ദേശിച്ചിട്ടും മെതിയന്ത്രം വാങ്ങിയത് സ്ഥാപിതതാല്പര്യം സംരക്ഷിക്കാനാണെന്ന് വിലയിരുത്തിയ സമിതി, നഷ്ടത്തുക നിർണ്ണയിച്ച് ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിനും കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിയോജനക്കുറിപ്പ് എഴുതിയ സാഹചര്യത്തിൽ ടിയാളെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കുവാനും നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

66. ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കാനുള്ള സമിതിയുടെ/ ബന്ധപ്പെട്ട വകുപ്പിന്റെ നിർദ്ദേശം ലഭിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാനായിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

67. 2009-10 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 16,82,920 രൂപ ചെലവിൽ വാങ്ങിയ കൊയ്ത്ത്-മെതിയന്ത്രം ഉപയോഗിക്കാനാകാത്തവിധം നാശോന്മുഖമായതായി സമിതി മനസ്സിലാക്കുന്നു. 500 ഹെക്ടർ സ്ഥലത്ത് മാത്രം നെൽകൃഷിയുള്ള ബ്ലോക്ക് പഞ്ചായത്തിൽ, പാടശേഖരത്തിന് അനുയോജ്യമല്ലാത്ത കൊയ്ത്തുമെതിയന്ത്രം വാങ്ങാനുള്ള പദ്ധതി പുന:പരിശോധിക്കണമെന്നും നിർവ്വഹണോദ്യോഗസ്ഥയായ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ആവശ്യവും, പുന്നയൂർക്കുളം പഞ്ചായത്തിൽ ഒരു കൊയ്ത്തു മെതിയന്ത്രം ഉണ്ടെന്നതിനാൽ വീണ്ടും ഒന്നു കൂടി വാങ്ങേണ്ടതില്ല എന്ന വിഷയ മേഖല ഉപസമിതിയുടെ തീരുമാനവും അവഗണിച്ചാണ് യന്ത്രം വാങ്ങിയതെന്ന് സമിതി നിരീക്ഷിക്കുന്നു. യന്ത്രം വാങ്ങുന്നതിന് പദ്ധതിയുടെ ഗുണഭോക്താക്കളായ പാടശേഖരസമിതിയുടെ അഭിപ്രായം തേടിയിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ന്യായയുക്തമായ പ്രസ്തുത നിർദ്ദേശങ്ങൾ അവഗണിച്ചതിനാലാണ് 16.82 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ യന്ത്രം കേവലം 10 മണിക്കൂർ മാത്രം പ്രവർത്തിപ്പിച്ച് നിഷ്ക്രിയമായി സൂക്ഷിക്കേണ്ട സാഹചര്യം സംജാതമായിട്ടുള്ളത്. ഇതിലൂടെ കടുത്ത അനാസ്ഥയും സ്ഥാപിതതാല്പര്യ സംരക്ഷണവുമാണ് വെളിവാക്കുന്നതെന്ന് വ്യക്തമാക്കുവാൻ സമിതി ആഗ്രഹിക്കുന്നു.

68. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി ഉൾപ്പെടെ നഷ്ടത്തിനുത്തരവാദിയാണെന്ന് തെളിവെടുപ്പ് വേളയിൽ നിരീക്ഷിച്ച സമിതി നഷ്ടതുക നിർണ്ണയിച്ച് ഉത്തരവാദികളിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർവ്വഹണോദ്യോഗസ്ഥയായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ യന്ത്രം വാങ്ങുന്നത് അഭികാമ്യമല്ല എന്ന് വിയോജനക്കുറിപ്പ് എഴുതിയ സാഹചര്യത്തിൽ ടിയാളെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കാനും നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാനുള്ള സമിതിയുടെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ നിർദ്ദേശം ലഭിക്കാത്തതിനാൽ തുടർനടപടി സ്വീകരിക്കാനായിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതായി സമിതിക്ക് ബോധ്യപ്പെടുന്നു. ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന ന്യൂനതകൾ എത്രയും വേഗം പരിഹരിച്ച് മറുപടി സമർപ്പിക്കേണ്ട ബാധ്യത ബന്ധപ്പെട്ട വകുപ്പുകൾക്കും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കുമുണ്ട്. സമാഹൃതറിപ്പോർട്ടിൽ പരാമർശ വിധേയമായിട്ടും തെളിവെടുപ്പുവേളയിൽ സമിതി നിർദ്ദേശം നല്കിയിട്ടും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകത പരിഹരിക്കാതെ സമിതിയുടെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ നിർദ്ദേശം ലഭിച്ചിട്ടില്ല എന്ന ബ്ലോക്ക് പഞ്ചായത്തിന്റെ

**നിലപാട് അപലപനീയമാണ്. സർക്കാർ ഖജനാവിലെ തുക ചട്ടപ്രകാരം മതിയായ നടപടിക്രമങ്ങൾ പാലിച്ച് യുക്തിസഹവും ഫലപ്രദവും ആയി വിനിയോഗിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ ഭരണസമിതിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. മേൽപരാമർശിച്ച നഷ്ടത്തിന്റെ ഉത്തരവാദിത്വം ഓഡിറ്റ് ഖണ്ഡികയിൽ നിന്ന തന്നെ ആർക്കാണെന്ന് വ്യക്തമായിരിക്കേ, തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പൊതുധനം കൈകാര്യം ചെയ്യുവാൻ ചുമതലയുള്ള ഓരോ അധികാരസ്ഥാനങ്ങളും യഥാവിധി അത് വിനിയോഗിക്കാത്തതിന്റെ ഫലമായുള്ള നഷ്ടം അതിനുത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണെന്ന് എടുത്തു പറയാൻ സമിതി ആഗ്രഹിക്കുന്നു. ആയതിനാൽ, നിർവ്വഹണോദ്യോഗസ്ഥയുടെയും വിഷയ മേഖലാ സമിതിയുടെയും വിയോജിപ്പ് അവഗണിച്ച് യന്ത്രം വാങ്ങി നഷ്ടം വരുത്തിയതിന് ഉത്തരവാദികളായവരിൽ നിന്ന് പരാമർശ വിധേയമായ നഷ്ടം ഈടാക്കി റിപ്പോർട്ട് ചെയ്യുവാനും യന്ത്രം വാങ്ങുന്നതിനോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ള നിർവ്വഹണോദ്യോഗസ്ഥയെ നഷ്ടത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

## തൃശ്ശൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**സീതാറാം ടെക്സ്റ്റൈയിൽസിന്റെ വൈദ്യുതി ചാർജ് കടിശ്ശിക-സർക്കാർ നിർദ്ദേശം നടപ്പാക്കിയില്ല-ഈടാക്കാനുള്ളത് 26,83,964 രൂപ**

ഓഡിറ്റ് റിപ്പോർട്ട് 2008-09

ഖണ്ഡിക 2 (2)

സീതാറാം ടെക്സ്റ്റൈയിൽസ്, പൂങ്കുന്നം എന്ന സ്ഥാപനം 1988 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 15,54,195 രൂപയും പിഴപലിശയിനത്തിൽ 22,59,538 രൂപയും അടക്കം ആകെ 38,13,733 രൂപ കടിശ്ശിക അടയ്ക്കാനുണ്ട് (ഫയൽ നമ്പർ ഇ 4-3284/08, കൺസ്യൂമർ നമ്പർ എച്ച്.ടി.I).

കടിശ്ശിക ഇളവ് അനുവദിക്കുന്നതിലേക്കായി സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് ജനറൽ മാനേജർ സർക്കാരിലേക്ക് കത്തെഴുതിയിരുന്നു. 29-8-2008-ലെ സർക്കാർ ഉത്തരവ് (സാധാരണ) 3229/2008/ത.സ്വ.ഭ.വ. പ്രകാരം കടിശ്ശികയുടെ പിഴപലിശയിനത്തിൽ 50% (11,29,769 രൂപ) ഇളവ് അനുവദിച്ചു. എന്നാൽ അവശേഷിക്കുന്ന കടിശ്ശിക തുകയായ 26,83,964 രൂപ സീതാറാം ടെക്സ്റ്റൈയിൽസ് മിൽസ് അടവാക്കുകയോ നിയമവിധേന ഈടാക്കാൻ കോർപ്പറേഷൻ നടപടി കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

കുടിശ്ശിക ഈടാക്കുവാൻ ഫലപ്രദമായ നടപടികൾ കോർപ്പറേഷൻ അധികൃതർ കൈക്കൊണ്ടിട്ടില്ല എന്നു മാത്രമല്ല, വിഷയത്തിൽ തികഞ്ഞ അലംഭാവവും കാട്ടിയിട്ടുണ്ടെന്ന് രേഖകൾ വ്യക്തമാക്കുന്നു. പിഴപലിശയിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കോപ്പി ലഭിച്ചത് അവ്യക്തമായിരിരുന്നതിനാൽ, മറ്റൊരു പകർപ്പ് അയച്ചുതരണമെന്ന് 12-3-2009-ലെ ഇ 4/3284/08 നമ്പർ കത്തിലൂടെയാണ് നഗരസഭാധികൃതർ സർക്കാരിലേക്ക് കത്തയച്ചത്. എന്നാൽ, ഏതാണ്ട് 2 വർഷത്തിന് ശേഷമാണ് (1-1-11) സർക്കാരിൽനിന്നും മേൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിരിക്കുന്നത്. സമയബന്ധിതമായി ഉത്തരവിന്റെ പകർപ്പ് ലഭിക്കാൻ കോർപ്പറേഷൻ അധികൃതർ ശ്രമിച്ചിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

നഗരസഭയുടെ 17-3-2011-ൽ നടന്ന കൗൺസിൽ യോഗത്തിൽ ഒരു അജണ്ടയായി മേൽവിഷയം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 30-4-2011-ലെ 62-ാം നമ്പർ തീരുമാനപ്രകാരം വിഷയം മാറ്റിവെയ്ക്കുകയാണുണ്ടായത്. നഗരസഭയ്ക്ക് ലഭിക്കാനുള്ള വലിയൊരു തുക ഈടാക്കുന്നത് സംബന്ധിച്ച് കൗൺസിൽ യോഗം തീരുമാനമൊന്നും കൈക്കൊള്ളാത്തത് വീഴ്ചയാണ്. 27-2-2013-ലെ ഇ.4(ബി)3284/08 നമ്പർ കത്തിലൂടെ, കുടിശ്ശിക തുക എത്രയും വേഗം അടവാക്കണമെന്ന് നഗരസഭ സീതാറാം ടെക്സ്റ്റൈയിൽസ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ യാതൊരുവിധ മറുപടിയും നാളിതുവരെ സീതാറാം ടെക്സ്റ്റൈയിൽസ് അധികൃതർ നൽകിയിട്ടില്ല. മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന വിവരം 18-1-2013-ലെ എൽ.എഫ്.ടി.ആർ. സി. 4-828/12 നമ്പർ കത്തിലൂടെ തൃശ്ശൂർ കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ നഗരസഭാധികൃതരെ അറിയിച്ചിരുന്നു. ആയതിന് 3-5-2013-ൽ മറുപടി ലഭ്യമാക്കി യിട്ടുണ്ടെങ്കിലും, കുടിശ്ശിക ഈടാക്കാൻ എന്തെങ്കിലും നടപടിയെടുത്തതായി പറയുന്നില്ല.

[സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ഖണ്ഡിക 4.5.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

69. ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, വൈദ്യുതി ചാർജ്ജിന്റെ പലിശയിൽ 50% സർക്കാർ ഒഴിവാക്കിയിരുന്നതായും പലിശയിനത്തിൽ 11,29,769 രൂപയും കുടിശ്ശികയായ 15,54,195 രൂപയും ചേർത്ത് ആകെ 26,83,964 രൂപ ലഭിക്കാനുണ്ടെന്നും ആയത് സംബന്ധിച്ച് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും ചെയ്തു. വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണയിലാണെന്നും കോർപ്പറേഷൻ സെക്രട്ടറി തുടർന്നറിയിച്ചു.

70. സീതാറാം ടെക്സ്റ്റൈൽസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, വൈദ്യുതി ബോർഡിൽനിന്നും വൈദ്യുതി എടുത്താണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. സീതാറാം

ടെക്സ്റ്റൈൽസിന്റെ പിഴപ്പലിശ ഒഴിവാക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നഗരസഭയ്ക്ക് ആയത് സംബന്ധിച്ച് അപേക്ഷ ഒന്നും നൽകിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, പലിശ ഒഴിവാക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യതിന്റെ സാംഗത്യം എന്തെന്ന് ആരാഞ്ഞു. മേയർ വിളിച്ച ചേർത്ത യോഗത്തിൽ സീതാറാം ടെക്സ്റ്റൈൽസ് പ്രതിനിധികൾ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നതായി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിനയച്ചെങ്കിലും നിരസിക്കുകയാണുണ്ടായതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

71. പിഴപ്പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം പുനഃപരിശോധിക്കണമെന്നും ആയത് സാധിക്കുന്നില്ലെങ്കിൽ തവണകളായി അടയ്ക്കാൻ കഴിയുമോ എന്ന് പരിശോധിക്കാനും സർക്കാരിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടില്ല

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**72. സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനം 1988 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 15,54,195 രൂപയും പിഴപ്പലിശയിനത്തിൽ 22,59,538 രൂപയും ചേർത്ത് 38,13,733 രൂപ അടയ്ക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പലിശയുടെ 50% സർക്കാർ ഒഴിവാക്കിയിട്ടുണ്ടെന്നും പിഴപ്പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും സമിതി മനസ്സിലാക്കുന്നു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു പീഢിത വ്യവസായമെന്ന നിലയിൽ സീതാറാം മിൽസിനെ മുഴുവൻ പിഴപ്പലിശയിൽനിന്നും ഒഴിവാക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടെന്നും സമിതിക്ക് ബോധ്യമാകുന്നു.**

**73. പിഴപ്പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പുനഃപരിശോധിക്കണമെന്നും പിഴപ്പലിശ ഒഴിവാക്കാൻ കഴിയാത്തപക്ഷം അത് തവണകളായി അടയ്ക്കുവാനുള്ള അവസരം നൽകണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

വാഴക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചാലിയാർ വിനോദസഞ്ചാര പദ്ധതി ലക്ഷ്യം കൈവരിച്ചില്ല; 7.03 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്**

ഓഡിറ്റ് റിപ്പോർട്ട് 2007-08 മുതൽ 2009-10 വരെ

ഖണ്ഡിക 3(2)

വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ചാലിയാറിന്റെ തീരത്തുള്ള കള്ളിക്കാട് കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് സെന്റർ പദ്ധതി വിഭാവനം ചെയ്തു. ഇതിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 5,80,000 രൂപ മുടക്കി സമുദ്രഷിപ്യാർഡ് അത്രർ എന്ന സ്ഥാപനത്തിൽ നിന്നും ഫൈബർ ഗ്ലാസ്സ് പാസഞ്ചർ ബോട്ടും വാങ്ങുകയുണ്ടായി (പ്രോജക്ട് നമ്പർ എസ്. 061/08, വൗച്ചർ നമ്പർ 19/4-10-2008). ബോട്ട് വാങ്ങുന്നതിനു പുറമേ, മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 1,23,850 രൂപ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന എളമരം എൽ. പി. സ്കൂൾ ഹെഡ്മാസ്റ്റർ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| വർഷം | ചെക്ക് നമ്പർ | തുക (രൂപ) | ചെലവഴിച്ചതിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 2007-08 | 0977083/31-7-2007 | 18,250 | ബ്രോഷർ, പ്രിന്റിംഗ് ചാർജ് |
| 2007-08 | 1069167/15-1-2008 | 5,600 | ചീഫ് എക്സി.ഓഫീസർ, തിരുവനന്തപുരം SNGNGO ഡോ. പി. രാജന് സന്ദർശന ഫീസ് നൽകിയത് |
| 2008-09 | 0850068/21-10-2008 | 1,00,000 | ഡോക്യുമെന്ററി നിർമ്മാണം |
| | | ആകെ | 1,23,850 |

**മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്;**

1. പഞ്ചായത്ത് രാജ് നിയമം 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം ടൂറിസം വികസനം ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപ്പെടുന്നതല്ല. കൂടാതെ, മേൽ പദ്ധതി നടപ്പാക്കാനുദ്ദേശിച്ച ചാലിയാറിന്റെ തീരം വാഴക്കാടിന് പുറമേ കീഴുപറമ്പ്, ചീക്കോട് എന്നീ പഞ്ചായത്തുകളുടെ അതിർത്തികൾ കൂടി ഉൾപ്പെടുന്നതാണ്. ആയതിനാൽ പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് സർക്കാരിന്റെ മുൻകൂർ അനുമതി തേടണമായിരുന്നു. എന്നാൽ അനുമതിയില്ലാതെയാണ് ബോട്ട് വങ്ങിയത്.

2. പദ്ധതിയെക്കുറിച്ച് സാധ്യതാപഠനം നടത്തിയില്ല.

3. നെഗോസിയേഷനുശേഷം സമുദ്രഷിപ്പ്യാർഡിന്റെ ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചത് 29-1-2008-ലെ 2(15)-ാം നമ്പർ തീരുമാനപ്രകാരമാണ്. എന്നാൽ മേൽസ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ഇതിനുമുമ്പ് 24-1-2008-നാണ്. (പഞ്ചായത്തിന്റെ 24-1-2008-ലെ എ 2/734/07 നമ്പർ കത്ത്). ടെണ്ടർ അംഗീകരിക്കുന്നതിന് മുമ്പ് സപ്ലൈ ഓർഡർ നൽകിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

4. 22-9-2010-നശേഷം ബോട്ടിന് ഇൻഷ്വറൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയില്ല. പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും മുമ്പ് ബോട്ട് വാങ്ങിയതിനാലും, യഥാസമയം ഇൻഷ്വറൻസ്, ഫിറ്റ്നസ് എന്നിവ ലഭ്യമാക്കാത്തതിനാലും ബോട്ട് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

24-4-2009-ലെ 4-ാം നമ്പർ തീരുമാനപ്രകാരം ബോട്ടുപയോഗിച്ച് വാട്ടർ സ്പോർട്സ് സെന്റർ ആരംഭിക്കുവാൻ പഞ്ചായത്തിന് അനുമതി നൽകുവാൻ സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ മേൽ അപേക്ഷ സർക്കാർ നിരസിക്കുകയാണുണ്ടായത് (11-10-2010-ലെ 30440/ഡിഎ 2/09/എൽ.എസ്.ജി.ഡി. നമ്പർ കത്ത്).

ബോട്ടിന്റെ അവസ്ഥ നേരിട്ട് മനസ്സിലാക്കാനായി ഓഡിറ്റ് ടീം 2-7-2012-ന് സ്ഥലം സന്ദർശിച്ചു. പഞ്ചായത്തിലെ മണന്തലക്കടവിൽ ബോട്ട് നങ്കൂരമിട്ട് കിടക്കുകയായിരുന്നു. ബോട്ടിന്റെ അടിഭാഗം ദ്രവിച്ചതിനാലും, മേൽഭാഗത്തെ ഷീറ്റ് കീറിയതിനാലും വെള്ളം കയറിയിട്ടുണ്ട്. എൻജിനും, അനുബന്ധസാമഗ്രികളും പഞ്ചായത്തോഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപയോഗിക്കാനാവാത്ത വിധം ബോട്ട് നാശോന്മുഖമാണ്. പദ്ധതി ലക്ഷ്യം കാണാത്തതിനാൽ ചെലവഴിക്കപ്പെട്ട 7,03,850 (580000 + 123850) പാഴ്ചെലവായിരിക്കുന്നു. മേൽപദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായ പാഴ്ചെലവിനെക്കുറിച്ചുള്ള വിവരങ്ങൾ 21-7-2012-ലെ എൽ.എഫ്.എം.7/1644/12 നമ്പർ കത്തിലൂടെ മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ലേക്ക് പരിഗണിക്കുന്ന വിവരം 16-11-2012-ലെ എൽ.എഫ്.എം.19/2510/12 നമ്പർ കത്തിലൂടെ മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 8-1-2013-ൽ 2084/12-ാം നമ്പർ കത്തിലൂടെ നൽകിയ മറുപടി തൃപ്തികരമല്ല.

[സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ഖണ്ഡിക 4.6.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

74. ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് വെള്ളപ്പൊക്കം, മണൽക്കൊള്ള എന്നിവ തടയുന്നതിന്, സംവിധാനമുണ്ടാക്കണമെന്ന ജില്ലാ/ഗ്രാമപഞ്ചായത്തുകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഫൈബർ ബോട്ട് വാങ്ങിയതെന്ന് വാഴക്കാട് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. 2010-11 വർഷത്തിൽ ബോട്ടിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന്, എഞ്ചിൻ ഡ്രൈവർ തസ്തികയിലോ ലാസ്കർ തസ്തികയിലോ സ്ഥിരം ആളുവേണമെന്ന നിബന്ധന ഉള്ളതിനാൽ 2010-ന് ശേഷം ബോട്ടിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ആളെ നിയമിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്തൊന്നും ഇത്രയും തുക നഷ്ടപ്പെട്ടതിന്റെ ഉത്തരവാദിത്വം ആർക്കാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, ബോട്ടുപയോഗിക്കുന്നവർ കുറവാണെന്നും സ്ഥിരമായി ഒരാളെ കിട്ടാൻ ബുദ്ധിമുട്ടാണെന്നും ബോട്ട് ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

75. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബോട്ട് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചും യാതൊരു സാധ്യതാപഠനവും നടത്താതെ ഫൈബർ ബോട്ട് വാങ്ങിയവരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി ലഭ്യമാക്കിയിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**76. ചാലിയാറിന്റെ തീരത്തുള്ള കള്ളിക്കാട് കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് സെന്റർ പദ്ധതിക്കായി ഫൈബർ ഗ്ലാസ്സ് പാസഞ്ചർ ബോട്ട് വാങ്ങിയെങ്കിലും പദ്ധതി വിജയം കണ്ടില്ല. ടൂറിസം വികസനം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതല്ലാത്തതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുകയോ ആയത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് മുമ്പ് ബോട്ടുവാങ്ങിയതിനാലും യഥാസമയം ഇൻഷ്വറൻസ്, ഫിറ്റ്നസ് എന്നിവ ലഭ്യമാക്കാത്തതിനാലും ബോട്ട് ഉദ്ദേശിച്ച രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബോട്ട് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചും സാധ്യതാ പഠനം നടത്താതെ ഫൈബർ ബോട്ട് വാങ്ങിയവരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ബോട്ട് പ്രവർത്തിപ്പിക്കുന്നതിനും യാതൊരു സാധ്യതാ പഠനവും നടത്താതെ ബോട്ട് വാങ്ങിയവരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## പുളിക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഖരമാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങാൻ ചെലവ് 7.74 ലക്ഷം രൂപ: ചുറ്റുമതിൽ കെട്ടിയതിന് 14.18 ലക്ഷം രൂപ**

ഓഡിറ്റ് റിപ്പോർട്ട് 2009 -10

ഖണ്ഡിക 3 (9)

പുളിക്കൽ ഗ്രാമപഞ്ചായത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനായി 2007-08 സാമ്പത്തിക വർഷം 7,74,345 രൂപ ചെലവഴിച്ച് 93.86 സെന്റ് സ്ഥലം വാങ്ങി (1699/2008 എസ്.ആർ.ഒ. കൊണ്ടോട്ടി ആധാരപ്രകാരം സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്).

പ്രസ്തുത സ്ഥലത്തിന് ചുറ്റമതിൽ കെട്ടുവാനുള്ള 2008-09-ലെ 7/08-09-ാം നമ്പർ പ്രോജക്ടിന് 6,40,000 രൂപ വകയിരുത്തുകയും ബി.എൽ.ടി.എ.ജി.യിൽ നിന്നും 384/08-09 നമ്പറായി (തീയതി 15-11-2008) സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. എസ്റ്റിമേറ്റിൽ ചെങ്കല്ലുകൊണ്ടുള്ള പടവാണ് ഉദ്ദേശിച്ചിരുന്നത്.

പ്രദേശത്തെ ചെങ്കല്ലിന്റെ ലഭ്യതക്കുറവ് മൂലം തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും പ്രവൃത്തി ഏറ്റെടുക്കുന്നതിന് ആരും ഇല്ലാതിരുന്നതിനാൽ, ചെങ്കല്ലിനു പകരം കരിങ്കല്ല് കെട്ടി ബെൽറ്റ് ഇടുന്ന രീതിയിൽ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്താനും, അംഗീകാരത്തിനായി ബി.എൽ.ടി.എ.ജി.-ക്ക് സമർപ്പിക്കാനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27-1-2009-ലെ യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു [തീരുമാനം2(1)]. ഇതേത്തുടർന്ന്, ഗ്രാമപഞ്ചായത്ത് 2008-09 മുതൽ 2011-12 വരെ ചുറ്റമതിൽ കെട്ടുന്നതിനായി ആകെ 14,18,701 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ ;

| വർഷം | പ്രോജക്ട് നമ്പർ | ചെലവഴിച്ചതുക (രൂപ) |
|---|---|---|
| 2008-09 | 07/08-9 | 2,26,344 |
| 2009-10 | 26/09-10 | 3,99,826 |
| 2009-10 | 201/09-10 | 3,92,531 |
| 2010-11 | 271/10-11 | 1,45,811 |
| 2011-12 | 27/11-12 | 2,54,189 |
| | **ആകെ** | **14,18,701** |

ഖരമാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി ഭൂമി വാങ്ങിയതിന്റെ ഇരട്ടിയോളം തുകയാണ് ചുറ്റമതിൽ കെട്ടുവാനായി ചെലവഴിച്ചത്. സ്ഥലം വാങ്ങുവാനും മതിൽ കെട്ടുവാനുമായി ആകെ 21.93 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും, പ്ലാന്റ് സ്ഥാപിക്കുവാനുള്ള യാതൊരു പ്രവർത്തനങ്ങളും തുടങ്ങിയിട്ടില്ല.

മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന കാര്യം 16-11-2012-ലെ എൽ.എഫ്.എം.19/2510/12 നമ്പർ കത്തിലൂടെ, ലോക്കൽ ഫണ്ട് ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തധികൃതരെ അറിയിച്ചിരുന്നു. 30-11-2012-ലെ എ 1/9354/12 നമ്പർ കത്തിലൂടെ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ

മറുപടിയിൽ, മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ വാങ്ങിയ സ്ഥലം ഭൂനിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്നതും ചരിഞ്ഞതുമാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലം മാലിന്യസംസ്കരണ പ്ലാന്റിന് അനുയോജ്യമാക്കി മാറ്റാൻ ഇനിയും പണം ചെലവഴിക്കേണ്ടി വരുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലം അതിന് അനുയോജ്യമല്ലെന്ന് അധികൃതർ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽ ഇനത്തിൽ ഉണ്ടായിട്ടുള്ള ചെലവ് പാഴ്ചെലവായി മാറിയിരിക്കുകയാണ്.

[സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.6.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, 2007-08 സാമ്പത്തിക വർഷത്തിൽ 7,74,345 രൂപ മുടക്കി ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 93.86 സെന്റ് സ്ഥലം പള്ളിക്കൽ വില്ലേജിൽ വാങ്ങി. തുടർന്നുള്ള മൂന്നു വർഷങ്ങളിൽ സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിന്, 14 ലക്ഷം രൂപ ചെലവഴിച്ച് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു. കുന്നുംപ്രദേശമായതിനാൽ തട്ടുകളായി തിരിച്ചാണ് ചുറ്റുമതിൽ കെട്ടിയത്. അതിന്റെ താഴത്തെ ഭാഗം പ്ലാന്റ് നിർമ്മാണത്തിനായി മാറ്റിവയ്ക്കുകയും അവിടേക്ക് ഇറങ്ങുന്നതിനായി റോഡ് നിർമ്മിക്കുകയും ചെയ്തു. തുടർന്ന് വന്ന ഓഡിറ്റ് തടസ്സത്തിന്മേലുള്ള തീരുമാനം അറിയുന്നതിനായി പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

ഏഴ് ലക്ഷം രൂപ ചെലവഴിച്ച് സ്ഥലം വാങ്ങുകയും തുർന്നുള്ള ഏഴ് വർഷക്കാലം ചുറ്റുമതിൽ കെട്ടുകയും ചെയ്തതല്ലാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ഒന്നും സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. പദ്ധതി നടപ്പിലാക്കുന്നതിന് ജനങ്ങൾക്ക് എതിർപ്പുള്ള പ്രദേശമാണെന്നും തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

78. പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പദ്ധതി നടത്തിപ്പിൽ ബന്ധപ്പെട്ട വകുപ്പ് മോണിറ്ററിംഗ് നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**79. പുളിക്കൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ 2007-08-ൽ 7,74,345 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പൂർത്തിയാക്കിയിട്ടില്ല. ജനങ്ങളുടെ എതിർപ്പും അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതകുറവും, സ്ഥലവിലയിൽ വന്ന അന്തരവും കാരണമാണ് പദ്ധതി നീണ്ടു പോയതെന്ന് സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്ലാന്റ് സ്ഥാപിക്കുവാൻ വാങ്ങിയ സ്ഥലം തറനിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്നതും ചരിഞ്ഞതുമാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിന് അനുയോജ്യമാക്കി മാറ്റാൻ ഇനിയും തുക ചെലവഴിക്കേണ്ടി വരുമെന്നും സമിതി നിരീക്ഷിക്കുന്നു. സ്ഥലം വാങ്ങിയ ശേഷം പ്ലാന്റ് നിർമ്മിക്കുന്നതിന് തുടർപദ്ധതികളോ രൂപരേഖയോ തയ്യാറാക്കാതെ റോഡ് നിർമ്മിക്കുകയും സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കണമെന്നും പദ്ധതി നടത്തിപ്പിന് ബന്ധപ്പെട്ട വകുപ്പ് മോണിറ്റർ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

### തിരൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം ലക്ഷ്യം കൈവരിച്ചിട്ടില്ല; 18.97 ലക്ഷം രൂപ പാഴായി**

ഓഡിറ്റ് റിപ്പോർട്ട് 2010-11

ഖണ്ഡിക 3 (20)

ആസൂത്രണത്തിലെ പിഴവ്മൂലം 18,97,353 രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല. തിരൂർ നഗരസഭയുടെ അധീനതയിലുള്ള കുത്തുപറമ്പ് ശ്മശാനത്തിൽ 19, 20, 21, 22, 31 എന്നീ വാർഡുകളിലെ പട്ടികജാതിയിൽപ്പെട്ട 250 കുടുംബങ്ങൾക്ക് വേണ്ടി പ്രത്യേക ഘടകപദ്ധതിയിൽ (S.C.P.) ഉൾപ്പെടുത്തി ഷെഡ്ഡും ഗ്യാസ് ക്രിമറ്റോറിയവും നിർമ്മിക്കുന്നതിന് 23-8-2007-ലെ കൗൺസിൽ തീരുമാനപ്രകാരം 18,80,000 രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തി നടന്നുകൊണ്ടിരിക്കെ അധികമായി ചില പ്രവൃത്തിയിനങ്ങൾകൂടി ഉൾപ്പെടുത്തി അടങ്കൽ 22,74,814 രൂപയായി വർദ്ധിപ്പിച്ചെങ്കിലും സാങ്കേതികാനുമതി ലഭ്യമാക്കിയില്ല. പ്രവൃത്തിയ്ക്കായി താഴെ വിവരിക്കും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ചെലവ് വിവരം | തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 1 | ഷെഡ്ഡ് നിർമ്മാണ ചെലവ് | 896799 | ബിൽ നമ്പർ 139/30-3-2009 |
| 2 | വൈദ്യുതികണക്ഷൻ ലഭിക്കാൻ ചെലവഴിച്ച തുക | 48808 | വൗച്ചർ നമ്പർ 140/31-3-2009 |
| | ടി | 4600 | വൗച്ചർ നമ്പർ 29/2-11-2009 |
| | ടി | 2500 | വൗച്ചർ നമ്പർ 30/2-11-2009 |
| 3 | ഗ്യാസ് വാങ്ങിയത് | 40720 | ബിൽ നമ്പർ 2/11-6-2010 |
| 4 | ക്രിമറ്റോറിയനിർമ്മാണ ചെലവ് | 299250 | ചെക്ക് നമ്പർ 344335/17-4-2008 |
| | ടി | 289522 | ചെക്ക് നമ്പർ 643015/7-4-2009 |
| | ടി | 306819 | ചെക്ക് നമ്പർ 850932/31-7-2009 |
| 5 | ഉദ്ഘാടനച്ചെലവ് | 6750 | ചെക്ക് നമ്പർ 398591/2-9-2010 |
| 6 | വാട്ടർകണക്ഷന് അടച്ചത് | 1585 | ചെക്ക് നമ്പർ 396991/19-5-2010 |
| | **ആകെ** | **1897353** | |

ക്രിമറ്റോറിയം പ്രവൃത്തി പൂർത്തീകരിച്ച് 28-7-2010-ൽ ഉദ്ഘാടനം നടത്തിയെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ക്രിമറ്റോറിയത്തിന് നഗരസഭ ഓപ്പറേറ്റർമാരെയോ, വാച്ച്മാനെയോ നിയമിച്ചിട്ടില്ല. നാളിതുവരെ ഒരൊറ്റ മൃതദേഹം പോലും ഗ്യാസ് ക്രിമറ്റോറിയത്തിൽ സംസ്കരിച്ചിട്ടില്ല. അതേസമയം ക്രിമറ്റോറിയത്തിന് ചുറ്റുമുള്ള ഭൂമിയിൽ മൃതദേഹങ്ങൾ മറവു ചെയ്യുതായി സ്ഥലപരിശോധനയിൽ കണ്ടു.

ശരിയായ ആസൂത്രണവും പഠനവും നടത്താതെ പദ്ധതി നടപ്പിലാക്കിയത് മൂലം ഉദ്ദേശലക്ഷ്യം കൈവരിക്കാതെ 18,97,353 രൂപയുടെ പാഴ്ചെലവുണ്ടായി. തെറ്റായ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവർ പാഴ്ചെലവിന് ഉത്തരവാദികളാണ്.

[സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.6.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80. കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ച് സമിതി നഗരസഭാ അധികൃതരോട് വിശദീകരണം ആരാഞ്ഞു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കുത്തുപറമ്പ് ഹരിജൻ ശ്മശാനത്തിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയായിരുന്നു ഇതെന്നും ആയതിനായി പ്രാദേശിക തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചെങ്കിലും ചില പട്ടികവിഭാഗങ്ങൾ ക്രിമറ്റോറിയം ഉപയോഗിക്കാൻ വിമുഖതകാണിച്ചെന്നും അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തി ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും തിരൂർ നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. മറ്റു വിഭാഗത്തിലുള്ള ആളുകൾക്ക് കൂടി മൃതദേഹം മറവ് ചെയ്യാനുള്ള സൗകര്യം കൊടുത്തുകൂടെ എന്ന സമിതിയുടെ ചോദ്യത്തിന്, പട്ടിക ജാതിക്കാർ അവരുടെ ആചാരപ്രകാരം മൃതദേഹം മറവ് ചെയ്തിരുന്ന സ്ഥലമാണിതെന്ന് മുൻസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

81. ക്രിമറ്റോറിയത്തിലേക്ക് 300 മീ. നീളത്തിൽ നാല് അടി വീതിയിലുള്ള റോഡാണുള്ളതെന്നും വാഹന ഗതാഗതം ലഭ്യമല്ലെന്നും മൃതദേഹം ദഹിപ്പിക്കുന്നതിന് തങ്ങൾ എതിരല്ലെന്നും സ്ഥലവാസികൾ അറിയിച്ചിട്ടുള്ളതായി സമിതി നിരീക്ഷിച്ചു. കാൽനടയായി മാത്രമേ ക്രിമറ്റോറിയത്തിൽ എത്താൻ കഴിയൂ എന്നും ആയത് പ്രവർത്തിപ്പിക്കുന്നതിന് ആളുകൾക്ക് ഇപ്പോൾ താല്പര്യമുണ്ടെന്നും പ്രദേശവാസികളെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

82. ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി 'തിരൂർ നഗരസഭ കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം പരിപാലന കമ്മിറ്റി' എന്ന പേരിൽ 15 അംഗ കമ്മിറ്റി രൂപീകരിക്കുകയും ബൈലോ തയ്യാറാക്കുകയും ചെയ്ത് നഗരസഭാ കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഗ്യാസ് ക്രിമറ്റോറിയം കോമ്പൗണ്ടിലെ കാട് കറെ വെട്ടിമാറ്റിയതൊഴിച്ചാൽ ക്രിമറ്റോറിയം പ്രവർത്തന സജ്ജമാക്കുവാൻ തക്ക നടപടികളുണ്ടായില്ല. ഗ്യാസ് സിലിണ്ടറുകൾ തിരികെ എത്തിച്ചിട്ടുമില്ല.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**83. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 250 കുടുംബങ്ങൾക്ക് വേണ്ടി 18,97,353 രൂപ ചെലവഴിച്ച് നിർമ്മിച്ച ഷെഡ്ഡും ഗ്യാസ് ക്രിമറ്റോറിയവും ആസൂത്രണത്തിലെ പിഴവ് മൂലം ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ലെന്ന് സമിതി**

**നിരീക്ഷിക്കുന്നു. ക്രിമറ്റോറിയം നടത്തിപ്പിനായി പ്രാദേശിക തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചെങ്കിലും പട്ടികജാതിയിലെ ഒരു വിഭാഗത്തിന്റെ എതിർപ്പുമൂലം ആരും ക്രിമറ്റോറിയം ഉപയോഗിക്കാൻ തയ്യാറായില്ലെന്ന് സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്രാദേശിക ആവശ്യം മുൻനിർത്തി ഗുണഭോക്താക്കളുടെ യോഗം വിളിച്ച് ചേർത്ത ശേഷം പദ്ധതി തയ്യാറാക്കേണ്ടതായിരുന്നെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നിന്നും ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി 'തിരൂർ നഗരസഭ കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം പരിപാലന കമ്മിറ്റി' എന്ന പേരിൽ 15 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ബൈലാ തയ്യാറാക്കി നഗരസഭ കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ടെങ്കിലും ക്രിമറ്റോറിയം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെടുന്നു. പദ്ധതി എത്രയുംവേഗം പ്രാവർത്തികമാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഏറാമല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ആസൂത്രണത്തിലെ പിഴവ്-കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു- ചെലവഴിച്ച 21.72 ലക്ഷം രൂപ നിഷ്ഫലമായി**

ഓഡിറ്റ് റിപ്പോർട്ട് 2009-10

ഖണ്ഡിക 3 (9)

ഏറാമല ഗ്രാമപഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുവാൻ 2007-08-ൽ 70 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി (പ്രോജക്ട് നമ്പർ-166/08)- 1,123 ച.മീ. വിസ്തൃതിയുള്ള കെട്ടിടം രണ്ടു നിലകളായാണ് വിഭാവനം ചെയ്തിരുന്നത്. അടങ്കൽത്തുകയായ 70 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും, 66 ലക്ഷം രൂപ ബാങ്ക് വായ്പയായും കണ്ടെത്താനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. കമ്മ്യൂണിറ്റിഹാളിന്റെ ഒന്നാംനില വരെയുള്ള പ്രവൃത്തികൾ ആദ്യ വർഷവും, മേൽക്കൂര, ഫിനിഷിങ് എന്നിവ രണ്ടാം വർഷവും പൂർത്തീകരിക്കും എന്ന വ്യവസ്ഥയോടെ 12-11-2007-ന് പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചു. അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൾ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ട് 14-2-2008-ന് 32/07-08 നമ്പറായി കരാർ ഒപ്പുവച്ചു.

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ, അളവ് പുസ്തകം (നമ്പർ-16/09-10) എന്നിവ പ്രകാരം, നാളിതുവരെ പദ്ധതിക്കായി 21,72,191 രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ

നമ്പറുകൾ 56/30-10-2008, 201/31-3-2010) ഇതിൽ 18,70,882 രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയതാണ്. ഓഡിറ്റ് ടീം. 28-9-2011-ന് സ്ഥലപരിശോധന നടത്തിയപ്പോൾ, കോൺക്രീറ്റ് സബ്ബേസ്, ബെൽറ്റ്, 92 കോളങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളൊന്നും നടന്നിട്ടില്ല.

**പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സംഭവിച്ചിരിക്കുന്ന പ്രധാന അപാകതകൾ ഇനിപ്പറയുന്നു**

1. പ്രോജക്റ്റിൽ ബാങ്ക് വായ്പയിനത്തിൽ വകയിരുത്തിയ 66 ലക്ഷം രൂപ ലഭ്യമായില്ല. ബാങ്ക് വായ്പ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. ബാങ്ക് വായ്പ ലഭ്യമാക്കാനുള്ള ശ്രമങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2. വൻതുകയുള്ള ഈ പ്രോജക്റ്റ് നടപ്പാക്കുന്നതിനു മുമ്പ് സാധ്യതാ പഠനങ്ങളൊന്നും നടത്തുകയുണ്ടായില്ല. ബാങ്ക് വായ്പയായി വകയിരുത്തിയ 66 ലക്ഷം രൂപയ്ക്ക് ശരാശരി 12 ശതമാനം പലിശ നിരക്കിൽ 10 വർഷത്തേക്ക് ഏകദേശം തൊണ്ണൂറായിരം രൂപ പ്രതിമാസം തിരിച്ചടവ് വരും. ഇത്രയും തുക കമ്മ്യൂണിറ്റി ഹാളിൽ നിന്നും പ്രതിമാസം വാടക ഈടാക്കുവാൻ സാധിക്കുമോ എന്നത് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല .

3. 2007-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രോജക്റ്റിന്റെ 20 ശതമാനം പ്രവൃത്തികൾ പോലും പൂർത്തീകരിച്ചിട്ടില്ല. 2007-നു ശേഷം മൂന്നു തവണ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കിയതിനാൽ കരാർ പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധ്യമല്ല.

4. സർക്കാരിന്റെ 2-4-2011-ലെ 17671/ഡി.ബി2/11/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം, കമ്മ്യൂണിറ്റി ഹാളിന്റെ നിലവിലുള്ള കരാർ ഉടമ്പടി നിയമാനുസൃതം റദ്ദ് ചെയ്ത് ബാക്കി പണികൾ 2010-ലെ നിരക്കിൽ പുതുക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി പൂർത്തീകരിക്കുന്നതാണ് ഉചിതമെന്ന് നിർദ്ദേശിച്ചിട്ടും, ആയത് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .

ദീർഘവീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കി പ്രവൃത്തി ആരംഭിച്ചതിലൂടെ, പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. യഥാസമയം ബാങ്ക് വായ്പ ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ വർഷങ്ങൾക്കുശേഷം ഉയർന്ന നിരക്കിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ അധിക ബാധ്യത ഗ്രാമപഞ്ചായത്തിനുണ്ടാകും.

മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന വിവരം 14-1-2013-ലെ എൽ.എഫ്.കെ., കെ.ഡി.എഫ് 2/79/2013 നമ്പർ കത്തിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് കോഴിക്കോട് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. ആയതിന്, 1-2-2013-ലെ എ 1-353/13 നമ്പർ കത്തിലൂടെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടം പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുമെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും അതിനുള്ള കർമ്മ പരിപാടികളെപ്പറ്റിയൊന്നും പറയുന്നില്ല. ബാങ്ക് വായ്പ ലഭ്യമാക്കാൻ ശ്രമങ്ങൾ നടത്തുന്നതിനെപ്പറ്റി മറുപടിയിൽ പരാമർശിക്കുന്നില്ല. എസ്റ്റിമേറ്റ് പുതുക്കി പ്രോജക്ടിന് അംഗീകാരം ലഭ്യമായാൽ വായ്പ എടുക്കാതെ മറ്റ് സ്രോതസുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് (എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്) പ്രവൃത്തി പൂർത്തിയാക്കാനാണ് പഞ്ചായത്തിന്റെ ഉദ്ദേശ്യം എന്നാണ് മേൽക്കത്തിലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. എന്നാൽ ഈ ഫണ്ടുകൾ എപ്പോൾ ലഭ്യമാകും എന്നതിനെപ്പറ്റി യാതൊരു ഉറപ്പും ഇല്ലാത്തതിനാൽ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നീണ്ടു പോകാനാണ് സാധ്യത. ആയതിനാൽ ഇതുവരെയായി ചെലവഴിച്ചിട്ടുള്ള 21,72,191 രൂപ നിഷ്ഫലമായി മാറിയിരിക്കുകയാണ്.

[സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.7.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

84. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 2007-2008 വർഷത്തിൽ 70 ലക്ഷം രൂപ അടങ്കലിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി 2 വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ആയതിലേക്ക് 21,72,191 രൂപ ചെലവഴിച്ചെങ്കിലും ബാങ്ക് വായ്പ തരപ്പെടാതിരുന്നതിനാൽ 3 വർഷത്തോളം പ്രവൃത്തി നടന്നില്ലെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ 31-3-13-ലെ 3/13-ാം നമ്പർ തീരുമാന പ്രകാരം 1,06,60,000 രൂപയ്ക്ക് കെട്ടിട നിർമ്മാണവും മറ്റ് അനുബന്ധ ജോലികളും പൂർത്തീകരിക്കാൻ തീരുമാനിച്ചതായും പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

85. വായ്പകൾ ഉൾപ്പെടെയുള്ള ധനസ്രോതസ്സുകൾ ഉറപ്പുവരുത്താതെ പദ്ധതി നിർവ്വഹണം നടത്തിയതെന്തെന്നുള്ള സമിതിയുടെ ചോദ്യത്തിന്, വായ്പ എടുക്കണമെന്ന് അന്നത്തെ ഭരണസമിതി തീരുമാനിച്ചിരുന്നുവെന്നും പിന്നീട് വായ്പ തിരിച്ചടയ്ക്കാൻ മാർഗ്ഗം ഇല്ലാത്തതിനാൽ വായ്പ വേണ്ടെന്ന് വയ്ക്കുകയും പിന്നീട് വന്ന ഭരണ സമിതി വായ്പയില്ലാതെ

തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചുവെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇപ്പോൾ 90 ശതമാനം പണിയും പൂർത്തിയായിട്ടുണ്ടെന്നും 31-3-15-ന് മുമ്പ് പൂർത്തീകരിക്കുമെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പു നൽകി. എത്രയും വേഗം പണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു

സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

## നിഗമനങ്ങൾ/ശിപാർശകൾ

**86. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ 2007-08 ൽ 70 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയെങ്കിലും വ്യക്തമായ ആസൂത്രണത്തിന്റെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കണ്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വൻതുകയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സാധ്യതാ പഠനം ഒന്നും നടത്തിയിരുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ബാങ്ക് വായ്പയിനത്തിൽ വകയിരുത്തിയിരുന്ന 66 ലക്ഷം രൂപ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടതായി സമിതി കരുതുന്നു. എന്നാൽ ബാങ്ക് വായ്പ എടുത്താൽ തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാത്തതിനാൽ വായ്പ വേണ്ടെന്ന് വയ്ക്കുകയും പിന്നീട് വന്ന ഭരണ സമിതി തനത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ തീരുമാനിച്ചതായും സർക്കാർ മറുപടിയിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. കമ്മ്യൂണിറ്റി ഹാളിന്റെ 90 ശതമാനം പണിയും പൂർത്തിയായെന്നും 31-3-2015-ാം തീയതിക്കുമുമ്പ് നിർമ്മാണം പൂർത്തീകരിക്കുമെന്നും യോഗവേളയിൽ ലഭിച്ച ഉറപ്പിന്മേൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല. അതിനാൽ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

### മേപ്പാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വാങ്ങിയ 31.32 ലക്ഷത്തിന്റെ സിമന്റ് പൈപ്പുകൾ ഉപയോഗിക്കുന്നില്ല-ലക്ഷങ്ങൾ പാഴാവുന്നു.**

ഓഡിറ്റ് റിപ്പോർട്ട് 2010-11

ഖണ്ഡിക 3-11

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2009-10 സാമ്പത്തിക വർഷത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ കൽപ്പറ്റയിലെ കൊല്ലായിക്കൽ

അസ്സോസിയേറ്റ്സ് വാഴവറ്റ എന്ന സ്ഥാപനം 3132,626 രൂപയുടെ (സ്ഥാപനം നൽകിയ ബിൽ പ്രകാരം) സിമന്റ് പൈപ്പുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ വാങ്ങൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായും ബില്ല് പ്രകാരമുള്ള പൈപ്പുകൾ മുഴുവാനായി ലഭ്യമാക്കിയിട്ടുള്ളതായും കാണുന്നില്ല. കൂടാതെ ലഭിച്ച പൈപ്പുകൾ ഉപയോഗിക്കാതിരുന്നതിനാൽ ലക്ഷങ്ങളുടെ പാഴ്ചെലവാണ് ഈയിനത്തിൽ ഉണ്ടായിരിക്കുന്നത് . വിശദ വിവരം താഴെ കൊടുക്കുന്നു.

## എ. സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയില്ല

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 54 പ്രകാരം 5000 രൂപയിൽ കൂടുതലുള്ള പർച്ചേസുകൾക്ക് മൂല്യത്തിന്റെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി (2.5% സെക്യൂരിറ്റി നിക്ഷേപമായും 2.5% ഇ.എം.ഡി. ഇനത്തിലും) കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ 31.32 ലക്ഷം രൂപയുടെ പൈപ്പുകൾ വാങ്ങിയപ്പോൾ ഇ.എം.ഡി. ഇനത്തിൽ 2,000 രൂപ മാത്രമാണ് (രസീത് നമ്പർ 6167I/29 തീയതി 22-7-2009) കരാറുകാരനായ ശ്രീ. രാധാകൃഷ്ണയിൽ നിന്നും വാങ്ങിയത്. കൂടാതെ ടെണ്ടർ ഫോറം വിലയായി 460 രൂപ മാത്രമാണ് ഈടാക്കിയത് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കാത്തതുമൂലമാണ് ഇതു സംഭവിച്ചത്. കരാറുകാരന് ബാക്കിനൽകാനുള്ള തുകയിൽനിന്നും ആയത് ഇനി ഈടാക്കിക്കൊള്ളാമെന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്.

## ബി. ടെണ്ടർ നടപടികൾ സുതാര്യമല്ല

ഗ്രാമപഞ്ചായത്ത് സ്വീകരിച്ച ടെണ്ടർ നടപടികൾ സുതാര്യമല്ല ടെണ്ടർ സ്വീകരിച്ചതിലേയും അംഗീകരിച്ചതിലേയും അപാകങ്ങൾ താഴെപ്പറയുന്നു.

1. ആകെ 2 ടെണ്ടറുകളാണ് ലഭിച്ചത്. കൊല്ലായിക്കൽ അസോസിയേറ്റ്സ് വാഴവറ്റയുടേയും കൊല്ലായിക്കൽ വാഴവറ്റയുടെതുമാണ് ഈ ടെണ്ടറുകൾ. ഈ രണ്ടു ടെണ്ടറുകളും ഒരേ സ്ഥാപനത്തിന്റെതാണെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. രണ്ടു ടെണ്ടറുകളിലേയും കയ്യക്ഷരങ്ങൾ ഒന്നു തന്നെയാണ്.

2. ടെണ്ടറുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.

3. ടെണ്ടറിൽ നേരിട്ട് പങ്കെടുത്തിട്ടില്ലെങ്കിലും പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിന് റെയ്ഡ്കോ നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. ഈ നിരക്ക് വാറ്റ്, സെസ്സ് എന്നിവ ഉൾപ്പെടെയാണ്. എന്നാൽ അംഗീകരിച്ച ടെണ്ടറിലെ നിരക്കും റെയ്ഡ്കോയുടെ നിരക്കും

ഒന്നുതന്നെയാണെങ്കിലും സ്ഥാപനം ബില്ലുകൾ നൽകിയപ്പോൾ വാറ്റ്, സെസ്സ് ഇനത്തിൽ അഡീഷണൽ ആയി തുക ഈടാക്കി. വാറ്റ് ഇനത്തിൽ 1,20,439.30 രൂപയും സെസ്സ് ആയി 1,204 രൂപയുമാണ് സപ്ലയർ ഈടാക്കിയത്. ഈ തുകയും ഇനി നൽകാനുള്ള ബാക്കി തുകയിൽ നിന്നും ഈടാക്കിക്കൊള്ളാമെന്നാണ് സെക്രട്ടറി മറുപടി നൽകിയത്.

2010 ൽ തന്നെ 31.32 ലക്ഷം രൂപയുടെ പൈപ്പുകൾ നൽകുകയും 22,82,000 രൂപ കൊല്ലായിക്കൽ അസോസിയേറ്റിന് ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പൈപ്പുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, സ്ഥാപനം വിതരണം നടത്തിയെന്ന് അവകാശപ്പെട്ട പൈപ്പുകളിൽ ഒരു ഭാഗം 07/2012 വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2010 മാർച്ചിൽ പൈപ്പുകൾ ഇറക്കിയെങ്കിലും ഇതിൽ ചെറിയൊരു ഭാഗം മാത്രമേ 07/2012 വരെ പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുള്ളൂ.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 3-7-2013-ലെ എൽ. എഫ്. (ഡബ്ല്യൂ) ഇ 3/287/13-ാം നമ്പർ കത്തു മുഖേന മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

[സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.8.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, എൻ.ആർ.ഇ.ജി. പദ്ധതി പ്രകാരം എ.ഇ. തയ്യാറാക്കിയ 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് 67 പ്രവൃത്തികൾക്ക് പൈപ്പുകൾ വാങ്ങുന്നതിന് ടെണ്ടർ വിളിച്ചു ലഭിച്ച നാല് ടെണ്ടറുകളിൽ കുറഞ്ഞ ടെണ്ടർ അംഗീകരിച്ച് മൂന്നു പ്രാവശ്യമായി പണം നൽകിയെന്നും 9 ലക്ഷം രൂപ കൂടി കൊടുക്കാനുണ്ടെന്നും മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. വിശദ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉണ്ടെന്നും ഓഡിറ്റ് സമയത്ത് താൻ സ്ഥലം മാറിപ്പോയതിനാൽ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് നൽകാൻ കഴിഞ്ഞില്ലെന്നും നിലവിൽ 55 പ്രവൃത്തികൾ പൂർത്തിയായെന്നും അവശേഷിക്കുന്നവ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

88. സ്റ്റോർ പർച്ചേയ്സ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല എന്നീ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി

വിശദീകരണം ആരാഞ്ഞതിന്, പതിനഞ്ച് ദിവസംകൊണ്ട് തീർക്കേണ്ട പദ്ധതിയായിരുന്നിതെന്നും സർക്കാർ തുക അനുവദിച്ചെങ്കിലും എൻ.ആർ.ഇ.ജി. വർക്കുകൾക്ക് സ്റ്റേ വന്നതിനാൽ പ്രവൃത്തി ചെയ്യരുതെന്ന് വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശമുണ്ടായതിനാലാണ് അങ്ങനെ സംഭവിച്ചതെന്നും ഓരോ പ്രവൃത്തികളുടെയും പേര് സഹിതം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെന്നും ആയത് സംബന്ധിച്ച രേഖകൾ ഫയലിലുണ്ടെന്നും മേപ്പാടി പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

89. ഇ.എം.ഡി. സെക്യൂരിറ്റി തുകകൾ ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കിയിട്ടുണ്ടോ എന്നും ലഭിക്കാത്ത പൈപ്പുകൾക്ക് അധികമായി നൽകിയ തുക തിരിച്ച് പിടിച്ചിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക്, ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ലെന്നും കൊടുക്കാനുള്ള തുകയിൽ നിന്ന് ഇ.എം.ഡി. സെക്യൂരിറ്റി തുകകൾ ഈടാക്കാമെന്നും മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 29,03,000 രൂപയുടെ പൈപ്പുകൾ ഇറക്കിയിട്ടുണ്ടെന്നും 23 ലക്ഷം രൂപ മാത്രമേ കൊടുത്തിട്ടുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അത്രയും തുകയുടെ പൈപ്പുകൾ ലഭിച്ചിട്ടില്ലെന്നും 2,25,417 രൂപയുടെ പൈപ്പുകൾ ഇനിയും ലഭിക്കാനുണ്ടെന്നും ഓഡിറ്റ് വകുപ്പ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

90. ഓഡിറ്റ് പരിശോധന സമയത്ത് താൻ സ്ഥലം മാറി പോയിരുന്നതായും അതിനാലാണ് സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും സമിതിയോഗം സംബന്ധിച്ച അറിയിപ്പ് ലഭിച്ചപ്പോഴാണ് താൻ ഇക്കാര്യം അറിയുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. പദ്ധതി സംബന്ധിച്ച രേഖകൾ ഒരിക്കൽ കൂടി ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചു

സമിതി നിർദ്ദേശിച്ച പ്രകാരമുള്ള റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**91. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത വിവിധ പ്രവൃത്തികൾക്കായി വാങ്ങിയ സിമെന്റ് പൈപ്പുകളുടെ ബിൽ പ്രകാരമുള്ള തുക 31,32,626 രൂപയാണെങ്കിലും പ്രസ്തുത തുകയ്ക്ക് സമാനമായ മൂല്യമുള്ള പൈപ്പുകൾ ബന്ധപ്പെട്ട സ്ഥാപനം ലഭ്യമാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന ഓഡിറ്റിന്റെ നിരീക്ഷണവും സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. കരാറിലേർപ്പെട്ട സ്ഥാപനം 29,03,000 രൂപയുടെ പൈപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളുവെന്നും 23,00,000 രൂപ മാത്രമേ സ്ഥാപനത്തിന് നൽകിയിട്ടുള്ളുവെന്നും ഫൈനൽ സെറ്റിൽമെന്റ് നടത്തിയിട്ടില്ലെന്നും ഓഡിറ്റ് സമയത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതാണ്**

**പ്രശ്നമായതെന്നുള്ള തെളിവെടുപ്പ് വേളയിലെ മറുപടിയെ തുടർന്ന് രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശ പ്രകാരം രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതായി തദ്ദേശസ്വയംഭരണ വകുപ്പോ ഓഡിറ്റ് വകുപ്പോ നാളിതുവരെ അറിയിച്ചിട്ടില്ല. സമിതി നിർദ്ദേശിച്ചതനുസരിച്ച് രേഖകൾ ഹാജരാക്കി റിപ്പോർട്ട് ചെയ്യാത്തത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ആവശ്യമായ രേഖകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോടും അവ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു.**

## സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് വക സ്ഥലം നിയമവിരുദ്ധമായി കെ.ടി.ഡി.സി.ക്ക് കൈമാറി**

ഓഡിറ്റ് റിപ്പോർട്ട് 2010-11

ഖണ്ഡിക 3-4

ഗ്രാമപഞ്ചായത്തിലെ മണിച്ചിറ എന്ന സ്ഥലത്ത് 12-3-1996-ൽ 4,30,896 രൂപ ചെലവഴിച്ച് വാങ്ങിയ 1 ഏക്കർ സ്ഥലം മണിച്ചിറ വികസന പദ്ധതി നടപ്പിലാക്കാൻ ഡി.ടി.പി.സി.ക്ക് കൈമാറുന്നതിനായി സമ്മതപത്രം നൽകാൻ 4-8-2004-ൽ ചേർന്ന ഭരണ സമിതി യോഗം തീരുമാനിച്ചു (തീരുമാനം നമ്പർ 74/04(1)). തുടർന്ന് ഭൂമി സർക്കാർ അനുമതി വാങ്ങി നിയമാനുസരണം കൈമാറാൻ നടപടി സ്വീകരിച്ചില്ല. പിന്നീട് 2006-07-ൽ ഡി.ടി.പി.സി. പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കാൻ 29-6-2009-ൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഇല്ലാതെ പഞ്ചായത്ത് 7-7-2009-ന് ക്രമവൽക്കരിച്ചുനൽകി. വൈദ്യുതീകരണത്തിന് വേണ്ടി 15-7-2009 ഡി.ടി.പി.സി. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാൻ അപേക്ഷ നൽകി. 9-2-2010-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി കെട്ടിടം നിർമ്മിച്ചിട്ടുള്ളതായ സ്ഥലം പാട്ടത്തിനോ സംയുക്ത സംരംഭമായോ നടത്താൻ തയ്യാറാണെന്ന് ഡി.ടി.പി.സി ചെയർമാനെ അറിയിക്കാൻ തീരുമാനിച്ചു. കെട്ടിടങ്ങൾ സജ്ജമായതിനാൽ പാട്ടത്തിനെടുക്കാം എന്നും വൈദ്യുതി കണക്ഷൻ ലഭിക്കാൻ പാട്ടസംബന്ധമായ കാര്യങ്ങൾ ത്വരിതപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകുവാനും ആവശ്യപ്പെട്ട് ടൂറിസം ഡയറക്ടർ 21-5-2010-ന് കത്തു നൽകി.

11-6-2010-ൽ ചേർന്ന ഭരണസമിതിയോഗം ടൂറിസം ഡയറക്ടറുടെ പേരിൽ നമ്പർ നൽകുവാൻ തീരുമാനിച്ചപ്രകാരം 26-7-2010-ന് കേരള പഞ്ചായത്ത് രാജ് ആക്ട് 207-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികുതി ചുമത്താതെ പഞ്ചായത്ത് നമ്പർ നൽകി. തുടർന്ന് വൈദ്യുതി കണക്ഷൻ ലഭിക്കുകയും 165 ലക്ഷം രൂപ ചെലവഴിച്ച് ഡി.ടി.പി.സി. പണിത ഹോട്ടൽ, ലോഡ്ജ്, ഓഡിറ്റോറിയം എന്നിവ കെ..ടി.ഡി.സി.ക്ക് കൈമാറുകയും ചെയ്തു. 2009 ജൂലൈ 25-ന് ഉദ്ഘാടനം നടത്തി 28-8-2010-ന് പ്രസ്തുത സ്ഥലത്തിന് പ്രതിവർഷം പഞ്ചായത്ത് 5 ലക്ഷം രൂപ പാട്ടം നിശ്ചയിച്ച് പാട്ടക്കാരാർ ഒപ്പിടുന്നതിന് ടൂറിസം ഡയറക്ടർക്ക് അയച്ചു കൊടുത്തെങ്കിലും ഒപ്പിട്ടു നൽകിയില്ല. ഇതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിവേദനം നൽകുകയും ചെയ്തു. 19-7-2012-ന് കെ.ടി.ഡി.സി. പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ ഒരു മാസത്തിനകം പ്രശ്നപരിഹാരമുണ്ടാക്കുമെന്ന് ധാരണയായെങ്കിലും 2 മാസം കഴിഞ്ഞിട്ടും പ്രശ്നം പരിഹരിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഭാഗത്തു നിന്നും മേൽ കാര്യത്തിൽ സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു:

1. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി വിൽപ്പന നടത്താവുന്നതും ചട്ടം 7(1) പ്രകാരം പഞ്ചായത്തിന്, വ്യാപരത്തിനുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ വ്യവസ്ഥകൾക്കനുസരണമായി ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതുമാണ്. പഞ്ചായത്ത് വക സ്ഥലം കെട്ടിടം നിർമ്മിച്ച് വ്യാപാരം നടത്തുന്നതിന് പാട്ടത്തിന് നൽകാൻ വ്യവസ്ഥയില്ല. കെട്ടിടനിർമ്മാണത്തിനുവേണ്ടി ഇപ്പോഴത്തെ മാർക്കറ്റ് വിലയനുസരിച്ച് സുമാർ 3 കോടി രൂപയോളം വില വരുന്ന ഭൂമി സർക്കാർ അനുമതിയോടെ നിയമപ്രകാരമുള്ള രേഖകളോടെ കൈമാറിയില്ല.

2. സമ്മതപത്രം അനുവദിക്കാൻ തീരുമാനമെടുത്തതു കൊണ്ടുമാത്രം ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിക്കുകയില്ല. ഉടമസ്ഥാവകാശം സിദ്ധിച്ചതു സംബന്ധിച്ച മതിയായ രേഖകൾ ഇല്ലാതെയും അനുമതി ഇല്ലാതെയും ആരംഭിച്ച കെട്ടിടനിർമ്മാണം പ്രവൃത്തി ആരംഭിച്ച സമയത്ത് തന്നെ തടയേണ്ടതായിരുന്നു.

3. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച നൽകിയത് ശരിയായ നടപടിയില്ല.

4. ഉടമസ്ഥാവകാശം പഞ്ചായത്തിനായിരിക്കെ കെട്ടിടത്തിന് ടൂറിസം ഡയറക്ടറുടെ പേരിൽ നമ്പർ നൽകിയത് ക്രമവിരുദ്ധമാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 3-7-2013-ലെ എൽ.എഫ്.(ഡബ്ല്യു) ഇ.3/287/13-ാം നമ്പർ കത്തു മുഖേന സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.

[സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.8.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. മണിച്ചിറ വികസന പദ്ധതി നടത്തിപ്പിലെ അപാകത സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക്, 4-8-2004-ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതിയോഗം മണിച്ചിറ വികസന പദ്ധതി നടപ്പിലാക്കാൻ സ്ഥലം നൽകാനും കെട്ടിടം പണിയുന്നതിനും തീരുമാനിച്ചു. എന്നാൽ സർക്കാർ അനുമതി വാങ്ങിയിരുന്നില്ലെന്നും പിന്നീട് ക്രമവൽക്കരിച്ച് കൊടുക്കുകയുമാണ് ചെയ്തതെന്നും സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കെട്ടിടം പണിക്കായി ഡി.റ്റി.പി.സി.-ക്ക് നൽകിയ സ്ഥലത്തിന് സർക്കാർ അനുമതിയോ പാട്ട കരാറോ ലഭ്യമായിരുന്നില്ല. കെട്ടിടത്തിന്റെ നമ്പർ ഇടുന്നതിനായി അപേക്ഷ സമർപ്പിച്ചതിന് പഞ്ചായത്ത് സബ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം നമ്പർ കൊടുത്തതായും പാട്ടക്കരാർ വ്യവസ്ഥയിൽ സ്ഥലം കൊടുക്കുന്നതിന്, കരാർ വ്യവസ്ഥകൾ അവരെ അറിയിക്കുകയും ഒപ്പിട്ട് നൽകാൻ ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ഒപ്പിട്ട് നൽകിയിട്ടുമില്ല. പഞ്ചായത്ത് 5 ലക്ഷം രൂപ പാട്ടത്തുക നിശ്ചയിച്ച് ഡി.റ്റി.പി.സി.യെ അറിയിച്ചെങ്കിലും ആയത് നൽകാൻ അവർ തയ്യാറായില്ല എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു.

93. പഞ്ചായത്തുമായുള്ള സമ്മത പത്രവും സർക്കാർ അനുമതിയുമില്ലാതെ പഞ്ചായത്തുവക സ്ഥലം ഡി.റ്റി.പി.സി.-ക്ക് കൈമാറ്റം ചെയ്തതിനും പ്രസ്തുത സ്ഥലത്ത് ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതിന്റെയും വിശദീകരണം സമിതി ആരാഞ്ഞു. സർക്കാരിന്റെ ഏജൻസിയായ ഡി.റ്റി.പി.സി.യാണ് ക്രമവൽക്കരിക്കുന്നതിന് അപേക്ഷ കൊടുത്തതെന്നും പാട്ടത്തുക കൊടുക്കേണ്ടത് അവരാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്തിന്റെ സ്ഥലം പാട്ടത്തിന് നൽകിയത് സർക്കാരിന്റെ മറ്റൊരു വകുപ്പിനാണെങ്കിലും പണം കൊടുക്കണമായിരുന്നെന്ന് സമിതി വിലയിരുത്തി. സർക്കാർ വകുപ്പുകൾ തമ്മിലുള്ള വിഷയമായതിനാൽ സർക്കാർ തലത്തിൽ ഒരു യോഗം വിളിച്ച് പരിഹാരം ഉണ്ടാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**94. മണിച്ചിറ വികസന പദ്ധതിക്കായി 4,30,869 രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലം സർക്കാർ അനുമതി ഇല്ലാതെ ഡി.ടി.പി.സി.ക്ക് കൈമാറിയതും അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടം ഉടമസ്ഥാവകാശം**

തെളിയിക്കുന്ന രേഖകൾ ഇല്ലാതെ പഞ്ചായത്ത് ക്രമവൽക്കരിച്ചതും ടൂറിസം ഡയറക്ടറുടെ പേരിൽ കെട്ടിട നമ്പർ നൽകിയതും ഉചിതമല്ല. പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് പഞ്ചായത്തിന് കെട്ടിടം നിർമ്മിച്ച് പാട്ടത്തിനോ വാടകയ്ക്കോ നൽകാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും പഞ്ചായത്ത് വക സ്ഥലം കെട്ടിടം നിർമ്മിച്ച് വ്യാപാരം നടത്തുന്നതിന് പാട്ടത്തിന് നൽകാൻ വ്യവസ്ഥയില്ലെന്ന ഓഡിറ്റിന്റെ അഭിപ്രായം ഇവിടെ പ്രസക്തമാണെന്ന് സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ,ടൂറിസം വകുപ്പുകൾ തമ്മിലുള്ള ഈ വിഷയത്തിൽ വകുപ്പുതലത്തിൽ യോഗം വിളിച്ചുചേർത്ത് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 മാർച്ച് 14.

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 6 | തദ്ദേശ സ്വയംഭരണം | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിനായി സബ്സിഡി ആയി അനുവദിച്ച 5,02,052 രൂപ, പദ്ധതി ഫലപ്രദമായി നടപ്പാക്കാത്തതിലൂടെ പഞ്ചായത്തിന് നഷ്ടമായതായി സമിതി മനസ്സിലാക്കുന്നു. തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ചെലവിന്റെ 50% മാത്രമേ സബ്സിഡി നൽകാവൂ എന്ന വ്യവസ്ഥ നിലവിലിരിക്കെ 100% സബ്സിഡി അനുവദിച്ചത് ചട്ടവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നടപ്പിലാക്കാനുള്ള അടിസ്ഥാന ഘടകങ്ങൾ സംഘത്തിനുണ്ടോ യെന്ന് പരിശോധിക്കാതെ തുക അനുവദിച്ച നടപടി ന്യായീകരിക്കത്തക്കതല്ല. പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനെതിരെയും ചട്ടവിരുദ്ധമായി സബ്സിഡി അനുവദിച്ചവരുടെ പേരിലും നടപടിയെടുത്തും സൊസൈറ്റി അടിയന്തരമായി പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കാത്തത് സമിതിയോടുള്ള കടുത്ത അനാദരവായി കാണുന്നു. ആയതിനാൽ, സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്തതിനുള്ള വിശദീകരണം നൽകുന്നതിനും സമിതി നിർദ്ദേശിച്ച നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 2 | 10 | തദ്ദേശ സ്വയംഭരണം | മീനാട് ശുദ്ധജല പദ്ധതിക്ക് വേണ്ടി കുഴിച്ച 82 റോഡുകൾ പുനർനിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ സ്വീകരിച്ചതുമൂലം നഗരസഭയ്ക്ക് 1,20,69,104 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. റോഡ് റസ്റ്റോറേഷൻ ചാർജ്ജായി ഈടാക്കേണ്ട പി.ഡബ്ല്യു.ഡി. നിരക്ക് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ആയത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. റോഡ് നിർമ്മാണം പോലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ ആയത് സംബന്ധിച്ച സാങ്കേതിക ഉപദേശം ഭരണ സമിതിക്ക് നൽകേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. |
| 3 | 11 | തദ്ദേശ സ്വയംഭരണം | മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം അടിയന്തരമായി ഈടാക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ, മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം JBIC-യിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കാൻ കൗൺസിൽ തീരുമാനമെടുത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 17 | തദ്ദേശ സ്വയംഭരണം | നഗരപരിധിയിലുള്ള പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് കലാരംഗത്ത് മത്സരശേഷി വികസിപ്പിക്കുന്നതിനും അഭിരുചി പരിപോഷിപ്പിക്കുന്നതിനുമായി വിവിധ കലാവിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതി ശരിയായ മോണിറ്ററിംഗിന്റെ അഭാവത്തിൽ ഫലപ്രദമായി പൂർത്തീകരിക്കാനായില്ലെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസരിച്ചല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും ആയത് സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കി |

| | | | |
|---|---|---|---|
| | | | യില്ലെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തൊഴിൽ ലഭ്യത ഉറപ്പാക്കാൻ കഴിയാത്ത മേഖലയിൽ വികസന ഫണ്ടുപയോഗിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചത് ന്യായീകരിക്കാനാകില്ലെന്ന് സമിതി കരുതുന്നു. സ്കൂളിലെ ഒരു പാഠ്യേതര പദ്ധതിയായിട്ടാണ് ആയത് നടപ്പിലാക്കിയതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സർക്കാരിന്റെ വിശദീകരണത്തിൽനിന്നും സമിതിക്ക് ബോധ്യമാകുന്നു. പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ വീഴ്ച സംബന്ധിച്ചും പദ്ധതി നടത്തിപ്പിന്റെ വിശ്വാസ്യത സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശ പ്രകാരം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ നിന്നും പരിശീലനം ക്രമപ്രകാരമല്ല നടന്നതെന്നും തുക അനുവദിച്ച സെക്രട്ടറിയും പദ്ധതി നിർവ്വഹണം നടത്തിയ സെക്രട്ടറിയും തുല്യ ഉത്തരവാദികളാണെന്നും സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ടുപയോഗത്തിലുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 34 | തദ്ദേശ സ്വയംഭരണം | പത്തനംതിട്ട ജില്ലയിലെ 54 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 10,000 സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രതിവർഷം 20 ലക്ഷം കി.ഗ്രാം. തേൻ ഉല്പാദിപ്പിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ 'മധുരം തേൻ' പദ്ധതിക്ക് 2.95 കോടി രൂപ ചെലവായെങ്കിലും പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൃത്യമായ മോണിറ്ററിംഗ് ഇല്ലാതെയും ശരിയായ പഠനം നടത്താതെയും പദ്ധതി നടപ്പിലാക്കാൻ അമിതതിടുക്കം |

| | | | |
|---|---|---|---|
| | | | കാട്ടിയതാണ് പദ്ധതി പരാജയപ്പെടാൻ പ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. 215 ആക്ടിവിറ്റി ഗ്രൂപ്പുകളായി തുടങ്ങിയ പദ്ധതിയിൽ നിലവിൽ 116 ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും അവശേഷിക്കുന്നവ ജപ്തി ഭീഷണിയിലാണെന്നും സമിതി നിരീക്ഷിക്കുന്നു. സബ്സിഡി നൽകുന്നതിന് ബാങ്കുകളിൽ നിക്ഷേപിച്ച തുകയിൽ സബ്സിഡി നൽകിയതിനു ശേഷം അവശേഷിച്ച തുക തിരികെ ലഭിക്കുന്നതിനും വായ്പ തിരിച്ചടയ്ക്കാനുള്ള കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും തുക തിരിച്ചീടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സർക്കാർ നല്കിയ മറുപടിയിൽ നിന്നും ബാങ്കിന് അധികരിച്ച നൽകിയ സബ്സിഡി തിരികെ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണെന്നും വായ്പയെടുത്ത 215 ആക്ടിവിറ്റി ഗ്രൂപ്പുകളിൽ 58 എണ്ണം മാത്രമേ ജപ്തി ഭീഷണി നേരിടുന്നുള്ളുവെന്നും 85 ഗ്രൂപ്പുകൾ വായ്പ പൂർണ്ണമായും തിരിച്ചടച്ചെന്നും അവശേഷിക്കുന്നവ വായ്പാ തിരിച്ചടവിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ, ബാങ്കുകൾക്ക് അധികമായി നല്കിയ സബ്സിഡി തുകയിൽ 7 ബാങ്കുകളിൽ നിന്നായി 10.20 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ പലിശ ഈടാക്കിയിട്ടില്ലെന്നും ഓഡിറ്റിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ആയതിനാൽ ഈയിനത്തിൽ ബാങ്കുകളിൽ അവശേഷിക്കുന്ന തുക അടിയന്തരമായി തിരികെയീടാക്കാനും കുടുംബശ്രീ യൂണിറ്റുകൾ എത്രയുംവേഗം വായ്പ തിരിച്ചടയ്ക്കാനും കടക്കെണിയിലായ യൂണിറ്റുകളെ പലിശ, പിഴപ്പലിശ എന്നിവയിൽ നിന്ന് ഒഴിവാക്കാനും നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 6 | 38 | തദ്ദേശ സ്വയംഭരണം | നഗരസഭയുടെ ടൗൺഹാൾ നവീകരണ പദ്ധതിക്ക് ചെയ്യാത്ത പ്രവൃത്തി ചെയ്തതായി എം. ബുക്കിൽ രേഖപ്പെടുത്തി ക്രമവിരുദ്ധമായി 1,98,350 രൂപ ചെലവഴിച്ചതിനുത്തരവാദികളായ രണ്ട് മുനിസിപ്പൽ എഞ്ചിനീയർമാരിൽ ഒരാൾ തുകയുടെ പകുതി നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെന്നും ഒരാൾ സർവ്വീസിൽനിന്നും വിരമിച്ചെന്നും സമിതി മനസിലാക്കുകയുണ്ടായി. ഈടാക്കാൻ അവശേഷിക്കുന്ന തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നഷ്ടത്തുക നാളിതുവരെ ഈടാക്കിയിട്ടില്ലെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ ഡി. സി. ആർ. ജി.യിൽനിന്നും പ്രസ്തുത തുക തടഞ്ഞുവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. നഗരസഭയ്ക്കുണ്ടായ നഷ്ടം പലിശസഹിതം പ്രസ്തുത എഞ്ചിനീയറിൽനിന്ന് അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 42 | തദ്ദേശ സ്വയംഭരണം | ജലസേചന പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട മുൻഗണനാക്രമം പദ്ധതി ആസൂത്രണത്തിലോ നിർവ്വഹണത്തിലോ പാലിക്കാതിരുന്നതിനാൽ വികസന ഫണ്ടിൽ നിന്നും 3,42,536 രൂപ നഷ്ടമുണ്ടായെന്ന ഓഡിറ്റിന്റെ നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. പദ്ധതി നടത്തിപ്പിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യണമെന്നും പഞ്ചായത്ത് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതിയുടെ നിർദ്ദേശം പാലിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള അന്വേഷണം നടത്തി മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 8 | 50 | തദ്ദേശ സ്വയംഭരണം | മൃഗസംരക്ഷണ പ്രവൃത്തികളിലൂടെയും കാർഷിക വികസന പദ്ധതികളിലൂടെയും പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങളുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്ത പദ്ധതി, നിർവ്വഹണത്തിലെ പിഴവുമൂലം ലക്ഷ്യപ്രാപ്തി യിലെത്തിയില്ലെന്ന് സമിതി മനസ്സിലാക്കി. വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആസ്തി വിതരണം ചെയ്യുന്ന പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കാൻ ജില്ലാപഞ്ചായത്തിന് അധികാര മില്ലെന്ന സർക്കാർ നിർദ്ദേശം നിലവിലിരിക്കെ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ജില്ലാപഞ്ചായത്ത് ടി.ഇ.ഒ. വഴി നേരിട്ട് വിതരണം ചെയ്തതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ജനവിഭാഗവുമായി അടുത്ത ബന്ധം പുലർത്തുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മാരായതിനാൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പണം കൈമാറുന്നത് ഇവരാണെന്ന് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഇടപെടുകയോ ഉത്തരവാദിത്തം കൃത്യമായി നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിപ്പണം ചെലവഴിക്കുക എന്നതിലുപരി പദ്ധതികൊണ്ട് പട്ടികവർഗ്ഗത്തിന്റെ സമഗ്രവികസനം സാധ്യമാക്കുക എന്ന ലക്ഷ്യം ആയതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നിറവേറ്റുവാനോ പദ്ധതി വിജയകരമായി പൂർത്തിയാക്കാനോ സാധിച്ചില്ലെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. മാർഗ്ഗരേഖ ലംഘിച്ച നൽകിയ മുഴുവൻ തുകയും ക്രമീകരിക്കുന്നതിനും ആടുമാടുകൾ ചത്തുപോയ കർഷകർക്ക് ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | നൽകണമെന്ന് സമിതി നിർദ്ദേശിച്ചുവെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ശിപാർശ ചെയ്യുന്നു. |
| 9 | 53 | തദ്ദേശ സ്വയംഭരണം | 2009-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ച് കൗൺസിലിന്റെ നിർദ്ദേശമനുസരിച്ചാണ് നഗരസഭയുടെ വസ്തു കെ.എസ്.ഇ.ബി-യ്ക്ക് വിട്ടുകൊടുത്തതെന്നും അക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തു നിന്നും വീഴ്ചകളൊന്നും സംഭവിച്ചില്ലെന്നും ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 58 | തദ്ദേശ സ്വയംഭരണം | വരുമാനദായകമായ പദ്ധതി എന്ന നിലയിൽ സ്ഥാപിച്ച ജലധാര പരിപാലിക്കുന്നതിൽ നഗരസഭ കാട്ടിയ അലംഭാവംമൂലം 30 ലക്ഷത്തോളം രൂപ പാഴ്ച്ചെലവായതായി സമിതി നിരീക്ഷിക്കുന്നു. മതിയായ സെക്യൂരിറ്റി സംവിധാനത്തിന്റെ അഭാവത്തിൽ വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ടത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി സമിതി ചൂണ്ടിക്കാട്ടുന്നു. ജലധാരയുടെ കേടുപാടുകൾ തീർക്കുന്നതിനോ കൺസൾട്ടിംഗ് ഏജൻസിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനോ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ പ്രസ്തുത ജലധാര പ്രവർത്തനരഹിതമാണെന്നും സാധനസാമഗ്രികൾ മോഷണം പോയതിന്റെ പേരിൽ 4 പേരെ |

| | | | |
|---|---|---|---|
| | | | പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഉത്തരവാദികളായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും എന്നാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ബോധ്യപ്പെടുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പാഴ്ച്ചെലവിന് ഉത്തരവാദികളായവർക്കെതിരെയും നഗരസഭയുടെ വിലപിടിപ്പുള്ള ഉപകരണങ്ങൾ മോഷ്ടിച്ചവർക്കെതിരെയും നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 63 | തദ്ദേശ സ്വയംഭരണം | മത്സ്യമാർക്കറ്റ് നവീകരണത്തിന്റെ ഭാഗമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആവശ്യമായ ആസൂത്രണമോ ദീർഘവീക്ഷണമോ ഇല്ലാതെ സ്ഥാപിച്ചതിനാൽ 23,11,498 രൂപ പാഴ്ച്ചെലവായതായി സമിതി വിലയിരുത്തുന്നു. മത്സ്യമാർക്കറ്റിൽനിന്നും ലഭ്യമാകുന്ന മലിന ജലത്തിന്റെ അളവിനേക്കാൾ കൂടിയ സംഭരണശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ചതിൽ നിന്നും ഇക്കാര്യത്തിൽ യാതൊരു പ്രായോഗിക പഠനവും നടത്താതെയായിരുന്നു പദ്ധതി അംഗീകരിച്ചതെന്ന് സമിതി കരുതുന്നു. പദ്ധതി നടത്തിപ്പിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലും വീഴ്ച വന്നിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയും വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചും മത്സ്യ മാർക്കറ്റ് എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചെങ്കിലും ആയത് സംബന്ധിച്ച് സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ സമർപ്പിച്ചിട്ടില്ല. മാത്രമല്ല ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽനിന്ന് പ്രസ്തുത വിഷയത്തിന്മേൽ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ബോധ്യമാകുന്നു. സമിതി |

| | | | |
|---|---|---|---|
| | | | നിർദ്ദേശം പാലിക്കാത്ത നഗരസഭയുടെ നടപടി സമിതിയോടുള്ള കടുത്ത അനാദരവായി കാണുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ആയതിനാൽ സമിതി ആവശ്യപ്പെട്ട വിവരങ്ങളും മത്സ്യ മാർക്കറ്റിന്റെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതിയും സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 67 | തദ്ദേശ സ്വയംഭരണം | 2009-10 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 16,82,920 രൂപ ചെലവിൽ വാങ്ങിയ കൊയ്ത്തു-മെതിയന്ത്രം ഉപയോഗിക്കാനാകാത്ത വിധം നാശോന്മുഖമായതായി സമിതി മനസ്സിലാക്കുന്നു. 500 ഹെക്ടർ സ്ഥലത്ത് മാത്രം നെൽകൃഷിയുള്ള ബ്ലോക്ക് പഞ്ചായത്തിൽ, പാടശേഖരത്തിന് അനുയോജ്യമല്ലാത്ത കൊയ്ത്തു മെതിയന്ത്രം വാങ്ങാനുള്ള പദ്ധതി പുനഃപരിശോധിക്കണമെന്നും നിർവ്വഹണോദ്യോഗസ്ഥയായ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ആവശ്യവും, പുന്നയൂർക്കുളം പഞ്ചായത്തിൽ ഒരു കൊയ്ത്തു മെതിയന്ത്രം ഉണ്ടെന്നതിനാൽ വീണ്ടും ഒന്നു കൂടി വാങ്ങേണ്ടതില്ല എന്ന വിഷയ മേഖല ഉപസമിതിയുടെ തീരുമാനവും അവഗണിച്ചാണ് യന്ത്രം വാങ്ങിയതെന്ന് സമിതി നിരീക്ഷിക്കുന്നു. യന്ത്രം വാങ്ങുന്നതിന് പദ്ധതിയുടെ ഗുണഭോക്താക്കളായ പാടശേഖര സമിതിയുടെ അഭിപ്രായം തേടിയിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ന്യായയുക്തമായ പ്രസ്തുത നിർദ്ദേശങ്ങൾ അവഗണിച്ചതിനാലാണ് 16.82 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ യന്ത്രം കേവലം 10 മണിക്കൂർ മാത്രം പ്രവർത്തിപ്പിച്ച് നിഷ്ക്രിയമായി സൂക്ഷിക്കേണ്ട സാഹചര്യം സംജാതമായിട്ടുള്ളത്. ഇതിലൂടെ കടുത്ത അനാസ്ഥയും സ്ഥാപിതതാല്പര്യ സംരക്ഷണവുമാണ് വെളിവാക്കുന്നതെന്ന് വ്യക്തമാക്കുവാൻ സമിതി ആഗ്രഹിക്കുന്നു. |

| | | | |
|---|---|---|---|
| 13 | 68 | തദ്ദേശ സ്വയംഭരണം | ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഉൾപ്പെടെ നഷ്ടത്തിനുത്തരവാദിയാണെന്ന് തെളിവെടുപ്പ് വേളയിൽ നിരീക്ഷിച്ച സമിതി നഷ്ടതുക നിർണ്ണയിച്ച് ഉത്തരവാദികളിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർവ്വഹണോദ്യോഗസ്ഥയായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ യന്ത്രം വാങ്ങുന്നത് അഭികാമ്യമല്ല എന്ന് വിയോജനക്കുറിപ്പ് എഴുതിയ സാഹചര്യത്തിൽ ടിയാളെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കാനും നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാനുള്ള സമിതിയുടെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ നിർദ്ദേശം ലഭിക്കാത്തതിനാൽ തുടർനടപടി സ്വീകരിക്കാനായിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതായി സമിതിക്ക് ബോധ്യപ്പെടുന്നു. ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന ന്യൂനതകൾ എത്രയുംവേഗം പരിഹരിച്ച് മറുപടി സമർപ്പിക്കേണ്ട ബാധ്യത ബന്ധപ്പെട്ട വകുപ്പുകൾക്കും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കുമുണ്ട്. സമാഹൃത റിപ്പോർട്ടിൽ പരാമർശവിധേയമായിട്ടും തെളിവെടുപ്പുവേളയിൽ സമിതി നിർദ്ദേശം നല്കിയിട്ടും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകത പരിഹരിക്കാതെ സമിതിയുടെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ നിർദ്ദേശം ലഭിച്ചിട്ടില്ല എന്ന ബ്ലോക്ക് പഞ്ചായത്തിന്റെ നിലപാട് അപലപനീയമാണ്. സർക്കാർ ഖജനാവിലെ തുക ചട്ടപ്രകാരം മതിയായ നടപടിക്രമങ്ങൾ പാലിച്ച് യുക്തിസഹവും ഫലപ്രദവും ആയി വിനിയോഗിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. മേൽപരാമർശിച്ച നഷ്ടത്തിന്റെ ഉത്തരവാദിത്വം ഓഡിറ്റ് ഖണ്ഡികയിൽനിന്നു തന്നെ ആർക്കാണെന്ന് വ്യക്തമായിരിക്കേ, തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പൊതുധനം കൈകാര്യം ചെയ്യുവാൻ ചുമതലയുള്ള ഓരോ അധികാര സ്ഥാനങ്ങളും യഥാവിധി അത് വിനിയോഗി |

| | | | |
|---|---|---|---|
| | | | ക്കാത്തതിന്റെ ഫലമായുള്ള നഷ്ടം അതിനുത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണെന്ന് എടുത്തു പറയാൻ സമിതി ആഗ്രഹിക്കുന്നു. ആയതിനാൽ, നിർവ്വഹണോദ്യോഗസ്ഥയുടെയും വിഷയമേഖലാ സമിതിയുടെയും വിയോജിപ്പ് അവഗണിച്ച് യന്ത്രം വാങ്ങി നഷ്ടം വരുത്തിയതിന് ഉത്തരവാദികളായവരിൽ നിന്ന് പരാമർശ വിധേയമായ നഷ്ടം ഈടാക്കി റിപ്പോർട്ട് ചെയ്യുവാനും യന്ത്രം വാങ്ങുന്നതിനോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ള നിർവ്വഹണോദ്യോഗസ്ഥയെ നഷ്ടത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 72 | തദ്ദേശ സ്വയംഭരണം | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനം 1988 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 15,54,195 രൂപയും പിഴപ്പലിശയിനത്തിൽ 22,59,538 രൂപയും ചേർത്ത് 38,13,733 രൂപ അടയ്ക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പലിശയുടെ 50% സർക്കാർ ഒഴിവാക്കിയിട്ടുണ്ടെന്നും പിഴപ്പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും സമിതി മനസ്സിലാക്കുന്നു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു പീഡിത വ്യവസായമെന്ന നിലയിൽ സീതാറാം മിൽസിനെ മുഴുവൻ പിഴപ്പലിശയിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടെന്നും സമിതിക്ക് ബോധ്യമാകുന്നു. |
| 15 | 73 | തദ്ദേശ സ്വയംഭരണം | പിഴപ്പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പുനഃപരിശോധിക്കണമെന്നും പിഴപ്പലിശ ഒഴിവാക്കാൻ കഴിയാത്തപക്ഷം അത് തവണകളായി അടയ്ക്കുവാനുള്ള അവസരം നൽകണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 76 | തദ്ദേശ സ്വയംഭരണം | ചാലിയാറിന്റെ തീരത്തുള്ള കള്ളിക്കാട് കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് സെന്റർ പദ്ധതിക്കായി ഫൈബർ ഗ്ലാസ്സ് പാസഞ്ചർ ബോട്ട് വാങ്ങിയെങ്കിലും പദ്ധതി |

| | | | |
|---|---|---|---|
| | | | വിജയം കണ്ടില്ല. ടൂറിസം വികസനം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതല്ലാത്തതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുകയോ ആയത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് മുമ്പ് ബോട്ടുവാങ്ങിയതിനാലും യഥാസമയം ഇൻഷ്വറൻസ്, ഫിറ്റ്നസ് എന്നിവ ലഭ്യമാക്കാത്തതിനാലും ബോട്ട് ഉദ്ദേശിച്ച രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബോട്ട് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചും സാധ്യതാ പഠനം നടത്താതെ ഫൈബർ ബോട്ട് വാങ്ങിയവരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ബോട്ട് പ്രവർത്തിപ്പിക്കുന്നതിനും യാതൊരു സാധ്യതാ പഠനവും നടത്താതെ ബോട്ട് വാങ്ങിയവരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 79 | തദ്ദേശ സ്വയംഭരണം | പുളിക്കൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ 2007-08-ൽ 7,74,345 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പൂർത്തിയാക്കിയിട്ടില്ല. ജനങ്ങളുടെ എതിർപ്പും അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതകുറവും, സ്ഥലവിലയിൽവന്ന അന്തരവും കാരണമാണ് പദ്ധതി നീണ്ടു പോയതെന്ന് സർക്കാർ മറുപടിയിൽ |

| | | | |
|---|---|---|---|
| | | | നിന്നും വ്യക്തമാകുന്നു. പ്ലാന്റ് സ്ഥാപിക്കുവാൻ വാങ്ങിയ സ്ഥലം തറനിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്നതും ചരിഞ്ഞതുമാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിന് അനുയോജ്യമാക്കി മാറ്റാൻ ഇനിയും തുക ചെലവഴിക്കേണ്ടി വരുമെന്നും സമിതി നിരീക്ഷിക്കുന്നു. സ്ഥലം വാങ്ങിയ ശേഷം പ്ലാന്റ് നിർമ്മിക്കുന്നതിന് തുടർപദ്ധതികളോ രൂപരേഖയോ തയ്യാറാക്കാതെ റോഡ് നിർമ്മിക്കുകയും സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. പദ്ധതി യാഥാർത്ഥ്യ മാക്കുന്നതിന് സമയ ബന്ധിതമായി തുടർനടപടികൾ സ്വീകരിക്കണമെന്നും പദ്ധതി നടത്തിപ്പിന് ബന്ധപ്പെട്ട വകുപ്പ് മോണിറ്റർ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 83 | തദ്ദേശ സ്വയംഭരണം | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 250 കുടുംബങ്ങൾക്ക് വേണ്ടി 18,97,353 രൂപ ചെലവഴിച്ച് നിർമ്മിച്ച ഷെഡ്ഡും ഗ്യാസ് ക്രിമറ്റോറിയവും ആസൂത്രണത്തിലെ പിഴവുമൂലം ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ക്രിമറ്റോറിയം നടത്തിപ്പിനായി പ്രാദേശികതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചെങ്കിലും പട്ടികജാതിയിലെ ഒരു വിഭാഗത്തിന്റെ എതിർപ്പുമൂലം ആരും ക്രിമറ്റോറിയം ഉപയോഗിക്കാൻ തയ്യാറായില്ലെന്ന് സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്രാദേശിക ആവശ്യം മുൻനിർത്തി ഗുണഭോക്താക്കളുടെ യോഗം വിളിച്ച് ചേർത്തശേഷം പദ്ധതി തയ്യാറാക്കേണ്ട തായിരുന്നെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന |

| | | | |
|---|---|---|---|
| | | | സമിതി നിർദ്ദേശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നിന്നും ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി 'തിരൂർ നഗരസഭ കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം പരിപാലന കമ്മിറ്റി' എന്ന പേരിൽ 15 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ബൈലാ തയ്യാറാക്കി നഗരസഭ കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ടെങ്കിലും ക്രിമറ്റോറിയം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെടുന്നു. പദ്ധതി എത്രയുംവേഗം പ്രാവർത്തികമാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 86 | തദ്ദേശ സ്വയംഭരണം | കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ 2007-08-ൽ 70 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയെങ്കിലും വ്യക്തമായ ആസൂത്രണത്തിന്റെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കണ്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വൻതുകയ്ക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സാധ്യതാ പഠനം ഒന്നും നടത്തിയിരുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ബാങ്ക് വായ്പയിനത്തിൽ വകയിരുത്തിയിരുന്ന 66 ലക്ഷം രൂപ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടതായി സമിതി കരുതുന്നു. എന്നാൽ ബാങ്ക് വായ്പ എടുത്താൽ തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാത്തതിനാൽ വായ്പ വേണ്ടെന്ന് വയ്ക്കുകയും പിന്നീട് വന്ന ഭരണ സമിതി തനത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ തീരുമാനിച്ചതായും സർക്കാർ മറുപടിയിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. കമ്മ്യൂണിറ്റി ഹാളിന്റെ 90 ശതമാനം പണിയും പൂർത്തീയായെന്നും 31-3-2015-ാം തീയതിക്കുമുമ്പ് നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുമെന്നും യോഗവേളയിൽ ലഭിച്ച ഉറപ്പിന്മേൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല. അതിനാൽ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കമ്മ്യൂണിറ്റിഹാൾ നിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 91 | തദ്ദേശ സ്വയംഭരണം | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത വിവിധ പ്രവൃത്തികൾക്കായി വാങ്ങിയ സിമെന്റ് പൈപ്പുകളുടെ ബിൽ പ്രകാരമുള്ള തുക 31,32,626 രൂപയാണെങ്കിലും പ്രസ്തുത തുകയ്ക്ക് സമാനമായ മൂല്യമുള്ള പൈപ്പുകൾ ബന്ധപ്പെട്ട സ്ഥാപനം ലഭ്യമാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന ഓഡിറ്റിന്റെ നിരീക്ഷണവും സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. കരാറിലേർപ്പെട്ട സ്ഥാപനം 29,03,000 രൂപയുടെ പൈപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളുവെന്നും 23,00,000 രൂപ മാത്രമേ സ്ഥാപനത്തിന് നൽകിയിട്ടുള്ളൂവെന്നും ഫൈനൽ സെറ്റിൽമെന്റ് നടത്തിയിട്ടില്ലെന്നും ഓഡിറ്റ് സമയത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതാണ് പ്രശ്നമായതെന്നുമുള്ള തെളിവെടുപ്പ് വേളയിലെ മറുപടിയെ തുടർന്ന് രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശ പ്രകാരം രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതായി തദ്ദേശസ്വയംഭരണ വകുപ്പോ ഓഡിറ്റ് വകുപ്പോ നാളിതുവരെ അറിയിച്ചിട്ടില്ല. സമിതി നിർദ്ദേശിച്ചതനുസരിച്ച് രേഖകൾ ഹാജരാക്കി റിപ്പോർട്ട് ചെയ്യാത്തത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുകയും അതൃപ്തി |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തുകയും ചെയ്യുന്നു. ആവശ്യമായ രേഖകൾ ഓഡിറ്റിന് സമർപ്പിക്കവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോടും അവ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 94 | തദ്ദേശ സ്വയംഭരണം | മണിച്ചിറ വികസന പദ്ധതിക്കായി 4,30,869 രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലം സർക്കാർ അനുമതി ഇല്ലാതെ ഡി.ടി.പി.സി.-ക്ക് കൈമാറിയതും അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടം ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഇല്ലാതെ പഞ്ചായത്ത് ക്രമവൽക്കരിച്ചതും ടൂറിസം ഡയറക്ടറുടെ പേരിൽ കെട്ടിട നമ്പർ നൽകിയതും ഉചിതമല്ല. പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് പഞ്ചായത്തിന് കെട്ടിടം നിർമ്മിച്ച് പാട്ടത്തിനോ വാടകയ്ക്കോ നൽകാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും പഞ്ചായത്ത് വക സ്ഥലം കെട്ടിടം നിർമ്മിച്ച് വ്യാപാരം നടത്തുന്നതിന് പാട്ടത്തിന് നൽകാൻ വ്യവസ്ഥയില്ലെന്ന ഓഡിറ്റിന്റെ അഭിപ്രായം ഇവിടെ പ്രസക്തമാണെന്ന് സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ, ടൂറിസം വകുപ്പുകൾ തമ്മിലുള്ള ഈ വിഷയത്തിൽ വകുപ്പുതലത്തിൽ യോഗം വിളിച്ചുചേർത്ത് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.**

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ടിലെ വർഷം, ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | കുളക്കട | 2012-13<br>4.1.1 | പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>• സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, ധനസഹായാർഹത പരിശോധിക്കാതെയും, അധികരിച്ച നിരക്കിലും സബ്സിഡി വിതരണം ചെയ്തു.<br>• പദ്ധതി നടപ്പിലാക്കാനുള്ള അടിസ്ഥാന ഘടകങ്ങൾ സൊസൈറ്റിക്കുണ്ടോ എന്ന് വിലയിരുത്താതെ ആനുകൂല്യം നൽകി.<br>• വികസന ഫണ്ടിൽ നിന്നും 5,02,052/- രൂപ ചെലവഴിച്ച പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.<br>ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് വാങ്ങി നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 5,02,052/- രൂപ (ബിൽ നം. 252/10-11/10.08.2010) ചെലവഴിച്ചു. (പ്രോജക്ട് നം. 181/2011) പ്രസ്തുത യൂണിറ്റിന് പേപ്പർ ഗ്ലാസ്സ്, പേപ്പർ പ്ലേറ്റ്, പേപ്പർ ബാഗ് എന്നിവ ഉണ്ടാക്കുന്നതിനുള്ള മെഷീൻ, അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി നൽകിയതിനാണ് തുക ചെലവഴിച്ചത്. ജി.ഒ (എം. എസ്) 183/07/തസ്വഭവ, തീയതി 24.07.2007, ജി. ഒ. (ആർ.ടി) 3246/09/തസ്വഭവ, തീയതി 07.12.2009 എന്നിവ പ്രകാരം സൊസൈറ്റി ആനുകൂല്യത്തിനർഹമാണോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ട് ചെലവിന്റെ 50% മാത്രമേ സബ്സിഡി നൽകാവൂ എന്ന വ്യവസ്ഥയും പാലിക്കാതെ 100% സബ്സിഡി അനുവദിച്ചു നൽകുകയും ചെയ്തു. ഉപകരണങ്ങൾ 31.07.2010 -ൽ പഞ്ചായത്ത് സെക്രട്ടറി സഹകരണ സംഘത്തിന് കൈമാറിയെങ്കിലും ബന്ധപ്പെട്ട കരാർ ചമച്ചിരിക്കുന്നത് 12.08.2010-ൽ മാത്രമാണ്.<br>പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് നിലവിൽ | കുളക്കട ഗ്രാമ പഞ്ചായത്തിന്റെ 2010-11 വാർഷിക പദ്ധതിയിൽ പട്ടിക വിഭാഗ പദ്ധതി ഫണ്ടിൽ നിന്നും 5,02,052/- രൂപ ചെലവാക്കി 1985 മുതൽ പ്രവർത്തിച്ചു വരുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന് പേപ്പർ ഗ്ലാസ്സ്, പേപ്പർ പ്ലേറ്റ്, പേപ്പർ ബാഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങി നൽകിയിരുന്നു. ദുർബലവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം എന്ന നിലയ്ക്കാണ് പഞ്ചായത്ത് പ്രസ്തുത പദ്ധതിയെ സമീപിച്ചിട്ടുള്ളത് ടി പദ്ധതിക്ക് 100% ഉം സബ്സിഡി നൽകിയതായിട്ടുള്ള പരാമർശത്തിന് ഗവൺമെന്റിന്റെ സാധൂകരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കടുത്ത ഭാരമുള്ള യന്ത്രങ്ങൾ ആയതിനാൽ അതിന്റെ പ്രായോഗികത പരിഗണിച്ച് മെഷീനുകൾ പഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കാതെ സപ്ലയർമാർ വഴി നേരിട്ട് സംഘത്തിന് കൈമാറിയിരുന്നു. അതിനെ തുടർന്ന് 12.08.2010 -ൽ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പ്രസ്തുത സഹകരണ സംഘവുമായി കരാറിൽ ഏർപ്പെട്ടിരുന്നതാണ്. സ്വീകരിച്ച യന്ത്രങ്ങളുടെ എണ്ണവും വിശദീകരണങ്ങളും ഉൾപ്പെടെയുള്ള വിവരം ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പ്രവർത്തിക്കുന്നില്ല. 31.07.2010 മുതൽ നാളിതുവരെ കേവലം 650/- രൂപയുടെ വരവ് മാത്രമേ സൊസൈറ്റിക്ക് ഉണ്ടായിട്ടുള്ളൂ. ഇതിൽ നിന്നും സൊസൈറ്റിക്ക് വരുമാന വർദ്ധനവ് എന്ന ലക്ഷ്യം കൈവരിച്ചില്ല. എന്നത് വ്യക്തമാകുന്നു. യന്ത്രോപകരണങ്ങളും അസംസ്കൃത വസ്തുക്കളും സൊസൈറ്റിയിൽ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതായി സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം, തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം, ധനസഹായത്തിനുള്ള അർഹത തുടങ്ങിയ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളൊന്നും വിലയിരുത്താതെ 100% സബ്സിഡിയിൽ ഉപകരണങ്ങൾ വിതരണം ചെയ്തത് നീതികരിക്കാവുന്നതല്ല.<br>21.01.2013 -ലെ കൊല്ലം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ. എഫ്. ക്യൂ. പി ജി./1747/2012-ാം നമ്പർ കത്ത് മുഖേന മേൽ പരാമർശം സമാഹൃത റിപ്പോർട്ടിലേക്ക് ഉൾപ്പെടുത്തുന്ന വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.<br><u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u><br>ശ്രീ. ജോസ്. ജി.,<br>സെക്രട്ടറി,<br>'പൂർണ്ണിമ' പന്തപ്ലാവ് പി.ഒ.,<br>പട്ടാഴി, കൊല്ലം. | പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ച് വരികെ സഹകരണ സംഘത്തിലെ ഭരണപരമായ തർക്കങ്ങൾ മൂലം 15.06.2013 -ൽ കൊട്ടാരക്കര കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) മേൽനോട്ടത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിൽ ആകുകയും ചെയ്തിട്ടുണ്ട്. കുളക്കട ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24.07.2014 -ലെ 7-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി യൂണിറ്റിന്റെ പ്രവർത്തനം പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 സമാഹൃത റിപ്പോർട്ടിൻ മേൽ പരവൂർ നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial Measures Taken Statement)

ഓഡിറ്റ് റിപ്പോർട്ട് 2009-10
ഖണ്ഡിക 3(15)

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| 1 | 2012-13 | 4.1.2 | **റോഡ് പുനർ നിർമ്മാണ നിരക്ക് ഈടാക്കിയതിൽ കുറവ് - നഷ്ടം 1,20,69,104/-**<br>• റോഡ് റെസ്റ്ററേഷൻ ചാർജ്ജിന് വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ചതുമൂലം നഷ്ടം.<br>• അനുവദനീയമായ നിരക്ക് മുനിസിപ്പൽ എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയെങ്കിലും യഥാസമയം കൗൺസിലിന് ബോധ്യപ്പെടുത്തിയില്ല.<br>ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ [illegible] പൈപ്പ് ലൈൻ വലിക്കുന്ന പദ്ധതിക്ക് റോഡ് കുഴിച്ച മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള 12 റോഡുകൾ പുനഃനിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും PWD നിരക്കിൽ തുക ഈടാക്കാതിരുന്നത് മൂലം നഗരസഭയ്ക്ക് 1,20,69,104/- രൂപയുടെ നഷ്ടമുണ്ടായി.<br>മുനിസിപ്പൽ റോഡ് റെസ്റ്ററേഷൻ കാര്യക്ഷമമായി പരിധിയിൽ വരുന്നതല്ല എന്ന് വാട്ടർ അതോറിറ്റിയുടെ 25-08-2008ലെ KWA/JBIC/HQ/M Section/3174/07 vol.II (Part) നം ഉത്തരവ് പ്രകാരം റോഡുകളുടെ പുനർ നിർമ്മാണം യഥാവിധി നടപ്പാക്കിയില്ല. കൂടാതെ വാട്ടർ അതോറിറ്റി ടി പുതലെ മുനിസിപ്പാലിറ്റിയെ ഏൽപ്പിച്ചു $M^2$ ന് 333 രൂപ നിരക്കിൽ റോഡ് റെസ്റ്ററേഷൻ ചാർജ്ജ് നൽകാമെന്ന് വാട്ടർ അതോറിറ്റിയുടെ ഓഫർ 27-07-2009ലെ കൗൺസിൽ യോഗം 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം വാട്ടർ അതോറിറ്റി 2 ഗഡുക്കളായി 1,06,64,510/- രൂപ നൽകി (26,011 എം$^2$ റോഡ് പുനർ സ്ഥാപിക്കുന്നതിന് എം2 ന് 410 രൂപ നിരക്കിലാണ് നൽകിയത്)<br>01-04-2008ലെ PWD ഷെഡ്യൂൾ പ്രകാരം റോഡ് പുനർ നിർമ്മാണത്തിന്റെ നിരക്ക് എം$^2$ ന് 874/- രൂപയാണെന്ന് മുനി. എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയോ, മുനിസിപ്പൽ എഞ്ചിനീയറോ, നഗരസഭ കൗൺസിലിനെ വസ്തുതകൾ ബോധ്യപ്പെടുത്തിയിട്ടില്ല. അക്കാരണത്താൽ വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ച മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം 1,20,69,104/- രൂപയുടെ നഷ്ടത്തിന് ഇടയാക്കി (26,011 x 874 = 2,27,33,614 - 1,06,64,510)<br>മേൽ പരാമർശം റിപ്പോർട്ടിൽ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21.01.2013ലെ എൽ.എഫ്.ക്യു/പി.ജി/1747/2012-13 നമ്പർ കത്തിന് മറുപടി ലഭ്യമാക്കിയില്ല<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥർ<br>1. ശ്രീ.കെ രാജേന്ദ്രൻ പിള്ള, മുനിസിപ്പൽ എഞ്ചിനീയർ, ചൈത്രം, കോട്ടപ്പുറം, പരവൂർ, കൊല്ലം.<br>2. ശ്രീ.ബി.മോഹനൻ നായർ, സെക്രട്ടറി, കൃഷ്ണയിൽ ടി.സി 31/828(1) പള്ളിയിൽ ലെയിൻ, പേട്ട, തിരുവനന്തപുരം | ഓഡിറ്റ് പരാമർശത്തിനു മേൽ ചീഫ് എഞ്ചിനീയർ JBIC അസിസ്റ്റന്റ്, വട്ടർ സപ്ലൈ പ്രോജക്ടിന്റെ പേരിൽ 18-02-11, 11-04-2011, 08-06-2011, 25-06-2013 എന്നീ തീയതികളിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട റോഡ് റസ്റ്ററേഷൻ ചാർജ്ജായ 1,20,69,104/- രൂപ അടിയന്തരമായി അനുവദിക്കണമെന്ന് കാണിച്ച് കത്ത് നൽകുകയും ആയത് നേരിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ മേൽ JBIC, CE യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. ടി തുക ലഭ്യമാക്കുന്നതിനായി JBIC യ്ക്ക് എതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് കൗൺസിലിൽ അജണ്ട സമർപ്പിച്ചിട്ടുണ്ട് ആയത് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 സമാഹൃത ആഡിറ്റ് റിപ്പോർട്ടിൻമേൽ കൊല്ലം കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാരനടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2012-13<br><br>(ഓഡിറ്റ് റിപ്പോർട്ട് 2010–11 ഖണ്ഡിക 3.25) | 4.1.3 | **കലാപരിശീലനം നടത്തിയെന്ന് ഉറപ്പുവരുത്താതെ ഫീസ് നൽകി : 290142/– രൂപയുടെ നഷ്ടം –**<br><br>• പദ്ധതിയിൽ ശാസ്ത്രീയ സംഗീതം, നൃത്തം സംഗീതോപകരണങ്ങൾ, ചിത്രരചന എന്നിവയ്ക്ക് പരിശീലനം നൽകാനുദ്ദേശിച്ചെങ്കിലും സംഗീത പരിശീലനം മാത്രം നടപ്പിലാക്കി.<br>• മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളെ നിശ്ചയിച്ചു.<br>• ദിവസേന നാല് മണിക്കൂർ നൽകാനുള്ള സംഗീത പരിശീലനം എട്ടുമണിക്കൂർ നൽകിയെന്ന രേഖ അവിശ്വസനീയം.<br>• സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് തൊഴിൽ ലഭിക്കുമെന്ന് ഉറപ്പില്ലാത്ത മേഖലയിൽ പരിശീലനം നൽകി.<br>നഗരസഭാ പരിധിയിലെ 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന ദരിദ്രകുടുംബങ്ങളിൽപ്പെട്ട കുട്ടികൾക്ക് കലാരംഗത്ത് മത്സര ശേഷി വികസിപ്പിക്കുന്നതിനും അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനും വേണ്ടി വിവിധ കലാവിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടത്. | കോർപ്പറേഷൻ പരിധിയിലെ 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന ദരിദ്രകുടുംബങ്ങളിൽപ്പെട്ട കുട്ടികൾക്ക് കലാരംഗത്ത് മത്സര ശേഷി വികസിപ്പിക്കുന്നതിനും അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനും വേണ്ടി വിവിധ കലാവിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിനാണ് പ്രോജക്ട് നമ്പർ 30 ആയി 2010–11 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചത്. കൗൺസിൽ മുഖേന അംഗീകരിച്ച റിലവന്റ് സ്കൂൾ ഓഫ് മ്യൂസിക് & മോഡേൺ ടെക്നോളജി, ശാസ്താംകോട്ട എന്ന സ്ഥാപനത്തിന് 199 കുട്ടികൾക്ക് കലാപരിശീലനം നൽകിയതിന് 17.9.2010–ലെ ഡിഡി നമ്പർ 322616 പ്രകാരം 290142/- രൂപ അനുവദിച്ചു നൽകിയിട്ടുള്ളതാണ്. കലാ സാംസ്കാരിക രംഗങ്ങളിൽ പരിശീലനം നൽകുന്നതിലൂടെ നല്ല രീതിയിൽ പുതിയ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് നിറവേറ്റപ്പെടുക. ഇതിനെ തൊഴിൽ ലഭ്യതയുമായി ബന്ധപ്പെടുത്താനാവില്ല.<br>കോർപ്പറേഷന്റെ നിയന്ത്രണത്തിലും ഉടമസ്ഥതയിലുള്ളതുമായ സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ ഉപയോഗിക്കാത്തതും വാടകയ്ക്ക് കൊടുക്കാത്തതുമായ സ്ഥലത്താണ് പരിശീലനാർത്ഥികൾക്കും അവരുടെ രക്ഷാകർത്താക്കൾക്കും എത്തിച്ചേരാനുള്ള ഏകീകൃതസൗകര്യമുള്ള സ്ഥലം എന്ന നിലയ്ക്ക് ടൗൺഹാൾ |

| | | | |
|---|---|---|---|
| | | ശാസ്ത്രീയസംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നീ വിഷയങ്ങളിൽ 200 കുട്ടികൾക്ക് പരിശീലനം നൽകാനായി 2010–11 വർഷം പ്രോജക്ട് നമ്പർ 30 ആയി വികസന ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചു, ക്വട്ടേഷൻ മുഖേന അംഗീകരിച്ച റിലവന്റ് എസ്.സി/എസ്.ടി എ ഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ സൊസൈറ്റി, ശാസ്താംകോട്ട എന്ന സ്ഥാപനത്തിന് 199 കുട്ടികൾക്ക് സംഗീതപരിശീലനം നൽകിയതിന് 2,90,142/– രൂപ നൽകി (ഡിഡിനമ്പർ 322616, തീയതി 17.09.2010).<br><br>200 കുട്ടികൾക്ക് ശാസ്ത്രീയസംഗീതം, നൃത്തം, സംഗീതോപകരണങ്ങൾ, ചിത്രരചന എന്നിവയിൽ ദിവസേന 4 മണിക്കൂർ വീതം 50 ദിവസം കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധി, നാല് സോണൽ ആഫീസ് പരിധി എന്നിവിടങ്ങളിൽ സ്ഥാപനത്തിന്റെ ചുമതലയിൽ കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലനം നൽകാനാണ് വർക്ക് ഓർഡർ നൽകിയത്. 2010 ഏപ്രിൽ 12 മുതൽ മേയ് 31 വരെയുള്ള 50 ദിവസം കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധിയിലുള്ള സി കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ വച്ച് സംഗീത പരിശീലനം നൽകിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടൗൺ ഹാളിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ മേൽ 50 ദിവസങ്ങളിൽ 36 ദിവസവും ടൗൺ ഹാൾ വിവാഹം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആകയാൽ ടി ദിവസങ്ങളിൽ പരിശീലനം നൽകിയിട്ടില്ലെന്ന് വ്യക്തമാണ്. ഏതാനും ദിവസങ്ങളിൽ എട്ട് മണിക്കൂർ പരിശീലനം നൽകിയതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എട്ട് മണിക്കൂർ തുടർച്ചയായി സംഗീത പരിശീലനത്തിൽ കുട്ടികൾ പങ്കെടുത്തു എന്നത് അവിശ്വസനീയമാണ്. | തെരഞ്ഞെടുത്തത്. കോർപ്പറേഷൻ വക ടൗൺഹാളിന്റെ ഒപ്പമുള്ള മുറികളിലും വിവാഹം മുതലായ ചടങ്ങുകൾ കഴിഞ്ഞതിന് ശേഷമുള്ള സമയങ്ങളിൽ ഡൈനിംഗ് ഹാളിലും വച്ചാണ് ടി പ്രോജക്ട് പ്രകാരമുള്ള കലാപരിശീലനം നടത്തിയിട്ടുള്ളത്. എന്നാൽ ടൗൺ ഹാൾ രജിസ്റ്റർ പരിശോധിച്ച് കൊണ്ട് കലാപരിശീലനം നടത്തിയിരുന്ന കാലയളവിൽ ടൗൺഹാളിൽ വിവാഹം ഉൾപ്പെടെയുള്ള പരിപാടികൾ നടന്നിരുന്നതുകൊണ്ട് ഈ കാലയളവിൽ കലാപരിശീലനം നടത്തിയിട്ടില്ലായെന്ന ഓഡിറ്റ് വിഭാഗത്തിന്റെ പരാമർശം ശരിയല്ല.<br><br>ജനകീയാസൂത്രണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കും വിധം രൂപീകൃതമായ മോണിറ്ററിംഗ് സമിതിയുടെ കൃത്യമായ നിരീക്ഷണത്തിലാണ് ടി പരിപാടി നടത്തിയിട്ടുള്ളത്. കോർപ്പറേഷൻ കൗൺസിൽ മുൻകൈയെടുത്ത് സ്വന്തം ഹാളിൽ നടത്തുന്ന കുട്ടികളുടെ കലാപരിശീലന പരിപാടിക്ക് ഹാളിന് വാടക ഈടാക്കുവാൻ കഴിയില്ലെന്ന് മോണിറ്ററിംഗ് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഹാളിന്റെ വാടക ഇനത്തിൽ, കലാപരിശീലനം നടത്തിയ സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും ആനുപാതികമായി നിയമാനുസൃത വാടക ഈടാക്കുന്നതിന് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടില്ല.<br><br>കുട്ടികൾക്കായുള്ള കലാപരിശീലനം തുടർച്ചയായി നടത്തുവാൻ അനുയോജ്യമായ സമയം മധ്യവേനൽ അവധിക്കാലമാണെന്ന് രക്ഷാകർത്താക്കളും സ്കൂൾ അധികൃതരും അറിയിച്ചതിനാലും ഇക്കാര്യം വസ്തുതാപരമായി ശരിയാണെന്ന് മോണിറ്ററിംഗ് സമിതിക്ക് ബോധ്യപ്പെട്ടതിനാലുമാണ് കലാപരിശീലനം ഫെബ്രുവരി, മാർച്ച് മാസങ്ങൾക്ക് പകരം ഏപ്രിൽ, മേയ് മാസങ്ങളിലേയ്ക്ക് മാറ്റിയത് |

| | | | |
|---|---|---|---|
| | | 24.07.2007-ലെ ജി.ഒ(എം.എസ്) 183./07/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ, തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലയിൽ മാത്രമായി പരിശീലന പരിപാടികൾ പരിമിതപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംഗീത പരിശീലന പരിപാടി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയിരിക്കുന്നു.<br><br>പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവായ ജി.ഒ(പി)220/97/തസ്വഭവ തീയതി 02.10.1997-ൽ നിഷ്കർഷിക്കുന്ന പ്രകാരമല്ല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയത്. നഗരസഭാ പരിധിയിലെ സ്ക്കൂളിൽ നിന്ന് ബി പി എൽ ലിസ്റ്റിൽപ്പെട്ട അർഹരായ കുട്ടികളെ പ്രധാന അദ്ധ്യാപകൻ, പിടി എ പ്രസിഡന്റ് എന്നിവരുടെ യോഗം കൂടി തെരഞ്ഞെടുത്ത് കൗൺസിൽ അംഗീകാരത്തോടെ പരിശീലനം നൽകാനുദ്ദേശിച്ചതെങ്കിലും ഈ നടപടികളൊന്നും പാലിക്കാതെയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടുമില്ല.<br>ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡം പാലിക്കാതെയും,. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും പരിശീലന പരിപാടിയുടെ ആധികാരികത പരിശോധിക്കാതെയും ചെലവഴിച്ച 2,90,142/- രൂപ നിർവ്വഹണ ഉദ്യോഗ | ടി കലാപരിശീലനം തൊഴിലധിഷ്ഠിതമെന്ന നിലയ്ക്കല്ല, മറിച്ച് കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, അവർക്ക് പാഠ്യേതര കാര്യങ്ങളിലും അതുവഴി വ്യക്തിത്വ വികസനത്തിനും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് തന്നെ എടുക്കുന്ന നടപടികൾ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതാണ്. അത്തരം ഒരു പ്രവർത്തി വിജയകരമാക്കുന്നതിന് വേണ്ടിയാണ് 1000 കുട്ടികളെ തെരഞ്ഞെടുക്കുവാൻ 4 ലക്ഷം രൂപ വകയിരുത്തിയത്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് ബി.പി.എൽ കുടുംബങ്ങളായി പരിമിതപ്പെടുത്തിയാൽ വിദ്യാർത്ഥികളെ വിവേചനത്തോടെ ഒഴിവാക്കാതിരിക്കാനാണ് മോണിറ്ററിംഗ് കമ്മറ്റി മുൻകൈയെടുത്ത് കൗൺസിലിന്റെ അനുമതിയോടെ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപപ്പെടുത്തിയത്. ഓരോ ഡിവിഷനിൽ നിന്നും കൗൺസിലർ സമർപ്പിച്ച ലിസ്റ്റ് ഏകീകരിച്ച് 200-ൽ താഴെ വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്കായുള്ള പരിശീലന പരിപാടി സംഘടിപ്പിക്കാൻ സാധിച്ചത് കുട്ടികളുടെ കഴിവുകൾ എത്രത്തോളം പ്രയോജനപ്പെടുത്താൻ പറ്റിയെന്നും, പരിശീലന പരിപാടി കുട്ടികൾക്ക് നേട്ടമുണ്ടാക്കിയോ എന്നും വിലയിരുത്തിയത് ഒരു വിദഗ്ദ്ധ സമിതിയാണ് ടി കലാപരിപാടി തൃപ്തികരമായി പൂർത്തിയാക്കിയതായി ടി വിദഗ്ദ്ധ സമിതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>വിദഗ്ദ്ധ സമിതി അംഗങ്ങളുടെ പേര് വിവരം -<br>1. ശ്രീ എസ് അനിൽ, ശ്രുതി, വടക്കേവിള, കൊല്ലം<br>2. ശ്രീ എം. ദേവരാജൻ, ഹരിശ്രീ, വടക്കേവിള. കൊല്ലം<br>3. ശ്രീ കെ എസ് സജിത്, സാല്യൂട്ടറി, കുന്നയിൽ, പരവൂർ<br>ടി വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണവും പരിശോധനയും ഈ പ്രോജക്ടിന്റെ എല്ലാ ഘട്ടത്തിലും ഉണ്ടായിട്ടുള്ളതാണ്. കൂടാതെ |

| | | | | |
|---|---|---|---|---|
| | | | സ്ഥാനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പ്ലാൻ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്. 18.04.2013-ലെ എൻ.എഫ്.ക്യു.എം5-169/13-ാം നമ്പർ കത്ത് പ്രകാരം മേൽ ഖണ്ഡിക സമാഹൃതഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് പരിഗണിക്കുന്ന വിവരം നഗരസഭാധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ –<br>ശ്രീ റ്റി സന്തോഷ് സെക്രട്ടറി<br>കൊല്ലം നഗരസഭ<br>( അഴകത്ത്, തെക്കേവിള, കൊല്ലം 16) | കോർപ്പറേഷൻ കൗൺസിൽ നിയോഗിച്ച മോണിറ്ററിംഗ് സമിതി അംഗങ്ങൾ കലാപരിശീലനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരിശോധന നടത്തുകയും, വിദഗ്ദ്ധ സമിതി ഫലപ്രദവും തൃപ്തികരമായ രീതിയിൽ പരിശീലനം പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിലാണ് മോണിറ്ററിംഗ് സമിതി തുക അനുവദിച്ച് നൽകുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത്.<br>കൗൺസിൽ നയോഗിച്ച അംഗങ്ങൾ<br>1. ശ്രീ ഒ രാജേഷ്<br>2. ശ്രീമതി ലളിതാംബിക ബാബു<br>3. ശ്രീമതി ജയശ്രീ ആനന്ദബാബു<br>4. ശ്രീ കെ പി സജി നാഥ്<br>5. ശ്രീമതി ഐഷാ മോഹൻലാൽ<br>6. ശ്രീ . ജെ ബാലകൃഷ്ണപിള്ള<br><br>ഈ പദ്ധതി ജില്ലാതല വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കും ഡി പി സിയുടെ അംഗീകാരത്തിനും ശേഷം സ്റ്റേറ്റ് പ്ലാനിംഗ്ബോർഡിന്റെ സംസ്ഥാന തല ടെക്നിക്കൽ അഡൈ്വസറി ഗ്രൂപ്പിന്റെ അംഗീകാരവും വാങ്ങിയശേഷമാണ് ക്വട്ടേഷൻ ക്ഷണിച്ചതും ,തുടർനടപടികൾ വിദഗ്ദ്ധ സമിതിയുടെയും മോണിറ്ററിംഗ് സമിതിയുടേയും ശുപാർശയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയതും.<br>എല്ലാ അംഗീകാരങ്ങൾക്കും ശേഷം നിർവ്വഹണത്തിനായി 2009–10 വർഷത്തിലെ സ്പിൽ ഓവർ അംഗീകാരത്തിന് ശേഷം നടപടികൾ പൂർത്തിയാക്കിയപ്പോൾ കാലതാമസം ഉണ്ടായിയെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാനമായ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കുട്ടികളുടെ പരീക്ഷകാലമായതിനാലും, ഏപ്രിൽ മെയ് മാസങ്ങൾ മധ്യവേനൽ അവധിക്കാലമായതിനാലും കുട്ടികൾക്കും |

| | | | |
|---|---|---|---|
| | | | പരിശീലകർക്കും, രക്ഷിതാക്കൾക്കും സൗകര്യപ്രദമായ സമയമായതുകൊണ്ടാണ് പദ്ധതി നിർവ്വഹണം 2010 ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തിയത് കൂടാതെ അധ്യയനവർഷം 2010 ജൂണിൽ തുടങ്ങുന്നതിന് മുൻപ് കലാപരിശീലനം പൂർത്തീകരിക്കാതെ വന്നാൽ ആയത് അദ്ധ്യയനവർഷത്തെ ദോഷകരമായി ബാധിക്കുമെന്ന വസ്തുതയും കണക്കാക്കിയിരുന്നു . ഇക്കാരണത്താലാണ് പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടായത് എന്ന വസ്തുത ബോധ്യപ്പെടുത്തുന്നു. ടി പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ശാസ്ത്രീയ സംഗീതം, നൃത്തം, ഉപകരണ സംഗീതം . ചിത്രരചന എന്നീ ഇനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. മറിച്ച് സംഗീത പരിശീലനം മാത്രം നൽകിയെന്ന ഓഡിറ്റ് പരാമർശം ശരിയല്ല. കൊല്ലം കോർപ്പറേഷന്റെ 16.3.2009-ലെ 22-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുള്ളതാണ്. 22.05.2010 മുതൽ 31.05.2010 വരെയുള്ള 10 ദിവസങ്ങളിൽ 8 മണിക്കൂർ വീതവും, ഏപ്രിൽ 12 മുതൽ മേയ് 21 വരെയുള്ള 40 ദിവസം 4 മണിക്കൂർ വീതവും ഉൾപ്പെടെ 240 മണിക്കൂർ പരിശീലന പരിപാടി നടന്നിട്ടുള്ളതാണ് പരിശീലനത്തിന്റെ അവസാന ഘട്ടത്തിൽ (മേയ് 22 മുതൽ 31 വരെ) പരിശീലനഫലം ഓരോ കുട്ടിയിലും വിലയിരുത്തുന്നതിന് വേണ്ടിയാണ് 8 മണിക്കൂർ വേണ്ടി വന്നത്. കുറഞ്ഞത് ഒരു പകലോളം ഗുരുവിന്റെ സാന്നിദ്ധ്യം അനിവാര്യമായിരുന്നു. ആയതിനാൽ കൗൺസിൽ നിയോഗിച്ച ഉദ്യോഗസ്ഥന്റെയും മോണിറ്ററിംഗ് സമിതി, വിദഗ്ദ്ധ സമിതി എന്നിവരുടെ ശുപാർശയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ടി കലാപരിശീലനത്തിന് തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കോർപ്പറേഷൻ സെക്രട്ടറി അനുവദിച്ച് നൽകിയത് നാലു മണിക്കൂർ വീതം 50 ദിവസം എന്ന പ്രോജക്ട് നിർദ്ദേശം നിലനിൽക്കെ 50 ദിവസം മാത്രം പരിശീലനം നൽകുകയും ഇതിൽ 10 ദിവസം 8 മണിക്കൂർ വീതം |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുകയും ചെയ്തെങ്കിലും പരിശീലനം നടന്ന 50 ദിവസം 4 മണിക്കൂർ വീതം കണക്കാക്കി മാത്രമേ തുക നൽകിയിട്ടുള്ളൂ. നഗരകാര്യ ഡയറക്ടറുടെ 26.4.2014-ലെ എഫ്.2/6176/2014-ാം നമ്പർ കത്തിൽ ടി കലാപരിശീലനത്തിന് തുക അനുവദിച്ച് നൽകിയതിന് ഉത്തരവാദിയായ അന്നത്തെ കോർപ്പറേഷൻ സെക്രട്ടറി ശ്രീ റ്റി സന്തോഷിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയ 290142/- രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്ക് വരുത്തി വിവരം റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം കോർപ്പറേഷൻ സെക്രട്ടറി 31.05.2014-ൽ എ2.15623/2014-ാം നമ്പർ പ്രകാരം കത്തയച്ചതിൽ ടിയാൻ സമർപ്പിച്ച മറുപടി തുടർ നടപടികൾക്കും നിർദ്ദേശത്തിനുമായി നഗരകാര്യ ഡയറക്ടർക്ക് 21.06.2014-ൽ എ2.15623/2014-ാം നമ്പരായി അയച്ച് നൽകിയിട്ടുള്ളതാണ്. ടി മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആഡിറ്റ് തടസ്സം നേരിടുന്ന കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ റ്റി സന്തോഷിന്റെ ഭാഗം കൂടി നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |

Regd with A/D

3491-A/14

19/6

[illegible]

കോർപ്പറേഷൻ [illegible]

To.

കോർപ്പറേഷൻ സെക്രട്ടറി

കൊച്ചി.

സർ,

വിഷയം : 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 4-1.3 - മറുപടി സംബന്ധിച്ച്.

സൂചന : 13.6.14 ലെ താങ്കളുടെ A2/15623/14 നമ്പർ കത്ത്.

[illegible] 2/6167 [illegible] കോർപ്പറേഷന്റെ 2010-11 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.25 ന്റെ പകർപ്പും [illegible]. [illegible] ഓഡിറ്റ് ഖണ്ഡികയുടെ മറുപടി [illegible].

2010 [illegible] കോർപ്പറേഷൻ [illegible] 31.3.2011 ൽ [illegible]

[illegible]

റിപ്പോർട്ട് രേഖകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത
ഇവരെ ഒഴിവാക്കിയിട്ടുണ്ട്.

കൗൺസിൽ യോഗത്തിൽ ചർച്ചചെയ്ത

ശേഷം ഈ ഉദ്യോഗസ്ഥന്റെയും, മേൽ
നടപടികൾ നിയമാനുസൃതമായി കൈക്കൊള്ളും
റിപ്പോർട്ട് മേൽ നടപടിക്ക് കൗൺസിൽ അംഗീകരി
ച്ചത് പരിഗണിച്ചാണ് നിയമവകുപ്പ് വിഭാഗം തയ്യാറാക്കി
ഹാജരാക്കിയ പ്രസ്തുത റിപ്പോർട്ട് കൗൺസിലിൽ
നൽകി അംഗീകരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ
തന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ള വീഴ്ചകൾ പരി-
-ശോധിക്കാതെ ആരോപിച്ചിട്ടുള്ളത് കാണേണ്ടതാണ്.

31.3.2011ൽ സർവ്വീസിൽ നിന്ന്
വിരമിച്ച ശേഷം തനിക്കെതിരെ ഇപ്രകാരം കാലതാമസത്തിന്
ശേഷം (തന്റെ വിശദീകരണം കേൾക്കാതെ)
ഒരു വസ്തുതാന്വേഷണം നടത്തി റിപ്പോർട്ട്
തയ്യാറാക്കിയ ഉത്തരവ് നിയമവിരുദ്ധമാണ്
സർവ്വീസിൽ നിന്ന്
വിരമിച്ച ശേഷം തനിക്കെതിരെ നടപടി
എടുക്കുന്നതിന് പെൻഷൻ റൂൾസ് അനുവദിക്കുന്നില്ല
കാലതാമസം വന്നിട്ടുള്ളത് തന്റെ വീഴ്ചയല്ല
എന്നും ഒരു പെൻഷൻകാരൻ എന്ന നിലയിൽ
ശിക്ഷിക്കപ്പെടുന്നത് നീതീകരിക്കാനാവില്ല എന്നും

അറിയിക്കുന്നു.

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

വിശ്വസ്തതയോടെ

T. Santhosh

Kollam.
17.6.14

(Corporation Secretary (Rtd)
Azhakatti
Thekkevila,
Kollam - 691016.

2012-13 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക 4.2.1 ൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടി റിപ്പോർട്ട്.

| ഖണ്ഡിക നം. | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|
| 4.2.1 | **ക്രമാതീതമായ ഫണ്ട് വിനിയോഗം 2.95 കോടി രൂപ ചെലവഴിച്ച സമഗ്ര മധുരം തേൻ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.**<br>**ജില്ലാ പഞ്ചായത്ത്**<br>പത്തനംതിട്ട ജില്ലയിലെ 54 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 10,000 സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രതി വർഷം 20 ലക്ഷം കിലോ ഗ്രാം തേൻ ഉല്പാദിപ്പിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി മധുരം തേൻ പദ്ധതിക്ക് (പ്രതീക്ഷിത ചെലവ് 36.27 കോടി) ജില്ലാ പഞ്ചായത്ത് അംഗീകാരം നൽകി. 2007-08-ൽ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതി 2009-10-ഓടു കൂടി പൂർണ്ണമായും നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടത്. ഉത്പാദിപ്പിക്കുന്ന തേൻ അതേപടി തേനായും (5 ലക്ഷം കിലോ ഗ്രാം.) മൂല്യ വർദ്ധിത ഉല്പന്നങ്ങളായും (15 ലക്ഷം കിലോ ഗ്രാം) | |

വിപണനം നടത്തേണ്ടിയിരുന്നു. 2007 സെപ്റ്റംബറിൽ ഭരണാനുമതിയും 2007 ഡിസംബറിൽ സാങ്കേതിക അനുമതിയും ജില്ലാ ആസൂത്രണ സമിതി അംഗീകാരവും പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്.

പദ്ധതിയുടെ വിഭവ സ്രോതസ്സ് താഴെ പറയും പ്രകാരമാണ്.

| ഇനം | തുക (കോടിയിൽ) |
|---|---|
| 1. ജില്ലാ പഞ്ചായത്ത് | 1.32 |
| 2. സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | 13.00 |
| 3. ബാങ്കുകൾ | 16.40 |
| 4. നബാർഡ് | 2.09 |
| 5. ഗ്രാമ പഞ്ചായത്തുകൾ | 1.99 |
| 6. ബ്ലോക്ക് പഞ്ചായത്തുകൾ | 0.42 |
| 7. ഗുണഭോക്തൃ വിഹിതം | 1.05 |
| **ആകെ** | **36.27** |

പദ്ധതിക്ക് കീഴിൽ ഓരോ ആക്ടിവിറ്റി ഗ്രൂപ്പിനും തേനുല്പാദിപ്പിക്കുന്നതിനായി 200 തേനീച്ച കൂടുകളും അനുബന്ധ സാമഗ്രികളും (പ്രതീക്ഷിത ചെലവ് 2.50 ലക്ഷം രൂപ) വിതരണം ചെയ്യണം. ഇവയുടെ ചെലവ് ബാങ്ക് വായ്പയിലൂടെ ഗുണഭോക്താക്കൾ വഹിക്കണം. 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് 25 കോടി രൂപ

വായ്പയെടുക്കുമ്പോൾ 10 കോടി രൂപ കുടുംബശ്രീമിഷനും, ഒരു കോടി ഗ്രാമ പഞ്ചായത്ത് വിഹിതവും ബാക്ക്എന്റ് സബ്സിഡിയായി നൽകാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ബാങ്ക് വായ്പ ക്രമപ്പെടുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ബാങ്കുകൾക്ക് സബ്സിഡി തുക നൽകണം.

ബ്ലോക്ക് തലത്തിൽ മേൽ സംസ്കരണ കേന്ദ്രത്തിലേക്ക് പ്ലാന്റും മെഷിനറിയും വാങ്ങുന്നതിന് ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനുമായി ഗ്രാമ പഞ്ചായത്തുകൾക്ക് 2009-10 വരെ 1,07,86,265/- രൂപയും ബ്ലോക്ക് തല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് 29,07,054/- രൂപയും ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | വിശദാംശം | തുക |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | ആക്ടിവിറ്റി ഗ്രൂപ്പുകൾക്കുള്ള സബ്സിഡി | 2330000 |
| ഗ്രാമ -ബ്ലോക്ക് പഞ്ചായത്തുകൾ | ബ്ലോക്ക്തലത്തിൽ ബോട്ടിലിംഗ് പ്ലാന്റ് | 4618120 |

| | | |
|---|---|---|
| സ്റ്റേറ്റ് കുടുംബശ്രീ മിഷൻ | ആക്ടിവിറ്റി ഗ്രൂപ്പുകൾക്കുള്ള സബ്സിഡി, | |
| | പരിശീലനം മറ്റ് ചെലവുകൾ | 23500000 |
| ആകെ | | **30448120** |

ബാക്ക് എൻഡ് സബ്സിഡിയായി ആകെ 2,30,00,000/- രൂപ വിവിധ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാക്ക് എൻഡ് സബ്സിഡി, ഗ്രൂപ്പുകൾക്ക് പരിശീലനം, റിവോൾവിംഗ് ഫണ്ട് എന്നീ ഇനങ്ങളിൽ 215 ആക്ടിവിറ്റി ഗ്രൂപ്പുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ ആകെ 2,94,89,029/- രൂപ ചെലവഴിച്ചെങ്കിലും തേനിന്റെ വിളവെടുപ്പിലുണ്ടായ കുറവ് മൂലം പദ്ധതി വിഭാവനം ചെയ്ത അയാർക്ക് തേനും തേനുൽപ്പന്നങ്ങളും വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിപണിയിൽ എത്തിക്കാൻ കഴിയാത്തതിനാൽ പദ്ധതി ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞില്ല. 2009-10 വരെ 26 ഗ്രാമ പഞ്ചായത്തുകളിലായി 215 ആക്ടിവിറ്റി ഗ്രൂപ്പുകൾ സ്ഥാപിക്കുകയും ഓരോ ഗ്രൂപ്പിനും 200 തേനീച്ചപ്പെട്ടിയും അനുബന്ധ ഉപകരണങ്ങളും എന്ന കണക്കിൽ 43000 തേനീച്ച കൂടുകൾ നൽകേണ്ടതിന് പകരം

| | | |
|---|---|---|
| | 2010-11 വരെയും 35765 പെട്ടികൾ മാത്രമാണ് ഹോർട്ടികോർപ്പ് ലഭ്യമാക്കിയിട്ടുള്ളത്.<br>54 ഗ്രാമ പഞ്ചായത്തുകളിൽ 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾ സ്ഥാപിക്കണമായിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥന് 26 ഗ്രാമ പഞ്ചായത്തുകളിലായി 215 ആക്ടിവിറ്റി ഗ്രൂപ്പുകൾ മാത്രമേ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം ലഭ്യമല്ല എന്ന കാരണത്താൽ പദ്ധതിയുടെ ഭാഗമായ അഗ്മാർക്ക് ലാബ്, സംസ്കരണ പ്ലാന്റ്, ബോട്ടിലിംഗ് യൂണിറ്റ്, ജില്ലാ ഉല്പാദന യൂണിറ്റ് എന്നിവ ആരംഭിച്ചിട്ടില്ല. 215 ആക്ടിവിറ്റി ഗ്രൂപ്പുകൾ നിലനിർത്തി പദ്ധതി അടങ്കൽ 7 കോടി രൂപയായി പരിമിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു തീരുമാനം കുടുംബശ്രീമിഷൻ സ്വീകരിച്ചത്. ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ ഉപയോഗിക്കാത്ത തുക (1.15 കോടി രൂപ) ജില്ലാ പഞ്ചായത്ത് അതാത് സ്ഥാപനങ്ങൾക്ക് 2011 മാർച്ചിൽ തിരിച്ചു നൽകി. | |

| | | |
|---|---|---|
| | തേനീച്ചക്കൂടിന്റെ വിലയായി ഹോർട്ടികോർപ്പിന് നൽകിയ 2,78,15,608/- രൂപയും ഗ്രൂപ്പുകൾ ബാങ്കിൽ നിന്നും വായ്പയായി എടുത്ത 37,80,000/- രൂപയും ഉൾപ്പെടെ 3,15,95,608/- രൂപ മാത്രമാണ് ഗ്രൂപ്പുകൾക്ക് വായ്പയായി നൽകിയത്. ബാക്ക് എന്റ് സബ്സിഡിയായി നൽകേണ്ടിയിരുന്നത് 1,39,02,067/- രൂപയാണ്. എന്നാൽ ബാങ്കുകൾക്ക് നൽകിയത് 2,30,00,000/- രൂപയാണ്. | ഗ്രൂപ്പുകൾക്ക് വായ്പയായി ബാങ്ക് വിതരണം ചെയ്ത തുകയാണ് 3,15,95,608/- രൂപ. ലോണായി അനുവദിച്ച തുകയ്ക്ക് ആനുപാതികമായാണ് 2,30,00,000/- രൂപ സബ്സിഡി ബാങ്കിന് നൽകിയത്. മുഴുവൻ വായ്പ തുകയും വിതരണം ചെയ്തു കഴിയുമ്പോൾ മാത്രമേ ആനുപാതിക സബ്സിഡിക്ക് ഗുണഭോക്താവിന് അർഹതയുണ്ടാവുകയുള്ളൂ. കൂടാതെ കുടുംബശ്രീയും ഹോർട്ടികോർപ്പും തമ്മിലുള്ള ധാരണാ പ്രകാരം ആക്ടിവിറ്റി ഗ്രൂപ്പുകൾ നേരിട്ടാണ് ഉല്പാദന ഉപാധികൾ വാങ്ങിയിട്ടുള്ളത്. കൂടാതെ ഹോർട്ടി കോർപ്പ് പെട്ടികൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തിയതു മൂലം ഗുണഭോക്താക്കൾ നേരിട്ടും തേനീച്ച പെട്ടികൾ വാങ്ങിയിട്ടുണ്ട്. ബാങ്കിൽ നിന്നും വായ്പ അനുമതി നൽകിയതിനെ അടിസ്ഥാനമാക്കിയാണ് സബ്സിഡി നൽകിയിട്ടുള്ളത്. എന്നാൽ പ്രൊജക്ടിൽ നിർദ്ദേശിച്ച തുക പൂർണ്ണമായും ഉപയോഗപ്പെടുത്താതിരുന്നതു കൊണ്ടു |

| | | |
|---|---|---|
| | | മാത്രമാണ് സബ്സിഡി ബാങ്കുകളിൽ അധികരിച്ചു നിൽക്കാൻ ഇടയായത്. അല്ലാതെ സബ്സിഡി ബാങ്കുകൾക്ക് അധികരിച്ചു നൽകിയിട്ടില്ല. ബാങ്കുകളുടെ കൈവശമുള്ള അധികരിച്ച തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി തുടർന്ന് വരികയാണ്. |
| 2 | ബാക്ക് എന്റ് സബ്സിഡി മുൻകൂറായി നൽകിയത് ക്രമ വിരുദ്ധമാണ്. | കുടുംബശ്രീ റൂറൽ മൈക്രോ എന്റർ പ്രൈസസ് മാനദണ്ഡം അനുസരിച്ച് ബാങ്കിൽ നിന്നും ലോൺ അനുമതി ലഭിച്ചുകഴിഞ്ഞാൽ പദ്ധതിയിൽ നിഷ്കർഷിച്ച സബ്സിഡി ബാങ്കുകൾക്ക് ബാക്ക് എന്റ് സബ്സിഡിയായി മുൻകൂർ നൽകണമെന്നാണ് നിബന്ധന. ഇത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വേച്ഛാപരമായല്ല നടപടി കൈക്കൊണ്ടത്. കുടുംബശ്രീ നടപടി ക്രമം നടപ്പാക്കുക മാത്രമാണ് ചെയ്തത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കെ.എസ്.ഡി/387/2003 തീയതി 03.05.2004 ലെ സർക്കുലറിൽ ബാക്ക് എന്റ് സബ്സിഡി മുൻകൂറായി നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീ മിഷൻ സബ്സിഡി നൽകുന്നത് ഈ രീതിയിലാണ്. ആയതിനാൽ ബാക്ക് എന്റ് സബ്സിഡി മുൻകൂറായി നൽകിയത് ക്രമവിരുദ്ധമല്ല. |
| 3 | ഗ്രൂപ്പുകൾ എല്ലാം തന്നെ ഇപ്പോൾ ജപ്തി നടപടികൾ നേരിടുകയാണ്. നാമമാത്രമായ തുക മാത്രമാണ് ഗ്രൂപ്പുകൾ തിരിച്ചടച്ചിട്ടുള്ളത്. | ആക്ടിവിറ്റി ഗ്രൂപ്പുകളുടെ വായ്പ തിരിച്ചടവിൽ ക്രമാതീതമായ വർദ്ധനവ് വന്നിട്ടുണ്ട്. 26 പഞ്ചായത്തുകളിലായി 210 ആക്ടിവിറ്റി ഗ്രൂപ്പുകളിൽ 81 ഗ്രൂപ്പുകൾ വായ്പ പൂർണ്ണമായും തിരിച്ചടക്കുകയും ബാക്കിയുള്ളവ തിരിച്ചടവിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. അധികരിച്ച് നിന്നിരുന്ന സബ്സിഡി തുക ബാങ്കുകൾ ഘട്ടം ഘട്ടമായി ജില്ലാ മിഷനിലേക്ക് തിരികെ |

| | | |
|---|---|---|
| | | നൽകിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ഗ്രൂപ്പുകളെല്ലാം തന്നെ ജപ്തി നടപടികൾ നേരിടുകയാണെന്നും, നാമമാത്രമായ തുക മാത്രമാണ് ഗ്രൂപ്പുകൾ തിരിച്ചടച്ചിട്ടുള്ളതെന്നുമുള്ള ആരോപണം ശരിയല്ല. |
| 4 | രണ്ടാം ഘട്ടമായ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കുടുംബശ്രീ മിഷന് കഴിഞ്ഞിട്ടില്ല. | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കുടുംബശ്രീ ജില്ലാമിഷൻ മുഖേന നടപ്പിലാക്കിയ സമഗ്ര മധുരം തേനുൽപാദന പദ്ധതിയിൽ ഒന്നാം ഘട്ടമായി 26 പഞ്ചായത്തുകളിലായി 215 ഗ്രൂപ്പുകൾ തുടങ്ങി. എന്നാൽ ഈ ഗ്രൂപ്പുകൾ തുടങ്ങിയപ്പോൾ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നതിനാലാണ് ബാക്കി ഗ്രൂപ്പുകൾ തുടങ്ങാൻ സാധിക്കാതെ വന്നത്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം മൂലം തേനീച്ച കർഷകർക്ക് കൂടുതൽ തേൻ ലഭിക്കാതെ വന്നു. 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾ തുടങ്ങുമ്പോഴാണ് അവർക്ക് ലാബ്, പ്രോസസ്സിംഗ് പ്ലാന്റ്, ബോട്ടിലിംഗ് പ്ലാന്റ് എന്നിവ തുടങ്ങുന്നതിന് ലക്ഷ്യമിട്ടത്. എന്നാൽ 215 ഗ്രൂപ്പ് തുടങ്ങിയപ്പോൾ ലഭ്യമായ തേനിന്റെ ലഭ്യത കുറവും കൂടുതൽ യൂണിറ്റുകൾ തുടങ്ങാത്തതും ാകൊണ്ടാണ് ടി പ്ലാന്റുകൾ സ്ഥാപിക്കാതിരുന്നത്. |
| 5 | ബാങ്ക് വായ്പയിനത്തിൽ കണ്ടെത്തേണ്ടിയിരുന്ന 16.40 കോടി രൂപ പ്രൊജക്ട് നടത്തിപ്പിനായി വിനിയോഗിച്ചില്ല. | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കുടുംബശ്രീ ജില്ലാമിഷൻ മുഖേന ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര മധുരം തേനുൽപാദന പദ്ധതി. ജില്ലയിൽ 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾ തുടങ്ങുകയായിരുന്നു ഈ പദ്ധതിയുടെ പ്രാരംഭ ലക്ഷ്യം. പദ്ധതിയുടെ ആദ്യ |

| | | |
|---|---|---|
| | | ഘട്ടത്തിൽ 300 ആക്ടിവിറ്റി ഗ്രൂപ്പുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.01.2008-ലെ കെ.എസ്./എ1/5396/07 നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിരുന്നു. ഇതനുസരിച്ച് ആദ്യ ഘട്ടത്തിൽ 26 പഞ്ചായത്തുകളിലായി 215 ആക്ടിവിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചു. കൂടുതൽ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിന് ശ്രമിച്ചെങ്കിലും വിവിധങ്ങളായ തടസ്സങ്ങളും, പ്രതിസന്ധികളും നേരിട്ടതിനാൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം മുന്നോട്ട് പോയില്ല. കൂടാതെ പദ്ധതി അടങ്കൽ തുക 7 കോടിയായി പരിമിതപ്പെടുത്തിയതു മൂലവും കൂടുതൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത് അസാധ്യമായി. 1000 ഗ്രൂപ്പുകൾ തുടങ്ങുമ്പോൾ മാത്രമാണ് ബാങ്കുകളിൽ നിന്നും വായ്പയായി 16.40 കോടി രൂപ എടുക്കേണ്ടിയിരുന്നത്. എന്നാൽ 215 ഗ്രൂപ്പുകൾ രൂപീകരിച്ചതിനാൽ ആനുപാതികമായ തുക മാത്രമാണ് വായ്പായിനത്തിൽ എടുത്തത്. അതുകൊണ്ടാണ് കണ്ടെത്തേണ്ടിയിരുന്ന തുക പൂർണ്ണമായും വിനിയോഗിക്കാതിരുന്നത്. |

പ്രേക്ഷിതൻ

സി. രാമചന്ദ്രൻ പിള്ള
ശ്രീ കാർത്തിക
പട്ടാഴി പി. ഒ
കൊല്ലം ജില്ല – 691 522

സ്വീകർത്താവ്

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ
പത്തനംതിട്ട

സർ,

വിഷയം : മധുരം തേനുല്പാദന പദ്ധതി-സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13- മറുപടി സംബന്ധിച്ച്.

പത്തനംതിട്ട ജില്ലയിൽ കുടുംബശ്രീയും ജില്ലാ പഞ്ചായത്തും ചേർന്ന് നടപ്പിലാക്കിയ മധുരം തേനുല്പാദന പദ്ധതിയുടെ ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദമായ മറുപടി, രേഖകൾ സഹിതം ഞാൻ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ 2012-13 ലെ സമാഹൃത റിപ്പോർട്ടിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ എന്റെ പേരും ഉൾപ്പെട്ടതിനാലാണ് ഈ മറുപടി.

1. ലോക്കൽഫണ്ട് തയ്യാറാക്കിയ റിപ്പോർട്ടിൽ കണക്കുകൾ അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതും മുഴുവൻ രേഖകളും പരിശോധിക്കാതെയുമാണ്. 2015 കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകൾ അനുവദിച്ച വായ്പ 48499000/- രൂപയാണ്. ഇതു സംബന്ധിച്ച ഒരു പരാമർശവും റിപ്പോർട്ടിലില്ല. വായ്പ അനുവദിച്ചുകൊണ്ടുള്ള ബാങ്കുകളുടെ രേഖാമൂലമുള്ള ആവശ്യപ്രകാരമാണ് ഗ്രാമപഞ്ചായത്ത് വിഹിതമായ 21.5 ലക്ഷം രൂപയും കുടുംബശ്രീ വിഹിതമായ 20850000/- രൂപയും ബാക്ക് എന്റെ സബ്സിഡിയായി അനുവദിച്ചത്

ലോക്കൽഫണ്ട് റിപ്പോർട്ടിൽ സബ്സിഡി 44 ശതമാനമായി നിശ്ചയിച്ചത് ന്യായീകരിക്കാനാകില്ല. ഓരോ ആക്ടിവിറ്റി ഗ്രൂപ്പിനും ഗ്രാമപഞ്ചായത്ത വിഹിതമായ പതിനായിരം രൂപയും കുടുംബശ്രീ വിഹിതമായ 50 ശതമാനത്തിനുവിധേയമായി ഒരു ലക്ഷം രൂപയ്ക്കും അർഹതയുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളതും വനിതകളുമായ ദുർബല വിഭാഗങ്ങൾക്ക് അനുവദിച്ച അർഹമായ സബ്സിഡി നിഷേധിക്കാൻ ശ്രമിക്കുന്നത് ദുഃഖകരമാണ്. സബ്സിഡി തുക അനുവദിച്ചത് ഉത്തമ ബോധ്യത്തോടും അതതു ഡിപ്പാർട്ടുമെന്റ്കളുടെ സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ചുമാണ്. ഇത് ക്രമപ്രകാരമാണ്.

2. ബാക്ക് എന്റെ സബ്സിഡി മുൻകൂറായി നൽകിയത് ക്രമവിരുദ്ധമല്ല. നിർവഹണ ഉദ്യോഗസ്ഥൻ സേഛാപരമായല്ല നടപടി കൈക്കൊണ്ടത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ K S D/387/2003 തീയതി 03.05.2004 ലെ സർക്കുലറിൽ ബാക്ക് എന്റ് സബ്സിഡി മുൻകൂറായി നൽകണമെന്ന് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീ സബ്സിഡി നൽകിയിട്ടുള്ളത് ഈ രീതിയിൽ തന്നെയാണ്.

വായ്പ വിനിയോഗിച്ചതിനുശേഷമാണ് വായ്പയിലേക്ക് സബ്സിഡി അഡ്ജസ്റ്റ് ചെയ്യുന്നത്. മൂന്നു വർഷ പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ, അതായത് വായ്പ വിനിയോഗം പൂർത്തിയാക്കുന്നതിന്, മുമ്പ് പൊടുന്നനെ എന്നെ സ്ഥലം മാറ്റുകയാണുണ്ടായത്. തുടർന്നുള്ള പദ്ധതി നിർവഹണത്തിൽ ഞാൻ ഉത്തരവാദിയാകുന്നില്ല. അനുവദിച്ച വായ്പ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ അതിനാനുപാതികമായി സബ്സിഡി അഡ്ജസ്റ്റ് ചെയ്ത് അധികമിച്ച തുക തിരികെ വാങ്ങേണ്ടത്. തുടർന്ന് ചുമതല നിർവ്വഹിച്ച് നിർവ്വഹണ ഉദ്യോഗസ്ഥരാണ്.

പദ്ധതിയുടെ തുടക്കത്തിലാണ് ഞാൻ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്നത്. ഇക്കാലത്ത് പദ്ധതി നടത്തിപ്പിലുണ്ടായ പ്രതിബന്ധങ്ങളും പ്രതിസന്ധികളും മേലധികാരികളെ അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്രമാതീതമായി ഫണ്ട് വിനിയോഗം നടത്തിയിട്ടില്ല. അനുവദിച്ച ഘടകങ്ങൾക്ക് അനുവദനീയമായ തുകകൾ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മറിച്ചുള്ള ആക്ഷേപം വസ്തുതവിരുദ്ധവും പുകമറ സൃഷ്ടിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്.

പദ്ധതി നടത്തിപ്പിൽ ഞാൻ ഒരു ബാദ്ധ്യതയും വരുത്തിയിട്ടില്ല. അതിനാൽ എന്റെ പേരു ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

പ്രേഷിതൻ

പി എസ് ശിഖിവാഹനൻ
മുൻ ജില്ലാ മിഷൻ കോഓർഡിനേറ്റർ (ഇൻചാർജ്ജ്)
കുടുംബശ്രീ, പത്തനംതിട്ട

സ്വീകർത്താവ്

സെക്രട്ടറി
ജില്ലാ പഞ്ചായത്ത്
പത്തനംതിട്ട

സർ,

വിഷയം: പത്തനംതിട്ട ജില്ലാ പഞ്ചായത്ത്- ലോക്കൽ ഫണ്ട് ആഡിറ്റ്- സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2012-13 ഖണ്ഡിക 4,2,1 മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: അങ്ങയുടെ 14/03/2014 ലെ എ2.691/14-ാം നമ്പർ കത്ത്.

മേൽ സൂചന ഓഡിറ്റ് പരാമർശം സംബന്ധിച്ച് താഴെ പറയുന്നവിവരങ്ങൾ അറിയിച്ചുകൊള്ളുന്നു.

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കുടുംബശ്രീ സമഗ്ര തേൻ ഉല്പാദന പദ്ധതി രൂപീകരണ ഘട്ടത്തിലോ ടി പ്രവർത്തികൾക്ക് സബ്സിഡി വിതരണവുമായി ബന്ധപ്പെട്ടോ ഞാൻ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് യാതൊരുവിധ ചെലവുകളും ചെയ്തിട്ടില്ലാത്തതാണ് 08.06.2009 മുതൽ പത്തനംതിട്ട ജില്ലാ മിഷനിൽ നിന്നും വിടുതൽ ചെയ്ത് 30.09.2009 വരെ 4 മാസത്തിൽ താഴെ മാത്രമാണ് എനിക്ക് കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷൻ കോഓർഡിനേറ്ററുടെ ചാർജ്ജ് ഉണ്ടായിരുന്നത്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ 09.06.2009 മുതൽ 14.10.2010 (ഏകദേശം 1 വർഷവും 5 മാസവും) എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ടി ഓഡിറ്റ് സമയത്തോ പിന്നീടോ എന്നെ ടി ഓഡിറ്റ് സംബന്ധിച്ച യാതൊരു വിവരങ്ങളും അറിയിച്ചിരുന്നുമില്ല.

പ്രസ്തുത വിവരങ്ങൾ ബോധ്യപ്പെട്ട് ടി സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പരാമർശങ്ങളിൽ നിന്നും എന്നെ ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് - ലോക്കൽ ഫണ്ട് ആഡിറ്റ് - സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2012-13 ഖണ്ഡിക 4.2.1 ന് മറുപടി നൽകുന്നത് സംബന്ധിച്ച്.**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കുടുംബശ്രീ ജില്ലാമിഷൻ മുഖേന ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര മധുരം തേനുൽപാദന പദ്ധതി. ജില്ലയിൽ 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾ തുടങ്ങുകയായിരുന്നു ഈ പദ്ധതിയുടെ പ്രാരംഭ ലക്ഷ്യം. ഇതിലൂടെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും ജില്ലയിലെ ഗ്രാമീണ മേഖലയിലെ സ്ഥിരതാമസക്കാരുമായ 10000 വനിതകൾക്ക് തേനീച്ച വളർത്തൽ സംരംഭങ്ങളിലൂടെ സ്ഥിരമായ തൊഴിലും അധിക വരുമാനവും കണ്ടെത്തുകയായിരുന്നു ലക്ഷ്യം. അതനുസരിച്ച് ഒന്നാം ഘട്ടമായി 26 പഞ്ചായത്തുകളിലായി 215 ഗ്രൂപ്പുകൾ തുടങ്ങി. 2007-08 വർഷത്തിൽ ആരംഭിച്ച 215 ആക്ടിവിറ്റി ഗ്രൂപ്പുകളിൽ 2012-13 സാമ്പത്തിക വർഷത്തിലും 210 ഗ്രൂപ്പുകൾ സജീവമായി ഉല്പാദന രംഗത്ത് നിൽക്കുന്നു എന്നത് അഭിമാനകരമാണ്.

ദാരിദ്ര്യ രേഖക്ക് താഴെയുള്ള വനിതകളുടെ 1000 ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് തേനീച്ച വളർത്തൽ പദ്ധതിയിലൂടെ സ്ഥിരമായ തൊഴിലും വരുമാനവുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. 2007-08-ൽ 350 ഗ്രൂപ്പുകൾ തുടങ്ങുന്നതിന് ലക്ഷ്യമിട്ടിരുന്നെങ്കിലും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ 300 ഗ്രൂപ്പുകൾ തുടങ്ങുന്നതിനാണ് അനുമതി നൽകിയത്. 2007-08 സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് പദ്ധതി തുടങ്ങാനായത്. 300 ആക്ടിവിറ്റി ഗ്രൂപ്പുകൾ സ്ഥാപിക്കുന്നതിന് ശ്രമം നടത്തിയിരുന്നുവെങ്കിലും 215 ഗ്രൂപ്പുകൾക്കു മാത്രമേ പ്രവർത്തനാനുമതി ലഭിച്ചുള്ളൂ. വിവിധങ്ങളായ പ്രതിസന്ധികളും തടസ്സങ്ങളും നേരിട്ടതിനെ തുടർന്ന് കൂടുതൽ ഗ്രൂപ്പുകൾ രൂപീകരിച്ചില്ല. പദ്ധതി അടങ്കൽ 7 കോടി രൂപയായി പരിമിതപ്പെടുത്തി. തൻമൂലം കൂടുതൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത് അസാധ്യമായി.

മൂന്ന് സീസണിലായിട്ടാണ് തേനീച്ചപ്പെട്ടിയും മറ്റ് അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തത്. ഉല്പാദന ഉപാധികൾ വിതരണം ചെയ്യുന്നതിൽ ഹോർട്ടി കോർപ്പ് വീഴ്ച വരുത്തിയതുമൂലവും പദ്ധതിയുടെ ആരംഭത്തിൽ പ്രതിസന്ധികൾ നേരിട്ടതിനാലും ഗുണഭോക്താക്കൾ മുഴുവൻ തേനീച്ചപ്പെട്ടിയും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വിമുഖത കാണിച്ചു. ടി. കാരണം കൊണ്ടാണ് പദ്ധതി ലക്ഷ്യമാക്കിയത്ര കൂടുകൾ ലഭ്യമാക്കാൻ സാധിക്കാതിരുന്നത്.

ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ ലഘൂകരണത്തിന് കുടുംബശ്രീ ആവിഷ്ക്കരിച്ച പദ്ധതിയാണ് റൂറൽ മൈക്രോ എന്റർപ്രൈസസ് (ആർ.എം.ഇ) ഈ പദ്ധതിയിൽ 5 മുതൽ 10 വരെയുള്ള അംഗങ്ങളുടെ ഗ്രൂപ്പായിട്ടാണ് സംരംഭങ്ങൾ രൂപീകരിക്കുന്നത്. ഈ ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നത് ഒന്നുകിൽ പ്രോജക്ട് തുകയുടെ 50 % അല്ലെങ്കിൽ ഒരാൾക്ക് പതിനായിരം രൂപ എന്ന ക്രമത്തിലാണ്. റൂറൽ മൈക്രോ എന്റർപ്രൈസസ്

പദ്ധതി അനുസരിച്ചാണ് കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയത്. കുടുംബശ്രീ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബാങ്കുകൾ വായ്പ അനുവദിച്ച് കഴിഞ്ഞാൽ പ്രോജക്ടിൽ നിർദ്ദേശിച്ച സബ്സിഡി ബാങ്കുകൾക്ക് 'Back End Subsidy' ആയി മുൻകൂറായി നൽകണമെന്നാണ് നിബന്ധന. നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായല്ല മുൻകൂർ സബ്സിഡി നൽകിയത്. കുടുംബശ്രീ നടപടി ക്രമം നടപ്പാക്കുകയാണ് ചെയ്തത്. ഈ നടപടി ക്രമ വിരുദ്ധമല്ല. പദ്ധതിച്ചെലവായ 2.5 ലക്ഷം രൂപയിൽ ഓഫ് സീസണിൽ തേനീച്ചകൾക്ക് പഞ്ചസാര ലായനി നൽകുന്നതിനുള്ള 32000/- രൂപയും ഉൾപ്പെടും. ഈ ഇനത്തിൽ ഗ്രൂപ്പുകൾ ബാങ്കിൽ നിന്ന് കൈപ്പറ്റിയ തുക പൂർണ്ണമായി ചെലവായി കണക്കാക്കിയ നടപടി ശരിയല്ല.

കൂടാതെ പദ്ധതിയുടെ നിലവിലുണ്ടായിരുന്ന നടത്തിപ്പ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിലയിരുത്തി 27.01.2009-ൽ 213 ആക്ടിവിറ്റി ഗ്രൂപ്പുകളിലായി പദ്ധതി നിജപ്പെടുത്തുകയും അംഗീകരിച്ച പരിഷ്കരിച്ച മധുരം പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ ജില്ലാമിഷന് തുടരുവാൻ അനുമതി നല്കുകയും ചെയ്തിരുന്നു. അതനുസരിച്ച് പരിഷ്കരിച്ച മധുരം പദ്ധതിയുടെ 213 ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെ വിലയിരുത്തലും തുടർ സേവനവും മാത്രമാണ് 15.10.2009-ൽ മാത്രം ചുമതലയേറ്റ ഞാൻ ചെയ്തത്.

പദ്ധതിയിൽ നിലവിലുള്ള ആക്ടിവിറ്റി ഗ്രൂപ്പുകളെ നിലനിർത്തിക്കൊണ്ട് മുൻപോട്ടു കൊണ്ടു പോകുന്നതിന് വേണ്ടി കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുകയും പരിശീലനം സിദ്ധിച്ച ഇവർ സംരംഭക ഗ്രൂപ്പുകൾക്ക് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ട് നൽകുകയും കൃത്യമായ മോണിറ്ററിംഗ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. തത്ഫലമായി ഈ സംരംഭക ഗ്രൂപ്പുകൾ കൂടുതൽ ഊർജ്ജസ്വലമാവുകയും കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾ എന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളതാണ്.

പ്രതികൂല കാലാവസ്ഥയും കുളവിയിൽ നിന്നുള്ള ആക്രമണവും, മൊബൈൽ ടവറിൽ നിന്നും റേഡിയേഷനും മറ്റും അതിജീവിച്ച് ഈ കാലയളവിൽ സംരംഭകർ കൂടുതൽ തേൻ ഉല്പാദിപ്പിക്കുകയും വരുമാനം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത് വായ്പ തിരിച്ചടവിന് സഹായകരമായി. ആക്റ്റിവിറ്റി ഗ്രൂപ്പുകളിൽ നിന്ന് സമർത്ഥരായ വനിതകളെ കണ്ടെത്തി പരസ്പരം സഹായങ്ങൾ നൽകുന്നതിന് 40 പേരടങ്ങുന്ന റിസോഴ്സ് പേഴ്സൺ ടീമിനെ രൂപീകരിക്കാൻ കഴിഞ്ഞു എന്നുള്ളത് എടുത്തു പറയത്തക്ക നേട്ടമാണ്. ഇവരുടെ നേതൃത്വത്തിൽ വളരെ ചിട്ടയായ പ്രവർത്തനങ്ങൾ നടക്കുകയും സംരംഭകർ തേനുല്പാദനത്തിലൂടെ കൂടുതൽ വരുമാനം ഉണ്ടാക്കുകയും ചെയ്തിട്ടുള്ളതാണ്.

ഞാനിരുന്ന കാലയളവിൽ (15.10.2009 മുതൽ 30.03.2012 വരെ) സമഗ്ര മധുരം പദ്ധതിക്കു വേണ്ടി പുതിയതായി ഒരു ഗ്രൂപ്പ് ആരംഭിക്കുകയോ, സബ്സിഡി നൽകുകയോ ചെയ്തിട്ടില്ല. നിലവിലുണ്ടായിരുന്ന ഗ്രൂപ്പുകൾക്ക് ആവശ്യമായ പിന്തുണാ സഹായങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ പദ്ധതിയുടെ തുടക്കത്തിൽ വായ്പയായി ലഭിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ ബാക്ക് എന്റ് സബ്സിഡിയായി ബാങ്കിന് നൽകിയ സബ്സിഡി

തുകയിൽ വായ്പാ തുക, പൂർണ്ണമായും വിനിയോഗിക്കാത്ത ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ അധികരിച്ച് നിന്നിരുന്ന തുകയിൽ 897407/- രൂപ കുടുംബശ്രീ മിഷനിലേക്ക് തിരികെ ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും എന്നെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

തേനുൽപാദന സീസണിൽ തേനീച്ച കോളനി കുറവുണ്ടായിരുന്ന അംഗങ്ങൾക്ക് കോളനികൾ കൂടുതലുള്ള അംഗങ്ങളിൽ നിന്നും ആന്തരികമായി നൽകുകയും ടി. പ്രവർത്തനത്തിലൂടെ തേനുൽപാദനം വർദ്ധിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി. പ്രവർത്തനങ്ങളെല്ലാം തന്നെ സംരംഭക ഗ്രൂപ്പുകൾ സജീവമാകുന്നതിന് സഹായകരമാകുകയും ടി കാലയളവിൽ വായ്പ തിരിച്ചടവ് ത്വരിതപ്പെടുത്തുന്നതിന് സഹായകരമാകുകയും ചെയ്തിട്ടുള്ളതാണ്. 70-ൽപരം ആക്റ്റിവിറ്റി ഗ്രൂപ്പുകൾ ഉല്പാദിപ്പിച്ച തേൻ വിറ്റുകിട്ടിയ തുക ഉപയോഗിച്ച് വായ്പ പൂർണ്ണമായും അടച്ചു തീർക്കുകയും ചെയ്തുവെന്നത് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പുകൾ കാര്യക്ഷമമാണെന്നതിന് തെളിവായി സൂചിപ്പിക്കാവുന്നതാണ്. പദ്ധതി ഏറ്റെടുത്ത് ബാങ്ക് വായ്പയും തരപ്പെടുത്തി സംരംഭകരായി നിലനിന്നു പോന്നിരുന്ന 2000 ത്തോളം സാധാരണക്കാരായ സ്ത്രീകളെ സംരംഭക വികസനത്തിൽ സഹായിക്കുക എന്നുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല കൂടിയാണ്. എല്ലാ നടപടി ക്രമങ്ങളും പാലിച്ച് മാനദണ്ഡങ്ങൾ ഉറപ്പുവരുത്തി സജീവമായ ഗ്രൂപ്പുകൾക്ക് പിന്തുണാ സഹായങ്ങൾ നൽകിയതിലൂടെ 2000 ത്തോളം വനിതകൾക്ക് തേനുൽപാദനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളതും ശ്രദ്ധേയമാണ്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ ആലപ്പുഴ നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമനമ്പർ | വർഷം-ഓഡിറ്റ് ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 2012-2013<br>4.3 | **ടൗൺഹാൾ നവീകരണം അനുവദിക്കാത്ത തുക നൽകി.**<br>• ചെയ്യാത്ത പ്രവൃത്തി ചെയ്തതായി എം ബുക്കിൽ വ്യാജമായി അളവ് രേഖപ്പെടുത്തി.<br>• ക്രമ വിരുദ്ധമായി തുക നൽകി.<br>ആലപ്പുഴ നഗരസഭയുടെ ടൗൺഹാൾ നവീകരണ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവൃത്തികളാണ് ഫാൾസ് സീലിംഗും ടൗൺഹാളിനുള്ളിൽ നടപ്പാതയിൽ കയർമാറ്റ്സ് വിരിക്കൽ എന്നിവയും പ്രസ്തുത പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ നിരക്ക് അംഗീകരിച്ച വ്യക്തിയുമായി നെഗോഷ്യേഷനിലൂടെ 10,00,000/- രൂപയുടെ ഉടമ്പടി അംഗീകരിച്ചു. പ്രവൃത്തിയുടെ മൂല്യനിർണ്ണയമനുസരിച്ച് 29/10/2009-ലെ ചെക്ക് നമ്പർ 670641 പ്രകാരം 3,74,842/- രൂപയും 7/4/2010-ലെ ചെക്ക് നമ്പർ 070683 പ്രകാരം 5,15,512/-രൂപയും ചേർത്ത് ആകെ 8,90,354/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. | ആലപ്പുഴ നഗരസഭയുടെ ടൗൺഹാൾ നവീകരണത്തിന് 10 ലക്ഷം രൂപയുടെ അടങ്കൽ വരുന്ന ഒരു പണിയ്ക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയ്ക്ക് 8,90,354 യുടെ ചിലവ് വരുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയതിൽ 4-ാമത്തെ ഇനമായ കയർമാറ്റ്സ് വിരിക്കൽ എന്ന പ്രവൃത്തിക്ക് 73,350/-രൂപ മൂല്യനിർണ്ണയം നടത്തുകയും തുക നൽകിയിട്ടുള്ളതും 5-ാമത്തെ ഇനമായ ശബ്ദത്തിന്റെ പ്രതിധ്വനി നിയന്ത്രിക്കുന്നതിന് കയർമാറ്റ്സ് പൊതിയുക എന്ന പ്രവൃത്തിയ്ക്ക് 1,25,000 മൂല്യം കണക്കാക്കി തുക നൽകിയിട്ടുള്ളതുമാണ്. ആകെ മേൽ ഇനങ്ങളിലായ 1,98,309/- രൂപ വരുന്ന പ്രവൃത്തി നടത്തിയതിനാണ് തുക ചിലവഴിച്ചിട്ടുള്ളത്. ആയതിൻമേൽ പ്രസ്തുത തുക ഈടാക്കുന്നതിന്റെ ഭാഗമായി ശ്രീ.എൻ. റോബ്സൺ, മുനിസിപ്പൽ എഞ്ചിനീയർക്ക് നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനീയർ ടി തുക മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | 6 ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയ ഒരു പദ്ധതിയ്ക്കാണ് ക്വട്ടേഷൻ നൽകിയത്. ഇതിൽ ഇനം 4 ആയ കയർമാറ്റ്സ് വിരിക്കൽ പ്രവൃത്തിയുടെ അളവ് എം ബുക്ക് പേജ് 13-ൽ 97.80. $M^2$ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കി 73,350/- രൂപ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.<br>ഇനം 5 പ്രകാരം ശബ്ദത്തിന്റെ പ്രതിധ്വനി നിയന്ത്രിക്കുന്നതിന് കയർമാറ്റ്സ് ഉപയോഗിച്ച് പൊതിയുക എന്ന പ്രവൃത്തിയിൽ എംബുക്ക് പേജ് 18-ൽ 56 $M^2$ രേഖപ്പെടുത്തി എസ്റ്റിമേറ്റനുസരിച്ചുള്ള നിരക്കിൽ 1,25,000/-രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്.<br>നഗരസഭയുടെ ടൗൺഹാൾ നേരിൽ കണ്ട് പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ ഇനം 4,5 പ്രവൃത്തികൾ ചെയ്തിട്ടില്ലായെന്ന് കാണുകയുണ്ടായി. മാത്രമല്ല ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന് നിലവിലുള്ള എൻജിനീയർ മറുപടി നൽകിയതിനാൽ ഈ ഇനം പ്രവൃത്തികൾക്ക് ചെലവായ 1,98,350/- രൂപ അളവ് രേഖപ്പെടുത്തിയ മുനിസിപ്പൽ എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതും ക്രമവിരുദ്ധമായ നടപടികൾക്ക് | ഫണ്ടിൽ 9/5/2014-ൽ 01-1140210268-ാം നമ്പർ രസീത് പ്രകാരം 66,117/- രൂപയും 12/5/14-ലെ 01/1140210272 -ാം നമ്പർ രസീത് പ്രകാരം 33058/- രൂപയും ഉൾപ്പെടെ 99175/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.കെ.ആർ.ബാബുരാജിന് നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നേരിൽ കേൾക്കണമെന്ന് കാണിച്ച് ഒരു അപേക്ഷ സമർപ്പിക്കുകയും ടിയാനെ നേരിൽ കേൾക്കുകയും ആയതിൽ ശ്രീ.ബാബുരാജിന് ടി സർവ്വീസിൽ ഒരു വർഷത്തെ പരിചയം മാത്രമേ ഉള്ളൂ എന്നും ബഹുമാനപ്പെട്ട ചെയർമാന്റെ നിർദ്ദേശാനുസരണം ടൗൺഹാളിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തേണ്ട സാഹചര്യത്തിലുമാണ് ടി ന്യൂനത ശ്രദ്ധയിൽപ്പെടാതെ ഈ വർക്കിന്റെ ബിൽ തയ്യാറാക്കിയിട്ടുള്ളത്. ആയത് ബോധപൂർവ്വം വരുത്തിയ വീഴ്ചയിൽ എന്നും ഈ വർക്കിൽ വന്നിട്ടുള്ള സാമ്പത്തിക നഷ്ടം കോൺട്രാക്ടറുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിനും ബാക്കി തുക ടിയാൻ അടച്ചുകൊള്ളാമെന്നും അറിയിച്ചിട്ടുള്ളതാണ്. വർക്ക് ഫയൽ പരിശോധിച്ചതിൽ 10,000/- രൂപയുടെ എൻ.എസ്.സി നമ്പർ 83 ഇ.ഇ 033675 നമ്പർ സർട്ടിഫിക്കറ്റ് ലഭ്യമായെങ്കിലും ആയത് നഗരസഭാ സെക്രട്ടറിയുടെ പേരിൽ പ്ലെഡ്ജ് ചെയ്യാത്തതിനാൽ |

| | | | |
|---|---|---|---|
| | | കൂട്ടുനിന്ന മേൽ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.<br>പ്രസ്തുത ഖണ്ഡികകൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരം ആലപ്പുഴ നഗരസഭാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 24/5/2013-ലെ എൽ.എഫ്.എ.എം 1/106/2013-ാം നമ്പർ കത്ത് പ്രകാരം ആലപ്പുഴ നഗരസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല<br><u>ഉത്തരവാദിയായവർ</u><br>1.കെ.ആർ.ബാബുരാജ്, എ.ഇ, സോപാനം, ഇറവൻകര, മാവേലിക്കര, ആലപ്പുഴ.<br>2.ശ്രീ. എൻ.റോബ്സൺ, എം.ഇ, രേവതി, വിളഞ്ഞിൽമന റോഡ്, ഈസ്റ്റ്കൊടുങ്ങല്ലൂർ,എറണാകുളം | ടി തുക അഡ്ജസ്റ്റ് ചെയ്യാമോ എന്ന് സംശയിക്കുന്നു. ആയതിനാൽ ടിയാന്റെ പേരിൽ തിട്ടപ്പെടുത്തിയിട്ടുള്ള തുക ടിയാന് നഗരസഭയിൽ നിന്നും അനുവദിച്ച് നൽകേണ്ട ഡി.എ കുടിശ്ശിക തുകയായ 66,913/- രൂപയിൽ നിന്ന് ഈടാക്കുന്നതിന് നീക്കി വച്ചിട്ടുണ്ട്. കൂടാതെ 99,175/-രൂപ ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും റിക്കവറി നടത്തുന്നതിന് എൽ.എസ്.ജി.ഡി ചീഫ് എൻജിനീയർക്ക് കത്ത് അയയ്ക്കുന്നതുമാണ്. വിവരം നിയമസഭാ സമിതിയെ അറിയിച്ചുകൊള്ളുന്നു.<br>***<u>രണ്ട വകുപ്പിന്റെ മറുപടി :-</u>*** ക്രമവിരുദ്ധമായ നടപടികൾക്ക് കൂട്ടുനിന്ന മേൽ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനായി ഈ വകുപ്പിൽ നിന്നും 10.07.14 ലെ എഫ്2/6176/14 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012–2013 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിക്കുന്ന പരാമർശങ്ങളിന്മേൽ നെടുംകുന്നം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക**

<table>
<tr><th>സമാഹൃത ഓഡിറ്റ് വർഷം</th><th>ആഡിറ്റ് ഖണ്ഡിക നം</th><th>ആഡിറ്റ് പരാമർശ വിഷയം</th><th>ആഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി</th></tr>
<tr><td>2012–13</td><td>4.4.1</td><td>
പൊങ്ങൻപാറ ജലസേചന പദ്ധതി നിർവ്വഹണത്തിൽ അപാകത – പദ്ധതിത്തുക പാഴ്ച്ചെലവായി<br><br>
നെടുംകുന്നം ഗ്രാമ പഞ്ചായത്ത്     ഓഡിറ്റ് റിപ്പോർട്ട് 2009–10 ഖണ്ഡിക 3–4<br><br>
വികസന ഫണ്ടിൽ നിന്ന് തുക വകയിരുത്തിയ പൊങ്ങൻപാറ ജലസേചന പദ്ധതി ഗുണഭോക്തൃ സമിതി വഴി നടപ്പാക്കുന്നതിന് ആവിഷ്കരിച്ച ബഹുവർഷ പദ്ധതിയാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td colspan="2">1) 2008–09</td></tr>
<tr><td>പ്രോജക്ട് നമ്പർ</td><td>എസ്.031/09</td></tr>
<tr><td>അടങ്കൽ</td><td>166667/– രൂപ</td></tr>
<tr><td>ചെലവ് തുക</td><td>74908/– രൂപ (നികുതികൾ ഉൾപ്പെടെ)</td></tr>
<tr><td>ബിൽ നമ്പർ</td><td>62/09–10/31.03.2009</td></tr>
<tr><td>കൺവീനർ</td><td>സാബു തമ്പിപ്പറമ്പിൽ</td></tr>
<tr><td>എം. ബുക്ക് നമ്പർ</td><td>37/08–09</td></tr>
</table><br>
2008–09 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണം എന്നിവയ്ക്കാണ് തുക വകയിരുത്തിയത് എന്നാൽ തൻവർഷം 310 മീറ്റർ 50 മില്ലി മീറ്റർ ജി.ഐ പൈപ്പ് സ്ഥാപിക്കൽ മാത്രമേ നടന്നിട്ടുള്ളൂ.<br><br>
<table>
<tr><td colspan="2">2) 2009–10</td></tr>
<tr><td>പ്രോജക്ട് നമ്പർ</td><td>എസ്.002/09–10</td></tr>
<tr><td>അടങ്കൽ</td><td>444450/– രൂപ</td></tr>
<tr><td>ചെലവ് തുക</td><td>267628/– രൂപ (നികുതികൾ ഉൾപ്പെടെ)</td></tr>
<tr><td>ബിൽ നമ്പർ</td><td>44/31.03.2010</td></tr>
<tr><td>എം. ബുക്ക് നമ്പർ</td><td>79/09–10</td></tr>
</table>
</td><td>
നെടുങ്കുന്നം ഗ്രാമപഞ്ചായത്തിൽ 2008–09 വർഷം വികസനഫണ്ടിൽ നിന്നും 166667/–രൂപ വകയിരുത്തി LSGD Asst.Engineer നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഒരു പദ്ധതിയാണ് പൊങ്ങൻപാറ ജലസേചന പദ്ധതി. പ്രസ്തുത പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം ലഭിക്കുകയും, ആയത് പ്രകാരം 74908/–രൂപയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം പമ്പ് ഹൗസ് നിർമ്മിക്കുകയും പൈപ്പ് ലൈൻ സ്ഥാപിക്കുകയും ആയിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ ടി വർഷം 50 മി.മീറ്റർ വ്യാസമുള്ള 310 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ. തുടർന്ന് 2009–10 വർഷം കിണർ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയ്ക്കായി 444450/–രൂപ അടങ്കലായി വകയിരുത്തുകയും 267628/–രൂപ വിനിയോഗിച്ച് 1198 മീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെയ്തു. രണ്ടു വർക്കുകളുടേയും ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ഒരാൾ തന്നെയാണ്. രണ്ടു വേലകൾക്കും പാർട്ട് ബില്ലുകൾ മാത്രമേ നൽകിയിട്ടുള്ളൂ. 2 പ്രോജക്ടുകളിലായി ടി പദ്ധതിക്ക് ആകെ 342536/–രൂപ ചെലവു ചെയ്തിട്ടുണ്ട്.
</td></tr>
</table>

| | | | |
|---|---|---|---|
| | | 2009-10 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കൽ, കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി തുക വകയിരുത്തിയെങ്കിലും 1198 മീറ്റർ 20 മി.മീ. ജി.ഐ പൈപ്പ് സ്ഥാപിക്കൽ മാത്രമാണ് നടന്നത്.<br><br>ജലസേചന പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട മുൻഗണനാ ക്രമം പദ്ധതി ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ഉണ്ടായിട്ടില്ല. ജലലഭ്യതയുള്ള സ്ഥലം കണ്ടെത്തി കിണർ നിർമ്മിക്കുക, കിണറ്റിലെ ജല ലഭ്യതയനുസരിച്ചുള്ള പമ്പ് വാങ്ങുക, പമ്പ് ഹൗസ് നിർമ്മിക്കുക, ടാങ്ക് നിർമ്മിക്കുക, ജലം വിതരണം ചെയ്യുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക എന്ന ക്രമത്തിലായിരുന്നു പദ്ധതി ആവിഷ്കരിക്കേണ്ടിയിരുന്നത്. 2008-09 ൽ പമ്പ് ഹൗസ് നിർമ്മാണത്തിനും 2009-10 ൽ കിണർ നിർമ്മിക്കുന്നതിനും തുക വകയിരുത്തിയെങ്കിലും പ്രവൃത്തികൾ നടപ്പാക്കിയില്ല. പദ്ധതി പൂർത്തീകരണത്തിനുവേണ്ടി കൺവീനർക്ക് നോട്ടീസ് നൽകിയതൊഴിച്ചാൽ വേണ്ട നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്ന് രണ്ട് വർഷങ്ങളിലായി 3,42,536/- രൂപ (74906 + 267620) ചെലവഴിച്ചത് പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി മാത്രമാണ്. പദ്ധതി പ്രകാരം സ്ഥാപിച്ച പൈപ്പുകൾ നശിച്ചു കൊണ്ടിരിക്കുകയാണ്. പദ്ധതി നടപ്പാക്കിയപ്പോൾ മുൻഗണനാക്രമം പാലിക്കാതിരുന്നതാണ് ഈയൊരവസ്ഥയ്ക്ക് കാരണം.<br><br>1997 ലെ കേരള പഞ്ചായത്ത് രാജ് (മരാമത്ത് പട്ടണങ്ങൾ) 13-ാം ചട്ടപ്രകാരം ഗുണഭോക്തൃ സമിതി വഴി പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കുക, പണമിടപാട് അക്കൗണ്ട് വഴിയായിരിക്കുക എന്നീ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതിയോഗം വിളിച്ച് നടപടികൾ ബോദ്ധ്യപ്പെടുത്തിയിട്ടുമില്ല.<br><br>2008-09 വർഷത്തിൽ പദ്ധതി നിർവ്വഹിച്ചപ്പോൾ മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല. പൈപ്പ് വാങ്ങൽ നടപടി ക്രമങ്ങൾ സുതാര്യമായിരുന്നില്ല. ക്വട്ടേഷൻ ക്ഷണിക്കൽ, സാമഗ്രികൾ വാങ്ങിയതിന്റെ ബില്ല്, തുക നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 1/28.04.2011) തൃപ്തികരമായ വിശദീകരണം നൽകാൻ ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. പൊങ്ങൻപാറ ജലസേചന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 3,42,536/- രൂപ പദ്ധതി നടത്തിപ്പിലെ അപാകത മൂലം പാഴ്ചെലവായി പദ്ധതിയുടെ അവശേഷിക്കുന്ന വേലകൾ അടിയന്തിര പ്രാധാന്യം നൽകി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | ടി പദ്ധതിക്കായി 2009 വർഷം ഫെബ്രുവരി മാസം കരാർ വെയ്ക്കുകയും 310 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന വേല മാത്രം പൂർത്തീകരിച്ച് മാർച്ച് 31-ാം തീയതി ട്രഷറിയിൽ ബിൽ സമർപ്പിച്ചു. പമ്പ് ഹൗസ് നിർമ്മാണത്തിനുവേണ്ടി ടി പ്രോജക്ട് 2009-10 വർഷം തുടർ പദ്ധതിക്കായി നിലനിർത്തുകയും ചെയ്തിരുന്നു. ഇതുകൂടാതെയാണ് 2009-10 വർഷം പൈപ്പ് ലൈൻ സ്ഥാപിക്കലും, കിണർ നിർമ്മാണവും ഉൾപ്പെടുത്തി 444450/-രൂപ അടങ്കലോടുകൂടിയ പുതിയ ഒരു പ്രോജക്ടുകൂടി ഏറ്റെടുക്കുകയുണ്ടായി. ഇപ്രകാരം 2009-10 വർഷം ടി 2 പ്രോജക്ടുകളും നടപ്പാക്കേണ്ടിയിരുന്നുവെങ്കിലും ജലം എത്തിക്കേണ്ട ലക്ഷ്യസ്ഥാനമായ പൊങ്ങൻപാറ പ്രദേശം വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരിക്കുവാൻ വേണ്ടി ആദ്യ പ്രോജക്ടു പ്രകാരം പൈപ്പ് ലൈൻ സ്ഥാപിച്ച 310 മീറ്റർ ദൂരം കഴിഞ്ഞുള്ള 1198 മീറ്റർ ഭാഗത്തുകൂടി പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവർത്തി മാത്രം പൂർത്തീകരിച്ചു ആയതിനുള്ള തുക 31.03.2010ൽ പാർട്ട്ബിൽ മാറി നൽകി. 2-ാമത്തെ പ്രോജക്ടു പ്രകാരമുള്ള കിണർ 2009-10ൽ കുഴിച്ചുവെങ്കിലും ടി സ്ഥലത്തേക്ക് മലിനജലം ഒഴുകിയെത്തുന്നതിനാലും പ്രദേശത്തുനിന്നുള്ള ഒഴുക്ക് തടയാൻ സാധിക്കാത്ത അവസ്ഥ ആയതിനാലും തുടർന്നുള്ള നിർമ്മാണ പ്രവർത്തികൾ നിർത്തിവെയ്ക്കേണ്ടതായും വന്നു. 2-ാമത്തെ പ്രോജക്ടു പ്രകാരം പൂർത്തീകരിക്കേണ്ടതായ കിണർ നിർമ്മാണം മുടങ്ങിയ സാഹചര്യത്തിലാണ് 2009-10ൽ സ്പിൽ ഓവറായി തുടർന്ന ആദ്യ പ്രോജക്ടു പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ള പമ്പ് |

| | | | |
|---|---|---|---|
| | | പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം കോട്ടയം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 03-01-2013 ലെ എൽ.എഫ്.കെ.ടി1/774/2012 നമ്പർ കത്ത് പ്രകാരം നെടുങ്കുന്നം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. | ഹൗസ് നിർമ്മാണവും മുടങ്ങാനുള്ള കാരണം. ഇപ്രകാരം ടി പ്രോജക്ടുകൾ നടപ്പാക്കാനാകാതെ വന്നതിനെ തുടർന്ന് മറ്റൊരു കിണർ നിർമ്മിക്കുന്നതിന് സ്ഥലം നിർണ്ണയിക്കുകയും, ടി സ്ഥലത്ത് 2011-12 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രോജക്ടു പ്രകാരം കിണർ നിർമ്മിച്ച് സൈഡ് കെട്ടി ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊങ്ങൻപാറ ജലസേചനപദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ പഞ്ചായത്തിലെ 2, 10, 11 12 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ടി കിണറിലെ വെള്ളം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് 30.06.2014ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്.<br><br>2008-09ലും, 2009-10ലും ജലസേചനപദ്ധതിക്കായി സ്ഥാപിച്ചിരുന്ന ജി.ഐ.പൈപ്പുകൾ ടി പദ്ധതിക്ക് വിനിയോഗിക്കുന്നതിന് സാധിക്കാത്ത അവസ്ഥയിലാണെന്ന് കാണുന്നതിനാൽ അവ ലേലം ചെയ്ത് വിൽക്കുന്നതിന് സർക്കാർ അനുമതി തേടി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതുമാണ്. |

**കോട്ടയം ജില്ലാ പഞ്ചായത്ത്**

**ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മറ്റി (2014-16)**

**24/9/2014-ലെ തെളിവെടുപ്പ് യോഗം**

**നടപടി വിശദീകരണ പത്രിക**

| ഓഡിറ്റ് ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012–13 ഖണ്ഡിക 4:4:2 | <u>പാറത്തോട് പഞ്ചായത്തിലെ ഇടക്കുന്നം – പഴുമല പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യം നേടിയില്ല.</u><br><br>പ്രോജക്ട് നമ്പർ 157/11 (പുതിയത്)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.റ്റി. ഡി. പി. പ്രോജക്ട് ഓഫീസർ<br>അടങ്കൽ 16,79,050 (വികസന ഫണ്ട്)<br>ചിലവ് 15,53,950 (വികസന ഫണ്ട്)<br><br>മൃഗസംരക്ഷണ പ്രവൃത്തികൾ, കാർഷിക വികസന പദ്ധതികൾ എന്നിവയിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങളുടെ സമഗ്രവികസനമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. 2010–11 വർഷം പ്രോജക്ടിന്റെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്തിൽ നിന്ന് ഉത്തരവ് നമ്പർ. ബി3 2847/2010 തീയതി. 7.8.2010 പ്രകാരം 14,14,000 രൂപയും , ഉത്തരവ് നമ്പർ. ബി3 –2847/2010 തീയതി 1.12.2010 പ്രകാരം 1,39,950/– രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുകകൾ യഥാക്രമം 8.10.2010 , 13.1. 2011 എന്നീ തീയതികളിലായി ട്രഷറി ബിൽ ബുക്ക് പ്രകാരം ഡി. ഡി. ആയി മാറുകയും ചെയ്തു. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന ഗുരുതരമായ അപാകതകൾ കാണുന്നു. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. | <u>ഇടക്കുന്നം–പഴുമല പട്ടികവർഗ്ഗകോളനികളുടെ സമഗ്രവികസനം : ലക്ഷ്യം നേടിയില്ല.</u><br>ടി പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥ ഐ.റ്റി.ഡി.പി. പ്രോജക്ട് ആഫീസറായിരുന്നു. ആഡിറ്റ് പരാമർശങ്ങൾക്ക് ടിയാൾ മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി താഴെപറയും പ്രകാരം ചേർക്കുന്നു.<br><br>കോളനികളിലെ കുടുംബങ്ങളുടെ സമഗ്രവികസനത്തിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വ്യക്തിഗത പ്രോജക്ട് എന്ന നിലയിൽ അല്ല, പദ്ധതി വിഭാവനം ചെയ്തത് എന്നതിനാലാണ് ടി പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. |

| | | |
|---|---|---|
| | 1. **നിർവ്വഹണചുമതല കൈമാറി**<br>പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് നിയമിച്ചത് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസറെ (കാഞ്ഞിരപ്പള്ളി) ആണ്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ യാതൊരു ചുമതലയും അദ്ദേഹം ഏറ്റെടുത്തിട്ടില്ല. പകരം പദ്ധതി തുക പൂർണ്ണമായി തന്റെ കീഴുദ്യോഗസ്ഥനായ പൂഞ്ചവയൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ (ടി. ഇ.ഒ) മുൻകൂറായി ഏൽപ്പിക്കുക മാത്രമാണുണ്ടായത്. | 1. പട്ടികവർഗ്ഗവികസന വകുപ്പ് മുഖേനയും, ത്രിതല പഞ്ചായത്ത് മുഖേനയും പട്ടികവർഗ്ഗമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിൽ ഐ.റ്റി.ഡി. പി. പ്രോജക്ട് ആഫീസറെ സഹായിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഫീൽഡുതല ഉദ്യോഗസ്ഥനായതിനാലാണ് ടി. ഇ. ഒ-യ്ക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിന് തുക മാറി നൽകിയിട്ടുള്ളത് എന്നും ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഊരുക്കൂട്ട യോഗങ്ങളിൽ പ്രോജക്ടാഫീസർ പങ്കെടുത്തിട്ടുള്ളതാണ് എന്നും ഐ.റ്റി.ഡിപി പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി യോഗത്തിലാണ് ടി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട ഊരു മൂപ്പൻമാരുമായും പട്ടികവർഗ്ഗ പ്രൊമോട്ടർമാരുമായും ഗുണഭോക്തൃകമ്മറ്റി പ്രതിനിധികളുമായും ജില്ലാ പഞ്ചായത്ത് പ്രതിനിധികളുമായും പദ്ധതി പുരോഗതി ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ് എന്നും ഐ.റ്റിഡിപി പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. അംഗീകൃത പദ്ധതി പ്രകാരം പദ്ധതി നടപ്പിലാക്കാനാണ് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയത്. തുക മുൻകൂറായി ടി.ഇ.ഒ-യ്ക്ക് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനെ നിർദ്ദേശം നൽകുകയുണ്ടായില്ല. തുക മുൻകൂറായി ടി. ഇ.ഒ-യ്ക്ക് നൽകിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഐറ്റിഡിപി പ്രോജക്ട് ഓഫീസർക്ക് മാത്രമാണെന്നും അറിയിക്കുന്നു. |

| | |
|---|---|
| 2. **<u>വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പിലാക്കി</u>**<br>ഊരുകൂട്ടം ചേർന്ന് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റാണ് പ്രോജക്ട് പ്രകാരമുള്ള ധനസഹായങ്ങൾക്ക് അടിസ്ഥാനമാക്കിയതെങ്കിലും ഈ ഗുണഭോക്തൃ ലിസ്റ്റിന് പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചതായി ഫയലുകളിൽ നിന്ന് വ്യക്തമല്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായ അറിവുണ്ടായിരുന്നില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 24.07.2007-ലെ ജി. ഒ (എം. എസ്.) 183/07 ഖണ്ഡിക 6-1 പ്രകാരം ജില്ലാ പഞ്ചായത്തുകളെ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആസ്തി വിതരണം ചെയ്യുന്ന പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിൽ നിന്ന് വിലക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ടി. ഇ. ഒ വഴി നേരിട്ട് ജില്ലാ പഞ്ചായത്തിൽ നിന്ന് നൽകുകയാണുണ്ടായത്. | 2. പട്ടികവർഗ്ഗമേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച പരമാധികാരം ഊരുക്കൂട്ടത്തിനാണ്. ഭാവി പദ്ധതിയുടെ ഉദ്ഘാടനയോഗത്തിൽ പാറത്തോട് ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ പങ്കെടുത്തിട്ടുള്ളതാണ്. എസ്. എൽ. റ്റി. എ. ജി. അംഗീകരിച്ച്, ജില്ലാ പഞ്ചായത്ത് കമ്മറ്റി ചേർന്ന് ഫണ്ട് കൈമാറിയതിന്റെ അടിസ്ഥാനത്തിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. കൂടാതെ ടി പദ്ധതി വ്യക്തിഗതാനുകൂല്യമായല്ല, കോളനിയിലെ കുടുംബങ്ങളുടെ സമഗ്രവികസനത്തിനായാണ് നൽകിയിട്ടുള്ളത്. നിലവിലുള്ള നിയമപ്രകാരം പദ്ധതി നടപ്പിലാക്കാനുള്ള ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. |
| 3. **<u>സബ്സിഡി നിരക്കുകൾ ബാധകമാക്കിയില്ല.</u>**<br>വ്യക്തിഗതാനുകൂല്യങ്ങൾ സബ്സിഡി നിശ്ചയിച്ചു കൊണ്ട് സർക്കാർ തയ്യാറാക്കിയ പുതുക്കിയ മാർഗ്ഗ രേഖ (ജി. ഒ (എം. എസ്.) 199/2008/തസ്വഭവ തീയതി. 11.07.2008) അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മൃഗസംരക്ഷണ തൊഴിലിൽ ഏർപ്പെടുന്നവർക്ക് യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനവും നാമമാത്ര കർഷകർക്ക് 33 1/3 ശതമാനവുമാണ് അനുവദിക്കാവുന്ന പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ ഉയർന്ന പരിധി 20000/- രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ബി. പി. എൽ/എ.പി. എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരേ നിരക്കിൽ സബ്സിഡി അനുവദിച്ചു. ചിലയിനങ്ങളിൽ യൂണിറ്റ് കോസ്റ്റ് 20000/- രൂപയിൽ അധികമായി കണക്കാക്കി മുഴുവൻ തുകയും സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. | 3. പദ്ധതി നിർദ്ദേശം എസ്. എൽ. റ്റി. എ. ജി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ പദ്ധതി ഇംപ്ലിമെന്റിംഗ് ആഫീസർ എന്ന നിലയിൽ നടപ്പിലാക്കുകയാണുണ്ടായത്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം എസ്. ജി. എസ്. വൈ മാനദണ്ഡ പ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്നത് പ്രായോഗികമല്ല. മുൻ വർഷങ്ങളിലും ഇതേ പ്രകാരമാണ് പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്തിട്ടുള്ളത്. അതാത് കാലത്തെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്. |

| ഇനം | പ്രോജക്ട് പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് | സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തേണ്ടിയിരുന്നത് | സബ്സിഡി നൽകിയത് | സബ്സിഡി നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| പശു വളർത്തൽ 15 യൂണിറ്റ് | 30000 | 20000 | 450000 | 150000 | 300000 |
| ആട് വളർത്തൽ 45 യൂണിറ്റ് | 16000 | യൂണിറ്റ് കോസ്റ്റ് അധികരിച്ചിട്ടില്ല | 751500 | 375750 | 375750 |
| 9 യൂണിറ്റ് മുട്ടനാട് | 9X3500=31500 | | | | |
| പന്നി വളർത്തൽ 7 യൂണിറ്റ് | 27500 | 20000 | 192500 | 70000 | 122500 |
| മുയൽ വളർത്തൽ 4 യൂണിറ്റ് | 5000 | യൂണിറ്റ് കോസ്റ്റ് അധികരിച്ചിട്ടില്ല | 20000 | 10000 | 10000 |
| | | | 1414000 | 605750 | 808250 |

അധികം ചെലവഴിച്ച 8,08,250/- രൂപ (ഡി.ഡി. നമ്പർ. 295278/20.10.2010 പ്രകാരം) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 24.07.2007-ലെ ജി. ഒ (എം. എസ്)/183/07 ഖണ്ഡിക 2.2 അനുസരിച്ച് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

4) <u>സ്ഥല പരിശോധനയിൽ ലഭിച്ച വിവരം</u>

1994–ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6,1996–ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 7 (5) എന്നിവ അനുസരിച്ച് പഴുമല, ഇടക്കുന്നം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഓഡിറ്റ് ടീം സന്ദർശനം നടത്തുകയും ഗുണഭോക്താക്കളിൽ നിന്ന് വിവരങ്ങൾ ആരായുകയുമുണ്ടായി. ഇപ്രകാരം ലഭിച്ച വിവരമനുസരിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ ആടുകളിൽ പലതും വിതരണം ചെയ്ത് മാസങ്ങൾക്കുള്ളിൽ തന്നെ ചത്തു പോവുകയും മറ്റുള്ളവയ്ക്ക് ഗുരുതരമായ രോഗം ബാധിക്കുകയും ചെയ്തെന്ന് വ്യക്തമായി.

ശ്രീ. രാജു ജോസഫ് (പാമ്പൂരിക്കൽ, ചേനപ്പാടി) എന്ന കച്ചവടക്കാരൻ മുഖേനയാണ് ആടുകളെ വിതരണം ചെയ്തത്. ഗുഭോക്താക്കൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്കിണങ്ങും വിധം ആടുകളെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. ജി. ഒ (എം. എസ്) 199/2008 തസ്വഭവ തീയതി. 11.07.2008 അനുസരിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് തെരഞ്ഞെടുത്ത സമിതി രൂപീകരിച്ച് സംസ്ഥാനത്തിന് പുറത്തു നിന്നാണ് പശുക്കളെ വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരമല്ല വാങ്ങിയത്.

പന്നിക്കുഞ്ഞുങ്ങൾക്ക് ആരോഗ്യകരമായി വളരാൻ സാധിക്കാത്ത വേനൽക്കാലത്ത് അവയെ ലഭ്യമാക്കിയതും ഗുണഭോക്താക്കൾക്ക് ഗുണം ചെയ്തില്ല. പലരും പന്നികളെ വിറ്റഴിക്കുകയാണുണ്ടായത്. മൃഗസംരക്ഷണത്തിനായി തയ്യാറാക്കിയ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ആകെ ചെലവിൽ നിരാകരിച്ച 6,08,250/- രൂപ കഴിച്ചുള്ള 6,05,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യാതൊരു രേഖയും നിർവ്വഹണോദ്യോഗസ്ഥനായ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ സൂക്ഷിച്ചിട്ടില്ല. ജി. ഒ. പി. 177/06/ധന തീയതി. 12.04.2006 പ്രകാരം നിർവ്വഹണദ്യോഗസ്ഥർ ക്യാഷ് ബുക്കിൽ (ടി. ആർ. 7 എ) ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള

4. ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ചാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതെന്നും ഓരോ പദ്ധതികൾക്കും പ്രത്യേക ഗുണഭോക്തൃകമ്മറ്റി രൂപീകരിച്ച് ടി സമിതിയുടെ മേൽനോട്ടത്തിലാണ് ആയതിലേയ്ക്കാവശ്യമായ ആടുമാടുകളെ വാങ്ങി വിതരണം നടത്തിയിട്ടുള്ളതും. ടി ആടുമാടുകളുടെ ഗുണമേന്മ സംബന്ധിച്ച് ബ്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും സാക്ഷ്യപത്രം വാങ്ങിയിട്ടുള്ളതുമാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ടി ആടുമാടുകൾ ചത്തുപോകുന്നതിന് കാരണമായത് ആയതിനെ പരിപാലിയ്ക്കുന്നതിനുള്ള വീഴ്ച മൂലമാണ് എന്നും മുഴുവൻ ആടുമാടുകളെയും ഇൻഷ്വർ ചെയ്തിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. ടി സർട്ടിഫിക്കറ്റ് ITDP ഓഫീസർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.. ചത്തുപോകുന്ന ആടുമാടുകളുടെ ഇൻഷ്വറൻസ് ലഭിയ്ക്കുന്നതിന് യഥാസമയം മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റോടുകൂടി ബന്ധപ്പെട്ട ആഫീസിൽ അപേക്ഷ സമർപ്പിക്കാത്തതിനാലാണ് ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് തുക ലഭിയ്ക്കാതിരുന്നത്. പന്നിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനുള്ള 10,500/- രൂപ കപ്പാട് സർക്കാർ ബ്രീഡ് ഫാമിൽ 17/05/2011–ൽ നൽകിയിരുന്നതാണ്. എന്നാൽ പന്നിക്കുഞ്ഞുങ്ങൾക്ക് നിശ്ചിത തൂക്കം വളർച്ച എത്തിയില്ലായെന്ന കാരണത്താൽ വിതരണം നടത്തുന്നതിന് കാലതാമസം ഉണ്ടായതാണ്. ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ മനഃപൂർവ്വമായ വീഴ്ചയല്ല എന്നും

ഫണ്ടിന്റെയും കണക്കുകൾ രേഖപ്പെടുത്തേണ്ടതാണ് ജില്ലാ പഞ്ചായത്തിൽ നിന്ന് പദ്ധതി നിർവ്വഹണത്തനായി ഏൽപ്പിച്ച പണത്തിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർക്കാത്തതും ജില്ലാ പഞ്ചായത്ത് ഫണ്ടിന് മാത്രമായി സബ്സിഡി ക്യാഷ് ബുക്ക് സൂക്ഷിക്കാത്തതും ഗുരുതരമായ കൃത്യവിലോപമാണ്.

ജില്ലാ പഞ്ചായത്തിൽ നിന്ന് അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുക നിർവ്വഹണോദ്യോഗസ്ഥൻ (ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർ) ട്രഷറിയിൽ നിന്ന് പിൻവലിച്ച് ടി. ഇ.ഒ-യ്ക്ക് കൈമാറുകയും ടി. ഇ.ഒ ഈ തുക എസ്. ബി. റ്റി-യിലെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ട്രഷറിയിൽ നിന്ന് പിൻവലിച്ച് പദ്ധതി പണം ട്രഷറിയില്ലാത്ത അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ട്രഷറിയിൽ നിന്ന് പിൻവലിച്ച് പദ്ധതി പണം ട്രഷറിയില്ലാത്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ജി. ഒ. പി. 612/95/ഫിൻ തീയതി. 04. 10.1995, സർക്കുലർ നമ്പർ. 27188/സ1/96/ധനം തീയതി. 03.01.1997 എന്നിവ പ്രകാരം ധനദുർവിനിയോഗമായി കണക്കാക്കി 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് പ്രകാരം ലഭിക്കുന്ന തുകകളും ടി. ഇ.ഒ ഈ എസ്. ബി. റ്റി അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കുന്നതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകൾ പ്രസ്തുത വർഷം തന്നെ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ എന്ന് ബാങ്ക് കണക്കുകളിൽ നിന്ന് വ്യക്തമാകുന്നില്ല. 2010-11 -ലെ ചെലവ് സംബന്ധിച്ച വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് റിക്വിസിഷൻ 27.02.2012-ന് കൈപ്പറ്റിയിട്ടും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

ഇപ്രകാരമുള്ള അപാകതകളിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഇടപെടുകയോ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുകകയോ ചെയ്തിട്ടില്ലെന്ന് വ്യക്തമാകുന്നു. പദ്ധതിപ്പണം ചെലവഴിക്കുന്നതിലുപരി പ്രോജക്ട് കൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്ക് സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യം

ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഈ ആഫീസിൽ നിന്നും പണം മാറി നൽകിയതിന്റെ രേഖകൾ ഡി. ഡി. രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി വിവിധ ഘട്ടങ്ങളിലായി ക്രമാനുഗതമായി നടപ്പിലാക്കേണ്ടതുള്ളതിനാലാണ് തുക ഒരുമിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത് എന്നും പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ ഐ.റ്റി.ഡി. പി. ഓഫീസ് മുഖാന്തിരം ട്രഷറിയിൽ നിന്നും ഓരോ പദ്ധതിയ്ക്കും ഡി. ഡി. യായി തുക മാറുകയും ആയത് ഡിമാന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർത്ത് ഗുണഭോക്താക്കൾക്ക് ശരിയായ രസീതിൻ പ്രകാരം നൽകുകയുമാണ് ചെയ്തിരുന്നത് എന്നാണ് ഇംപ്ലിമെന്റിംഗ് ആഫീസറായ മുൻ പ്രോജക്ടാഫീസർ, ഐ.റ്റി.ഡി.പി. കാഞ്ഞിരപ്പള്ളി അറിയിച്ചിട്ടുള്ളത്. ആയത് കൂടി കണക്കിലെടുത്ത് പ്രസ്തുത ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

2010-11 വർഷം പാറത്തോട് പഞ്ചായത്തിലെ ഇടക്കുന്നം-പഴുമല പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിച്ച 14,14,000/- രൂപയിൽ 13,86,500/- രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ശേഷിച്ച 27,500/- രൂപ 67035971339 നമ്പർ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ലാത്തതാണ്.

തുക ചെലവഴിച്ചിട്ടുള്ളതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നൽകാനോ പ്രോജക്ട് വിജയകരമായി നടപ്പാക്കാനോ ശ്രമം ഉണ്ടായിട്ടില്ല. ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടാകാതിരുന്നതും പ്രോജക്ടിന്റെ വിജയകരമായ പൂർത്തീകരണത്തിന് തടസ്സമായി.

ഓഡിറ്റ് പരാമർശത്തിന് ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ നൽകിയ വിശദീകരണം (കത്ത് നമ്പർ. ജി. 1795/12 തീയതി. 27.02.2012) തൃപ്തികരമല്ല.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിനുൾപ്പെടുത്താൻ ശുപാർശ ചെയ്യുന്ന വിവരം കോട്ടയം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 03.01.2013-ലെ എൽ. എഫ്. കെ. പി. 1/774/2012 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തധികൃതരെ അറിയിച്ചിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയില്ല

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
ശ്രീമതി. ആഗ്നസ് മാത്യു,
ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ,
പട്ടശ്ശേരിൽ വീട്,
കട്ടച്ചിറ പി. ഒ, കോട്ടയം

| | | |
|---|---|---|
| 15ഗുണഭോക്താക്കൾക്ക് പശുത്തൊഴുത്ത് നിർമ്മിയ്ക്കുന്നതിന് 10,000/- രൂപ വീതം | 150000 | 15 |
| കറവപ്പശു വാങ്ങുന്നതിന് 20,000/- രൂപ വീതം | 300000 | 15 |
| 7 പേർക്ക് പന്നിക്കൂട് നിർമ്മിയ്ക്കുന്നതിന് 10,000/- രൂപ വീതം | 70000 | 7 |
| 2 ഗുണഭോക്താക്കൾക്ക് മുയൽ വളർത്തലിന് കൂട് നിർമ്മാണം | 4000 | 2 |
| 20 മുയൽക്കുഞ്ഞുങ്ങൾ വീതം 2 പേർക്ക് | 6000 | 2 |
| പന്നിക്കുഞ്ഞുങ്ങളുടെ വില | 105000 | |
| 45 ഗുണഭോക്താക്കൾക്ക് ആട്ടിൻകൂട് നിർമ്മിയ്ക്കുന്നതിന് 2000/- രൂപ വീതം | 90,000 | 45 |
| 45 ഗുണഭോക്താക്കൾക്ക് ആടുകളെ വാങ്ങുന്നതിന് ധനസഹായം | 661500 | 45 |
| 36 X 14000 + 9 X 17500<br>504000 + 157500 | 13,86, 500 | |

ടി തുക വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീതുകളും മറ്റ് വൗച്ചറുകളും പൂഞ്ഞവയൽ ടി. ഇ. ഒ ആയിരുന്ന ശ്രീ. ശങ്കരൻകാണി ഐ.റ്റി.ഡി.പി ആഫീസിൽ ലഭ്യമാക്കിയിട്ടുള്ളതും ആയത് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. ബാങ്കിൽ നിന്നും പിൻവലിച്ചതായി കണ്ടെത്തിയ 14,05,000/- രൂപ ശേഷിയ്ക്കുന്ന മറ്റ് പദ്ധതികളുടേതാണ്.

ടിയാന് ടി. ഇ.ഒ എന്ന നിലയിലുള്ള പ്രവർത്തന പരിചയക്കുറവ് മൂലമാണ് കണക്കുകൾ യഥാവിധി എഴുതി സൂക്ഷിയ്ക്കാൻ കഴിയാതിരുന്നത് എന്ന് മനസ്സിലാക്കുന്നു. ആയതിനാൽ സാഹചര്യത്തിൽ ആഡിറ്റ് പരാമർശം നീക്കണമെന്ന് അപേക്ഷിയ്ക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

## (REMEDIAL MEASURES TAKEN STATEMENT)



| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2012-13 | 4.4.3 | **മതിപ്പ് വിലപോലും ഈടാക്കാതെ കെ.എസ്.ഇ ബി യ്ക്ക് വസ്തു കൈമാറി, നഗരസഭയ്ക്ക് ഭീമമായ നഷ്ടം.**<br><br>• വസ്തുവിന്റെ മതിപ്പ് വില പോലും കണക്കാക്കാതെ KSEB യ്ക്ക് ഭൂമി കൈമാറി.<br>• കളക്ടർ നിശ്ചയിച്ച വില ഫെയർ വാല്യുവിനേക്കാൾ 5 കോടിയോളം രൂപ കുറവ്.<br><br>31-12-2004 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം കെ.എസ്.ഇ.ബി യുടെ വികസനത്തിന് നഗരസഭയുടെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനം 10-01-2005 ലെ നഗരസഭാ കൗൺസിൽ അംഗീകരിച്ചു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക എന്നത് കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം നഗരസഭയുടെ അനിവാര്യ ചുമതലയിലോ | 31-12-04 ൽ ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലാണ് കെ.എസ്.ഇ.ബി യുടെ വികസനത്തിന് ഉന്നതതലയോഗം ചേർന്നിട്ടുള്ളത്. ടി തീരുമാനം 10-1-05 ലെ കൗൺസിൽ അംഗീകരിച്ചതാണ്. ആയതു പ്രകാരവും ബഹു:ചെയർമാൻ 15-6-2005 ൽ രേഖാമൂലം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം നൽകുന്നതിന് തീരുമാനം ആയിട്ടുള്ളത്. ബഹു:ചെയർമാന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കളക്ടർക്കും, ഗവൺമെന്റിലേക്കും കത്തെഴുതാൻ മുനിസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുള്ളത്. സ്ഥലം അളക്കുന്നതിനും മറ്റുള്ള ചെലവുകളും കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് നടത്തിയിട്ടുള്ളതാണ്. കളക്ടർ നിശ്ചയിച്ച വിലയ്ക്ക് വസ്തു കൈമാറുന്നതിന് ഗവൺമെന്റ് ഉത്തരവ് നിലവിലുള്ളതാണ്. നഗരപാലിക നിയമം 1994 പ്രകാരം നഗരസഭയെ സംബന്ധിച്ചിടത്തോളം നഗരസഭ ചെയർമാന്റെ/കൗൺസിലിന്റെ |

| | | | | |
|---|---|---|---|---|
| | | | മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിലോ ഉൾപ്പെടുന്നതല്ല. എന്നാൽ കോടിമത എന്ന സ്ഥലത്ത് വിവിധോദ്ദേശ പദ്ധതിയ്ക്കായി നഗരസഭ ഏറ്റെടുത്ത 1.69 ഏക്കർ ഭൂമി 110 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി യ്ക്ക് കൈമാറി. 6,84,21,002/- രൂപ ഫെയർ വാല്യൂ ഉള്ള വസ്തുവാണ് 10-6-2006 ലെ 2006/06/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കളക്ടർ നിശ്ചയിച്ച വിലയ്ക്ക് കെ.എസ്.ഇ.ബി യ്ക്ക് കൈമാറിയത് ഇതു പ്രകാരം നഗരസഭയ്ക്ക് ലഭിച്ചത് കേവലം 92,09,726/- രൂപയാണ്. ഇതുവഴി 5,92,11,276/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രദേശത്ത് നിലവിലുള്ള കമ്പോള വിലയുമായി താരതമ്യം ചെയ്താൽ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വ്യാപ്തി ഇതിലും കൂടുവാൻ സാദ്ധ്യതയുണ്ട്.<br><br>കെ.എസ്.ഇ.ബി യ്ക്ക് വിറ്റ സ്ഥലത്തിന്റെ ഒരു ഭാഗം 1995 ൽ നഗരസഭ ഹൗസിംഗ് പ്ലോട്ടുകളായി തിരിച്ച് സെന്റിന് 17000/- രൂപയ്ക്ക് വിറ്റിട്ടുള്ളതാണ്. ഈ നിരക്കിൽ വിറ്റ വസ്തുവിന്റെ സമീപത്തുള്ള വസ്തുവിന്റെ 2008-09 ൽ ഉണ്ടാകുമായിരുന്ന സ്വാഭാവിക വില വർദ്ധനവ് പരിഗണിക്കാതെ ചതുപ്പു നിലമായി കണക്കാക്കിയാണ് കളക്ടർ വില നിശ്ചയിച്ചത്. ആദ്യം ഒരു സെന്റിന് 6,843/- രൂപ നിശ്ചയിച്ചത് നഗരസഭ അംഗീകരിക്കാത്തതിനെ തുടർന്ന് 42000/- രൂപ നിരക്കിൽ പുനർ നിർണ്ണയിച്ചു. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നതിനിടെ സ്ഥലം വിൽപ്പന നഷ്ടമാകുമെന്ന നിഗമനത്തിൽ നഗരസഭ എത്തുകയും, 20-11-2006 ലെ കൗൺസിൽ യോഗം സ്ഥലം വിൽക്കേണ്ടത് | തീരുമാനങ്ങൾ അന്തിമമാണ്.<br><br>13-12-2012 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ LFKM3/559/12 നമ്പർ കത്തിന് 9-1-2013 ൽ മറുപടി നൽകിയിട്ടുള്ളതാണ്. സ്ഥലം വിൽക്കുന്നതിനായി കൗൺസിൽ തീരുമാനങ്ങൾ എടുക്കുകയും പുന:പരിശോധിക്കുകയും വീണ്ടും വീണ്ടും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ കൗൺസിലിന്റെ വ്യക്തമായ ആലോചനയില്ലാതെയാണ് സ്ഥലം വിൽപന നടത്തിയതെന്ന റിപ്പോർട്ട് ശരിയല്ലാത്തതായി കാണുന്നു.<br><br>ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ടി വിഷയം കൗൺസിൽ മുമ്പാകെ വച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഇല്ലെന്ന തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ ഈ തീരുമാനം പുനഃപരിശോധിച്ച 11-6-2008 ലെ കൗൺസിൽ യോഗം കളക്ടർ നിശ്ചയിച്ച വിലയ്ക്കും അതിന്മേൽ 30% വർദ്ധനയും ഉൾപ്പെടെ സ്ഥലം വിൽപ്പന അംഗീകരിച്ചു. തുടർന്ന് 18-12-2008 ൽ കെ.എസ്.ഇ.ബി സ്ഥല വിലയായി 9209726/- രൂപ നഗരസഭയ്ക്ക് നൽകി. കെ.എസ്.ഇ.ബി യ്ക്ക് നൽകിയ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വസ്തു ഉടമകൾ നൽകിയ കേസുകൾ ഇപ്പോഴും കോടതിയിൽ നിലനിൽക്കുകയാണ്. ഈ കേസുകളുടെ (LAR കേസുകൾ) അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകേണ്ടി വരികയാണെങ്കിൽ നഗരസഭ കൈയ്യൊഴിഞ്ഞ ഭൂമിയ്ക്ക് വേണ്ടിയുള്ള നഷ്ട പരിഹാരം (നഗരസഭയാണ് ഭൂമി അക്വയർ ചെയ്തത് എന്നതിനാൽ) നഗരസഭ വഹിക്കേണ്ടതായ സാഹചര്യവും വന്നുചേർന്നേക്കാം.<br><br>സ്ഥലം വിൽപ്പനയുടെ ഒരു ഘട്ടത്തിൽ കൈമാറുന്ന സ്ഥലത്തിന്റെ വിലയിൽ ഒരു ഭാഗമായി കെ.എസ്.ഇ.ബി യുടെ ഉടമസ്ഥതയിലുള്ള (നഗരാതിർത്തിയിലുള്ള) ശാസ്ത്രി റോഡിലെ 50 സെന്റ് സ്ഥലം നഗരസഭ ആവശ്യപ്പെട്ടതാണ്. കെ.എസ്.ഇ.ബി വിസമ്മതിച്ചതോടെ നഗരസഭ ഈ ആവശ്യത്തിൽ നിന്നും പിൻവാങ്ങുകയാണ് ഉണ്ടായത്. ആവശ്യത്തിൽ ഉറച്ചു നിന്നിരുന്നെങ്കിൽ നഗരസഭയ്ക്ക് സ്ഥലം വിൽപ്പനയിലെ നഷ്ടം ഭാഗികമായി പരിഹരിക്കാനും നഗരമധ്യത്തിൽ 50 സെന്റ് സ്ഥലം ലഭിക്കാനും ഇടയാകുമായിരുന്നു.<br><br>2000 ലെ കേരള മുനിസിപ്പാലിറ്റി | |

| | | | | |
|---|---|---|---|---|
| | | | (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ഇക്കാര്യത്തിൽ സാങ്കേതികമായി പാലിക്കപ്പെട്ടെങ്കിലും നഗരസഭയുടെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായി ഭവിച്ചു. കളക്ടർ നിശ്ചയിക്കുന്ന നാമമാത്രമായ തുകയ്ക്ക് വസ്തു കൈയ്യൊഴിയേണ്ട സാഹചര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ നഷ്ടപ്പെടാനിടയാക്കും . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു ഏറ്റെടുക്കുമ്പോൾ ഫെയർ വാല്യൂ എങ്കിലും നൽകുന്ന വിധത്തിൽ വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങളിൽ കാലികമായി ഭേദഗതികൾ വരുത്തേണ്ട ആവശ്യത്തിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ സവിശേഷ ശ്രദ്ധ പതിയേണ്ടതുണ്ട്. | |
| | | 4.4.4 | <u>**ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീത ജലധാര പ്രവർത്തന രഹിതം, 28.34 ലക്ഷം രൂപ പാഴായി. (ഓഡിറ്റ് റിപ്പോർട്ട് 2008-09, ഖ.3.1)**</u><br>• **വരുമാന ദായകമായ പ്രൊജക്ട് എന്ന നിലയിൽ ഏറ്റെടുത്ത പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.**<br>• **മതിയായ സെക്യൂരിറ്റി സംവിധാനത്തിന്റെ അഭാവത്തിൽ വിലയേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ടു.**<br>• **ജലധാരയുടെ തകരാറുകൾ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കാൻ നഗരസഭ നടപടികൾ സ്വീകരിച്ചില്ല.**<br><br>നഗരസഭയുടെ നവീകരിക്കപ്പെട്ട | വരുമാന ദായകമായ ഒരു പ്രോജക്ടായി പ്രസ്തുത പ്രോജക്ട് മാറിയില്ല എന്ന ഓഡിറ്റിന്റെ നിരീക്ഷണം ശരിയാണ്. 17-2-2004 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനത്തിലൂടെയാണ് ജൂബിലി പാർക്കിൽ മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടൻ കോട്ടയം നഗരത്തിലെ ജനങ്ങൾക്ക് ഒരു വിനോദോപാധി എന്ന നിലയിൽ സ്ഥാപിക്കുന്നത്. 2006 ഡിസംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചു. ദിവസേന 3 ഷോകളാണ് അദ്യം വിഭാവനം ചെയ്തി രുന്നത്. മതിയായ കാണികളുടെ അഭാവ ത്തിൽ ശനി, ഞായർ ദിവസങ്ങളിലും മറ്റു ദിനസങ്ങളിൽ അപൂർവ്വമായും മാത്രമാണ് ഷോകൾ നടന്നിട്ടുള്ളത്. 2010 ആഗസ്റ്റ് മാസം വരെ പ്രവർത്തനം നടന്നിരുന്നു. 17,500/- രൂപ പ്രകാരം മാസം സെക്യൂരിറ്റി അടക്കം BNA |

| | | | | |
|---|---|---|---|---|
| | | | ജൂബിലി മെമ്മോറിയൽ പാർക്കിനോട് അനുബന്ധിച്ചുളള 5 സെന്റ് സ്ഥലത്ത് സംഗീത ജലധാര (ഡാൻസിംഗ് ഫൗണ്ടൻ) സ്ഥാപിക്കുന്നതിനുളള നിർമ്മാണ പ്രവർത്തനങ്ങൾക്കും (ഗ്യാലറി) മറ്റ് അനുബന്ധ സജ്ജീകരണങ്ങൾക്കും വേണ്ടി 2005-06 വർഷം 28,34,362/- രൂപ ചെലവഴിച്ചു. അനുബന്ധ സജ്ജീകരണം ഒരുക്കലിനും തുടർ നടത്തിപ്പിനുമായി M/s ബി.എൻ.എ ടെക്നോളജീസ് കൺസൾട്ടിംഗ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനവുമായി നഗരസഭ ഏർപ്പെട്ട കരാറിലെ പല വ്യവസ്ഥകൾ സംബന്ധിച്ചും വിരുദ്ധമായ വ്യാഖ്യാനങ്ങളാണ് ഇരു ഭാഗങ്ങളും ഉന്നയിക്കുന്നത്. കരാറിലെ 8-ാം നമ്പർ വ്യവസ്ഥ പ്രകാരം ജലധാര കമ്മീഷൻ ചെയ്ത തീയതി ,മുതൽ ഒരു വർഷക്കാലം പൂർണ്ണമായ ഗ്യാരന്റി പീരീഡും തുടർന്നുളള 5 വർഷക്കാലം ഫ്രീ മെയിന്റനൻസ് പീരിയഡും ആണെന്ന് നഗരസഭ വാദിക്കുന്നു. എന്നാൽ Run Operating Maintenance (ROM) കരാർ വ്യവസ്ഥ അനുസരിച്ച് പ്രതിമാസം നൽകേണ്ട 17,500/- രൂപ കൃത്യമായി നൽകുന്നതിൽ നഗരസഭ വീഴ്ച വരുത്തിയെന്നും, ആയതിനാൽ 12/09 ൽ അവസാനിക്കുന്ന കരാർ പുതുക്കാൻ തങ്ങൾക്ക് താൽപര്യം ഇല്ലെന്നും, പ്രസ്തുത സംവിധാനം തുടർന്ന് പ്രവർത്തിപ്പിക്കാൻ നഗരസഭ ബദൽ മാർഗ്ഗം സ്വീകരിക്കണമെന്നും ബി.എൻ.എ ടെക്നോളജീസ് അറിയിച്ചിരുന്നു.<br><br>പ്രതിമാസം 78,750/- രൂപ എങ്കിലും വരവ് ലഭിക്കും എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും ശരാശരി വരവ് 3000/- രൂപയിൽ താഴെ മാത്രമായിരുന്നു. | Technology Consulting Ltd. എന്ന സ്ഥാപനത്തിനു നൽകേണ്ടിയിരുന്നു. ആദ്യ ഒരു വർഷം സൗജന്യമായും, 1-1-2008 മുതൽ 5 വർഷത്തേയ്ക്ക് AMC വ്യവസ്ഥയിലുമായിരുന്നു ടി സ്ഥാപനം പ്രവൃത്തി ഏറ്റെടുത്തിരുന്നത്. ടി ഫൗണ്ടൻ പ്രവർത്തനക്ഷമം അല്ലാതെ പ്രസ്തുത സ്ഥാപനം പോയ ശേഷവും സെക്യൂരിറ്റി ജീവനക്കാരൻ ഉണ്ടായിരുന്നു. എന്നാൽ നഗരസഭ വിഭാവനം ചെയ്തതുപോലെ ഇതിൽ നിന്നും യാതൊരു വരുമാനവും ഇല്ലാതിരുന്ന ഫൗണ്ടൻ എന്ന നിലയിലും തൊട്ടടുത്ത് പ്രവർത്തിക്കുന്ന പാർക്കിൽ രാത്രി പ്രവേശന സമയത്തും സെക്യൂരിറ്റി ജീവനക്കാരൻ ഉളളതിനാലും പിന്നീട് സെക്യൂരിറ്റി ഒഴിവാക്കുകയായിരുന്നു. പാർക്കിൽ നിന്നും ആയിരുന്നു ടി സ്ഥലത്തേയ്ക്കുളള പ്രവേശന മാർഗ്ഗം.<br><br>ഫൗണ്ടന്റെ വിലയേറിയ ഉപകരണങ്ങൾ മോഷണം പോയത് അറിഞ്ഞ ഉടൻ തന്നെ ആയത് പോലീസിൽ റിപ്പോർട്ട് ചെയ്യുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുളളതാണ്. പോലീസ് ഇതുമായി ബന്ധപ്പെട്ട് 4 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർ ഓവർസീയർ എന്നിവർ കോട്ടയം സബ് കോടതിയിൽ ഹാജരായി മൊഴി നൽകിയിട്ടുളളതുമാണ്. തൊണ്ടി സാധനങ്ങൾ നഗരസഭയ്ക്ക് കൈമാറി കിട്ടിയിട്ടില്ല. കേസ്, തെളിവെടുപ്പ് ഇവ അവസാനിച്ചിട്ടില്ല. വളരെ വിലപിടിപ്പുളള സാധന സാമഗ്രികൾ നഷ്ടമായിട്ടുണ്ട്. ആയത് പുനസ്ഥാപിച്ചാലെ ഫൗണ്ടൻ പ്രവർത്തനക്ഷമം ആക്കാൻ |

| | | | | |
|---|---|---|---|---|
| | | | എന്നാൽ മെയിന്റനൻസ് ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, സെക്യൂരിറ്റി ജീവനക്കാരന്റെ ശമ്പളം എന്നീ ഇനങ്ങളിൽ നഗരസഭയ്ക്ക് പ്രതിമാസം ശരാശരി 20000/- രൂപയോളം ആവർത്തന ചെലവ് ഉണ്ടാകുന്നു.<br><br>ഇടക്കിടെ പ്രവർത്തന രഹിതമാവുകയും നന്നാക്കുകയും ചെയ്യപ്പെട്ടിരുന്ന ജലധാര 2010 മുതൽ തുടർച്ചയായി (നാളിതു വരെ) പ്രവർത്തന രഹിതമായി കിടക്കുന്നു. ജലധാര പ്രവർത്തിപ്പിക്കുന്ന കൺട്രോൾ റൂമിൽ സൂക്ഷിച്ചിരുന്ന വിലയേറിയ കമ്പ്യൂട്ടർ, ആംപ്ലിഫയർ, സ്പീക്കറുകൾ മുതലായവ അപഹരിക്കപ്പെട്ടതായി ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ വ്യക്തമായി. ഇത് സെക്യൂരിറ്റി സംവിധാനത്തിന്റെ പോരായ്മ വ്യക്തമാക്കുന്നു. ജലധാരയ്ക്ക് മാത്രമായി ഒരു സെക്യൂരിറ്റി ഗാർഡിനെ നിയമിച്ചിരുന്നതും, 02/11 വരെ പ്രതിദിനം 150/- രൂപ നിരക്കിൽ വേതനം നൽകിയിരുന്നതുമാണ്.<br><br>30 ലക്ഷത്തോളം രൂപ ചെലവഴിച്ച് ആർജ്ജിച്ച ആസ്തിയുടെ പരിപാലനത്തിൽ തികഞ്ഞ അലംഭാവമാണ് നഗരസഭ കാണിച്ചത്. വിലേറിയ ഉപകരണങ്ങൾ നഷ്ടപ്പെട്ട വിവരം യഥാസമയം അധികൃതർ അറിഞ്ഞിട്ടില്ല. ജലധാര സംവിധാനം പൂർണ്ണമായി പ്രവർത്തന രഹിതമായിട്ടും സെക്യൂരിറ്റി സ്റ്റാഫിന്റെ ശമ്പളം ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ ഉണ്ടായിട്ടുണ്ട്. ഭീമമായ മൂലധനച്ചെലവ് ഉണ്ടായിട്ടുള്ളതിനാൽ ജലധാരയുടെ കേടുപാടുകൾ പരിഹരിക്കാനും, കരാർ ലംഘനം ഉണ്ടായിട്ടുണ്ടെ | കഴിയൂ. ഈ ഫൗണ്ടൻ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് വളരെയേറെ സാമ്പത്തിക ചെലവ് വരുന്നതാണ്. എന്നിരുന്നാലും പുനർ പ്രവർത്തനം ആരംഭിച്ചാൽ പോലും ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ച്കൊണ്ടും, നഗരസഭ മുമ്പ് വിഭാവനം ചെയ്തിരുന്നതുപോലെ വരുമാനദായകമായ തരത്തിൽ നിർവ്വഹിക്കാൻ കഴിയുമെന്ന കാര്യത്തിൽ ഉറപ്പില്ല.<br><br>മേൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിയ്ക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ങ്കിൽ കൺസൾട്ടിംഗ് സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കാനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടത് ആയിരുന്നു. യഥാസമയം നടപടികൾ സ്വീകരിക്കാത്തതു മൂലം അറ്റകുറ്റപ്പണി നടത്താത്ത വിധം ജലധാരയും മറ്റ് അനുബന്ധ സജ്ജീകരണങ്ങളും നാശോന്മുഖമായി എന്ന് നിലവിലെ സ്ഥിതി വ്യക്തമാക്കുന്നു. | |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012 – 2013 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കൊടുങ്ങല്ലൂർ നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

**Remedial Measures taken statement**

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2012-2013 | 4.5.1 | **മത്സ്യമാർക്കറ്റ് നവീകരണം – വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമായില്ല– 23,11,498/– രൂപയുടെ ചിലവ് നിഷ്ക്രിയമായി.**<br>കൊടുങ്ങല്ലൂർ നഗരസഭയിലെ മത്സ്യമാർക്കറ്റ് നവീകരണത്തിനായി തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ 15 ലക്ഷം രൂപ അനുവദിച്ചിരുന്നു.( ഉത്തരവ് നമ്പർ ഡി/2170/06, തീയ്യതി 17/01/2007). ഇതു പ്രകാരം നഗരസഭ 17.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയെങ്കിലും 12,08,000/– രൂപയാണ് ഫഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചത്. (റോഡ് നിർമ്മാണത്തിന് വകയിരുത്തിയ 5,42,000/– രൂപ ഒഴിവാക്കി) അധികഫണ്ട് അനുവദിക്കുകയില്ലെന്ന് 16/06/2007 ലെ എസ്.എ.എഫ് 15/07നമ്പർ ഉത്തരവിലൂടെ ഫിഷറീസ് വകുപ്പധികൃതർ അറിയിച്ചിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി നഗരസഭ ടെണ്ടർ ക്ഷണിച്ചുവെങ്കിലും പങ്കെടുക്കുവാൻ ആരും മുന്നോട്ട് വന്നില്ല. തുടർന്ന് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ എഞ്ചിനീറയിംഗ് വിഭാഗം മേധാവി ഡോ. ആർ. ജയചന്ദ്രനെക്കൊണ്ട് വിശദമായ റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് കെമിക്കൽ എഞ്ചിനിയറെക്കൊണ്ട് തയ്യാറാക്കിച്ചത് ശരിയായ നടപടിയല്ല. എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ<br><br>ക്രമ നമ്പർ — ഇനം — തുക (രൂപ)<br>1 — സിവിൽ വർക്കുകൾ — 8,50,000<br>2 — ഉപകരണങ്ങൾ — 10,50,000<br>3 — പ്ലംബിംഗ് — 50,000<br>4 — ഇലക്ട്രിക് ജോലികൾ — 1,25,000<br>---------<br>ആകെ — 20,75,000<br>=========<br><br>തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും കളമശ്ശേരിയിലെ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു (19/03/2008 ൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു) മൊത്തം 23,11,498/– രൂപ പദ്ധതിയ്ക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിനേക്കാളും 2,36,498/– രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. | 1) 5 ഫിഷ് സ്റ്റാളുകൾ, ഫിഷ് കൗണ്ടറുകൾ, മീറ്റ് സ്റ്റാളുകൾ എന്നിവ മുഴുവൻ ലേലത്തിൽ പോകുകയും, പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ പ്ലാന്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ വേസ്റ്റ് വാട്ടർ ലഭിക്കുകയുള്ളൂ. എന്നാൽ നാളിതുവരെയും മുഴുവൻ സ്റ്റാളും ലേലത്തിൽ പോയിട്ടില്ലാത്തതാണ്.<br><br>2) ബഹു. നഗരസഭാ ചെയർമാന്റെ മുൻകൂർ നിർദ്ദേശപ്രകാരമാണ് ഡോ ജയചന്ദ്രനെ നിയമിച്ചത്. 22/12/2007 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം, റോളിംഗ് ഷട്ടർ, കാന ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്<br><br>3) ഗ്ലോബൽ ലാബ്സ് സമർപ്പിച്ച പ്രോജക്ടിന് സാങ്കേതികാനുമതി ലഭിക്കുന്നതിനായി ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്സമർപ്പിച്ചെങ്കിലും ജനകീയാസൂത്രണം,മെയിന്റനൻസ് ഗ്രാന്റ് അല്ലാത്ത പ്രവർത്തികൾക്ക് സാങ്കേതികാനുമതി തരുവാൻ |

| ക്രമ നമ്പർ | ഇനം | തുക(രൂപ) | തുക നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | റോളിംഗ് ഷട്ടർ, കാന നിർമ്മാണം | 143612 | വൗച്ചർ നം. 91/4 -08 ചെക്ക്നം.102946/11.04.08 |
| | | 92886 | വൗച്ചർ നം. 82/4 -09 ചെക്ക്നം.111886/20.04.09 |
| | | 300000 | ചെക്ക്നം.118027/04.06.09 |
| | | 775000 | ചെക്ക്നം.121553/18.05.10 |
| | | 400000 | ചെക്ക്നം.126034/31.08.10 |
| | | 200000 | ചെക്ക്നം.126074/27.09.10 |
| | | 200000 | ചെക്ക്നം.126125/14.10.10 |
| 2 | പ്ലാന്റ് നിർമ്മാണം | 200000 | ചെക്ക്നം.969072/22.12.10 |
| | ആകെ | 23,11,498 | |

ഫിഷറീസ് വകുപ്പിൽ നിന്നും രണ്ട് ഘട്ടങ്ങളിലായാണ് 12,08,000/- രൂപ നഗരസഭയ്ക്ക് ലഭിച്ചത്. (11.04.08 ൽ 154821/- രൂപ 25/02/09 ൽ 10,53,179/- രൂപ) മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള പി.സി.ബി/ഡി.ഒ/ടി.എസ്.ആർ/എഫ്/ഐ/ഐ.സി/635/2009 ഉത്തരവ് പ്രകാരം 29/04/2009 മുതൽ 31/03/2012 വരെ പ്ലാന്റിന് പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്.

<u>പദ്ധതിയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുള്ള അപാകതകൾ ഇനിപ്പറയുന്നു</u>

1. വൻകിട മത്സ്യമാർക്കറ്റുകളിൽ സ്ഥാപിക്കേണ്ട, ദിനംപ്രതി 30,000 ലിറ്റർ ശേഷിയുള്ള പ്ലാന്റാണ് കേവലം 10 ഫിഷ്സ്റ്റാളുകൾ മാത്രമുള്ള മാർക്കറ്റ് – കം– ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുള്ളത്. ഫിഷ് സ്റ്റാളുകൾ ഇതുവരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.
2. പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡോ. ജയചന്ദ്രനെ നിയോഗിക്കൽ, ഷട്ടർ, കാന എന്നിവയുടെ നിർമ്മാണം, എസ്റ്റിമേറ്റ് അംഗീകരിക്കൽ, ഗ്രീൻമെത്തേഡ് എഞ്ചിനീയറിംഗ് കമ്പനിയുമായി പ്ലാന്റ് നിർമ്മാണത്തിനുള്ള ഉടമ്പടി ഒപ്പുവെയ്ക്കൽ തുടങ്ങി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ, പ്ലാന്റ് നിർമ്മാണത്തിനുശേഷം 16/10.02.10 തീരുമാനപ്രകാരമാണ് നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളത്.
3. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് അനധികൃതർ തയ്യാറാക്കിയ പ്രൊജക്ട് വിദഗ്ദ്ധ സമിതികളൊന്നും വിലയിരുത്തിയിട്ടില്ല.

നിവൃത്തിയില്ലഎന്നറിയിക്കുകയുണ്ടായി. പിന്നീട് തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയറുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ആയതിൽ ട്രീറ്റ്മെന്റ് പ്ലാന്റ് വിഭാഗത്തിൽ ഡോക്ടറേറ്റ് ഉള്ളയാളുമായ ഡോ. ആർ ജയചന്ദ്രൻ ആണ് പ്രോജക്ട് തയ്യാറാക്കിയത്. കൊടുങ്ങല്ലൂർ മോഡേൺ ആശുപത്രി ഉൾപ്പെടെ നിരവധി പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുള്ളയാളാണെന്ന് അന്വേഷണത്തിൽ നിന്നും മനസ്സിലായതിനെത്തുടർന്നാണ് ടിയാളെ പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയത് എന്ന് അന്നത്തെ മുനിസിപ്പൽഎഞ്ചിനീയർരേഖപ്പെടുത്തിയിട്ടുണ്ട്. 20/07/2009 ലെ GO (Rt) No. 1808/2009/LSGD പ്രകാരം സാങ്കേതികാനുമതിവാങ്ങാതെയുള്ള ടി നിർമ്മാണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

4) എഗ്രിമെന്റ് പ്രകാരം വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയാക്കി പ്രവർത്തിപ്പിച്ച് നോക്കിയിട്ടുള്ളതാണ്. ആയത് ഫയൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) ടി പ്രൊജക്ടിൽ സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികൾ പ്രത്യേകമായ അളവോ നിരക്കുകളോ ഇല്ലാതിരുന്നതിനാലും ഇത് ഒരു പ്രത്യേക പ്രൊജക്ടിന്റെ ഭാഗമായി വരുന്നതിനാലും ടി പ്രവൃത്തികളുടെ അളവുകൾ, അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നില്ല.

6) പ്രൊജക്ട് സമർപ്പിച്ച വേളയിൽ

| | | | | |
|---|---|---|---|---|
| | | | 4. 3/2008 ൽ കരാറുകാരൻ വിതരണം ചെയ്ത 11.50 ലക്ഷം രൂപ വിലയുള്ള ഉപകരണങ്ങൾ ഉറപ്പിച്ച് പ്ലാന്റ് തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൂല്യ നിർണ്ണയം, ക്ഷമതാപരിശോധന എന്നിവ നടത്തിയിട്ടില്ല. കരാർ പ്രകാരം പൂർത്തികരണ തീയ്യതി മുതൽ രണ്ടുവർഷമാണ് ഗ്യാരണ്ടി കാലാവധിയെങ്കിലും ഒരിക്കൽ പോലും പ്രവർത്തിച്ച് ബോദ്ധ്യപ്പെടാതെ ഗ്യാരണ്ടി കാലയളവ് അവസാനിച്ചു.<br><br>5. ടെണ്ടർ ചെയ്ത പ്രവർത്തിയുടെ സിവിൽ - ഇലക്ട്രിക്കൽ വർക്കുകളുടെ അളവുകൾ, സ്പെസിഫിക്കേഷനുകൾ, പ്ലാൻ, നിരക്കുകൾ എന്നിവയൊന്നും പ്രത്യേകമായി കരാറിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികളുടെ മൂല്യനിർണ്ണയവും നടത്തിയിട്ടില്ല.<br>6. ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന തുക പരിഗണിക്കാതെ കൂടിയ തുകയ്ക്ക് പദ്ധതി തയ്യാറാക്കിയതിനാൽ നഗരസഭയുടെ തനതുഫണ്ടിൽ നിന്നും 11 ലക്ഷം രൂപയുടെ ശോഷണമുണ്ടായി<br><br>ഓഡിറ്റ് ടിം 28/11/2011 ൽ പ്ലാന്റ് സന്ദർശിച്ച് പ്രവർത്തിക്കുന്നില്ല എന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. വേണ്ടത്ര ആസൂത്രണവും, ദീർഘവീക്ഷണവുമില്ലാതെ മേൽ പദ്ധതി നടപ്പാക്കിയതിലൂടെ 23,11,498/- രൂപയുടെ പാഴ്ചെലവുണ്ടായിരിക്കുകയാണ്.<br><br>മേൽ ഓഡിറ്റ് ഖണ്ഡികയ്ക്ക് 12/04/12 ലെ എ1-443/12-ാം നമ്പർ കത്തിലൂടെ നഗരസഭാധികൃതർ മറുപടി ലഭ്യമാക്കിയിരിക്കുന്നു. മത്സ്യ-മാംസ മാർക്കറ്റുകൾ പൂർണ്ണമായും മലിനം കൊള്ളുന്ന മുറയ്ക്ക് പ്ലാന്റ് പ്രവർത്തിക്കുന്നതാണ് എന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. മേൽ പ്രവർത്തിയിൽ സംഭവിച്ചിട്ടുള്ള അപാകതകൾക്ക് നൽകിയ മറുപടി തൃപ്തികരമല്ല.<br><br>ഉത്തരവാദികളായവർ:-<br>) ശ്രീ. ജി. സുധാകരൻ (റിട്ട)<br>ആരണ്യകം, നെടുമങ്ങാട്, തിരുവനന്തപുരം<br>2) ശ്രീ. എൻ. സന്തോഷ്കുമാർ (തൃക്കാക്കര നഗരസഭ)<br>അടത്തിൽ വീട്,ചേർത്തല, ആലപ്പുഴ<br>3) ശ്രീ.സി.വി. വിജയമോഹനൻ,S/o ചെല്ലപ്പൻ,<br>ബി.എം.സി മന്ദിരം, വേങ്ങാട്, നെടുമങ്ങാട്,പി.ഒ,<br>തിരുവനന്തപുരം. | ലാസ്റ്റ് റിവിഷൻ വരികയും ആയതു പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ചാണ് പ്രവൃത്തി ചെയ്തത്. ഗവ: സെക്രട്ടറിയുടെ 08/10/2009ലെ 2997/സി2/2009/മ.തു.വ നമ്പർ കത്ത് പ്രകാരം, ഫിഷറീസ് വകുപ്പ് വാഗ്ദാനം ചെയ്ത തുകയിൽ കൂടുതൽ വരുന്ന തുക തദ്ദേ സ്വയംഭരണ സ്ഥാപനം തന്നെ വഹിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു. ബാക്കി തുക കൂടി അനുവദിക്കണമെന്നു കാണിച്ച് അന്നത്തെ റവന്യൂമന്ത്രി, ഫിഷറീസ് മന്ത്രി എന്നിവർക്ക് കത്തയച്ചിരുന്നതാണ്. എന്നാൽ കരാറുകാർ ബഹു. ഹൈക്കോടതിയിൽ നല്കിയ കേസിന്റെ അടിസ്ഥാനത്തിൽ, കോടതി നല്കിയ ഉത്തരവിൻ പ്രകാരമാണ് തുക നല്കിയത്. |

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് നടപടി പത്രിക സംബന്ധിച്ച്.

| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് ഖണ്ഡിക | പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| ചാവക്കാട്<br>4.5.2 | ലക്ഷങ്ങൾ വിലയുള്ള കൊയ്ത്ത്-മെതിയന്ത്രം ഉപയോഗിക്കുന്നില്ല.<br>ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് -ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3(3)<br>• പാടശേഖരത്തിന് അനുയോജ്യമല്ലാത്ത കൊയ്ത്ത് മെതിയന്ത്രം വാങ്ങുകയും ഉപയോഗ്യമാക്കാതെ സൂക്ഷിക്കുകയും ചെയ്തത് മൂലം 16,82,920/-രൂപയുടെ നഷ്ടമുണ്ടായി.<br>• പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രം ഉപയോഗരഹിതമായി സൂക്ഷിച്ചിരിക്കുന്നു. ആകെ 10 മണിക്കൂർ മാത്രമാണ് യന്ത്രം പ്രവർത്തിച്ചിട്ടുള്ളത്.<br><br>ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10 വർഷത്തെ വാർഷിക പദ്ധതിൽപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 16,82,920/-രൂപ (ബിൽ നം.1 തീയതി. 27.1.2010, ഡി.ഡി നം.191993 തീയതി. 3.2.2010) ചെലവഴിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർവ്വഹണത്തിൽ റെയ്ഡ്കോയിൽ നിന്ന് കൊയ്ത്ത് മെതിയന്ത്രം വാങ്ങി. യന്ത്രത്തിന്റെ ഗുണനിലവാരം പരിശോധിക്കാതെ 7.4.2010 ന് സ്റ്റോക്കിലെടുത്ത് 9.4.2010 ന് പുന്നയൂർക്കുളം പഞ്ചായത്തിൽപ്പെടുന്ന പറ്റൂർ പടവ് പാടശേഖരസമിതിക്ക് കൈമാറിയ യന്ത്രം 10 മണിക്കൂർ പ്രവർത്തിച്ചുവെങ്കിലും, തുടർന്ന് നാളിതുവരെ യന്ത്രം ഉപയോഗിച്ചിട്ടില്ല. | ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ പുന്നയൂർക്കുളം, ചാവക്കാട് മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ മാത്രമാണ് നിലവിൽ നെൽകൃഷിയുള്ളത് അതുതന്നെ പുഞ്ചസീസണിൽ മാത്രമാണ് കൃഷിയിറക്കുന്നത് മേൽ വിവരിക്കുന്ന ചാമ്പ്യൻ TRF 15 T എന്ന കൊയ്ത്തു മെതി യന്ത്രം ഒരു സീസണിൽ കൊയ്ത്തിനു വേണ്ടി ഉപയോഗിച്ചെങ്കിലും യന്ത്രം കൈപ്പറ്റിയ പരൂർ പടവ് ഗ്രൂപ്പ് ഫാമിംഗ് സമിതി യന്ത്രത്തിന്റെ ഉപയോഗത്തിൽ പരിപൂർണ്ണമായും തൃപ്തരായില്ല. കൂടാതെ ഈ പ്രദേശത്തെ ഭൂപ്രകൃതിയനുസരിച്ച് വെള്ളം കയറുന്ന പാടശേഖരത്തിൽ പ്രസ്തുത യന്ത്രം ഉപയോഗിക്കുവാൻ പ്രയാസം നേരിടുന്നതിനാലും ഉപയോഗച്ചിലവും കൊയ്ത്തു സമയവും കൂടുതലായതിനാലും പാടശേഖര സമിതി അംഗങ്ങൾ യന്ത്രം ഉപയോഗിക്കുവാൻ വിമുഖത പ്രകടിപ്പിക്കുകയാണ്. മേൽ കാരണത്താലാണ് യന്ത്രം ഉപയോഗിക്കുവാൻ കഴിയാത്തത്.<br><br>കൊയ്ത്തുമെതി യന്ത്രം ഇപ്പോൾ ഉപയോഗയോഗ്യമല്ല. നന്നാക്കുന്നതിനു 49678.85 രൂപയുടെ എസ്റ്റിമേറ്റാണ് റെയ്ഡ്കോ, തൃശ്ശൂർ അയച്ചുതന്നത്. എന്നാൽ 15.05.2013-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റി ഇക്കാര്യത്തിൽ തീരുമാനമുണ്ടാകാതെ പിരിയുകയാണ് ചെയ്തത്. ഇപ്പോൾ ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വളപ്പിലാണ് ടി യന്ത്രം സൂക്ഷി |

| | | |
|---|---|---|
| | 11.5.2009 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം 25,58,304/-രൂപ വകയിരുത്തി കൊയ്ത്ത് മെതി യന്ത്രം വാങ്ങാൻ ജില്ലാ ആസൂത്രണ സമിതി 19.5.2009 ൽ അംഗീകാരം നൽകി. എന്നാൽ പ്രോജക്ടിലെ ഇനം 2 ൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 500 ഹെക്ടർ സ്ഥലത്ത നെൽകൃഷിയുള്ളു എന്നും പുന്നയൂർക്കുളം പഞ്ചായത്തിൽ ഇപ്പോൾ തന്നെ ഒരു കൊയ്ത്തു മെതി യന്ത്രം ഉണ്ട് എന്നതിനാലും ബാക്കി കൃഷികളെ അവഗണിച്ച് 25 ലക്ഷം രൂപ ചെലവഴിച്ച് വീണ്ടും വാങ്ങുന്നത് അഭികാമ്യമല്ലെന്നും വിഷയ മേഖലാ ഉപസമിതിയുടെ 14.5.2009 ലെ ധന ബി-21/09-10 കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു. മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ 2.7.2009 ലെ യോഗം 25 ലക്ഷം രൂപയുടെ യന്ത്രം വാങ്ങേണ്ടെന്നും 8 ലക്ഷം. രൂപ വിലവരുന്ന വൈക്കോൽ നശിക്കാത്ത യന്ത്രം വാങ്ങിയാൽ മതിയെന്നും തീരുമാനിച്ചു.<br><br>എന്നാൽ 12.1.2010 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത റെയ്ഡ്കോയുടെ 16,82,920/-രൂപ യുടെ ടെണ്ടർ അംഗീകരിച്ചു. ഇത്തരത്തിൽ വാങ്ങൽ നടത്താൻ നടപടിയെടുത്തതിന് ശേഷമാണ് 15.2.2010 ൽ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചത്. 22.2.2010 ലെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ കത്തിൽ പ്രോജക്ടിനെക്കുറിച്ച് പുനരാലോചിക്കണമെന്നും സാധ്യമെങ്കിൽ ഈ പ്രോജക്ടിനായി വകയിരുത്തിയ തുക മറ്റേതെങ്കിലും പ്രോജക്ടിലേക്ക് മാറ്റണമെന്നും ആവശ്യപ്പെട്ടു. മേൽ നിർദ്ദേശം പരിഗണിക്കാതെ യന്ത്രം വാങ്ങി.<br>പാടശേഖര സമിതിക്ക് കൈമാറിയ യന്ത്രം ദിവസം 10 മണിക്കൂർ പ്രവർത്തിച്ചതിന് 600/-രൂപ നിരക്കിൽ 6,000/-രൂപ ഈടാക്കി. പിന്നീട് യന്ത്രം ഒരു തവണ | ച്ചിരിക്കുന്നത്. യന്ത്രം കൈമാറുന്നതിന് എടുത്ത നടപടികൾ 01.03.2014 - ന് ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 11-ാം നമ്പർ തീരുമാനപ്രകാരം കൊയ്ത്തുമെതിയന്ത്രം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ ഗവൺമെന്റ് അനുമതി വാങ്ങാൻ തീരുമാനിച്ചെങ്കിലും നടപടികളിൽ കാലതാമസം വരുമെന്നതിനാൽ 22.05.2014 - ന് ചേർന്ന ജനറൽ കമ്മിറ്റിയുടെ 8-ാം നമ്പർ തീരുമാനപ്രകാരം യന്ത്രം എം.കെ.എസ്.പി ക്ക് കൈമാറാൻ തീരുമാനിക്കുകയും അതുപ്രകാരം പ്രവർത്തനക്ഷമത നിർണ്ണയിക്കുന്നതിന് കെ.വി.കെ യ്ക്ക് വാല്യുവേഷൻ നടത്തുന്നതിന് കൃഷി വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് 24.06.2014 ലെ കത്ത് നൽകിയിട്ടുണ്ട് തുടർ നടപടികൾ ഉണ്ടായിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

പോലും ഉപയോഗിച്ചിട്ടില്ല. യന്ത്രത്തിന്റെ നിർമ്മാണത്തിലെ സാങ്കേതികമായ പോരായ്മകൾ മൂലവും പറ്റൂർ പാടശേഖരം സമുദ്ര നിരപ്പിൽ നിന്നും താഴെയായതിനാൽ ഉപ്പ് വെള്ളം കയറുന്നതിനാലും യന്ത്രം ഉപയോഗിക്കാൻ പ്രയാസം നേരിടുന്നതായി പാടശേഖര സമിതി അറിയിക്കുകയുണ്ടായി. എന്നാൽ യന്ത്രം വാങ്ങുന്നതിന് മുമ്പ് ഇത്തരം പോരായ്മകൾ ചർച്ച ചെയ്തതായി കാണുന്നില്ല. തുടർ പ്രവർത്തന അവലോകനത്തിനായി രൂപീകരിച്ച സമിതിയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. 7.3.2011 ലെ പാടശേഖര സമിതിയുടെ കത്ത് പ്രകാരം ബണ്ട് നിർമ്മാണം നടക്കാത്തതിനാൽ നിലവിൽ കൃഷി നടത്താൻ കൂടി പ്രയാസമാകയാൽ യന്ത്രത്തിന്റെ ആവശ്യമില്ലെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

ആസൂത്രണ വിഷയ ഉപസമിതിയുടെ ശുപാർശ മാനിക്കാതെയും, ആവശ്യകത കണക്കിലെടുക്കാതെയും പാടശേഖരത്തിന് അനുയോജ്യമല്ലാത്ത യന്ത്രം ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചു വാങ്ങുകയും കേവലം മണിക്കൂറുകൾ മാത്രം പ്രവർത്തിപ്പിച്ച് നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതും ഗൗരവപൂർണ്ണമായ അനാസ്ഥയാണ്. മേൽ തുകയുടെ നഷ്ടത്തിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതയും ഉത്തരവാദികളാണ്.

18.4.2013 ലെ എൽ.എഫ്.ടി.എസ്.1-2182/12-ാം നമ്പർ കത്തിലൂടെ മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് പരിഗണിക്കുന്ന വിവരം അറിയിച്ചിരുന്നു. എന്നാൽ 2009-10 വർഷത്തിൽ വാങ്ങിയ യന്ത്രം കേടുപാടുകൾ കണ്ടതുകൊണ്ട് 6.3.2012 ൽ ബ്ലോക്ക്തല കമ്മിറ്റി കൂടി ഉപയോഗപ്രദമായ മറ്റേതെകിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് സർക്കാർ അനുമതിയോടുകൂടികൈമാറാൻ ശുപാർശ നൽകിയിട്ടുള്ളതായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറി

| | | |
|---|---|---|
| | യിച്ചുണ്ട് എന്ന മറുപടിയാണ് 13.5.2013 ലെ ഇ.82/2013 നമ്പർ കത്തിലൂടെ നൽകിയിട്ടുള്ളത്.<br><br>ഉത്തരവാദികളായവർ-1) ശ്രീമതി.ലീലാമ്മ.എം.പി<br>(കൃഷി അസിസ്റ്റന്റ് ഡയറക്ടർ)<br>പുലിക്കാട്ടിൽ വീട്,<br>കോനിക്കര(പി.ഒ)<br>ഒല്ലൂർ, തൃശ്ശൂർ<br><br>2) ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ | |

**2012-13- സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ തൃശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി**

| ഓഡിറ്റ് വർഷം | പാരാ നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിനുള്ള മറുപടി/ ഓഡിറ്റ് പരാമർശത്തിന്മേൽ നഗരസഭ സ്വീകരിച്ച നടപടി |
|---|---|---|---|
| 2012-13 | 4.5.3 | ***സീതാറാം ടെക്സ്റ്റയിൽസിന്റെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക - സർക്കാർ നിർദ്ദേശം നടപ്പാക്കിയില്ല - ഈടാക്കാനുള്ളത് 26,83,964/- രൂപ*** <br> സീതാറാം ടെക്സ്റ്റയിൽസ് പൂങ്കുന്നം എന്ന സ്ഥാപനം 1998 വരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 15,54,195/-രൂപയും പിഴപലിശയിനത്തിൽ 22,59,538/-രൂപയും അടക്കം ആകെ 38,13,733/-രൂപ കുടിശിക അടയ്ക്കാനുണ്ട്. ( ഇ4-3482/08 കൺസ്യൂമർ നംപർ എച്ച്.ടി 1 ) <br> കുടിശിക ഇളവ് അനുവദിക്കുന്നതിലേയ്ക്കായി സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് ജനറൽ മാനേജർ സർക്കാരിലേയ്ക്ക് കത്തെഴുതിയിരുന്നു. 29.08.2006-ലെ സർക്കാർ ഉത്തരവ് ( സാധാരണ ) 3229/2006/ത.സ്വ.ഭ.വ പ്രകാരം, കുടിശികയുടെ പിഴപലിശ ഇനത്തിൽ 50% ( 1129769/-രൂപ ) ഇളവ് അനുവദിച്ചു. എന്നാൽ അവശേഷിക്കുന്ന കുടിശിക തുകയായ 2683964/-രൂപ സീതാറാം ടെക്സ്റ്റയിൽസ് മിൽസ് അടവാക്കുകയോ നിയമവിധേന ഈടാക്കുവാൻ നടപടി കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. <br> കുടിശിക ഈടാക്കുവാൻ ഫലപ്രദമായ നടപടികൾ കോർപ്പറേഷൻ അധികൃതർ കൈക്കൊണ്ടിട്ടില്ല എന്ന് മാത്രമല്ല വിഷയത്തിൽ തികഞ്ഞ അലംഭാവവും കാട്ടിയിട്ടുണ്ടെന്ന് രേഖകൾ വ്യക്തമാക്കുന്നു. പിഴപലിശയിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കോപ്പി ലഭിച്ചത് അവ്യക്തമായിരുന്നതിനാൽ മറ്റൊരു പകർപ്പ് അയച്ച് തരണമെന്ന് 12.03.2008-ലെ ഇ4/3284/08 നംപർ കത്തിലൂടെയാണ് നഗരസഭ അധികൃതർ സർക്കാരിലേയ്ക്ക് കത്തയച്ചത്. എന്നാൽ ഏതാണ്ട് രണ്ട് വർഷത്തിന് ശേഷമാണ് ( | തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ എച്ച്.ടി.1 ഉപഭോക്താവായിരുന്ന മെ.സീതാറാം ടെക്സ്റ്റയിൽസ് എന്ന സ്ഥാപനം 1988 വരെ വൈദ്യുതി ഉപയോഗിച്ച വകയിൽ, 15,54,195/-രൂ വൈദ്യുതി ചാർജ്ജിനത്തിലും 22,59,538/-രൂപ പലിശയിനത്തിലുമായി മൊത്തം 38,13,733/-രൂപ കുടിശിക അടയ്ക്കുവാനുണ്ട്. വൈദ്യുതി ചാർജ്ജ് കുടിശിക അടയ്ക്കാത്തതിനാൽ ടി കണക്ഷൻ 1988-ൽ വിച്ഛേദിച്ചിട്ടുള്ളതാണ്. ടി തുക അടയ്ക്കുന്നതിന് മെ.സീതാറാം ടെക്സ്റ്റയിൽസിന് പലവട്ടം നോട്ടീസയച്ചിട്ടുള്ളതുമാണ് പിന്നീട് കെ.എസ്.ഇ.ബി.യിൽ നിന്നും നേരിട്ട് വൈദ്യുതി നൽകിയതിനെ തുടർന്ന് പ്രവർത്തനം പുനരാരംഭിച്ചെങ്കിലും സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ 10 വർഷം പീഡിത വ്യവസായമായി പ്രഖ്യാപിച്ചിരുന്നു. ഈ സാമ്പത്തിക പ്രതിസന്ധിയിൽ പലിശ പൂർണ്ണമായി ഒഴിവാക്കിതരണമെന്നും വൈദ്യുതി ചാർജ്ജ് ഗഡുക്കളായി അടയ്ക്കുവാൻ അനുമതി നൽകണമെന്നും കാണിച്ച് സർക്കാരിലേയ്ക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും 29.08.2006-ൽ സ.ഉ.(സാധ.)3229/06 തസ്വഭവ പ്രകാരം 50% പലിശ ഇളവ് ചെയ്തുകൊണ്ട് ഉത്തരവ് ഉണ്ടായി. എന്നാൽ ഉത്തരവ് പൂർണ്ണരൂപത്തിൽ വൈദ്യുതി വിഭാഗത്തിൽ ലഭിക്കാതിരുന്നതിനാൽ സർക്കാരിലേയ്ക്ക് വീണ്ടും കത്തെഴുതുകയും അങ്ങിനെ 2011-ൽ പലിശയിനത്തിൽ അടയ്ക്കുവാനുണ്ടായിരുന്ന 22,59,538/-രൂപയിൽ 50% ഇളവ് വരുത്തികൊണ്ടുള്ള ഉത്തരവ് അയച്ചുതരികയുമുണ്ടായി. ഇക്കാര്യം അറിയിച്ചുകൊണ്ടും പലിശയിൽ 50% ഇളവ് വരുത്തി ബാക്കി തുക അടയ്ക്കുന്നതിന് നോട്ടീസ് നൽകുന്നതിനുമായി 17.03.2011-ൽ കൗൺസിൽ അജണ്ട സമർപ്പിച്ചിരുന്നു. എങ്കിലും 30.04.2011-ലെ 62-ാം നംപർ തീരുമാനപ്രകാരം വിഷയം തീരുമാനമെടുക്കാതെ മാറ്റി വെയ്ക്കുകയാണുണ്ടായത്. സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പിഴപലിശ 50% കുറച്ച് കാണിച്ച് മെ.സീതാറാം ടെക്സ്റ്റയിൽസിന് കത്തയച്ചിരുന്നു. ഗഡുക്കളായി തുക അടയ്ക്കുവാൻ തയ്യാറാണെങ്കിൽ ആയതിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും കത്തിൽ നിർദ്ദേശിച്ചിരുന്നു. മെ.സീതാറാം അടയ്ക്കുവാനുള്ള 15,54,195/-രൂപ ( വൈദ്യുതി ചാർജ്ജ് മാത്രം ) 14 ഗഡുക്കളായി അടക്കുന്നതിന് 04.12.2013-ലെ 73-ാം നംപർ കൗൺസിൽ തീരുമാന പ്രകാരം ഉത്തരവായിട്ടുള്ളതാണ് ഇതു പ്രകാരം മെ.സീതാറാം 8 തവണകളായി 8 ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട് |

136

448/2017.

| | | | |
|---|---|---|---|
| | | 01.01.11 ) സർക്കാരിൽ നിന്ന് മേൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിരിക്കുന്നത്. സമയബന്ധിതമായി ഉത്തരവിന്റെപകർപ്പ് ലഭിക്കുവാൻ കോർപ്പറേഷൻ അധികൃതർ ശ്രമിച്ചിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.<br>നഗരസഭയുടെ 17.03.2011 ൽ നടന്ന കൗൺസിൽ യോഗത്തിൽ ഒരു അജണ്ടയായി മേൽ വിഷയം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 30.04.2011-ലെ 82-ാം നമ്പർ തീരുമാനപ്രകാരം വിഷയം മാറ്റിവെയ്ക്കുകയാണുണ്ടായത്. നഗരസഭയ്ക്ക് ലഭിക്കാനുള്ള വലിയൊരു തുക ഈടാക്കുന്നത് സംബന്ധിച്ച് കൗൺസിൽ യോഗം തീരുമാനമൊന്നും കൈക്കൊള്ളാത്തത് വീഴ്ചയാണ്. 27.02.2013-ലെ ഇ.4(ബി)/3284/08 നമ്പർ കത്തിലൂടെ, കുടിശിക തുക എത്രയും വേഗം അടവാക്കണമെന്ന് നഗരസഭ സീതാറാം ടെക്സ്റ്റയിൽസ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ യാതൊരുവിധ മറുപടിയും നാളിതുവരെ സീതാറാം ടെക്സ്റ്റയിൽസ് അധികൃതർ നൽകിയിട്ടില്ല. മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് പരിഗണിക്കുന്ന വിവരം 18.01.2013-ലെ എൽ.എഫ്.ടി.ആർ.സി.4-828/12 നമ്പർ കത്തിലൂടെ തൃശ്ശൂർ കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ നഗരസഭാധികൃതരെ അറിയിച്ചിരുന്നു. ആയതിന് 03.05.2013ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, കുടിശിക ഈടാക്കാൻ എന്തെങ്കിലും നടപടിയെടുത്തതായി പറയുന്നില്ല. | പീഡിത വ്യവസായമായതിനാൽ മെ. സീതാറാമിന് നൽകിയ പലിശ ഇളവ് പുന:പരിശോധിക്കുന്നതിനായി സമർപ്പിച്ച അജണ്ടയിൽ പിഴപലിശയിൽ നിന്ന് ടി സ്ഥാപനത്തെ ഒഴിവാക്കേണ്ടതാണെന്നും ഇതിനായി സർക്കാരിനോട് ആവശ്യപ്പെടാനും അനുമതിയ്ക്ക് വിധേയമായി പിഴപലിശ ഒഴിവാക്കുന്നതിനും ഈ തീരുമാനം ഓഡിറ്റിനെ അറിയിക്കുന്നതിനും 24.04.2014-ലെ കൗൺസിൽയോഗം തീരുമാനിച്ചു. ഇതനുസരിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയ്ക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്കും കത്തുകൾ അയച്ചിട്ടുള്ളതാണ്. ഇക്കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |

# ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2012 – 13 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ മലപ്പുറം ജില്ലയിലെ

## വാഴക്കാട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന

ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

<table>
<tr><th>ക്രമ നമ്പർ</th><th>ഗ്രാമ പഞ്ചായത്തിന്റെ പേര്</th><th>സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം</th><th>ആഡിറ്റ് ഖണ്ഡിക നമ്പർ</th><th>ആഡിറ്റ് പരാമർശ വിഷയം</th><th>ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി</th></tr>
<tr><td>1</td><td>വാഴക്കാട് ഗ്രാമപഞ്ചായത്ത്</td><td>2012 /2013</td><td>4.6.1</td><td>4.6.1 ചാലിയാർ വിനോദ സഞ്ചാര പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. 7.03 ലക്ഷം രൂപയുടെ പാഴ്ചെലവ്.<br><br>വാഴക്കാട് ഗ്രാമ പഞ്ചായത്ത്. ഓഡിറ്റ് റിപ്പോർട്ട് 2007-08 മുതൽ 2009-10 വരെ ഖണ്ഡിക 3(2)<br>വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ ചാലിയാറിന്റെ തീരത്തുള്ള കള്ളിക്കാട് കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് സെന്റർ പദ്ധതി വിഭാവനം ചെയ്തു ഇതിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 5,80,000/- രൂപ മുടക്കി സമുദ്രഷിപ്യാർഡ്, അരൂർ എന്ന സ്ഥാപനത്തിൽ നിന്നും ഫൈബർ ഗ്ലാസ്സ് പാസഞ്ചർ ബോട്ടും വാങ്ങുകയുണ്ടായി (പ്രോജക്ട്നമ്പർ എസ്.061/08, വൗച്ചർ നമ്പർ 19/04.10.2008) ബോട്ട് വാങ്ങിയതിനു പുറമേ, മേൽ പദ്ധതിയുമായിബന്ധപ്പെട്ട് 1,23,850/- രൂപ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന എളമരം എൽ.പി.എസ്. ഹെഡ്മാസ്റ്റർ ചിലവഴിച്ചിട്ടുണ്ട്.<br>വിശദാംശങ്ങൾ ഇനിപ്പറയുന്നു.
<table>
<tr><th>വർഷം</th><th>ചെക്ക് നമ്പർ</th><th>തുക(രൂപ)</th><th>ചെലവഴിച്ചതിന്റെ ഉദ്ദേശ്യം</th></tr>
<tr><td>2007-08</td><td>0977083/31.07.2007</td><td>18250</td><td>ബ്രോഷർ,പ്രിന്റിംഗ് ചാർജ്</td></tr>
<tr><td>2007-08</td><td>1069167/15.01.2008</td><td>5600</td><td>ചീഫ് എക്സി.ഓഫീസർ, തിരുവനന്തപുരം SNGNGO ഡോ.പി.രാജൻ സന്ദർശന ഫീസ് നൽകിയത്</td></tr>
</table>
</td><td>(1). ടൂറിസം വികസനം ഈ പ്രോജക്ടിന്റെ മുഖ്യലക്ഷ്യമല്ല. 13 കി.മി ദൂരം ചാലിയാറിന്റെ അതിർത്തി പങ്കിടുന്ന പഞ്ചായത്തായതിനാൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിനും, 12 അംഗീകൃത മണൽ കടവുകളിലെ അനധികൃത മണൽ കൊള്ള തടയുന്നതിനും, ഒഴിവുസമയങ്ങളിൽ വിനോദ സഞ്ചാരികൾക്ക് ഉപയോഗപ്പെടുത്തുന്നതിനും ഉദ്ദേശിച്ച് വിവിധ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ബോട്ടു വാങ്ങാൻ തീരുമാനിക്കുകയുമായിരുന്നു. ആയതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.<br><br>(2). ഈ പദ്ധതി വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും മണൽകൊള്ള തടയുന്നതിനും ഉദ്ദേശിച്ചുള്ള ലാഭേഛകൂടാതെയുള്ള പ്രവർത്തി ആയതിനാലാണ് സാധ്യതാ പഠനം നടത്താതിരുന്നത്.<br><br>(3). 23/01/2008 തിയ്യതിയിലെ സംയുക്ത കമ്മറ്റി പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് തന്നെ പ്രസിഡണ്ടിന്റെ ഫോൺ മുഖാന്തിരം കമ്പനിയുമായി നെഗോസിയേഷൻ നടത്തി തീരുമാനിച്ചതിന്റെ</td></tr>
</table>

| | | | |
|---|---|---|---|
| 2008–09 | 0850068/21.10.2008 | 100000 | ഡോക്യുമെന്ററി നിർമ്മാണം |
| ആകെ | | 123850 | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പഞ്ചായത്ത് രാജ് നിയമം 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം ടൂറിസം വികസനം ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടുന്നതല്ല. കൂടാതെ, മേൽ പദ്ധതി നടപ്പാക്കാനുദ്ദേശിച്ച ചാലിയാറിന്റെ തീരം വാഴക്കാടിന് പുറമെ കീഴ്പറമ്പ്, ചീക്കോട് എന്നീ പഞ്ചായത്തുകളുടെ അതിർത്തികൾ കൂടി ഉൾപ്പെടുന്നതാണ്. ആയതിനാൽ പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് സർക്കാറിന്റെ മുൻകൂർ അനുമതി തേടേണമായിരുന്നു. എന്നാൽ അനുമതിയില്ലാതെയാണ് ബോട്ട് വാങ്ങിയത്. .
2. പദ്ധതിയെക്കുറിച്ച് സാധ്യതാപഠനം നടത്തിയില്ല.
3. നെഗോസിയേഷനു ശേഷം സമുദ്രഷിപ്യാർഡിന്റെ ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചത് 29.01.2008ലെ 2(15)-ാം നമ്പർ തീരുമാന പ്രകാരമാണ്. എന്നാൽ മേൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ഇതിനും മുമ്പ് 24.01.2008 നാണ്. (പഞ്ചായത്തിന്റെ 24.01.2008 ലെ എ2/734/07 നമ്പർ കത്ത്) ടെണ്ടർ അംഗീകരിക്കുന്നതിന് മുമ്പ് സപ്ലൈ ഓർഡർ നൽകിയത് ക്രമപ്രകാരമുള്ള നടപടിയല്ല.
4. 22.09.2010 നുശേഷം ബോട്ടിന് ഇൻഷ്വറൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയില്ല. പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് മുമ്പ് ബോട്ട് വാങ്ങിയതിനാലും യഥാസമയം ഇൻഷ്വറൻസ് ഫിറ്റ്നസ് എന്നിവ ലഭ്യമാക്കാത്തതിനാലും ബോട്ട് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

24.04.2009 ലെ 4-ാം നമ്പർ തീരുമാനപ്രകാരം ബോട്ടുപയോഗിച്ച് വാട്ടർ സ്പോർട്സ് സെന്റർ ആരംഭിക്കുവാൻ പഞ്ചായത്തിന് അനുമതി നൽകുവാൻ സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ മേൽ അപേക്ഷ സർക്കാർ നിരസിക്കുകയാണുണ്ടായത് (11.10.2010 ലെ 30440/ഡി.എ2/09/എൽ.എസ്.ജി.ഡി നമ്പർ കത്ത്).

ബോട്ടിന്റെ അവസ്ഥ നേരിട്ട് മനസ്സിലാക്കാനായി ഓഡിറ്റ് ടീം 02/07/2012 ന് സ്ഥലം സന്ദർശിച്ചു. പഞ്ചായത്തിലെ മണന്തലക്കടവിൽ ബോട്ട് നങ്കൂരമിട്ട് കിടക്കുകയായിരുന്നു. ബോട്ടിന്റെ അടിഭാഗം ദ്രവിച്ചതിനാലും, മേൽഭാഗത്തെ ഷീറ്റ് കീറിയതിനാലും വെള്ളം കയറിയിട്ടുണ്ട്. എൻജിനും, അനുബന്ധസാമഗ്രികളും

അടിസ്ഥാനത്തിലാണ് 24/01/2008 ന് സെക്രട്ടറി സപ്ലൈ ഓർഡർ നൽകിയത്. ആയത് 29/01/2008 തിയ്യതിയിലെ ഭരണ സമിതി അംഗീകരിച്ചിട്ടുള്ളതുമാണ്.

(4). വാട്ടർ സ്പോർട്ട്സ് സെന്ററിനോടനുബന്ധിച്ച് ബോട്ട് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാകാത്ത സാഹചര്യത്തിലാണ് ലൈസൻസ് പുതുക്കാതിരുന്നത്.

(5). ബോട്ട് നാശോന്മുഖമായി എന്നുള്ള നിഗമനം ശരിയല്ല ഇപ്പോഴും ബോട്ടും സുരക്ഷ ഉപകരണങ്ങളും പ്രവർത്തനക്ഷമമായിരിക്കുന്നുണ്ട്.

5600/- രൂപ ബോട്ടിന്റെ ലൈസൻസുമായി ബന്ധപ്പെട്ടു SNGNGO ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കു പരിശോധന ഫീസായി നൽകിയതും118370/- രൂപ ചാലിയാർ നദീ സംരക്ഷണ പദ്ധതിക്കായി സിഡി നിർമ്മാണം ബ്രോഷർ നിർമ്മാണം എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളതുമാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ചാലിയാറിലെ മണൽ കൊള്ള തടയുന്നതിനും ഉപയോഗപ്പെടുത്തിയതിന് പുറമെ വിവിധ കാലങ്ങളിൽ വാടകയ്ക്കായി ലേലം ചെയ്ത്കൊടുത്ത വകയിൽ 72750/- രൂപ ഇതേവരെ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ബോട്ട് ഇപ്പോഴും പ്രവർത്തന ക്ഷമമായതിനാൽ നിഷ്ക്രിയ ആസ്തിയായി കണക്കാക്കരുതെന്നും അപേക്ഷിക്കുന്നു. ഓഡിറ്റ് പരാമർശത്തിൽ തീരുമാനമുണ്ടാകുന്ന മുറക്ക് ആവശ്യമായ അറ്റകുറ്റപണികൾ നടത്തി പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരം പ്രവർത്തനക്ഷമമാക്കുമെന്നും ഉറപ്പ് നൽകുന്നു.

| | | | | | |
|---|---|---|---|---|---|
| | | | | പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപയോഗിക്കാനാകാത്ത വിധം ബോട്ട് നാശോന്മുഖമാണ്. പദ്ധതി ലക്ഷ്യം കാണാത്തതിനാൽ ചെലവഴിക്കപ്പെട്ട 7,03,850/- രൂപ (580000 + 123850) പാഴ്ചെലവായിരിക്കുന്നു. മേൽ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായ പാഴ്ചെലവിനെ കുറിച്ചുള്ള വിവരങ്ങൾ 21.07.2012 ലെ എൽ.എഫ്.എം 7/1644/12 നമ്പർ കത്തിലൂടെ മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br>മേൽ ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ലേക്ക് പരിഗണിക്കുന്ന വിവരം 16.11.12 ലെ എൽ.എഫ്.എം.19/2510/12 നമ്പർ കത്തിലൂടെ മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 08.01.13 ൽ 2084/12- ാം നമ്പർ കത്തിലൂടെ നൽകിയ മറുപടി തൃപ്തികരമല്ല.<br>ഉത്തരവാദികളായവർ<br><br>1. ശ്രീമതി. എം.ആർ. ശാന്ത<br>പഞ്ചായത്ത് സെക്രട്ടറി(റിട്ട)<br>മോതിരിക്കാട്ടിൽ ഹൗസ്, കോലഴി. പി.ഒ<br>തൃശ്ശൂർ ജില്ല<br>2. ശ്രീ. മുഹമ്മദ് റഹ്മത്തുള്ള. ടി.കെ<br>കളിക്കുളങ്ങര ഹൗസ്<br>ഹെഡ്മാസ്റ്റർ. ഗവ. എൽപി.സ്കൂൾ, എളമരം<br>ചെറുവായൂർ. പി.ഒ, വാഴക്കാട് വഴി- 673645 | |

# ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2012-13 | 4.6.2 | പുളിക്കൽ ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനായി 2007-08 സാമ്പത്തിക വർഷം 7,74,345 രൂപ ചെലവഴിച്ച് 93.85 സെന്റ് സ്ഥലം വാങ്ങി (1699/2008 എസ്.ആർ.ഒ കൊണ്ടോട്ടി ആധാര പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.) പ്രസ്തുത സ്ഥലത്തിന് ചുറ്റുമതിൽ കെട്ടുവാനുള്ള 2008-09 ലെ 7/08-09-ാം നമ്പർ പ്രോജക്ടിന് 6,40,000/- രൂപ വകയിരുത്തുകയും ബി.എൽ.ടി.എഫ് ഏജൻസിയിൽ നിന്നും 38/08-09-ാം നമ്പറായി (തീയതി 15.11.2008) സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. എസ്റ്റിമേറ്റിൽ ചെങ്കല്ലുപയോഗിച്ചുള്ള പടവാണ് ഉദ്ദേശിച്ചിരുന്നത്. പ്രദേശത്തെ ചെങ്കല്ലിന്റെ ലഭ്യതക്കുറവ് മൂലം തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും പ്രവൃത്തി ഏറ്റെടുക്കുന്നതിന് ആരും ഇല്ലാതിരുന്നതിനാൽ, ചെങ്കല്ലിനു പകരം കരിങ്കല്ല് കെട്ടി ബെൽറ്റ് ഇടുന്ന രീതിയിൽ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്താനും, അംഗീകാരത്തിനായി ബി.എൽ.ടി.എഫിന് സമർപ്പിക്കുവാനും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 27.01.2009 ലെ യോഗം ഐകകണ്ഠേന തീരുമാനിച്ചു.(തീരുമാനം-[illegible]) ഇതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് 2008-09 മുതൽ 2011-12 വരെ ചുറ്റുമതിൽ കെട്ടുന്നതിനായി ആകെ 14,18,701 - രൂപ ചെലവഴിച്ചിട്ടുണ്ട്. | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166 പ്രകാരമുള്ള 3-ാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ക്രമ നമ്പർ 6 ആയി ഉൾപ്പെടുത്തിയിട്ടുള്ള ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈകാര്യം ചെയ്യുകയും, മാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്ന [illegible] പൊതുസ്ഥലങ്ങളിൽ നിന്ന് ഒഴിവാക്കാനാവാത്ത [illegible] കൈകാര്യം ചെയ്യാത്ത മാലിന്യങ്ങൾ ശേഖരിച്ച് കയ്യൊഴിയുക എന്ന ഉദ്ദേശ്യത്തോടെ പുളിക്കൽ ഗ്രാമപഞ്ചായത്തിലെ പുളിക്കൽ വില്ലേജിൽ ബ്ലോക്ക് 8- ൽ 1989 ൽപ്പെട്ട 93.86 സെന്റ് സ്ഥലം 2007-08 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് 774345/- രൂപ ചെലവഴിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് വാങ്ങുകയുണ്ടായി. പുളിക്കൽ ഗ്രാമ പഞ്ചായത്ത് നേരിടുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുക എന്നത് വളരെ പ്രയാസകരമായിരുന്നു. ഒന്നാമതായി ജനങ്ങളുടെ എതിർപ്പ്, രണ്ടാമത് അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവ്, മൂന്നാമത് ലഭിക്കുന്ന സ്ഥലത്തിന് സർക്കാർ വാല്യുവേഷൻ പ്രകാരമുള്ള തുകയും പ്രദേശത്തെ മാർക്കറ്റ് വിലയും തമ്മിലുള്ള അന്തരം എന്നിവയാണ്. 2007-08 വർഷത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് ഫണ്ട് വകയിരുത്തുകയും ഭൂമിയുടമയിൽ നിന്ന് ഉടൻ [illegible] ജനങ്ങൾ തിങ്ങി താമസിക്കാത്തതും ജനങ്ങൾക്ക് എതിർപ്പ് ഉണ്ടാകാൻ സാധ്യത |

വിശദാംശങ്ങൾ പട്ടികയിൽ:

| വർഷം | പ്രോജക്റ്റ് നമ്പർ | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 2008-09 | 07/08-09 | 226344 |
| 2009-10 | 26/09-10 | 399826 |
| 2009-10 | 201/09-10 | 392531 |
| 2010-11 | 271/10-11 | 145811 |
| 2011-12 | 27/11-12 | 254189 |
| ആകെ | | 1418701 |

ഖര മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി ഭൂമി വാങ്ങിയതിന്റെ ഇരട്ടിയോളം തുകയാണ് ചുറ്റുമതിൽ കെട്ടുവാനായി ആകെ 21.93 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും, പ്ലാന്റ് സ്ഥാപിക്കുവാനുള്ള യാതൊരു പ്രവർത്തനങ്ങളും തുടങ്ങിയിട്ടില്ല. മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന കാര്യം 16.11.12 ലെ എൽ.എഫ്.എ1/9251/12 നമ്പർ കത്തിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തധികൃതരെ അറിയിച്ചിരുന്നു. 30.11.12 ലെ എ1/9354/12 നമ്പർ കത്തിലൂടെ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ വാങ്ങിയ സ്ഥലം ഭൂനിരപ്പിൽ നിന്നും ഉയർന്ന് നിൽക്കുന്നതും ചരിഞ്ഞതുമാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിന് അനുയോജ്യമാക്കി മാറ്റാൻ ഇനിയും പണം ചെലവഴിക്കേണ്ടി വരുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലം അതിന് അനുയോജ്യമല്ലെന്ന് അധികൃതർ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽ ഇനത്തിൽ ഉണ്ടായിട്ടുള്ള ചെലവ് പാഴ്ചെലവായി

ഇല്ലാത്തതുമായ സ്ഥലം പഞ്ചായത്തിന് നല്കാൻ തയ്യാറാവുകയും ഇതനുസരിച്ച് പഞ്ചായത്ത് ഭരണ സമിതി തുടർനടപടികളുമായി മുന്നോട്ട് പോയി സർക്കാർ മാനദണ്ഡ പ്രകാരം ഭൂമി ലഭിച്ചപ്പോൾ അത് പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ചരിഞ്ഞ പ്രദേശമായതിനാൽ സംസ്കരണപ്ലാന്റ് ഒരുക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് പഞ്ചായത്ത് ചെലവഴിച്ച തുക പരിമിതമായിരുന്നു. സർക്കാർ നിബന്ധനകൾക്ക് വിധേയമായി പ്രോജക്റ്റ് തയ്യാറാക്കി BTAC യുടെയും DPC യുടെയും അംഗീകാരം വാങ്ങിയ ശേഷമാണ് പ്രസ്തുത തുക ചെലവഴിച്ചത്. പ്രസ്തുത സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിന് അനുയോജ്യമായി മാറ്റുന്നതിന് ഇനിയും പണം ചെലവഴിക്കേണ്ടതായിട്ടുണ്ട്. ഇതിന് വേണ്ടി പഞ്ചായത്ത് ഭരണ സമിതി വരും വർഷങ്ങളിൽ പ്ലാന്റ് യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലുമാണ്. അടുത്ത വാർഷിക പദ്ധതിയിൽ തുക വകയിരുത്തുന്നതിന് പഞ്ചായത്തിന് ഉദ്ദേശമുണ്ട്. ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളെ ബാധിക്കാത്തതും. ജനങ്ങൾ തിങ്ങി താമസിക്കാത്തതുമായ പ്രദേശം മാലിന്യ സംസ്കരണത്തിന് അനുയോജ്യമാണെന്ന് പഞ്ചായത്ത് ഭരണ സമിതിക്ക് പരിപൂർണ്ണ ബോധ്യമുള്ളതിനാലാണ് മേൽ സ്ഥലം വാങ്ങിയതും പശ്ചാത്തല സൗകര്യം ഒരുക്കിയതും. പ്രസ്തുത സ്ഥലം വാങ്ങുന്ന സമയത്ത് മാർക്കറ്റ് വില സെന്റിന് 8250/- രൂപയായിരുന്നത് ഇപ്പോൾ സ്ഥലത്തിന് സെന്റിന് ഏകദേശം 60000/- രൂപ മാർക്കറ്റ് വില ലഭിക്കുന്നതാണ്. ആയതിനാൽ മേൽതുക പാഴ് ചെലവ് ആയിട്ടില്ല. ജനങ്ങളുടെ എതിർപ്പ് മൂലം കേരളത്തിൽ മാലിന്യസംസ്കരണം വലിയ ആരോഗ്യ പ്രശ്നമായി മാറി സർക്കാരിനും . ത്രിതല പഞ്ചായത്തുകൾക്കും പരിഹരിക്കാൻ പറ്റാത്ത വിധം സങ്കീർണ്ണമായിരിക്കുന്ന ഈ കാലഘട്ടത്തിൽ മാലിന്യ സംസ്കരണത്തിന് സ്ഥലം ലഭ്യമാക്കി പശ്ചാത്തല സൗകര്യം ഒരുക്കുകയും ചെയ്തത് ഗ്രാമപഞ്ചായത്തിന്റെ പിടിപ്പുകേടായി കാണാതെ അപാകതകൾ മാപ്പാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കി തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

മാറിയിരിക്കുകയാണ്

**<u>ഉത്തരവാദികളായവർ</u>**

1)സ്ഥലം വാങ്ങിയത്

ശ്രീ.എം.വി ബാലൻ,-പഞ്ചായത്ത് സെക്രട്ടറി(റിട്ട), മാണിക്കോത്ത് ഹൗസ്, കട്ടപ്പള്ളി, തുമ്പോട്ട, കടന്നപ്പള്ളി പി.ഒ കണ്ണൂർ 670501

**2) ചുറ്റുമതിൽ നിർമ്മാണം**

1) ശ്രീ.പി.ഹുസൈൻ, അസി.എഞ്ചിനീയർ, മണ്ണിയിൽ വീട്, വെള്ളൂർ പി.ഒ, മലപ്പുറം

2) ശ്രീ. ഉദയൻ.കെ.വി, അസി.എഞ്ചിനീയർ, സരണ (വീട്), തിരുവങ്ങാട്ട് കുളത്തി, ചേലേമ്പ്ര പി.ഒ, മലപ്പുറം ജില്ല

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ തിരൂർ നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

**(Remedial Measures Taken Statement)**

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
| 1 | 2012-13 | 4.6.3 | <u>കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം ലക്ഷ്യം കൈവരിച്ചിട്ടില്ല; 18.97 ലക്ഷം രൂപ പാഴായി.</u><br><br>ആസൂത്രണത്തിലെ പിഴവ് മൂലം 18,97,353/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയം ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല. തിരൂർ നഗരസഭയുടെ അധീനതയിലുള്ള കുത്തുപറമ്പ് ശ്മശാനത്തിൽ 19, 20, 21, 22, 31 എന്ന വാർഡുകളിലെ പട്ടികജാതിയിൽപ്പെട്ട 250 കുടുംബങ്ങൾക്ക് വേണ്ടി പ്രത്യേക ഘടകപദ്ധതിയിൽ (SCP) ഉൾപ്പെടുത്തി ഷെഡ്ഡും ഗ്യാസ് ക്രിമിറ്റോറിയവും നിർമ്മിക്കുന്നതിന് 23.08.2007 ലെ കൗൺസിൽ തീരുമാന പ്രകാരം 18,80,000/- രൂപക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭിച്ചു. പ്രവൃത്തി നടന്നു കൊണ്ടിരിക്കേ അധികമായി ചില പ്രവൃത്തി ഇനങ്ങൾ കൂടി ഉൾപ്പെടുത്തി 22,74,814/- രൂപയായി വർദ്ധിപ്പിച്ചെങ്കിലും സാങ്കേതികാനുമതി ലഭ്യമാക്കിയില്ല. ക്രിമിറ്റോറിയം പ്രവർത്തി | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കുത്ത്പറമ്പ് ഹരിജൻ ശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിന് 18,80,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണ - സാങ്കേതികാനുമതികൾ ലഭിക്കുകയും പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവൃത്തിയിൽ വ്യതിയാനം ഉണ്ടായത് മൂലം എസ്റ്റിമേറ്റ് 22,74814/- രൂപയായി പുതുക്കി തയ്യാറാക്കി ആയതിന് ഭരണാനുമതി ലഭിച്ച് സാങ്കേതികാനുമതി ലഭിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ അധിക ബിൽ തുക നാളിതുവരെ നൽകിയിട്ടില്ലാത്തതുമാണ്. ക്രിമിറ്റോറിയം നടത്തിപ്പിനായി പ്രാദേശിക തലത്തിൽ ഒരു കമ്മറ്റി രൂപീകരിച്ചെങ്കിലും പട്ടിക ജാതി വിഭാഗത്തിലെ ചില |

| | | | | |
|---|---|---|---|---|
| | | | പൂർത്തികരിച്ച് 28.07.2010 ൽ ഉദ്ഘാടനം നടത്തിയെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ക്രിമിറ്റോറിയത്തിന് നഗരസഭ വാച്ച്മേനേയോ, ഓപ്പറേറ്റർമാരേയോ നിയമിച്ചിട്ടില്ല. നാളിതുവരെ ഒരൊറ്റ മൃതദേഹം പോലും ക്രിമിറ്റോറിയത്തിൽ സംസ്കരിച്ചിട്ടില്ല. അതേ സമയം ക്രിമിറ്റോറിയത്തിനു ചുറ്റുമുള്ള ഭൂമിയിൽ മൃതദേഹങ്ങൾ മറവു ചെയ്തതായി സ്ഥല പരിശോധനയിൽ കണ്ടു. ശരിയായ ആസൂത്രണവും പഠനവും നടത്താതെ പദ്ധതി നടപ്പിലാക്കിയതു മൂലം ഉദ്ദേശ ലക്ഷ്യം കൈവരിക്കാതെ 18,97,353/- രൂപയുടെ പാഴ്ചെലവുണ്ടായി. തെറ്റായ തീരുമാനമെടുത്ത് ഭരണ സമിതി അംഗങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവർ പാഴ്ചെലവിന് ഉത്തരവാദികളാണ്. | ആൾക്കാരുടെ വിമുഖത മൂലം ആരും ക്രിമിറ്റോറിയം ഉപയോഗിക്കാൻ തയ്യാറാകാതിരിക്കുകയുമാണുണ്ടായത്. അയത് കാരണം ഒരു വിഭാഗം പട്ടിക ജാതിക്കാർ പരമ്പരാഗത രീതിയിൽ ശ്മശാനത്തിൽ ശവം മറവു ചെയ്ത് വരികയാണുണ്ടായത്. ഈ പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് പ്രാദേശിക തലത്തിൽ ചർച്ചകൾ നടന്ന് കൊണ്ടിരിക്കുകയാണ്. ക്രിമിറ്റോറിയം പ്രവർത്തനം ആരംഭിക്കാത്തതിനാലാണ് വാച്ച്മനേയോ ഓപ്പറേറ്ററേയോ നിയമിക്കാതിരുന്നത്. പ്രാദേശിക കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ എതിർക്കുന്നവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തി ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാപരിഹാര നടപടി പത്രിക**

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2012-13 | 4.7.1 | **ആസൂത്രണത്തിലെ പിഴവ് - കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു - ചെലവഴിച്ച 21.72 ലക്ഷം രൂപ നിഷ്ഫലമായി**<br><br>***ഏറാമല ഗ്രാമപഞ്ചായത്ത് - ഓഡിറ്റ് റിപ്പോർട്ട് 2009-10 - ഖണ്ഡിക 3(1)***<br>ഏറാമല ഗ്രാമപഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുവാൻ 2007-08 ൽ 70 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി (പ്രോജക്ട് നമ്പർ - 166/08). 1,123 ച.മീ. വിസ്തൃതിയുള്ള കെട്ടിടം രണ്ടു നിലകളായാണ് വിഭാവനം ചെയ്തിരുന്നത്. അടങ്കൽ തുകയായ 70 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും, 66 ലക്ഷം രൂപ ബാങ്ക് വായ്പയായും കണ്ടെത്താനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നില വരെയുള്ള പ്രവൃത്തികൾ ആദ്യ വർഷവും, മേൽക്കൂര, ഫിനിഷിങ് എന്നിവ രണ്ടാം വർഷവും പൂർത്തീകരിക്കും എന്ന വ്യവസ്ഥയോടെ 12.11.2007 ന് പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചു. അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിച്ചുകൊണ്ട് 14.02.2008 ന് 32/07-08 നമ്പറായി കരാർ ഒപ്പു വെച്ചു.<br>പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ, അളവു പുസ്തകം (നമ്പർ - 16/09-10) എന്നിവ പ്രകാരം, നാളിതുവരെ പദ്ധതിക്കായി 21,72,191/- രൂപ ചിലവഴിച്ചിട്ടുണ്ട് (വൗച്ചർ നമ്പറുകൾ - 56/30.10.2008, 201/31.03.2010) ഇതിൽ 18,70,882/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയതാണ്. ഓഡിറ്റ് ടീം 28.09.2011 ന് സ്ഥലപരിശോധന നടത്തിയപ്പോൾ, കോൺക്രീറ്റ് സബ് ബേസ്, ബെൽറ്റ്, 92 കോളങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളൊന്നും നടന്നിട്ടില്ല. | 2007-08 സാമ്പത്തിക വർഷത്തിൽ 70,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് ഏറാമല ഗ്രാമപഞ്ചായത്തിനു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. 166/2008 നമ്പർ പ്രോജക്ടിനു 506/07/DPL/DPC തിയ്യതി 12.11.07 നമ്പർ പ്രകാരം അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അടങ്കൽ തുകയിൽ 66,00,000/- രൂപ ബാങ്ക് വായ്പയും 4,00,000/- രൂപ തനത് വരുമാനവും ആണ് ഉൾപ്പെടുത്തിയിരുന്നത്. പദ്ധതികാലം 2 വർഷമായി നിജപ്പെടുത്തിയിരുന്നു. ടി പ്രവൃത്തിക്ക് 14.02.2008 ൽ 32/07-08 നമ്പറായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുകയും ഒന്നാംഘട്ടത്തിൽ കോൺക്രീറ്റ് ബേസ്, ബെൽറ്റ്, 92 കോളങ്ങൾ എന്നിവ പൂർത്തീകരിക്കുകയും വിവിധ നികുതികൾ ഉൾപ്പെടെ 21,72,191/- രൂപ ചെലവഴിക്കുകയും ചെയ്തു. ഫണ്ട് ലഭ്യമല്ലാതെ പ്രവൃത്തി നീണ്ടുപോയ സാഹചര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് 2007 -ലെ പഴയ നിരക്കിൽ പ്രവൃത്തി തുടരുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന കാരണത്താൽ സൊസൈറ്റി പ്രവൃത്തിയിൽ നിന്നും പിൻവാങ്ങി. തുടർന്ന് ഭരണസമിതി പഞ്ചായത്തിന്റെ അഭിമാനകരമായ പദ്ധതി എന്നനിലയിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു തീരുമാനിക്കുകയും സർക്കാറിലേക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 2011 ഏപ്രിൽ 2 -ലെ 17671/DB2/11 ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം നിരക്ക് പുതുക്കി പണി പൂർത്തീകരിക്കുന്നതിനു അനുമതി നല്കിയതിന്റെ പശ്ചാത്തലത്തിൽ ആണ് പ്രവൃത്തി പുനരാരംഭിച്ചത്. |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സംഭവിച്ചിരിക്കുന്ന പ്രധാന അപാകതകൾ ഇനിപ്പറയുന്നു.

1) പ്രോജക്ടിൽ ബാങ്ക് വായ്പയിനത്തിൽ വകയിരുത്തിയ 66 ലക്ഷം രൂപ ലഭ്യമായില്ല. ബാങ്ക് വായ്പ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള രേഖകൾ ഒന്നുംതന്നെ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. ബാങ്ക് വായ്പ ലഭ്യമാക്കാനുള്ള ശ്രമങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2) വൻതുകയ്ക്കുള്ള ഈ പ്രോജക്ട് നടപ്പാക്കുന്നതിനു മുമ്പ് സാധ്യതാ പഠനങ്ങളൊന്നും നടത്തുകയുണ്ടായില്ല. ബാങ്ക് വായ്പയായി വകയിരുത്തിയ 66 ലക്ഷം രൂപയ്ക്ക് ശരാശരി 12 ശതമാനം പലിശ നിരക്കിൽ 10 വർഷത്തേക്ക് ഏകദേശം തൊണ്ണൂറായിരം രൂപ പ്രതിമാസം തിരിച്ചടവ് വരും. ഇത്രയും തുക കമ്മ്യൂണിറ്റി ഹാളിൽ നിന്നും പ്രതിമാസം വാടക ഈടാക്കുവാൻ സാധിക്കുമോ എന്നത് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

3) 2007 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രോജക്ടിന്റെ 20% പ്രവൃത്തികൾ പോലും പൂർത്തീകരിച്ചിട്ടില്ല. 2007 നുശേഷം മൂന്നുതവണ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കിയതിനാൽ കരാർ പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധ്യമല്ല.

4) സർക്കാരിന്റെ 02.04.2011 ലെ 17671/ഡി.ബി2/11/തസ്വഭവ നമ്പർ കത്ത് പ്രകാരം, കമ്മ്യൂണിറ്റി ഹാളിന്റെ നിലവിലുള്ള കരാർ ഉടമ്പടി നിയമാനുസൃതം റദ്ദ് ചെയ്ത് ബാക്കി പണികൾ 2010 ലെ നിരക്കിൽ പുതുക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി പൂർത്തീകരിക്കുന്നതാണ് ഉചിതമെന്ന് നിർദ്ദേശിച്ചിട്ടും, ആയത് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

ദീർഘവീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കി പ്രവൃത്തി ആരംഭിച്ചതിലൂടെ, പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. യഥാസമയം ബാങ്ക് വായ്പ ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ വർഷങ്ങൾക്കുശേഷം ഉയർന്ന നിരക്കിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ അധിക ബാധ്യത ഗ്രാമപഞ്ചായത്തിനുണ്ടാകും.

മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിക്കുന്ന വിവരം 14.01.2013 ലെ എൽ.എഫ്.കെ.കെ.ഡി.എഫ്2/79/2013 നമ്പർ കത്തിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് കോഴിക്കോട് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു.

തുടർന്ന് പുതിയ ഭരണസമിതി ബാങ്ക് വായ്പ ലഭ്യമാക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതിക്ക് അനുയോജ്യമല്ലെന്നു വിലയിരുത്തുകയും, കമ്മ്യൂണിറ്റി ഹാളിൽ നിന്നും ലഭിക്കുന്ന വരുമാനം, വായ്പയും പലിശയും തിരിച്ചടക്കുന്നതിന് പര്യാപ്തമല്ലെന്നും മനസ്സിലാക്കി വികസനഫണ്ട്, ലോക ബാങ്ക് ധനസഹായം, തനത് വരുമാനം എന്നിവ ഉപയോഗിച്ച് 2012 ലെ നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 31.01.2013 ലെ 03/2013 നമ്പർ തീരുമാനം കൈക്കൊള്ളുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 1,06,60,000/- രൂപയായി അടങ്കൽ തുക നിജപ്പെടുത്തിയും (വികസനഫണ്ട് 2138000/-, ലോകബാങ്ക് 996669/-, 13 -ാം ധനകാര്യകമ്മീഷൻ - 825939/- തനത് ഫണ്ട് 6900392/-) പ്രോജക്ടിനു ഭരണാനുമതിയും 21.12.2012 ലെ 707/12/ADPO/DPC പ്രകാരം ഡി.പി.സി. അനുമതിയും ലഭ്യമാക്കി. പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചതിനെ തുടർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ഉടമ്പടി വെച്ച് പ്രവൃത്തി പുനരാരംഭിക്കുകയും, ഇപ്പോൾ കെട്ടിടം കമ്മീഷൻ ചെയ്യാവുന്ന അവസ്ഥയിൽ എത്തുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ഷീറ്റിടൽ, ഫ്ലോറിംങ്, വയറിംങ്, പ്ലംബിംഗ് തുടങ്ങിയ പ്രവൃത്തികൾ മാത്രമേ പൂർത്തീകരിക്കാൻ ബാക്കിയുള്ളൂ. മേൽ പ്രവൃത്തികൾ നിലവിൽ നടന്നുവരുന്നുണ്ടെന്നും ഈ സാമ്പത്തിക വർഷത്തിൽ തന്നെ കെട്ടിടം പണി പൂർത്തിയാവുമെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

| | | | | |
|---|---|---|---|---|
| | | | ആയതിന്, 01.02.2013 ലെ എ1-353/13 നമ്പർ കത്തിലൂടെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടം പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുമെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും, അതിനുള്ള കർമ്മ പരിപാടികളെപ്പറ്റിയൊന്നും പറയുന്നില്ല. ബാങ്ക് വായ്പ ലഭ്യമാക്കാൻ ശ്രമങ്ങൾ നടത്തുന്നതിനെപ്പറ്റി മറുപടിയിൽ പരാമർശിക്കുന്നില്ല. എസ്റ്റിമേറ്റ് പുതുക്കി പ്രോജക്ടിന് അംഗീകാരം ലഭ്യമായാൽ വായ്പ എടുക്കാതെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് (എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട്) പ്രവൃത്തി പൂർത്തിയാക്കാനാണ് പഞ്ചായത്തിന്റെ ഉദ്ദേശ്യം എന്നാണ് മേൽക്കത്തിലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. എന്നാൽ ഈ ഫണ്ടുകൾ എപ്പോൾ ലഭ്യമാകും എന്നതിനെപ്പറ്റി യാതൊരു ഉറപ്പും ഇല്ലാത്തതിനാൽ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നീണ്ടു പോകാനാണ് സാധ്യത. ആയതിനാൽ ഇതുവരെയായി ചെലവഴിച്ചിട്ടുള്ള 21,72,181/- രൂപ നിഷ്ഫലമായി മാറിയിരിക്കുകയാണ്.<br><br>ഉത്തരവാദികളായവർ<br><br>1. ശ്രീ.അനിൽകുമാർ.എൻ, (അസി.എഞ്ചിനീയർ) വലിയ കൊയിലോത്ത്, വിഷ്ണുമംഗലം (26.07.2009 വരെ)<br>2. ശ്രീ. സുരേഷ്.പി.ജി, (അസി. എഞ്ചിനീയർ) സ്വപ്ന, പുതുവയൽ നിലം, തണ്ണീർപന്തൽ, വേങ്ങേരി.പി.ഒ(27.07.2009 മുതൽ) | |

പേജ് – 1

വയനാട് ജില്ല

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012–13 വർഷത്തെ സമാഹൃത റിപ്പോർട്ട് അധ്യായം 4 ലെ ഖണ്ഡികകളിന്മേൽ തെളിവെടുപ്പ് നടത്തുന്നതിന് 24.9.2014 ൽ ചേരുന്ന നിയമസഭാസമിതിക്ക് സമർപ്പിക്കുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2012–13 | 4.8.1 | <u>മേപ്പാടി ഗ്രാമപഞ്ചായത്ത്</u><br><br>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2009–10 സാമ്പത്തിക വർഷത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ, കൽപ്പറ്റയിലെ കൊല്ലായിക്കൽ അസോസിയേറ്റ്സ് വാഴവറ്റ എന്ന സ്ഥാപനം 31,32,626 രൂപയുടെ (സ്ഥാപനം നൽകിയ ബിൽ പ്രകാരം) സിമന്റ് പൈപ്പുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ വാങ്ങൽ സംബന്ധിച്ച നടപടികൾ പാലിച്ചിട്ടുള്ളതായും ബില്ല് പ്രകാരമുള്ള പൈപ്പുകൾ മുഴുവനായും ലഭ്യമാക്കിയതായും കാണുന്നില്ല. കൂടാതെ ലഭിച്ച പൈപ്പുകൾ ഉപയോഗിക്കാതിരുന്നതിനാൽ ലക്ഷങ്ങളുടെ പാഴ്ചെലവാണ് ഈ ഇനത്തിൽ ഉണ്ടായിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.<br>എ) സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയില്ല<br><br>സ്റ്റോർപർച്ചേസ് മാനുവൽ ഖണ്ഡിക 54 പ്രകാരം 5000 രൂപയിൽ കൂടുതലുള്ള പർച്ചേസുകൾക്ക് മൂല്യത്തിന്റെ 5 % തുക സെക്യൂരിറ്റി നിക്ഷേപമായി (2.5 % സെക്യൂരിറ്റി നിക്ഷേപമായും 2.5 % ഇ.എം.ഡി ഇനത്തിലും) കരാറുകാരിൽ നിന്ന് | 1. പൈപ്പു വാങ്ങലും സ്റ്റോക്കുമായി ബന്ധപ്പെട്ട് സ്ഥലപരിശോധനയും രേഖകളുടെ പരിശോധനയും നടത്തുന്നതിന് പഞ്ചായത്ത് തീരുമാന പ്രകാരം ഉപസമിതിയെ ചുമതലപ്പെടുത്തി.<br>2. ഉപസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഡിപ്പാർട്ടുമെന്റതല അന്വേഷണത്തിന് പഞ്ചായത്ത് ഭരണസമിതി 07/03/2014-തീയതിയിലെ 178 (ഡി)നമ്പർ പ്രകാരം തീരുമാന മെടുക്കുകയും അപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 12/03/2014-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>3. ഉപസമിതി സ്റ്റോക്കെടുപ്പ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ മോഷ്ടിക്കപ്പെടാത്ത പൈപ്പുകളുടെ സ്റ്റോക്ക് എ.ഡി എസ്സിനെ ഏൽപ്പിക്കുന്നതിനും മോഷണത്തിനെതിരെ മേപ്പാടി പോലീസിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി<br>.4. ടെണ്ടർ എടുത്ത വ്യക്തിക്കു ബില്ലും സ്റ്റോക്കും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാട്ടി നോട്ടീസ് അയച്ചെങ്കിലും ടിയാൻ യാതൊരു മറുപടിയും നൽകിയിട്ടില്ല.<br>5.ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് തെറ്റായി അടിച്ചു വന്നത് സംബന്ധിച്ച് 8/04/14 എ1-4832/14 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയും വയനാട് ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ3-287/13 തീയതി 25/04/2014 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്. അപാകത തിരുത്തി റിപ്പോർട്ട് ലഭ്യമായിട്ടില്ല<br>.6. സ്റ്റോക്കുള്ള പൈപ്പ് വിവിധനിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഈടാക്കേണ്ടതാണ്. എന്നാൽ 31.32 ലക്ഷം രൂപയുടെ പൈപ്പുകൾ വെങ്ങിയപ്പോൾ ഇ.എം.ഡി ഇനത്തിൽ 2000 രൂപ മാത്രമാണ് (രസീത് നമ്പർ 61671/29 തീയതി 22.7.2009) കരാറുകാരനായ ശ്രീ രാജു കൃഷ്ണയിൽ നിന്നും വാങ്ങിയ കൂടാതെ ടെണ്ടർ ഫോറം വിലയായി 460 രൂപ മാത്രമാണ് ഈടാക്കിയത്. ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കാത്തത് മൂലമാണ് ഇത് സംഭവിച്ചത്. കരാറുകാരന് ബാക്കി നൽകാനുള്ള തുകയിൽ നിന്ന് ആയത് ഇനി ഈടാക്കികൊള്ളാമെന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്.<br>ബി) <u>ടെണ്ടർ നടപടികൾ സുതാര്യമല്ല.</u><br>ഗ്രാമപഞ്ചായത്ത് സ്വീകരിച്ച ടെണ്ടർ നടപടികൾ സുതര്യമല്ല. ടെണ്ടർ സ്വീകരിച്ചതിലെയും അംഗീകരിച്ചതിലെയും അപാകതകൾ താഴെ പറയുന്നു.<br>1)ആകെ 2 ടെണ്ടറുകളാണ് ലഭിച്ചത് കൊല്ലായിക്കൽ അസോസിയേറ്റ്സ് വാഴവറ്റയുടെയും, കൊല്ലായിക്കൽ വാഴവറ്റയുടേതുമാണ് ഈ ടെണ്ടറുകൾ . ഈ രണ്ട് ടെണ്ടറുകളും ഒരേ സ്ഥാപനത്തിന്റേതാണെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. 2 ടെണ്ടറുകളിലെയും കൈയക്ഷരങ്ങൾ ഒന്നുതന്നെയാണ്. | |

| | | | | |
|---|---|---|---|---|
| | | | 2) ടെണ്ടറുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.<br>3) ടെണ്ടറിൽ നേരിട്ട് പങ്കെടുത്തില്ലെങ്കിലും പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിന് റെയ്ഡ്കോ നിരക്കുകൾ ക്വാട്ട് ചെയ്തിട്ടുണ്ട്. ഈ നിരക്ക് വാറ്റ്, സെസ്സ് എന്നിവയുൾപ്പെടെയാണ് എന്നാൽ അംഗീകരിച്ച ടെണ്ടറിലെ നിരക്കും ഒന്നുതന്നെയാണെങ്കിലും സ്ഥാപനം ബില്ലുകൾ നൽകിയപ്പോൾ വാറ്റ് സെസ്സ് ഇനത്തിൽ അഡീഷണലായി തുക ഈടാക്കി വാറ്റ് ഇനത്തിൽ 1,20,439 30 രൂപയും സെസ്സായി 1204 രൂപയുമാണ് സപ്ലൈയർ ഈടാക്കിയത് ഈ തുകയും ഇനി നൽകാനുള്ള ബാക്കി തുകയിൽ നിന്ന് ഈടാക്കികൊള്ളാമെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്.<br>2010 ൽ തന്നെ 31,32 ലക്ഷം രൂപയുടെ പൈപ്പുകൾ നൽകുകയും 22,82,000 രൂപ കൊല്ലായിക്കൽ അസോസിയേറ്റ്സിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പൈപ്പുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനം വിതരണം നടത്തി എന്ന് അവകാശപ്പെട്ട പൈപ്പുകളുടെ ഒരു ഭാഗം 7/2012 വരെ പഞ്ചായത്തിന് ലഭിച്ചട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. 2010 മാർച്ചിൽ പൈപ്പുകൾ ഇറക്കിയെങ്കിലും ഇതിൽ ചെറിയൊരു ഭാഗം മാത്രമെ 7/2012 വരെ പ്രവർത്തിക്കായി ഉപയോഗിച്ചിട്ടുള്ളു. | |

| | | | | |
|---|---|---|---|---|
| | | | പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം വയനാട് ജില്ലാ ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 3.7.2013 ലെ എൽ.എഫ് (ഡബ്ല്യു) ഇ3-287/2013 നമ്പർ കത്ത് മുഖേന മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശിവശങ്കരൻ<br>സെക്രട്ടറി<br>മേപ്പാടി ഗ്രാമപഞ്ചായത്ത് | |

"ഭരണഭാഷ മാതൃഭാഷ"

എ9–2513/14

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
വയനാട്, കൽപ്പറ്റ.

തീയതി: 27.08.2014.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
വയനാട്.

ഗവൺമെന്റ് സെക്രട്ടറി,
തിരുവനന്തപുരം.

സർ,

വിഷയം:– ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ട് 2012–13 – വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്ത് – 2009–10 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വാങ്ങിയ പൈപ്പുകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് – സംബന്ധിച്ച്.

സൂചന :– പി.എ.യു–2 സീനിയർ സൂപ്രണ്ടിന്റെ 17.07.14ലെ എ–69/14 നമ്പർ കത്ത്.

-----000-----

മേൽ വിഷയത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേപ്പാടി ഗ്രാമപഞ്ചായത്ത് 2009–10 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പൈപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് ഫയലുകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

മേൽ വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ സബ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ 22 വാർഡുകളിൽ ഇറക്കിയ പൈപ്പുകളിൽ സ്വകാര്യ വ്യക്തികൾ ഉപയോഗിച്ചതും നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതും കണ്ടെത്തുവാൻ കഴിയാത്തതുമായ പൈപ്പുകളുടെ എണ്ണം രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

| ക്രമ നം. | ഇനം (മി.മീ.) | സ്വകാര്യ വ്യക്തികൾ ഉപയോഗിച്ചത് | ഉപയോഗിക്കാതെ കിടക്കുന്നത് | കാണാതായ പൈപ്പുകൾ | എണ്ണം, നീളം, വില |
|---|---|---|---|---|---|
| 1 | 450 | 21 | 12 | -- | 33x25x1284= 105930 |
| 2 | 600 | 8 | 31 | -- | 39x2 5x1775= 173062 |
| 3 | 1200 | -- | 2 | -- | 2x2.5x5564= 27820 |
| 4 | 300 | 148 | -- | 94 | 242x2.5x785= 474925 |
| 5 | 2200 | 1 | -- | 1 | 2x2.5x23944= 119720 |
| | | | | | ആകെ 901457 |

2010-11ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പൈപ്പ്... 22,82,000/- രൂപയിൽ 2012 ജൂലൈ വരെ 9,18,360/-രൂപയുടെ പൈപ്പുകൾ വിനിയോഗിച്ചിട്ടുള്ളുവെന്നും ആയതിനാൽ കാണാതായതും വിനിയോഗിക്കാത്ത... പൈപ്പുകളുടെ വിലയിനത്തിൽ 13,63,640/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് സൂ... പ്രകാരം റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

ഓഡിറ്റ് ഖണ്ഡികകളുടെ മറുപടിയിൽ ഉത്തരവാദിയായ സെക്രട്ടറി ശ്രീ.എം.മുഹമ്മദ് അഷ്റഫ് സ്റ്റോക്കിൽ കുറവ് കണ്ടെത്തിയ പൈപ്പുകളുടെ വിലയായ 2,25,417/- രൂപ ബാക്കി നൽകുവാനുള്ള 8,50,627/- രൂപയിൽ നിന്നും തട്ടിക്കിഴിക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും നൽകിയ തുക മാത്രമേ ഓഡിറ്റിൽ കാണിച്ചിട്ടുള്ളുവെന്ന് കാണാവുന്നതാണ്.

പൈപ്പുകൾ ഗ്രാമപഞ്ചായത്തിൽ വാങ്ങുന്നതിന് തീരുമാനമെടുത്തത് 25.03.10 തീയതിയിലെ 6(10), 60(1)10, 60(2)10 നമ്പർ തീരുമാനങ്ങൾ പ്രകാരമാണെന്നും കാണുന്നു. ദീർഘവീക്ഷണമില്ലാതെയും ആവശ്യകത ഉറപ്പാക്കുന്ന എസ്റ്റിമേറ്റ് ഇല്ലാതെയും പൈപ്പുകൾ വാങ്ങുന്നതിന് തീരുമാനം കൈക്കൊണ്ട 2010 മാർച്ച് 25 തീയതിയിലെ പഞ്ചായത്ത് യോഗത്തിൽ (1) കുട്ടപ്പൻ നെടുമ്പാല (2) ഷീബ ഭരതൻ (3) എ.എം.ഹംസ (4) പി.ഗിരീഷ് (5) പി.എം.രാമൻ (6) ബിന്ദു പ്രതാപൻ (7) യു.വി.അബ്രഹാം (8) യു.പി.അബ്ദുള്ള (9) രാധരാമസ്വാമി (10) പി.കുഞ്ഞൻ (11) എൻ. കനകലത (12) ആയിഷ ഹനീഫ (13) അലോഷ്യസ് ചേമൽ വിവേര (14) രോഷ്ന യൂസഫ് (15) പ്രേമലത (16) ടി.കെ.സുലൈമാൻ (17) കെ.എം.ഐസക് (18) ടി.ഹംസ എന്നിവർ പങ്കെടുത്തിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള സാഹചര്യത്തിൽ ഇവർ പ്രാഥമികമായി ഉത്തരവാദികളാണെന്ന് വിലയിരുത്താവുന്നതാണ്.

എസ്റ്റിമേറ്റ് ഇല്ലാതെയും ആവശ്യകത ഉറപ്പാക്കാതെയും പൈപ്പ് വാങ്ങുന്നതിനുള്ള തീരുമാനം എടുക്കുമ്പോൾ ആയതിലെ പോരായ്മകൾ സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ, വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ 1995-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് - പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടം 29(3)5 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എം.മുഹമ്മദ് അഷറഫിന് ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട് എന്നും വിലയിരുത്തുന്നു.

വാങ്ങിയ പൈപ്പുകൾ കൃത്യതയോടെ എണ്ണിനോക്കി സ്റ്റോക്കിൽ ...പ്പെടുത്താണ്ടതും വാർഡുകളിൽ പൈപ്പുകൾ ഇറക്കിയപ്പോൾ എ.ഡി.എസ് മേറ്റുമാരെ രേഖാമൂലം സൂക്ഷിക്കുന്നതിനായി ഏൽപ്പിക്കാത്തതിന്റെയും ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എം.മുഹമ്മദ്അഷറഫിനും, ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഓവർസിയർമാരായി ജോലി ചെയ്ത സജി ഫിലിപ്, സ്കറിയ.കെ. എന്നിവർക്കാണെന്നും കാണുന്നു. മേൽ വിവരങ്ങൾ അനന്തര നടപടികൾക്കായി സമർപ്പിക്കുന്നു.

448/2017

| | | | |
|---|---|---|---|
| [illegible] ഓഡിറ്റ് സമാഹൃത റിപ്പോർട്ട് 2012 -13 | 4.8.7 | **സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്ത്**<br><br>സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്തിലെ മണിച്ചിറ എന്ന സ്ഥലത്ത് 12/03/96-ൽ 430669/- രൂപ ചെലവഴിച്ച് വാങ്ങിയ 1 ഏക്കർ സ്ഥലം മണിച്ചിറ വികസന പദ്ധതി നടപ്പിലാക്കാൻ ഡി.പി.സി-ക്ക് കൈമാറുന്നതിനായി സമ്മതപത്രം നൽകാൻ 04/08/04-ൽ ചേർന്ന ഭരണ സമിതി യോഗം തീരുമാനിച്ചു.(തീരുമാനം നമ്പർ 74/04(1)). തുടർന്ന് ഭൂമി സർക്കാർ അനുമതി വാങ്ങി നിയമാനുസരണം കൈമാറാൻ നടപടി സ്വീകരിച്ചില്ല. പിന്നീട് 2006-07-ൽ ഡി.ടി.പി.സി പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. അനുമതിയില്ലാതെ.<br><br>നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കാൻ 20/06/09-ൽ അപേക്ഷനൽകിയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഇല്ലാതെ പഞ്ചായത്ത് 07/07/09-ന് ക്രമവൽക്കരിച്ചു നൽകി. വൈദ്യുതീകരണത്തിന് വേണ്ടി 15/07/09-ന് ഡി.ടി.പി.സി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാൻ അപേക്ഷ നൽകി. 09/02/10-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി കെട്ടിടം നിർമ്മിച്ചിട്ടുള്ളതായ സ്ഥലം പാട്ടത്തിനോ സംയുക്ത സംരംഭമായോ നടത്താൻ തയ്യാറാണെന്ന് ഡി.ടി.പി.സി ചെയർമാനെ അറിയിക്കാൻ തീരുമാനിച്ചു. കെട്ടിടങ്ങൾ സജ്ജമായതിനാൽ പാട്ടത്തിനെടുക്കാം എന്നും വൈദ്യുതി കണക്ഷൻ ലഭിക്കാൻ പാട്ടസംബന്ധമായ കാര്യങ്ങൾ ത്വരിതപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകുവാനും ആവശ്യപ്പെട്ട് ടൂറിസം ഡയറക്ടർ 21.05.10-ന് കത്ത് നൽകി.<br><br>11.6.10-ൽ ചേർന്ന ഭരണസമിതിയോഗം ടൂറിസം ഡയറക്ടറുടെ പേരിൽ നമ്പർ നൽകുവാൻ തീരുമാനിച്ചതുപ്രകാരം 26.7.10-ന് കേരള പഞ്ചായത്ത് രാജ് ആക്ട് 207-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികുതി ചുമത്താതെ പഞ്ചായത്ത് നമ്പർ നൽകി. | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 4.. സബ് ഡിവിഷൻ 4 ബ്ലോക്ക് 16 സ്ഥലത്ത് മണിച്ചിറ വികസന പദ്ധതി നടപ്പിലാക്കുന്നതിന് ടി സ്ഥലം വയനാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറുന്നതിന് സമ്മതപത്രം നൽകുന്നത് സംബന്ധിച്ച് 4.8.2004 ലെ 74/4 (1) നമ്പർ പ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18/01/2005 ലെ എ4 15/04 നമ്പർ കത്തു പ്രകാരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ [illegible] അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിൽ എങ്ങനെ സ്ഥലം കൈമാറണമെന്ന വ്യക്തമാക്കിയിട്ടില്ലായിരുന്നു. കേരളാ പഞ്ചായത്ത് രാജ് ആക്ട് 254-ാം വകുപ്പിലെ വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങളും പ്രകാരം പഞ്ചായത്ത് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി പഞ്ചായത്തിന്റെ വകയായ ഏതൊരു സ്ഥലവും വില്പന മൂലം കൈമാറ്റം ചെയ്യാവുന്നതാണ്. ചട്ടം 7 (1) പ്രകാരം പാട്ടത്തിന് നൽകാവുന്നതുമാണ്. പാട്ടത്തിന് എടുക്കാൻ സമ്മതമാണെങ്കിൽ പഞ്ചായത്ത് [illegible] പാട്ടം നിശ്ചയിച്ചു നൽകാവുന്നതും വിൽപ്പനക്കാണെങ്കിൽ സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതുമാണ്. ഇതു രണ്ടുമല്ലെങ്കിൽ പഞ്ചായത്തിനും കെ.റ്റി.ഡി.സി യും കൂടി നിശ്ചിത ശതമാനം വിഹിതം പഞ്ചായത്തിന് നൽകി ജോയിന്റ് വെഞ്ച്വറായും നടത്താവുന്നതാണ്. എന്ന വിവരം കെ.റ്റി.ടി.സി യെ അറിയിച്ചിട്ടുള്ളതുമാണ്<br><br>എന്നാൽ പഞ്ചായത്ത് നൽകിയ മുൻ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.റ്റി ഡി.സി ഇ ഡബ്ല്യു/ സുൽത്താൻ ബത്തേരി 2009 നമ്പർ കത്ത് പ്രകാരം 29/06/2009 ന് കെട്ടിടത്തിന്റെ നമ്പറിനുള്ള അപേക്ഷ പഞ്ചായത്തിന് മുമ്പാകെ സമർപ്പിച്ചു. കൈമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവ് ഹാജരാക്കുകയോ ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല<br><br>എന്നാൽ ഈ വിഷയം 12/11/2009 ന് ചേർന്ന ഭരണ സമിതി ചർച്ച ചെയ്യുകയും മേൽ വിഷയം പഠിക്കുന്നതിന് ഭരണ സമിതിയിൽ നിന്നും പ്രസിഡന്റ് , വൈസ്പ്രസിഡന്റ് മെമ്പർ മാരായ രാധാ രവീന്ദ്രൻ, ബാബു പഴുപ്പത്തൂർ , ബാബു അബ്ദു റഹിമാൻ , രാധാ മഹാദേവൻ എന്നിവരെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡി.റ്റി.പി.സി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു.<br><br>കേരള പഞ്ചായത്ത് ആക്ട് 254-ാം വകുപ്പും വസ്തു ആർജ്ജിക്കലും കയ്യൊഴിപ്പിക്കലും ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോട് കൂടി അതിന്റെ വകയായ ഏതൊരു സ്ഥലവും വില്പന മൂലം കൈമാറ്റം ചെയ്യാവുന്നതാണ്. ചട്ടം 7 പ്രകാരം പാട്ടത്തിന് നൽകാവുന്നതുമാണ് പാട്ടത്തിന് നൽകുകയാണെങ്കിൽ പഞ്ചായത്തിന്റെ അനുമതിയും ലഭ്യമാക്കേണ്ടതാണ് ഇത് രണ്ടുമല്ലെങ്കിൽ നിശ്ചിത ശതമാനം വിഹിതം പഞ്ചായത്തിന് നൽകി ജോയിന്റ് വെഞ്ച്വറായോ നടത്താവുന്നതുമാണ്. ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ട് പഞ്ചായത്തിന്റെ 09/02/2010 ലെ 15/10(25) നമ്പർ തീരുമാനപ്രകാരം ചെയർമാൻ & ജില്ലാ കളക്ടർ ഡി.റ്റി.പി.സി വയനാടിന് കത്തു നൽകുകയും ചെയ്തിരുന്നു. |

153

| | | | | |
|---|---|---|---|---|
| | | | തുടർന്ന് വൈദ്യുതി കണക്ഷൻ ലഭിക്കുകയും 165 ലക്ഷം രൂപ ചെലവഴിച്ച് ഡി.ടി.പി.സി പണിത ഹോട്ടൽ ലോഡ്ജ്, ഓഡിറ്റോറിയം എന്നിവ കെ.റ്റി.ഡി.സി-ക്ക് കൈമാറുകയും ചെയ്തു. 2009 ജൂലൈ 25-ന് ഉദ്ഘാടനം നടത്തി. 26.08.10-ന് പ്രസ്തുത സ്ഥലത്ത് പ്രതിവർഷം പഞ്ചായത്ത് 5 ലക്ഷം രൂപ പാട്ടം നിശ്ചയിച്ച് പാട്ടക്കരാർ ഒപ്പിടുന്നതിന് ടൂറിസം ഡയറക്ടർക്ക് അയച്ചുകൊടുത്തെങ്കിലും ഒപ്പിട്ടു നൽകിയില്ല. ഇതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡണ്ട് തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിവേദനം നൽകുകയും ചെയ്തു. 19.07.12-ന് കെ.ടി.ഡി.സി പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ ഒരു മാസത്തിനകം പ്രശ്നപരിഹാരമുണ്ടാക്കാമെന്ന് ധാരണയായെങ്കിലും 2 മാസം കഴിഞ്ഞിട്ടും പ്രശ്നം പരിഹരിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഭാഗത്തു നിന്നും മേൽ കാര്യത്തിൽ സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു;<br><br>1. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി വിൽപ്പന നടത്തുവാനും ചട്ടം 7(1) പ്രകാരം പഞ്ചായത്തിന്, വ്യാപാരത്തിനോ അല്ലാതെയോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ വ്യവസ്ഥകൾക്കനുസരണമായി ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതുമാണ്. പഞ്ചായത്ത് വക സ്ഥലം കെട്ടിടം നിർമ്മിച്ച് വ്യാപാരം നടത്തുന്നതിന് പാട്ടത്തിന് നൽകാൻ വ്യവസ്ഥയില്ല. കെട്ടിട നിർമ്മാണത്തിനുവേണ്ടി ഇപ്പോഴത്തെ മാർക്കറ്റ് വിലയനുസരിച്ച് സുമാർ 3 കോടി രൂപയോളം വില വരുന്ന ഭൂമി സർക്കാർ അനുമതിയോടെ നിയമപ്രകാരമുള്ള രേഖകളോടെ കൈമാറിയില്ല.<br><br>2. സമ്മതപത്രം അനുവദിക്കാൻ തീരുമാനമെടുത്തതു കൊണ്ടു മാത്രം ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിക്കുകയില്ല ഉടമസ്ഥാവകാശം സിദ്ധിച്ചതു സംബന്ധിച്ച് മതിയായ രേഖകൾ ഇല്ലാതെയും അനുമതി ഇല്ലാതെയും ആരംഭിച്ച കെട്ടിട നിർമ്മാണം പ്രവൃത്തി | ഡയറക്ടർ ടൂറിസം വകുപ്പ് തിരുവനന്തപുരത്തിന്റെ 21.05.2010 ലെ പി3 നമ്പർ കത്തു പ്രകാരം കെട്ടിടം നിർമ്മിച്ചിട്ടുള്ള ഒരേക്കർ സ്ഥലം ലീസ് അടിസ്ഥാനത്തിൽ എറ്റെടുക്കാൻ തയ്യാറാണെന്നും പാട്ട വ്യവസ്ഥകൾ അറിയിക്കുവാനും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 11.06.2010 ലെ 518/10 നമ്പർ തീരുമാന പ്രകാരം 1 ഏക്കർ സ്ഥലം ലീസിന് നൽകുന്നതിനും പാട്ട വ്യവസ്ഥകൾ പിന്നീട് അറിയിക്കാമെന്നും നിർമ്മാണിച്ച കെട്ടിട നമ്പർ അനുവദിക്കുന്നതിനും തീരുമാനിക്കുകയും നിയമ പരമായ തീരുമാനങ്ങൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.<br><br>സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ2 1891/2010 [illegible] കത്തു പ്രകാരം റിസോർട്ട് സ്ഥിതിചെയ്യുന്ന സ്ഥലം ലീസിന് നൽകുന്നതു [illegible] ഭരണ സമിതി അംഗീകരിച്ച ലീസ് ഡീഡ് (കരട്) അയച്ചുകൊടുക്കുകയും പ്രസ്തുത [illegible] നിശ്ചിത തുകയുടെ മുദ്രപത്രത്തിൽ തയ്യാറാക്കി രണ്ടാം കക്ഷിയായി ഒപ്പിട്ട [illegible] ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് യാതൊരു നടപടിയും ടൂറിസം [illegible] തിരുവനന്തപുരത്ത് നിന്നും ലഭിക്കാത്തതിനാൽ 25.10.2010 നും 10.12.2010 [illegible] കുറിപ്പുകൾ ഫാക്സ് മുഖേന അയക്കുകയുണ്ടായി.<br><br>25.02.2011 ലെ ടൂറിസം അസി: ഡയറക്ടറുടെ 22155/2010 കത്ത് പ്രകാരം [illegible] ഡീഡ് തയ്യാറാക്കുന്നതിന് കെ.റ്റി.ഡി.സി മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകി എന്നാൽ നടപടിയൊന്നുമുണ്ടായിട്ടില്ല. ഈ കത്തിന്റെ പകർപ്പ് അന്നത്തെ സെക്രട്ടറിയായ ശ്രീ പത്മനാഭൻ കുനിയിൽ എന്നയാൾക്ക് അയച്ച് കിട്ടിയതിന്റെ വെളിച്ചത്തിൽ [illegible] താഴെ പറയുന്ന നോട്ട് പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിച്ചു. [illegible] പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് അനുവാദമില്ലാത്ത കെട്ടിടം പണിത് [illegible] പോലുമില്ലാതെ ആരംഭിച്ച സ്ഥാപന മേധാവിക്കെതിരെ നടപടി സ്വീകരിക്കണ [illegible] ഭരണസമിതിക്ക് കുറിപ്പ് നൽകി.<br><br>ഡി.റ്റി.പി.സി മെമ്പർ സെക്രട്ടറിയുടെ 15.07.2009 ലെ കെട്ടിടനിർ [illegible] ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച അപേക്ഷ പ്രകാരം വാർഡ് ക്ലാർക്ക് സ്ഥലത്ത് [illegible] അന്വേഷിക്കുകയും ഉടമസ്ഥാവകാശം സാധൂകരിക്കുന്നതിന് ആവശ്യമായ [illegible] കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം [illegible] തന്നെയായതിനാൽ സെക്രട്ടറിയുടെ പേരിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകാവുന്നതും കൈവശക്കാരനെന്ന നിലക്ക് കെ.റ്റി.ഡി.സി ക്ക് [illegible] മാസത്തേക്ക്) ലൈസൻസ് അനുവദിക്കാൻ [illegible] പരിശോധിക്കേണ്ടതാണെന്നും അനുവദിക്കാൻ കഴിയുകയാണെങ്കിൽ [illegible] ഡിപ്പോസിറ്റ് വാങ്ങുകയും അനുമതി നൽകുന്ന സമയക്ക് ഉടമസ്ഥാവകാശം [illegible] കൊടുക്കാവുന്നതാണെന്നും വസ്തു നിർണ്ണയ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള [illegible] ഡിപ്പോസിറ്റിൽ നിന്നും ഈടാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. [illegible] വാർഡ് ക്ലാർക്കിന്റെ റിപ്പോർട്ടിനെ മറി കടന്ന് അന്നത്തെ സെക്രട്ടറിയായ [illegible] പ്രേമൻ കെട്ടിടത്തിന് ഡയറക്ടർ ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം [illegible] തിരുവനന്തപുരത്തിന്റെ പേരിൽ 26.7.2010 ന് 1/ 693 ബി നമ്പർ അനുവദിക്കുകയുണ്ടായി എന്നാൽ നാളിതു വരെ വസ്തു നിർണ്ണയം നടത്തിയിട്ടില്ലെന്ന് ബോധിപ്പിക്കുന്നു. |

445/2017

ആരംഭിച്ച സമയത്ത് തന്നെ തടയേണ്ടതായിരുന്നു.

3. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിച്ചു നൽകിയത് ശരിയായ നടപടിയല്ല.

4. ഉടമസ്ഥാവകാശം പഞ്ചായത്തിനായിരിക്കെ കെട്ടിടത്തിന് ടൂറിസം ഡയറക്ടറുടെ പേരിൽ നമ്പർ നൽകിയത് ക്രമ വിരുദ്ധമാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം വയനാട് ജില്ലാ ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 3.7.2013 ലെ എൽ.എഫ് (ഡബ്ല്യൂ) ഇ3-287/2013 നമ്പർ കത്ത് മുഖേന സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഉത്തരവാദിയായ സെക്രട്ടറിയുടെ പേര് ശ്രീ പത്മനാഭൻ കുനിയിൽ (സെക്രട്ടറി വൈശാഖം ഓർക്കാട്ടേരി, വടകര, കോഴിക്കോട്

തുടർന്ന് ഇന്ത്യൻ ആഡിറ്റ് & അക്കൗണ്ട്സ് [illegible] തിരുവനന്തപുരത്തിന്റെ 11.04.2010 ലെ എൽ ബി എ (4) Q7/84/1718/3 നമ്പർ ഓഡിറ്റ് [illegible] പ്രകാരം കെ.ടി.ഡി.സിക്ക് അനുവദിച്ച കെട്ടിടത്തിന് പ്രതി വർഷം 5 ലക്ഷം രൂപ [illegible] കണക്കാക്കി, 2006-07 മുതൽ, 2009-10 വരെ 20,00000 രൂപ [illegible] വന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് 04/05/2011 ലെ ബി 4 7064/2011 കത്ത് പ്രകാരം [illegible] ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസത്തിന് കത്ത് നൽകുകയുണ്ടായി. പിന്നീട് [illegible] തീയതികളിൽ ഓർമ്മകുറിപ്പ് അയക്കുകയുണ്ടായി. ടി വിഷയം സംബന്ധിച്ച് [illegible] പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം 19.07.2012 യോഗം ചേരുകയും [illegible] വിഷയത്തിൽ എത്രയും പെട്ടെന്ന് എഗ്രിമെന്റ് ചെയ്യുന്നതിനാവശ്യമായ [illegible] സ്വീകരിക്കുമെന്ന് ടൂറിസം ഡയറക്ടർ പറയുകയുണ്ടായി.

15.11.2012 തീയതിയിലെ 9(1) നമ്പർ തീരുമാനപ്രകാരം വക്കീലുമായി [illegible] നിയമോപദേശം വാങ്ങി ഒഴിപ്പിക്കൽ നോട്ടീസ് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം ഡയറക്ടർ ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം തിരുവനന്തപുരത്തിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

പഞ്ചായത്ത് സെക്രട്ടറിയുടെ 06/07/2011 ലെ ബി 4 7064/2011 നമ്പർ കത്ത് [illegible] ലീസ് എഗ്രിമെന്റ് വെക്കാത്തതിന് 04/05/2010, 25/11/2010 2[illegible]/01/201[illegible] [illegible] തീയതികളിൽ ഓർമ്മക്കുറിപ്പുകൾ അയച്ചിരുന്നു. ആയതിന് ഇതു [illegible] പ്രതികരണമുണ്ടായിട്ടില്ല.

06/07/2011 ലെ ബി4 7064/2011 കത്ത് പ്രകാരം അന്നത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ അയ്യൂബ് പി.പി. ലീസ് എഗ്രിമെന്റ് [illegible] ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം സി & എ ജി [illegible] ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം സംഭവിച്ച ക്രമക്കേടുകൾക്ക് [illegible] ഉണ്ടാകണമെന്നും അഭ്യർത്ഥിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് [illegible] നൽകുകയുണ്ടായി. എന്നാൽ ആയതിന് മറുപടിയൊന്നും ലഭിക്കാത്തതിനാൽ [illegible] ന് വീണ്ടും ഓർമ്മക്കുറിപ്പ് അയക്കുകയുണ്ടായി.

16/10/2011 ന് ടൂറിസം മന്ത്രി ഗ്രാമപഞ്ചായത്ത് [illegible] തിരുവനന്തപുരത്ത് വെച്ച് നടത്തിയ കൂടികാഴ്ചയിൽ ഗ്രാമപഞ്ചായത്ത് [illegible] നൽകിയ ഓഫീസ് നോട്ടിൽ 4.8.2004 മുതൽ സ്ഥലം ഉപയോഗിച്ചതിന് [illegible] ലീസിൽ കൊടുത്തതായി അംഗീകരിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് [illegible] നൽകണമെന്നും, 04/08/2004 മുതൽ നാളിതുവരെ പ്രതിവർഷം 5 ലക്ഷം രൂപ [illegible] പാട്ടതുക നൽകണമെന്നും 07/07/2009 മുതൽ കെ.ടി.ഡി.സി [illegible] കെട്ടിട [illegible] ക്രമവത്ക്കരിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നൽകണമെന്നും [illegible] & എജി കണ്ടെത്തിയ ക്രമക്കേടുകൾക്ക് പരിഹാരം ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു.

21.10.2011 ലെ ഡബ്ല്യൂ ഡി ടി ഒ നമ്പർ 45/2011 കത്ത് പ്രകാരം വയനാട് [illegible] ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി അനിതകുമാരി കെ.ടി.ഡി.സി [illegible] കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും ആയതിന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ [illegible] കുനിയിൽ കത്ത് നൽകി. ടി. ആവശ്യത്തിന് വസ്തു പഞ്ചായത്തിന്റെ ഉടമസ്ഥ [illegible]

ആയതിനാൽ നിയമപരമായി സാധ്യത ഇല്ലായെന്ന് അറിയിച്ചു.

ബഹു പഞ്ചായത്ത് ഡയറക്ടറുടെ 01/2012 ലെ സി 22/772/11 നമ്പർ പ്രകാരം മണിച്ചിറയിലെ പഞ്ചായത്ത് ഭൂമിയിൽ കെ.റ്റി.ടി.സി **പഴശ്ശി ടൂറിസം** കോപ്ലക്സിലെ പാട്ടതുക അടക്കലും ഉടമസ്ഥാവകാശവും സംബന്ധിച്ച് രേഖ പരിശോധിക്കുന്നതിന് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തുകയുണ്ടായി.

പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി ജോയിന്റ് ഡയറക്ടർ അധ്യക്ഷതയിൽ ഡയറക്ടറുടെ ചേമ്പറിൽ 19/07/2012 വ്യാഴാഴ്ച്ച 11.30 നടന്ന യോഗ മിനുട്ട്സിൽ പഞ്ചായത്തുമായി ഉടൻ എഗ്രിമെന്റ് വെക്കേണ്ടതാണെന്നും ടൂറിസം ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യത്തിൽ ഉടൻ നടപടി ഉണ്ടാകുമെന്നും ടൂറിസം ഡയറക്ടറുടെ പ്രതിനിധി ഉറപ്പ് നൽകുകയുണ്ടായി. പ്രസ്തുത യോഗത്തിലെ അധ്യക്ഷൻ ഇക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാകുന്നതെന്ന് കരണീയമാണെന്ന് അഭിപ്രായപ്പെടുകയും ആയത് എല്ലാവരും അംഗീകരിച്ചതുമാണ്.

15/11/2012 ലെ പഞ്ചാത്ത് യോഗ തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറിയുടെ 21.11.2012 ലെ നോട്ടീസിൽ അനധികൃതമായി കൈവശം വെച്ചിരുന്ന ഭൂമിയിൽ നിന്നും ഒഴിഞ്ഞു തരണമെന്ന് കാണിച്ചുകൊണ്ട് ഒഴിപ്പിക്കൽ നോട്ടീസ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്. ആയതിന് മറുപടിയായി ഡയറക്ടർ ടൂറിസം വകുപ്പ് തിരുവനന്തപുരം 16/12/2012 ന് മറുപടി നൽകുകയുണ്ടായി.

03/07/2013 ലെ വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ സി.എഫ്.ഡബ്ല്യു ഇ-217/13 നമ്പർ കത്ത് പ്രകാരം ഉള്ള ഓഡിറ്റ് സമാഹൃത റിപ്പോർട്ടിൽ പഞ്ചായത്ത് വക സ്ഥലം നിയമ വിരുദ്ധമായി കെ.റ്റി.ഡി.സിക്ക് കൈമാറിയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകുകയും ടി റിപ്പോർട്ടിലെ 5-ാം പാരയിൽ നിയമ പ്രകാരമുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെ.റ്റി.ഡി.സി സ്ഥാപനത്തെ അടച്ചു പൂട്ടാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് വീണ്ടും 03/08/2013 ലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ ചർച്ചചെയ്യുകയും സ്ഥാപനം അടച്ചു പൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതു സർക്കാർ സ്ഥാപന മായതിനാൽ പെട്ടെന്ന് അടച്ചു പൂട്ടുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

മേൽ പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട് ടൂറിസം സെക്രട്ടറിയുടെ 10/9/13-ലെ 88020/ബി1/12 ടൂറിസം നമ്പർ കത്ത് പ്രകാരം 1/10/13-ന് ബഹു: പട്ടികജാതി പിന്നോക്കസമുദായ ക്ഷേമ വിനോദ സഞ്ചാര വകുപ്പു മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ടും മുൻ പഞ്ചായത്ത് പ്രസിഡണ്ട് പഞ്ചായത്ത് ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറി, കെ.റ്റി.ഡി.സി-യിലെയും ടൂറിസം ഡിപ്പാർട്ട്മെന്റിലെയും ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ഈ യോഗത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും മന്ത്രിയെ ധരിപ്പിച്ചു. പാട്ടക്കരാർ തുക സംബന്ധിച്ചും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും , നികുതി സംബന്ധിച്ചും ഉടൻ ഒരു തീരുമാനം ഉണ്ടാക്കാമെന്നും അക്കൗണ്ടന്റ് ജനറലിന്റെയും, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഓഡിറ്റ് പരാമർശത്തിൻ മേൽ സർക്കാർ തലത്തിൽ അനുകൂല തീരുമാനം എടുത്ത് തരാം എന്ന് ബഹു: മന്ത്രി ഉറപ്പ് നൽകിയിരുന്നു.

എന്നാൽ ടൂറിസം (ബി) വകുപ്പിന്റെ 24/10/2013-ലെ 88020/B1/2012 ടൂറിസം നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയ മേൽ ദിവസത്തെ മീറ്റിംഗ് മിനിട്സ് ലഭിച്ചപ്പോൾ മന്ത്രി

| | | | | |
|---|---|---|---|---|
| | | | | താഴെ പറയുന്ന തീരുമാനങ്ങൾ പഞ്ചായത്തിനെ അറിയിക്കുകയുമായി<br><br>1) പഞ്ചായത്ത് കമ്മിറ്റിയും ടൂറിസം വകുപ്പും തമ്മിൽ പാട്ടതുക [illegible] പ്പിട്ടില്ലാത്തതിനാൽ പാട്ടതുക 5 ലക്ഷം രൂപ നൽകാൻ [illegible] എന്ന രീതിയിൽ ടൂറിസം ഡയറക്ടർ ഗ്രാമ പഞ്ചായത്തിന് [illegible] പ്രകാരം പഞ്ചായത്ത് അക്കൗണ്ടന്റ് ജനറലിന് മറുപടി നൽകുക.<br><br>2) പ്രസ്തുത ഭൂമിക്ക് ഹെയർ വാല്യൂ നിശ്ചയിക്കാൻ ജില്ലാ [illegible] ചുമതലപ്പെടുത്തുകയും അതനുസരിച്ചുള്ള റിപ്പോർട്ട് ടൂറിസം [illegible] നൽകുകയും ടൂറിസം ഡയറക്ടർ വസ്തു കൈമാറ്റത്തിനാവശ്യമായ [illegible] ഗവൺമെന്റിലേക്ക് അയക്കുക.<br><br>എന്നാൽ നാളിതുവരെ 1-ാം നമ്പർ തീരുമാന പ്രകാരമുള്ള [illegible] ഡയറക്ടറിൽ നിന്നോ, 2-ാം നമ്പർ തീരുമാനപ്രകാരം [illegible] നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയതായോ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല എന്ന വിവരം ഇതോടൊപ്പം സമർപ്പിക്കുന്നു. |

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്